1291

ശ്രീചിത്രാ

# മലയാളപാഠാവലി

## നാലാം പുസ്തകം

(നാലാം ഫാറത്തിലേക്ക്)

MUNAVIRUL ISLAM HIGH SCHOOL
Date 28-6-50
ERNAKULAM.

ഗവണ്മെൻറിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നതു്

സി. എം. എസ്സ്. പ്രസ്സ്, കോട്ടയം
൧൧൨൪

1291
28-6-50

ശ്രീചിത്രാ

# മലയാളപാഠാവലി

## നാലാം പുസ്തകം

(നാലാം പാഠത്തിലേക്ക്)

1291

MUNAVVIRUL ISLAM HIGH SCHOOL
Date 28.6.50
ERNAKULAM.

ഗവണ്മെൻറിൽനിന്നു നിയമിച്ച കമ്മിററി
തയ്യാറാക്കിയത്

സി. എം. എസ്സ്. പ്രസ്സ്, കോട്ടയം
൧൧൨൫

1921

...UL ISLAM HIGH SCHOOL ... Date...... ERN...

# പാഠവിവരം


| | | | വശം. |
|---|---|---|---|
| ൧. | യഥാൎത്ഥപുരോഗതി | (ഗദ്യം) | ൧ |
| ൨. | ഒരു കത്ത് | ,, | ൮ |
| ൩. | ചാരക | (പദ്യം) | ൧൯ |
| ൪. | ആഴിയുടെ അടിത്തട്ടിൽ | (ഗദ്യം) | ൨൨ |
| ൫. | കേരള കാളിദാസൻ | ,, | ൩൧ |
| ൬. | ഒരു ദിവ്യാതിഥി | (പദ്യം) | ൪൩ |
| ൭. | റേഡിയവും മാഡം ക്യൂറിയും | (ഗദ്യം) | ൪൫ |
| ൮. | ചിങ്ങ് | ,, | ൫൩ |
| ൯. | കാട്ടുതീ | (പദ്യം) | ൬൫ |
| ൧൦. | വിദ്യാലയ സ്മരണകൾ | (ഗദ്യം) | ൬൭ |
| ൧൧. | രക്തപരിവാഹം | ,, | ൭൮ |
| ൧൨. | തുമ്പപ്പൂവ് | (പദ്യം) | ൮൫ |
| ൧൩. | കേരളത്തിലെ കളരികൾ | (ഗദ്യം) | ൮൯ |
| ൧൪. | സീതാസ്വയംവരം | (പദ്യം) | ൧൦൨ |
| ൧൫. | അലക്സാണ്ഡരുടെ തോൽവി | (ഗദ്യം) | ൧൦൬ |
| ൧൬. | സമുദ്രമസ്തകത്തിലെ ജംഗമോദ്യാനങ്ങൾ | ,, | ൧൧൫ |
| ൧൭. | വൈകുണ്ഠം | (പദ്യം) | ൧൨൫ |
| ൧൮. | പൂക്കൾ | (ഗദ്യം) | ൧൨൭ |
| ൧൯. | ഗ്രന്ഥപാരായണം | ,, | ൧൪൧ |
| ൨൦. | മുന്നോട്ട് പോവൂ | (പദ്യം) | ൧൫൫ |
| ൨൧. | ഭാരതവും കേരളസംസ്കാരവും | (ഗദ്യം) | ൧൫൭ |
| ൨൨. | ഹനുമാന്റെ വിശ്വരൂപം | (പദ്യം) | ൧൬൬ |
| ൨൩. | നിധി—(ഒന്നാം ഭാഗം) | (ഗദ്യം) | ൧൬൯ |
| ൨൪. | നിധി—(രണ്ടാം ഭാഗം) | ,, | ൧൮൦ |

MUNAVIRUL ISLAM HIGH SCHOOL
Date.........
ERNAKULAM.

# ശ്രീ ചിത്രാ
# മലയാളപാഠാവലി
## നാലാം പുസ്തകം

പാഠം ൧

## യഥാൎത്ഥപുരോഗതി

മനുഷ്യന്റെ പുരോഗതിയുടെ മാനദണ്ഡം വിമാനവും ഹൗവിററ്സറും വയർലെസ്സും അല്ല. മനോവികാസം സിദ്ധിക്കാത്ത ഒരു ജനക്കൂട്ടത്തിനു തങ്ങളുടെ സങ്കുചിതമായ മനഃസ്ഥിതിയിൽ ജനിച്ച ക്ഷുദ്രങ്ങളായ ആശയങ്ങളെ കൂടുതൽ വേഗത്തിൽ കൂടുതൽ ഭംഗിയിൽ നേടിക്കൊടുക്കുക മാത്രമാണു് കേവലം ബുദ്ധിവൈഭവജന്യങ്ങളായ മേൽപറഞ്ഞ കണ്ടുപിടിത്തങ്ങൾ സാധിച്ചിട്ടുള്ളതു്. ഇങ്ങനെ ശാസ്ത്രം യഥാസ്ഥിതമായ, അസുന്ദരമായ, മനഃസ്ഥിതിക്കു ദാസ്യം വഹിച്ചിട്ടുള്ളതേ ഉള്ളൂ. മനുഷ്യന്റെ യഥാൎത്ഥമായ വളൎച്ചയ്ക്കും ഉയൎച്ചയ്ക്കും സാധകമായ ഒരു പുതിയ തത്ത്വമോ പ്രസ്ഥാനമോ കണ്ടുപിടിക്കാൻ ശാസ്ത്രം സഹായിച്ചിട്ടില്ല. വാളും കുന്തവുംകൊണ്ടു ഒരു കൂട്ടം ആളുകൾ പത്തുനൂറു കാതം കാട്ടുവഴി കാൽനടയായി നടന്നുചെന്നു മറെറാരു കൂട്ടം ആളുകളെ തോല്പിച്ചു നശിപ്പിക്കുന്നതിനും, ലക്ഷ

ക്കണക്കിനു തിക്കപ്പലുകളിലും വിമാനങ്ങളിലും കയറി ച്ചെന്നു ഒരു വൻപിച്ച ദേശത്തെ പീരങ്കികൊണ്ടും വിഷവായുക്കൾകൊണ്ടും നിശ്ശൂന്യമാക്കിത്തീക്കുന്നതിനും തമ്മിൽ പരിഷ്ക്കൃതിയെ സംബന്ധിച്ചിടത്തോളം എന്തു വ്യത്യാസമാണു പറയാനുള്ളത്? മനുഷ്യ ജീവിതത്തിന് എന്തെങ്കിലും വില കല്പിക്കുന്നപക്ഷം രണ്ടാമത്തെ കഥ പരിഷ്ക്കൃതിയുടെ ഭയങ്കരമായ ക്രൂരികയെയാണു ചൂണ്ടിക്കാണിക്കുന്നത്.

നീറോ, ചന്ദ്രഗുപ്തൻ മുതലായവരുടെ കാലങ്ങളെ അപേക്ഷിച്ചു ഇന്നു നാം തുലോം പരിഷ്കൃതരാണെന്നുള്ളതിനു സംശയമില്ല. അതു ലേശവും മുൻപറഞ്ഞ കണ്ടുപിടിത്തങ്ങൾകൊണ്ടല്ലതാനും. അടിമകളെ സിംഹക്കൂട്ടിൽ ഇടുക മുതലായ അന്നത്തെ വിനോദങ്ങൾ, അന്നത്തെ ശൂലാരോപണം ചിത്രവധം മുതലായവ നടപ്പില്ലായ്കയാലാണ്, മെഷീൻ തോക്കുകളുടെ പിന്നിൽ എങ്കിലും റെഡ്ക്രാസ് വണ്ടിക്കു ഗതി കല്പിച്ചിട്ടുള്ളതുകൊണ്ടാണ്, നാം കൂടുതൽ പരിഷ്കൃതരാണെന്ന് അഭിമാനിക്കാവുന്നത്. സജീവികളിൽ കാരുണ്യം വേണ്ടതാണെന്നുള്ള പൊതുവായ ഒരു അഭിപ്രായഗതി, ക്രൂരതയിലുള്ള വൈമുഖ്യം എന്നിവയാണ് യഥാത്ഥത്തിൽ മനുഷ്യനെ ഉയത്തിയിട്ടുള്ള ഒരു കണ്ടുപിടിത്തം.

വ്യക്തിഗതമായ ക്രൂരതയല്ല ഇവിടെ വിവക്ഷിക്കുന്നത്. അതിന്റെ ചികിത്സയ്ക്കും നിവാരണത്തിനും നാം ആശുപത്രികൾ സ്ഥാപിച്ചിട്ടില്ലെന്നേ ഉള്ളൂ. അതിനെപ്പററി ശാസ്ത്രീയഗവേഷണം ഇപ്പോൾ ചില

ISLAM HIGH SCHOOL ERNAKULAM

ചിന്തകന്മാർ ആരംഭിച്ചിട്ടുള്ളതേ ഉള്ളൂ. ക്രൂരകൃത്യം ചെയ്യുന്ന ഒരുവനോടു ഇന്നു നമുക്കു ഭയവും വെറുപ്പും മാത്രമാണ്. പണ്ടു കുഷ്ഠരോഗികളോടും നമുക്കു ഭയവും വെറുപ്പും മാത്രമായിരുന്നു.

പാശ്ചാത്യദേശങ്ങളിൽ, വിശേഷിച്ചും, ഈ രോഗം ഈശ്വരശിക്ഷയാണെന്നു കരുതി രോഗികളെ ആട്ടിയോടിച്ചു പട്ടിണിയിട്ടു കൊല്ലുന്നതിൽ യാതൊരു വൈമനസ്യവും ഇല്ലായിരുന്നു. നമുക്ക് ഏതാണ്ടു മനോവികാസം സിദ്ധിച്ചപ്പോൾ ധനവാന്റെ സൗകര്യസമാജ്ജനത്തിനു മാത്രം വ്യാപരിച്ചിരുന്ന ശാസ്ത്രത്തെ നാം അങ്ങോട്ടേക്കും വ്യാപരിപ്പിച്ചു. സാംക്രമിക രോഗങ്ങൾക്കു വേണ്ട ചികിത്സയും രോഗിശാലകളും, രോഗനിവാരണത്തിനു വേണ്ട മുൻകരുതലുകളും ഫലിച്ചു. ഇതേ മട്ടിൽ തന്നെ ക്രൗര്യം മുതലായ മാനസിക രോഗങ്ങളെപ്പററിയും ശാസ്ത്രീയ ഗവേഷണം ആവശ്യമുണ്ട്. ഒരുവൻ മോഷ്ടിച്ചാൽ അന്യനു വരാവുന്ന നഷ്ടവും, പ്രഹരിച്ചാൽ അന്യനു വരാവുന്ന വേദനയും മാത്രമേ ഇപ്പോൾ കണക്കാക്കുന്നുള്ളൂ. അവൻ പൗരവൃത്തിക്കു കൊള്ളാത്തവൻ എന്നു കരുതി അവനെ വേലയ്ക്കു കൊള്ളാത്ത മററു പ്രാണികളെ എന്നപോലെ അകററിക്കളയുക മാത്രമേ നമുക്കു കൃത്യമായിക്കരുതുന്നുള്ളൂ. അവന്ന് ഉണ്ടായിട്ടുള്ള മാനസികരോഗത്തിൽ നമുക്കു സഹതാപമില്ല. അതിനെ മാററാൻ യാതൊരു പ്രയത്നവും ചെയ്യുന്നില്ല. ഇത്തരം രോഗങ്ങൾ ബീജദശയിൽ തന്നെ നശിക്കുമാറു യാതൊരു നിവാര

ണമാത്രവും അനുഷ്ഠിക്കുന്നില്ല. എന്നാൽ ഈ ഇടയ്ക്കു ചിന്തകന്മാരുടെ ഇടയിൽ തുറന്നു തുടങ്ങിയിട്ടുള്ള ദൃഷ്ടി കൊണ്ട് പ്രായോഗികമാകുമെന്നു നമുക്കു ആശിക്കാം.

സാമുദായികമായ മനോവികാസം നമുക്ക് അല്പം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ് നാം പരിഷ്കൃതരായിരിക്കുന്നു എന്ന അഭിമാനത്തിന് അടിസ്ഥാനഭൂതമായിരിക്കുന്നത്. പഴയ റോമിലെ സിംഹപ്പോര്, ദില്ലിയിലെ ആനപ്പോര്, സ്പെയിനിലെ കാളപ്പോര്, പട്ടിപ്പോര്, കോഴിപ്പോര്, ആട്ടുകുത്തി മുതലായതു നിറുത്തൽ ചെയ്യണമെന്നും, തൂക്കിലിടൽ കാണുക ഒരു പൊതുവിനോദമായി കരുതരുതെന്നും മററും നിശ്ചയിച്ച മനഃസ്ഥിതി മുമ്പിലത്തേതിൽനിന്ന് അത്യുച്ചമായ ഔന്നത്യസിദ്ധിയെ സൂചിപ്പിക്കുന്നു. ജന്തുക്കളെ തിന്നുകയും ജോലിയെടുപ്പിക്കുകയും ചെയ്യുക നിറുത്തിയില്ലെങ്കിലും അവയെ അനാവശ്യമായി വേദനിപ്പിക്കാതിരിക്കാനുള്ള എസ്സ്. പി. സി. ഏ. മുതലായ സംഘങ്ങളുടെ ശ്രമങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നു. മനുഷ്യസമുദായത്തെ നൂറുനൂറായി കീറിപ്പിളുന്നു പരസ്പരം ഭേദവും ദ്വേഷവും ജനിപ്പിക്കുന്ന ഉച്ചനീചഭാവങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമവും ഇതിന് ഉദാഹരണങ്ങളാകുന്നു. ഇതെല്ലാം സജീവരിൽ കാരുണ്യം എന്ന മഹാതത്ത്വത്തിൽ അടിസ്ഥാനപ്പെട്ടവയാണ്.

മനുഷ്യനെ ഉയർത്താൻ സാധിച്ചിട്ടുള്ള രണ്ടാമത്തെ കണ്ടുപിടിത്തമാണു 'ത്യാഗം'. ത്യാഗമെന്നതു നമുക്കു വളരെ പുരാതന കാലങ്ങളും മുതൽ പരിചയ

മാണ്. നേതാവിനോടോ, ഭൎത്താവിനോടോ ഒരുമിച്ച് ഉടൻകട്ട കയറുക, യജമാനനുവേണ്ടി പ്രാണൻ കള യുക മുതലായവ സകല സാഹിത്യങ്ങളിലും ധാരാളം പ്രസിദ്ധങ്ങളാണ്. അവ വായിച്ചു നാം രോമാഞ്ചം കൊള്ളാറുമുണ്ട്. എന്നാൽ ഇവയൊക്കെ ത്യാഗാഭാ സങ്ങൾ മാത്രമാണ്. ബുദ്ധിക്കും മനസ്സിനും ആത്മാ വിനും വേണ്ട വളൎച്ച സിദ്ധിച്ച ഒരു മനുഷ്യന്റെ ത്യാഗമല്ല, അടിമ ത്യാഗമാണ്. ഭൎത്താവിലും നേതാ വിലും യജമാനനിലും ഉള്ള കേവലം സ്വാൎത്ഥപരമാ യ, മനുഷ്യനെന്ന നില ബോധിക്കാതെ മിഥ്യാകൃതമാ യ ഈശ്വരബുദ്ധി ആരോപിച്ചുകൊണ്ടുള്ളതാണ് ഈവക ത്യാഗം. അടിമകൾക്കു മാത്രമേ അതു സാ ദ്ധ്യമാകയുള്ളു. അടിമയിൽനിന്നും ഉയൎന്ന മനുഷ്യ ന്റെ ത്യാഗമാണ് ഇവിടെ വിഷയം. നാം മേൽപ്പറ ഞ്ഞ കഥകൾ വായിച്ചു രസിക്കുന്നതും തൽക്കാലം ക വിസങ്കേതങ്ങളിൽ ഉൾപ്പെട്ടുനിന്നിട്ടോ, നമ്മുടെ ദുർ വാസനകളാൽ യഥാൎത്ഥം ഗ്രഹിക്കായ്കകൊണ്ടോ മാത്ര മാണ്. യഥാൎത്ഥ ത്യാഗം നാം കണ്ടുവരാറുള്ളത് അധി കവും എളിയവരെ ഉദ്ദേശിച്ചാണ്. ഒരു മാതാവ് അധികം ശുശ്രൂഷ ചെയ്യുന്നത് ദുർഭഗനോ ദുർബു ദ്ധിയോ ആയ പുത്രനെയാണ്. ഒരു ധാത്രി ഉറക്ക മിളച്ചു ക്ലേശിക്കുന്നതു ദൃഢഗാത്രന്മാൎക്കു വേണ്ടിയല്ല; ചോദ്യപ്പെടാവുന്ന രീതിയിൽ ശരീരം മുഴുവൻ വ്രണി തനായവനുവേണ്ടിയാണ്. അദ്ധ്യാപകന്റെ സകല ക്ലേശങ്ങളും സമൎത്ഥന്മാരായ വിദ്യാൎത്ഥികൾക്കു വേണ്ടി

യല്ല; അവർ അയാളെ കൂടാതെ തന്നെ മുന്നോട്ടു വന്നുകൊള്ളും. ക്ലാസ്സിലെ ബുദ്ധിഹീനന്മാൎക്കുവേണ്ടിയാണു്. പൊതുജനോപകാരികൾ അധികം ധനവ്യയം ചെയ്യുന്നതു സമാധാനമായി ജീവിക്കുന്ന പൌരന്മാൎക്കുവേണ്ടിയല്ല, കൊള്ളക്കാൎക്കും കുടിയന്മാൎക്കും കച്ചവടക്കാൎക്കും വേണ്ടിയാണു്. പൊതുജന പ്രവൎത്തകന്മാർ വളരെ ക്ലേശിക്കുന്നതു് അജ്ഞതയിലാണ്ടു് അധഃപതിച്ച സമുദായങ്ങൾക്കു വേണ്ടിയാണു്. ഇങ്ങനെ ത്യാഗമനുഷ്ഠിച്ചു കാണുന്നതു സൎവ്വത്ര അനൎഹങ്ങളെന്നു നാം ഗണിക്കാവുന്ന പാത്രങ്ങളിലാണു്. ഇതു തന്നെയാണു ത്യാഗത്തിന്റെ മാഹാത്മ്യവും. വലിയവനു വേണ്ടിയും വലിയ കാൎയ്യത്തിനുവേണ്ടിയും ചെയ്യുന്ന ത്യാഗം ത്യാഗമല്ല, അതു ന്യായമായ വില കൊടുക്കലാണു്. മനസ്സിനോ ബുദ്ധിക്കോ ശരീരത്തിനോ രോഗം ബാധിച്ചു് പലൎക്കും വെറുപ്പിനു പാത്രീഭവിച്ചിട്ടുള്ളവൎക്കുവേണ്ടിയാണു യഥാൎത്ഥ ത്യാഗം ആവശ്യപ്പെടുന്നതു്. ഇത്തരം ത്യാഗത്തെപ്പററി ബോധവും ബഹുമാനവും ക്രമേണ വൎദ്ധിച്ചു വരുന്നതു മനുഷ്യസമുദായത്തിന്റെ പരിഷ്കൃതിയുടെ പുരോഗതിയെത്തന്നെ ഉദ്ഘോഷണം ചെയ്യുന്നു.

ശാസ്ത്രത്തിന്റെ പുരോഗതി നമ്മുടെ വാസനകൾക്കു സുഗ്രഹമാണു്. കാലംകൊണ്ടു് ഇലക്ട്രിസിററി പോലുള്ള ക്ഷുദ്രസിദ്ധികൾ വശമാകും. എന്നാൽ മനുഷ്യനു യഥാൎത്ഥമായ ഉയൎച്ച നല്കുന്ന മുൻപറഞ്ഞപോലുള്ള തത്വങ്ങളാകട്ടെ നമ്മുടെ വാസനകളെ ഖണ്ഡി

ച്ചു സിദ്ധങ്ങളായ സകല നിയമങ്ങളെയും വ്യാകോപിപ്പിച്ചു സകാലികമായ ജനസാമാന്യത്തെ ക്ഷോഭിപ്പിച്ചു മാത്രം സാധിക്കാവുന്നതാകുന്നു. ഈശ്വരനു 'സത്ത' നാം കല്പിക്കുന്നുവെങ്കിൽ ആ തത്വങ്ങളുടെ ഉപദേഷ്ടാവു നമുക്കു സിദ്ധമാകുന്നതു് ഈശ്വരകാരുണ്യത്തിന്റെ പുലച്ചയിലാണു്. ഉപദേഷ്ടാവുതന്നെ ഈശ്വരാംശവുമാണു്. മേല്പറഞ്ഞ ഭൂതാനുകമ്പ, ത്യാഗം എന്നു രണ്ടു മഹാ തത്വങ്ങൾ ഉപദേശിച്ചു് അനുഷ്ഠിച്ചു മനുഷ്യഹൃദയത്തെ വശീകരിച്ചു് ആശ്വസിപ്പിച്ചു് ഉന്നമിപ്പിച്ചിട്ടുള്ള ഒരു ദിവ്യപുരുഷനാണു 'ജിസസ് ക്രൈസ്റ്റ്'. അദ്ദേഹം ഉപദേശിച്ച തത്വങ്ങൾ പലപ്പോഴും അജ്ഞാനകാർമേഘങ്ങളിൽ മാഞ്ഞും മറഞ്ഞും ഒളിഞ്ഞും പോയിട്ടുണ്ടെങ്കിലും എക്കാലവും ഏതാനും ഹൃദയങ്ങളിലെങ്കിലും അവ ജീവിച്ചിട്ടുണ്ടു്. ഇന്നു ജനസാമാന്യത്തിൽ അവ ലബ്ധസ്ഥാനങ്ങളുമാണു്. അപ്രതിഹതമായ പ്രകാശത്തോടുകൂടിയല്ല അവ ഇപ്പോഴും ജ്വലിക്കുന്നതു് എന്നുള്ളതു നിരാശാഹേതുവല്ല. മുൻപറഞ്ഞപോലെ പീരങ്കിപ്പുകകൾക്കും വിഷവായുക്കൾക്കും ഇടയിൽ റെഡ്ക്രാസ് കൊടിയും മിന്നിക്കാണുന്നതു ഭാവിഭാവുകത്തിനു സൂചകമാകുന്നു.

സഹൃദയ] [വി. കൃഷ്ണൻ തമ്പി.

പാഠം ൨

# ഒരു കത്ത്

ശാന്തിനികേതനം,
20-1-1947.

പ്രിയപ്പെട്ട ഗോപിനാഥന്,

ശാന്തസുന്ദരമായ ഈ പ്രഭാതത്തിൽ ഒരു മാഞ്ചുവട്ടിലുള്ള പുൽത്തറയിലിരുന്നാണ് ഞാൻ ഈ കത്ത് എഴുതുന്നത്.

എത്ര നിർവൃതികരമായ അന്തരീക്ഷം! ഉഷസ്സിൻെറ കിരണകന്ദളങ്ങൾ ഏററ പൂർവ്വദിങ്മുഖം തെളിഞ്ഞുതുടങ്ങുന്നു. പക്ഷികളുടെ കളകൂജിതങ്ങൾ ശ്രവണസുഖദമായി ധ്വനിക്കുന്നു. തരുവല്ലികളെ തഴുകിവരുന്ന ഇളംകുളിർകാററ് ഒരു നേരിയ സൗരഭം വീശുന്നു. അനിർവചനീയമായ ഈ പ്രകൃതിസൗന്ദര്യം ആസ്വദിക്കാൻ ഗോപികൂടി അടുത്ത് ഉണ്ടായിരുന്നെങ്കിൽ!

ഞാൻ ഇവിടെ വന്നിട്ടു പതിനഞ്ചു സൂര്യോദയം കണ്ടു. ഓരോ ഉദയവും ഈ സരസ്വതീക്ഷേത്രത്തിൻെറ മഹനീയത വെളിപ്പെടുത്തിക്കൊണ്ടിരുന്നു. ഇവിടത്തെ അഭ്യസനരീതിയെപ്പററി എഴുതി അയയ്ക്കാമെന്നു പറഞ്ഞിരുന്നല്ലോ. ഇന്നാണ് അതിനു സൗകര്യമുണ്ടായതു്. ഇന്ന് ഒരു അനധ്യായദിവസമാണ്.

ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത് കൽക്കട്ടയിൽനിന്നു നൂറു മൈൽ അകലെയാകുന്നു. പ്രശാന്ത

രമണീയമാണു് ഈ ഭൂവിഭാഗം. പടന്നു പന്തലിച്ചു കിടക്കുന്ന മാവു്, അശോകം മുതലായ വൃക്ഷങ്ങൾ ഈ സ്ഥലത്തിനു് അന്യാദൃശമായ ഒരു മനോഹാരിത നല്കുന്നുണ്ടു്. പച്ചക്കുടകൾ പിടിച്ചതുപോലെ അങ്ങിങ്ങായി കാണുന്ന പനകളുടെ ഭംഗിയും ഒന്നു വേറെതന്നെ. അതിവിശാലമായ ഈ വളപ്പിനു് ഒരു പ്രത്യേകത ഉണ്ടു്. പ്രധാന വീഥികളുടെ ഇരു വശങ്ങളിലും സാലവൃക്ഷങ്ങൾ നിരന്നു നില്ക്കുന്നു. തണൽ വീശുന്ന ആ മരങ്ങൾ ആരുടെ കണ്ണും കരളുമാണു കുളിപ്പിക്കാത്തതു്?

ഈ സ്ഥലം ഒരു കാലത്തു തസ്കരന്മാരുടെ സങ്കേതമായിരുന്നുവത്രേ. ഏതാണ്ടു് ഒരു മുക്കാൽ നൂററാണ്ടിനു മുമ്പു് മഹർഷി ദേവേന്ദ്രനാഥ ടാഗോർ—ഗുരുദേവനായ ശ്രീ രവീന്ദ്രനാഥടാഗോറിൻെറ വന്ദ്യപിതാവു്—ഇവിടെ ഒരു ആശ്രമം സ്ഥാപിച്ചു. ജാതിമതഭേദമെന്യേ എല്ലാവക്കും ഈശ്വരാരാധന നടത്താൻ പ്രയോജനപ്പെടുന്നതിനായിരുന്നു അദ്ദേഹം ആശ്രമം സ്ഥാപിച്ചതു്. ഈ സ്ഥലത്തിനു 'ശാന്തിനികേതനം' എന്നു നാമകരണം ചെയ്തതും അദ്ദേഹമായിരുന്നു.

ഈ ആശ്രമത്തോടു മാത്രമല്ല, പുരാതനഭാരതത്തിലെ മഹർഷ്യാശ്രമങ്ങളോടും ശ്രീ രവീന്ദ്രനു് എന്തെന്നില്ലാത്ത ഒരു അഭിനിവേശമാണു് ഉണ്ടായിരുന്നതു്. ഇൻഡ്യയിലെ വിദ്യാഭ്യാസരീതി നവീകരിക്കുന്നതിനുവേണ്ടി ആ ഗുരുദേവൻ അഗാധമായി ചിന്തിച്ചു. നമ്മുടെ മാതൃകാ വിദ്യാലയങ്ങൾ സ്ഥിതി ചെയ്യേണ്ടതു്

ബഹളം നിറഞ്ഞ നഗരങ്ങളിലല്ല, ഏകാന്തശാന്തമായ വൃക്ഷച്ഛായകളിലാണെന്നു അദ്ദേഹം മനസ്സിലാക്കി. അതനുസരിച്ച് ൧൯൦൧-ൽ അദ്ദേഹം ഇവിടെ ഒരു വിദ്യാലയം സ്ഥാപിച്ചു. ആ വിദ്യാലയം വളൎന്നാണ് ഇന്നത്തെ ലോകവിഖ്യാതമായ 'വിശ്വഭാരതി' സൎവ്വകലാശാലയായിത്തീൎന്നിട്ടുള്ളത്.

ഇവിടത്തെ വിദ്യാഭ്യാസം ഗുരുകുലസമ്പ്രദായത്തിലാണ്. അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും ഇവിടെ ത്തന്നെയാണു താമസിക്കുന്നത്. എന്തൊരു അനുഗ്രഹമാണെന്നോ ഇവിടത്തെ ജീവിതം! ഞങ്ങൾ പ്രകൃതിമാതാവിൻെറ വാത്സല്യധാര നുകരുന്നു. ഞങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷവും സ്വാതന്ത്ര്യസുരഭിലവും ആനന്ദ മധുരവുമാണ്. ഇവിടത്തെ പ്രകൃതിയുമായി ഏകീഭവിച്ചാണു ഞങ്ങൾ ജീവിക്കുന്നത്. പ്രകൃതിയാണു ഞങ്ങളുടെ പ്രഥമാദ്ധ്യാപിക. വൃക്ഷലതാദികളും പക്ഷിമൃഗാദികളും ഋതുവിലാസങ്ങളും ഞങ്ങൾക്കു ആനന്ദവും അറിവും ഒരേ സമയത്തു തന്നെ നല്കുന്നു.

ഞങ്ങളുടെ ദിനചൎയ്യയെപ്പററി അറിയാൻ കൗതുകം തോന്നുന്നില്ലേ? കാലത്തു അഞ്ചു മണിക്കു മണിനാദം കേൾക്കുമ്പോൾ ഞങ്ങൾ ഉണരുന്നു. അപ്പോഴാണ് അവരവൎക്കു സ്വന്തമായിരുന്നു ഈശ്വരാരാധന ചെയ്യുന്നതിനുള്ള സമയം. അനന്തരം ദേഹശുദ്ധി വരുത്തുന്നു. കുഴൽവെള്ളം സൗകൎയ്യമായി ലഭിക്കുന്നതിനാൽ ഇവിടെ സ്നാനം വളരെ സുഖകരമാണ്. ലഘു

ഭക്ഷണം കഴിച്ചിട്ട എല്ലാവരും വൃക്ഷങ്ങളുടെ ചുവട്ടിൽ സമ്മേളിച്ച പൊതുവായ ആരാധന നടത്തുന്നു. സകലരെയും ഒരുപോലെ ആകർഷിക്കുന്ന മന്ത്രങ്ങളാണു ഞങ്ങൾ ഉച്ചരിക്കുന്നതു്. സായാഹ്നത്തിലും ഞങ്ങൾ ഒരു സാമൂഹികാരാധന നടത്തുന്നുണ്ടു്.

കാലത്തു് ഏഴു മണി മുതൽ പത്തു മണിവരെയും വൈകുന്നേരത്തു രണ്ടു മുതൽ നാലുവരെയുമാണു ഞങ്ങളുടെ അദ്ധ്യയനത്തിനുള്ള സമയം. നിങ്ങളെപ്പോലെ ഞങ്ങൾക്കു ക്ലാസ്സുമുറിക്കകത്തിരുന്നു ശ്വാസം മുട്ടേണ്ടി വരുന്നില്ല. തുറസ്സായ സ്ഥലത്തുള്ള വൃക്ഷങ്ങളുടെ ശീതളച്ഛായയിലാണു ഞങ്ങളുടെ ക്ലാസ്സു നടക്കുന്നതു്. ഒരു മാഞ്ചുവട്ടിൽ കെട്ടിയിട്ടുള്ള തിട്ടയിൽ ഞങ്ങൾ വട്ടത്തിലിരിക്കും. ഒരു ക്ലാസ്സിൽ ഇരുപത്തഞ്ചു പേരിൽ കൂടുതൽ കാണുകയില്ല. നിങ്ങളെപ്പോലെ ബെഞ്ചിലല്ല ഞങ്ങൾ ഇരിക്കുന്നതു്. ഓരോരുത്തക്കും വൃത്താകൃതിയിലുള്ള ഒരു തടുക്കു് ഉണ്ടു്. അതു ക്യാൻവസ് കൊണ്ടു് ഉണ്ടാക്കിയതാണു്. അതിനു രണ്ടടി വ്യാസമേ ഉള്ളൂ. പുസ്തകം വാങ്ങുമ്പോൾ ആ തടുക്കുകൂടി ഓരോ വിദ്യാത്ഥിയും വാങ്ങണമെന്നുണ്ടു്. അദ്ധ്യാപകൻ ഇരിക്കുന്നതു ചൂരൽകൊണ്ടു് ഏതാണ്ടൊരു ഉരലിൻെറ ആകൃതിയിൽ നിമ്മിച്ചിട്ടുള്ള ഒരു പീഠത്തിലാണു്. ഒരു ക്ലാസ്സു കഴിയുമ്പോൾ വേറൊരു ക്ലാസ്സിലേക്കു് അദ്ധ്യാപകൻ തന്നെ പീഠം എടുത്തുകൊണ്ടുപോകും. ഒരു പുസ്തകത്തിൻെറ തൂക്കം മാത്രമുള്ള അതു വഹിച്ചുകൊണ്ടു പോകാൻ അദ്ദേഹത്തിനു യാതൊരു വൈഷമ്യവും

കാണുകയില്ല. കൗതുകം നിമിത്തം ഞങ്ങളിൽ ഒരാളായി രിക്കും ചിലപ്പോൾ അതു ചുമന്നു കൊണ്ടുപോകുന്നതു്.

ഞങ്ങൾക്കു് എന്തൊരു ഉത്സാഹമാണെന്നറിയാമോ ഇവിടെ പഠിക്കാൻ? ഇവിടത്തെ അദ്ധ്യാപനം മിക്കവാറും ഒരു ചർച്ചപോലെയാണു്. പാഠ്യവിഷയത്തെ സംബന്ധിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും ചോദിക്കാൻ ഞങ്ങൾക്കു സ്വാതന്ത്ര്യമുണ്ടു്. അതിനാൽ ഓരോ പാഠവും വേണ്ടതുപോലെ വിശകലനം ചെയ്യുന്നതിനും അതിൻെറ മർമ്മം ഗ്രഹിക്കുന്നതിനും ഞങ്ങൾക്കു കഴിയുന്നു. ഗുരുഭൂതരോടൊരുമിച്ചു ഞങ്ങൾ താമസിക്കുന്നതുകൊണ്ടുള്ള പ്രയോജനവും അനല്പമാണു്. ഞങ്ങൾക്കു് ഏതു സമയത്തും സംശയനിവാരണം വരുത്താൻ സാധിക്കുന്നു. എന്നുമാത്രമല്ല, ആചാര്യൻെറ ആദർശപരമായ ജീവിതചര്യ മനസ്സിലാക്കി സ്വഭാവം രൂപവൽക്കരിക്കുന്നതിനും ഞങ്ങൾക്കു് അവസരം ലഭിക്കുന്നു.

ഗുരുനാഥനോടു ഞങ്ങൾക്കുള്ള ബന്ധത്തെക്കുറിച്ചു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഞങ്ങളുടെ 'ദാ' (ദാദാ=ചേട്ടൻ) യാണു ഞങ്ങളുടെ ഗുരുനാഥൻ. ജ്യേഷ്ഠസഹോദരനെപ്പോലെ അദ്ദേഹത്തെ ഞങ്ങൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. സ്വന്തം കൊച്ചനുജന്മാരോടെന്നതുപോലെയാണു ഞങ്ങളോടു് അദ്ദേഹം പെരുമാറുന്നതു്. സാധാരണമായി ഞങ്ങളെ ശിക്ഷിക്കാൻ ഗുരുനാഥനു് ഇട വരുന്നില്ല. അതു നിർബന്ധിതമോ കർശനമോ ആയ ശിക്ഷണ

സമ്പ്രദായത്തിൻെറ ഫലമല്ല. ഇവിടത്തെ അന്തരീക്ഷത്തിൽ മാതൃകാപരമായ രീതിയിൽ പെരുമാറാൻ ഞങ്ങൾ ശീലിക്കുന്നു എന്നു മാത്രം. എന്നാൽ ഗൌരവമേറിയ എന്തെങ്കിലും ഒരു കുററം ഒരു വിദ്യാൎത്ഥി ചെയ്യുകയാണെങ്കിൽ ഞങ്ങളുടെ സഭ (Council) കൂടി ശിക്ഷ നിശ്ചയിക്കും. ഈ രീതി ആശാസ്യമാണെന്നു തോന്നുന്നില്ലേ? സ്വയംഭരണത്തിൽ വിദ്യാൎത്ഥികൾക്കു പരിശീലനം നല്കാൻ ഇതു് ഉപകരിക്കുന്നുണ്ടെന്നാണു് എൻെറ വിശ്വാസം.

വൈകുന്നേരത്തു ക്ലാസ്സു വിട്ടുകഴിഞ്ഞാൽ സന്ധ്യയാകുന്നതു വരെ ഞങ്ങൾ കായികവിനോദങ്ങളിൽ ഏൎപ്പെടുന്നു. ഉന്മേഷവും പ്രസരിപ്പും തികഞ്ഞ ഇവിടത്തെ വിദ്യാൎത്ഥികൾ ഒരുമിച്ചു കളിക്കുന്നതു് നയനാഭിരാമമായ ഒരു കാഴ്ച തന്നെയാണു്. യൂറോപ്യൻകളികൾ മാത്രമല്ല, നാടൻ കളികളും ഞങ്ങൾ കളിക്കാറുണ്ടു്. ഇപ്പോൾ 'കിളിയൻതട്ടു്' തുടങ്ങിയ കളികളിൽ ഇവിടത്തെ വിദ്യാൎത്ഥികൾക്കു നിസ്സീമമായ കൗതുകമാണു് ഉണ്ടായിട്ടുള്ളതു്. അതിനു ഹേതുഭൂതൻ ഞാനാണു്. അനേകമനേകം മത്സരക്കളികളിൽ ഇവിടത്തെ വിദ്യാൎത്ഥികൾ കീൎത്തിമുദ്രകളും ബഹുമതികളും നേടിയിട്ടുണ്ടെന്നു കേൾക്കുന്നു.

കായികവിനോദം കഴിഞ്ഞാൽ കലാവിനോദമായി. കഥാകഥനം, വാദപ്രതിവാദം, ഗാനാലാപം, അഭിനയം എന്നിവയിൽ ഞങ്ങൾക്കുള്ള ഭ്രമം പറഞ്ഞറിയിക്കാൻ പ്രയാസമാണു്. ലോകത്തിൻെറ നാനാ

ഭാഗങ്ങളിൽ നിന്നു വന്നിട്ടുള്ള അദ്ധ്യേതാക്കളുടെ കലാപ്രകടനങ്ങൾ കണ്ടാൽ ഈ സ്ഥലം സരസ്വതീദേവിയുടെ നിത്യവിഹാരരംഗമാണെന്നു തോന്നിപ്പോകും. നമ്മുടെ തുള്ളൽപ്പാട്ടുകളും കഥകളിപ്പാട്ടുകളുംപാടി ഞാൻ അഭിനയിക്കുന്നതു കണ്ട് ഇവിടത്തെ വിദ്യാർത്ഥികൾ ആഹ്ളാദഭരിതരാകാറുണ്ട്.

അത്താഴത്തിന് സമയമാകുമ്പോഴേക്കും ഞങ്ങൾ കലാവിനോദം മതിയാക്കും. അത്താഴം കഴിച്ചിട്ടു വായനയിൽ ഏർപ്പെടും.

ഈ സ്ഥാപനത്തെ ശാന്തിനികേതനം വിദ്യാലയം എന്നും വിശ്വഭാരതി സർവ്വകലാശാല എന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. രണ്ടു വിഭാഗങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്. വിദ്യാലയത്തിലുള്ള കുട്ടികൾക്ക് ആറു വയസ്സു മുതൽ പതിനാറു വയസ്സുവരെ പ്രായം കാണും. സർവ്വകലാശാലയിൽ പഠിക്കുന്നവർ പതിനാറിനു മുകളിലുള്ളവരാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ പാഠപദ്ധതി തന്നെ നിർദ്ദേശിച്ചിരിക്കുന്നു. എങ്കിലും പെൺകുട്ടികൾക്കുവേണ്ടി പാചകവിദ്യ, ഗൃഹഭരണം, തുന്നൽ മുതലായവ പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടത്തെ പാഠ്യവിഷയങ്ങൾ മിക്കവാറും നമ്മുടെ നാട്ടിൽ ഉള്ളതുപോലെ തന്നെ. ബംഗാളിഭാഷയിലാണ് അദ്ധ്യാപനം നടക്കുന്നത്. എന്നെപ്പോലെ മറുനാട്ടുകളിൽനിന്നും വരുന്ന വിദ്യാർത്ഥികൾക്ക് ആദ്യം കുറേ പ്രയാസം നേരിടും. എങ്കി

ലും, ഞങ്ങൾക്കുവേണ്ടി പ്രത്യേകം ഏൎപ്പാടുകൾ ചെയ്തിട്ടുണ്ടു്. അതിനാൽ ഏതാനും മാസങ്ങൾക്കുള്ളിൽ കൂട്ടുകാരോടൊപ്പം ബംഗാളിഭാഷ കൈകാൎയ്യം ചെയ്യാൻ ഞങ്ങൾക്കു കഴിയും.

അവിടെ ആറാം ഫാറത്തിൽ പഠിച്ചുകൊണ്ടിരുന്ന എന്നെ ഇവിടെ ഒന്നാംക്ലാസ്സിലാണു ചേൎത്തതു് എന്നറിയുമ്പോൾ ഗോപി ആശ്ചൎയ്യപ്പെടുന്നുണ്ടായിരിക്കും. ഈ വിദ്യാലയത്തിൽ ഏററവും ഉയൎന്ന ക്ലാസ്സിനെയാണു് ഒന്നാം ക്ലാസ്സ് എന്നു പറയുന്നതു്. നമ്മുടെ നാട്ടിൽ നേരെ മറിച്ചാണല്ലോ.

കലാവിനോദങ്ങളെപ്പററി മുമ്പു സൂചിപ്പിച്ചതല്ലേ ഉള്ളൂ. വിദ്യാൎത്ഥികളുടെ കലാഭിരുചിയെ വികസിപ്പിക്കാൻ ഇവിടെ അനേകം സരണികൾ ഉണ്ടു്. സാഹിത്യസമാജം, കൈയെഴുത്തുമാസിക, സംഗീതസദസ്സ്, നാടകാഭിനയം, കലാപ്രദശനം എന്നിവ അവയിൽ ചിലതാണു്. ഗുരുദേവൻെറ 'പോസ്റ്റ് ആഫീസ്' (Post Office), 'കിങ്ങ് അഫ് ദി ഡാർക്ക് ചേമ്പർ' (King of the Dark Chamber) മുതലായ നാടകങ്ങൾ ഇവിടത്തെ അദ്ധ്യേതാക്കൾ അഭിനയിക്കുമ്പോൾ അദ്ദേഹവും അതിൽ സജീവമായി പങ്കെടുക്കാറുണ്ടായിരുന്നുവത്രേ. അക്കാലത്തു ഞാൻ ഇവിടെയായിരുന്നില്ലല്ലോ എന്നു സങ്കടപ്പെടാറുണ്ടു്. ഇവിടത്തെ 'കലാഭവനം' വിശ്വവിഖ്യാതമാകുന്നു. ചിത്രമെഴുത്തു്, സംഗീതം മുതലായ സുകുമാരകലകളിൽ അദ്ധ്യേതാക്കൾക്കുള്ള ജന്മസിദ്ധമായ വാസന പുഷ്ടിപ്പെടുത്താൻ ഇതു

പോലെ ഉപകരിക്കുന്ന സ്ഥാപനങ്ങൾ വേറേ ഇല്ല. എന്നെ ഏററവും ആകർഷിച്ചതു് ഇവിടത്തെ കലാഭവനം ആണു്. ഇവിടെ വന്നതിനുശേഷം ഞാൻ വരച്ച ഒന്നുരണ്ടു ചിത്രങ്ങൾ അയച്ചുതരാം. അവ ഗോപിയെ രസിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

ഇവിടത്തെ പാഠപദ്ധതിയിൽ പ്രയോജനകലകൾക്കു സ്ഥാനമില്ലെന്നു വിചാരിക്കരുതു്. മരപ്പണി, നെയ്ത്തു്, തോട്ടവേല മുതലായ അനേകം പ്രയോജന കലകൾ ഏർപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾക്കു സംഘടിച്ചു് അവയിൽ പ്രവർത്തിക്കാൻ ധാരാളം സൗകര്യമുണ്ടു്. കൊത്തുപണി, പാത്രനിർമ്മിതി തുടങ്ങിയ സാങ്കേതികവിദ്യകളിൽ വാസന കാണിക്കുന്നവർക്കും പരിശീലനം നല്കാൻ വിദഗ്ദ്ധന്മാരായ അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ടു്.

ശാന്തിനികേതനത്തോടു ബന്ധപ്പെട്ടതാണു് ശ്രീനികേതനം. ആ സ്ഥലം ഇവിടെനിന്നു് ഒന്നരമൈൽ അകലെയാണു്. രണ്ടുമൂന്നു കൊല്ലം മുമ്പു് നാം മാർത്താണ്ഡം വൈ. എം. സി. എ. സന്ദർശിച്ചതു് ഓർക്കുന്നില്ലേ? ഏതാണ്ടു് അവിടെയുള്ളതുപോലെ ഗ്രാമോദ്ധാരണപരങ്ങളായ പ്രവർത്തനങ്ങളാണു് ശ്രീനികേതനത്തിൽ നടക്കുന്നതു്. തേനീച്ചവളർത്തൽ, കോഴിവളർത്തൽ, കന്നുകാലിവളർത്തൽ, കൃഷി മുതലായവ അവിടെ അഭ്യസിപ്പിക്കുന്നു. സൗകര്യമുള്ളപ്പോഴെല്ലാം ഞങ്ങൾ അവിടെപ്പോയി പരിശീലനം നടത്താറുണ്ടു്.

Date

നമ്മുടെ നാട്ടിൽ വല്ലപ്പോഴും ഒരിക്കലല്ലേ വിദ്യാർത്ഥികൾ വിനോദയാത്ര ചെയ്യാറുള്ളൂ. എന്നാൽ ഇവിടത്തെ രീതി അതിൽനിന്ന് എത്രയോ ഭിന്നമാണ്! ശാന്തിനികേതനത്തിലെ വിദ്യാർത്ഥികൾ കൂടെക്കൂടെ ദൂരദേശങ്ങളിലേക്ക വിനോദയാത്ര ചെയ്യണമെന്നുണ്ട്. ബാഹ്യലോകവുമായി കൂടുതൽ അടുക്കുന്നതിനും ജീവിതത്തെ നേരിട്ട മനസ്സിലാക്കുന്നതിനും അമ്മാതിരി യാത്രകൾ ഉപകരിക്കുന്നു. മൂന്നനാലുദിവസം മുമ്പ് ഞങ്ങൾ ഒരു വിനോദയാത്ര ചെയ്യുകയുണ്ടായി. രണ്ട് അദ്ധ്യാപകന്മാരായിരുന്നു ഞങ്ങളെ നയിച്ചത്. കൂടാരം കെട്ടുന്നതിനും ഭക്ഷണം തയാറാക്കുന്നതിനുമുള്ള ഉപകരണങ്ങൾ ഞങ്ങൾ തന്നെ ചുമന്നുകൊണ്ടുപോയി. ഞങ്ങൾക്ക് അത് ഒരു ഉത്സാഹമായിരുന്നു. പുതിയ പുതിയ ഭൂവിഭാഗങ്ങളും ജനസമൂഹങ്ങളും കണ്ട് എനിക്ക് അളവില്ലാത്ത ആഹ്ളാദം ഉണ്ടായി.

ഞങ്ങൾ സ്വാതന്ത്ര്യസാന്ദ്രമായ ഒരു അന്തരീക്ഷത്തിലാണ് വളരുന്നതെന്നു പറഞ്ഞതുകൊണ്ട് ഇവിടെ പരീക്ഷ ഒന്നും ഇല്ലെന്നു വിചാരിക്കരുത്. അവിടെ ഉള്ളതുപോലെ ഇവിടെയും പരീക്ഷകൾ ഏർപ്പെടുത്തിയിരിക്കുന്നു.

ഇവിടത്തെ ഫീസിൻെറ കാര്യത്തിൽ വ്യത്യാസം ഉണ്ട്. ഫീസ് മാസംതോറും കൊടുത്താൽ പോര. ഓരോ വർഷവിഭാഗത്തിലെയും ഫീസ് മുൻകൂറായി അടച്ചിരിക്കണം.

ഞങ്ങഠം താമസിക്കുന്നതു് പരിഷ്കൃതരീതിയിൽ മനോജ്ഞമായും സൌകര്യപൂൎവ്വമായും നിൎമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിലാണു്. ആൺകുട്ടികഠക്കും പെൺകുട്ടികഠക്കും പ്രത്യേകം പ്രത്യേകം കെട്ടിടം ഉണ്ടു്. കുട്ടികളോടു പെരുമാറാൻ പ്രത്യേകപരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപകന്മാരാണു് ഓരോ കെട്ടിടത്തിലും മേൽനോട്ടം വഹിക്കുന്നതു്. ഒഴിവുകാലത്തു വിദ്യാലയം അടച്ചാൽ എല്ലാ അദ്ധ്യേതാക്കളും അവരവരുടെ നാട്ടിൽ പോകേണ്ടതാണു്.

ഇവിടെയുള്ള ചില പ്രധാനമന്ദിരങ്ങളുടെയും ഞങ്ങളുടെ ക്ലാസ്സുകളുടെയും ഫോട്ടോ ഞാൻ എടുത്തിട്ടുണ്ടു്. ഈ സ്ഥലത്തിൻെറ മനോഹാരിത ഏതാണ്ടു മനസ്സിലാക്കാൻ അവ ഉപകരിക്കുമെന്നു തോന്നുന്നു. ഞാൻ വരച്ച ചിത്രങ്ങളുടെകൂടെ അവയും അയച്ചുതരാം.

ഇന്നു നേരം പുലൎന്നിട്ടു് ഇതേവരെ എഴുത്തിൽ മുഴുകിയിരുന്നതിനാൽ സമയം പോയതു ഞാൻ അറിഞ്ഞില്ല. ഇപ്പോഠം വെയിൽ മൂത്തു തുടങ്ങി. ഞാൻ മതിയാക്കട്ടെ.

ഗോപിക്കു സുഖമാണെന്നു വിശ്വസിക്കുന്നു. അവിടത്തെ വിശേഷങ്ങളെല്ലാം എഴുതി അയയ്ക്കുമല്ലോ.

എന്നു്,

സ്നേഹപൂൎവ്വം,

നടരാജൻ.

പാഠം ൩

# ദ്വാരക

ഇപ്പാരിലിന്നില്ലീവണ്ണമൊരു മഹാരാജധാനി
മുപ്പാരിലുമില്ല, മന്യേ മുകുന്ദപദം
അല്പവുമില്ലാതങ്ങുർവ്വിയിങ്കൽ പോയി വാസുദേവൻ
ചിൽപുരുഷനോടുകൂടിപ്പരമപദം.

പശ്ചിമപയോധിയുടെ നടുവിന്നാഭരണമാം
കശ്ചന പൊന്നുന്തുരുത്തുമതിൻെറ മീതേ
ദൃശ്യവനനഗരിയെ നാണിപ്പിച്ച രത്നപുരി
നിശ്ചലയായിട്ടു നിന്ന നിലയുമോർപ്പൂ.

ഭാഗവതിയായ പുരി പൊക്കംകൊണ്ടു നഭസ്സിൻെറ
ഭാഗത്തെയുമതിക്രമിച്ചനേകകാലം
ഭോഗവതീപുരിയുടെ തലയിലിരുന്നപോലും
ഭോഗിശായിയോടുകൂടിപ്പോകയും ചെയ്തു.

ചുററമംബരം ചുംബിക്കും പൊന്നും പുറക്കോട്ടയ്ക്കക-
ത്തൊററ രത്നക്കല്ത്തളം ചെയ്തിരിക്ക മൂലം
മുററമെല്ലാം മിനുങ്ങീട്ടു ചെററ തെളുതെളെ മിന്നും
മുററമെവിടെയുമാക്കും കണ്ണാടി കാണാം.

മുകളിലാകാശം മുട്ടുമകമതിലുകടെയും
മുകപ്പുകടെയുമെണ്ണം ഗണിച്ചുകൂടാ
മുകുന്ദൻെറ പദമെൻെറ മനോമയ മായിരിക്കും
മുകുരത്തിൽ കണ്ടപോലെ പറഞ്ഞുകൂട്ടു.

സാലം തോറം നന്നാലു ഗോപുരങ്ങളുണ്ടത്രയല്ല
സാലങ്കാരപുരദ്വാരങ്ങളുടെ നേരെ,
നാലു ദിക്കിലോട്ടുമോരോ മഹാമാഗ്ഗങ്ങളുണ്ടതിൽ
നാലിൻെറയും പാർശ്വങ്ങളിലാപണങ്ങളും.
അങ്ങാടികളിലൊക്കെയുമാപണങ്ങളിലൊക്കെയും
മങ്ങിടാതെ മഹാലക്ഷ്മിയുടെ കടാക്ഷം
തങ്ങീടുകകൊണ്ടു ധനധാന്യാദികൾക്കിടം പോരാ,
പൊങ്ങീടുന്ന നാനാമണിഭേഹമാദികൾക്കും.
ഇന്ദിര രണ്ടെണ്ണായിരത്തെട്ടായിട്ടിരുന്നരുളും
മന്ദിരങ്ങളുമത്രയുമുണ്ടെന്നുവയ്പൂ.
നന്ദഗോപപുത്രപുത്രപൗത്രാദിഗൃഹഗണന്നം
മന്ദശ്രുകേശന്നുമെളുതല്ല നിണ്ണയം.
പ്രദ്യോതനകോടിപ്രകാശന്മാരായി വിളങ്ങീടും
പ്രദ്യുമ്നാനിരുദ്ധാദിസത്മങ്ങളും സദാ
മദ്ധ്യമത്തനായ മാധവാഗ്രജൻെറ മന്ദിരവും
വിദ്ധ്യാവൃദ്ധനാമുദ്ധവരുടെ ഗൃഹവും
സാത്യകി കൃതവമ്മാദി മഹാരഥന്മാരുടെയും
സാത്വതസംഘത്തിൻെറയും കുടി കോടികൾ
സാധ്യസംഖ്യാദികളെല്ലാം സഹസ്രാനുസഹസ്രവും
സാധ്വസത്തെ ഗമിച്ചിട്ടു മടങ്ങി വാണും.
ചിന്മയൻെറ പുരിക്കുള്ളിൽ ഗൃഹമില്ലാത്തിടമില്ല
പൊന്മയമല്ലാതെയില്ല ഗൃഹത്തിലെങ്ങും.
നിമ്മലമായ പൂങ്കാവും പൊയ്കയും വേണ്ടുന്നതെല്ലാം
നമ്മാലയം തോറം വെവ്വേറയുണ്ടെല്ലാക്കും.

ജ്യേഷ്ഠനെ മുമ്പിട്ടുചെല്ലും പ്രപഞ്ചപ്പെരുമാളുടെ
കോട്ടയ്ക്കകത്തകപ്പെട്ട പുരുഷന്മാൎക്കും
കേട്ടാലും പുരന്ധ്രീകൾക്കും കരിതുരഗാദികൾക്കും
വാട്ടം വിനാ വസിപ്പാനിപ്പാരിടം പോരാ.

പട്ടിണികൊണ്ടു മെലിഞ്ഞ പണ്ഡിതനു കുശസ്ഥലീ-
പട്ടണം കണ്ടപ്പോഴേ വിശപ്പും ദാഹവും
പെട്ടന്നകന്നുവെന്നല്ല ഭക്തികൊണ്ടെന്നിയേ പണി-
പ്പെട്ടാലുമൊഴിയാത്ത ഭവാൎത്തിയും തീൎന്നു.

രാമാനുജാഞ്ചിതരാജധാനി സൽക്കരിച്ചേകിയ
രോമാഞ്ചക്കുപ്പായമിറന്നായി ചെഞ്ചെമ്മേ
സീമാതീതാനന്ദാശ്രുവിൽ കുളിക്കകൊണ്ടു കുചേല-
ചോമാതിരിക്കതു ചുമടായിച്ചമഞ്ഞു.

ഭക്തിയായ കാററു കൈക്കൂണക്കിലേററു പെരുകിയ
ഭാഗ്യപാരാവാരഭംഗപരമ്പരയാ
ശക്തിയോടു കൂടി വന്നു മാറി മാറിയെടുത്തിട്ടു
ശാൎങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു.

കുചേലവൃത്തം വഞ്ചിപ്പാട്ടു] [രാമപുരത്തു വാര്യർ.

പാഠം ൮

# ആഴിയുടെ അടിത്തട്ടിൽ

സമുദ്രത്തിൽ എണ്ണിയാലൊടുങ്ങാത്ത അത്ഭുതജീവികളുണ്ട്. അവയിൽ ഭൂരിഭാഗവും ജലാന്തർഭാഗത്താണ്. അതിനാൽ നമുക്ക് അവയെ എളുപ്പത്തിൽ കാണ്മാൻ കഴിയുന്നില്ല. എങ്കിലും സാഹസികോദ്യമങ്ങളിൽ തത്പരന്മാരായ ചിലർ അവയെ നിരീക്ഷിക്കുന്നതിനു യത്നിച്ചിട്ടുണ്ട്.

ശാസ്ത്രജ്ഞന്മാർ സമുദ്രത്തെ മൂന്നായി വിഭജിച്ചിരിക്കുന്നു. ഒന്നാമത്തേത് തീരത്തോടു തൊട്ടുകിടക്കുന്ന ആഴം കുറഞ്ഞ ഭാഗവും, രണ്ടാമത്തേതു മുകൾപ്പരപ്പും, മൂന്നാമത്തേത് ആഴിയുടെ അടിത്തട്ടുമാണ്. ഈ മൂന്നു വിഭാഗങ്ങളിലെയും പരിതസ്ഥിതികൾ ഭിന്നങ്ങളായിരിക്കുന്നതുകൊണ്ട് അവയിൽ വസിക്കുന്ന ജന്തുക്കൾക്കും ഗണനീയമായ വ്യത്യാസമുണ്ട്.

മൂന്നാമത്തെ വിഭാഗത്തിൽ ൬൦൦ അടി മുതൽ ൨൮,൦൦൦ അടി വരെ താഴ്ചയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നു. സൂര്യപ്രകാശത്തിനും ഊഷ്മാവിനും അവിടെ കടന്നുചെല്ലാൻ സാധ്യമല്ലാതിരിക്കുന്നതിനാൽ സസ്യവർഗ്ഗത്തിലുള്ള യാതൊന്നും അവിടെ വളരുന്നില്ല. ആ സമുദ്രാന്തർഭാഗം അന്ധകാരത്തിന്റെയും നിശ്ശബ്ദതയുടെയും ആവാസസ്ഥാനമാണ്. ആ പ്രദേശത്തുള്ള ജീവികളുടെ ആഹാരം ഉപരിതലത്തിൽനിന്നു താണടിയുന്ന ശവശരീരങ്ങളോ, ദുർല്ലഭമായി പിടികി

ട്ടാവുള്ള ഇതരജീവികളോ ആകുന്നു. അവിടെ സഞ്ചരിക്കുന്ന ജീവികളിൽ പലതും സ്വയം പ്രകാശിക്കുന്നവയത്രേ. ശത്രുക്കളെ ഭയപ്പെടുത്തി ഓടിക്കുന്നതിനും ഇര അന്വേഷിച്ചു പിടിക്കുന്നതിനും ഇണയെ ആകർഷിക്കുന്നതിനും അവയുടെ പ്രകാശം ഉപകരിക്കുന്നുണ്ട്.

സമുദ്രത്തിൻെറ ആദ്യത്തെ രണ്ടു വിഭാഗങ്ങളിലും പ്രവേശിച്ച് അവിടെയുള്ള ജീവികളെ നിരീക്ഷണം ചെയ്യുന്നതിനു വലിയ വൈഷമ്യം നേരിടാറില്ല. എന്നാൽ സമുദ്രനിരപ്പിൽനിന്ന് അര മൈൽ താഴെ സ്ഥിതിചെയ്യുന്ന മത്സ്യങ്ങളെ നേരിട്ടു കാണുന്നതിന് അഭിമുഖീകരിക്കേണ്ടിവരുന്ന ആപത്തുകൾ വർണ്ണനാതീതമാണ്. കടലിനടിയിൽ അഞ്ഞൂറടി ആഴത്തിൽ സ്ഥിതിചെയ്യുന്ന ഒരാളുടെ അവസ്ഥ ഒന്നു സങ്കല്പിച്ചു നോക്കുക. അഹോ! എന്തുമാത്രം ജലമാണ് അയാളുടെ മുകളിൽ കിടക്കുന്നത്! എത്ര ഭയങ്കരമായ ജലസമ്മർദ്ദമാണ് അയാൾക്കു താങ്ങേണ്ടി വരുന്നത്. രക്ഷോപായം ഇല്ലെങ്കിൽ അയാൾ ഞെരിഞ്ഞു ചതഞ്ഞുപോകുമെന്നുള്ളതു നിസ്സംശയമാണ്.

സാധാരണരീതിയിലുള്ള ഗാഹനകവചം (Diving suit) ധരിച്ചുകൊണ്ട് ആഴിയുടെ അടിത്തട്ടിൽ എത്താൻ സാധ്യമല്ല. എന്നാൽ പ്രകൃതിശക്തികളെ കീഴടക്കാൻ വെമ്പുന്ന മനുഷ്യബുദ്ധിയുണ്ടോ അടങ്ങിയിരിക്കുന്നു! ജീവഹാനി ഉണ്ടായാലും വേണ്ടില്ല, സമുദ്രത്തിൻെറ ഗഹനമായ അന്തർഭാഗം നേരിട്ടു കാണണമെന്നു തന്നെ ചില ശാസ്ത്രജ്ഞന്മാർ ദൃഢനിശ്ചയം ചെയ്തു.

അതിനുള്ള ഉപായങ്ങളെപ്പററി അവർ ഗാഢമായി ചിന്തിച്ചുതുടങ്ങി. അവരിൽ പ്രമുഖനായ ഡാക്ടർ ബീബിന്റ് ഒരു യുക്തി തോന്നി. ഉരുക്കുകൊണ്ട് ഒരു ഗോളം ഉണ്ടാക്കി അതിൽ സഞ്ചരിക്കാമെന്ന് അദ്ദേഹം തീർച്ചയാക്കി. ആ ഗോളത്തിനു നാല് അടി ഒൻപതു് ഇഞ്ചു വ്യാസവും അതിൻെറ ഭിത്തിക്ക് ഒന്നര ഇഞ്ച് വണ്ണവും ഉണ്ടായിരുന്നു. രണ്ടു ജനാലകളേ അതിന് ഉണ്ടായിരുന്നുള്ളു. കണ്ണാടിയെക്കാൾ കട്ടപ്പവും ഉറപ്പും മൂന്ന് ഇഞ്ചു വണ്ണവും ഉള്ള ഒരുമാതിരി ധാതുദ്രവ്യംകൊണ്ടായിരുന്നു ആ ജനാലകൾ നിർമ്മിച്ചിരുന്നതു്. സ്ഫടികതുല്യമായ ആ ജനാലകളിലൂടെ മറുവശത്തുള്ള വസ്തുക്കളെ സ്പഷ്ടമായി കാണാൻ കഴിഞ്ഞിരുന്നു. ജനാലകൾക്ക് അഭിമുഖമായിട്ടായിരുന്നു വാതിൽ. വൃത്താകൃതിയിൽ ഉരുക്കുകൊണ്ട് ഉണ്ടാക്കിയ ആ വാതിലിൻെറ വ്യാസം പതിനാല് ഇഞ്ചു മാത്രമായിരുന്നു. ഇടുങ്ങിയ ഒരു തുരപ്പിനകത്തെന്നപോലെ ആദ്യം തലകടത്തി ഇഴഞ്ഞാണ് അകത്തു കയറേണ്ടിയിരുന്നതു്. രണ്ടുപേൎക്കു കഷ്ടിച്ചു ഇരിക്കാനുള്ള സ്ഥലമേ അകത്തു് ഉണ്ടായിരുന്നുള്ളു. അവൎക്കു ഉച്ഛ്വസിക്കുന്നതിനു പ്രാണവായു സംഭരിച്ചിട്ടുള്ള ഭാജനങ്ങൾക്കു പുറമേ അവർ ശ്വസിക്കുമ്പോൾ ശ്വാസകോശത്തിൽനിന്നു പുറപ്പെടുന്ന നീരാവിയും ഇംഗാലാമ്ലവാതകവും വലിച്ചെടുക്കുന്നതിനു രാസവസ്തുക്കൾ ശേഖരിച്ചിട്ടുള്ള പാത്രങ്ങളും അതിനകത്തു സജ്ജീകരിച്ചിരുന്നു. വാതിലിൻെറ നിർമ്മിതി ഭദ്രമായിരുന്നതിനാൽ ജലത്തിന് അകത്തു പ്രവേശിക്കാൻ

മാറ്റമുണ്ടായിരുന്നില്ല. ബാത്തിസ്ഫീയർ (Bathysphere) എന്നായിരുന്നു ആ ഗോളത്തിനു പേരിട്ടതു്.

സമുദ്രാന്തർഭാഗത്തുള്ള നവീനയാത്ര സുരക്ഷിതമാണോ എന്നറിവാൻ ഡാക്ടർ ബീബിനു ചില പരിക്ഷണങ്ങൾ നടത്തേണ്ടിയിരുന്നു. ആദ്യം താഴോട്ടിറക്കിയ ബാത്തിസ്ഫീയറിൽ ആളുകൾ ആരും ഉണ്ടായിരുന്നില്ല. ഒരു കപ്പലിൻെറ പാൎശ്വത്തിൽ ഘടിപ്പിച്ച ഒരു ഉരുക്കു കമ്പിയുടെ സഹായത്താലാണു ബാത്തിസ്ഫീയർ താഴോട്ടു് ഇറക്കിയതു്. അതു സമുദ്രത്തിലേക്കു താഴ്ത്തി ഒന്നര മണിക്കൂർ കഴിഞ്ഞു് ഉയൎത്തി നോക്കിയപ്പോൾ അല്പം ജലം മാത്രം അകത്തു പ്രവേശിച്ചിരിക്കുന്നതായി കണ്ടു. ആ പരിക്ഷണത്തിൽനിന്നും ബാത്തിസ്ഫീയറിലെ യാത്ര അപായകരമല്ലെന്നു മനസ്സിലാക്കി ബീബ് ആഹ്ളാദിച്ചു.

൧൯൩൦ ജൂൺ ൬-ാംനു-ആയിരുന്നു ബീബ് ആദ്യമായി ആഴിയുടെ അടിത്തട്ടിൽ ഇറങ്ങാൻ ഒരുമ്പെട്ടതു്. അദ്ദേഹത്തിൻെറ കൂടെ ബാർട്ടൺ എന്നൊരു ശാസ്ത്രജ്ഞൻ ഉണ്ടായിരുന്നു. രണ്ടുപേരും അവധാനപൂൎവ്വം ഗോളത്തിനുള്ളിൽ പ്രവേശിച്ചു. പുറത്തു നിന്നിരുന്നവർ വാതിൽ അടച്ചിട്ടു്, ജലപ്രവേശം തടയുന്നതിനു് ഈയവെള്ള തേക്കുകയും പിരിയാണികൾ വച്ചുമറുക്കുകയും ചെയ്തു. അനന്തരം കപ്പലിൽനിന്നും ആ ഗോളം താഴോട്ടിറക്കി. ദൂരശ്രവണി ഘടിപ്പിച്ചിരുന്നതിനാൽ ഉപരിതലത്തിൽ നില്ക്കുന്നവരുമായി സന്ദേശവിനിമയം ചെയ്വാൻ ഗോളത്തിനകത്തുള്ളവൎക്കു

പ്രയാസം ഉണ്ടായിരുന്നില്ല. ഒരു ജനാലയിൽക്കൂടി പ്രയോഗിച്ച മാർഗ്ഗണദീപം (Search light) കടലിനടിയിൽ വെളിച്ചം വീശിക്കൊണ്ടിരുന്നു. അത്യധികമായ ഉൽക്കണ്ഠയോടുകൂടി ആയിരുന്നു ആളുകൾ കപ്പലിലും പരിസരങ്ങളിലും തിങ്ങി നിന്നിരുന്നതു്. ആയിരമായിരം വിചാരങ്ങൾ അവരുടെ മനസ്സിൽ തിരതല്ലിക്കൊണ്ടിരുന്നു. അവർ എല്ലാവരും ഏകകണ്ഠമായി ആ യാത്രികന്മാൎക്കു വിജയം ആശംസിച്ചു. യാത്ര അപായകരമല്ലെന്നു അറിയാമായിരുന്നെങ്കിലും ജീവനോടുകൂടി തിരിച്ചുവരാൻ കഴിയുമോ എന്ന സംശയം ബീബിനും കൂട്ടുകാരനും ഉണ്ടാകാതിരുന്നില്ല. എന്തൊക്കെ വന്നാലും ശരി, ഉദ്ദിഷ്ടകാര്യം നിർവഹിച്ചിട്ടേ അടങ്ങുകയുള്ളു എന്നു് അവർ തീച്ചയാക്കി.

ക്രമേണ ആ ഗോളം താണു് ജലത്തിനടിയിലായി. പെട്ടെന്നു് അതിനകത്തുള്ള പ്രകാശം കൺകുളിൎമ്മ നല്കുന്ന ഹരിതവൎണ്ണം കൈക്കൊണ്ടു. അനന്തരം കടൽച്ചെടികളും മററും പടൎന്നിട്ടുള്ള പ്രദേശത്തിലൂടെ ഗോളം വീണ്ടും താണുതുടങ്ങി.

ഉദ്ദേശം നൂററടി ആഴത്തിലെത്തിയപ്പോൾ വെളിയിലുള്ള പച്ചനിറം അല്പം ഇരുണ്ടുതുടങ്ങുന്നതായി കണ്ടു. മുന്നൂററടി താണപ്പോൾ ബാർട്ടൺ പരിഭ്രാന്തനായി നിലവിളിച്ചുപോയി. തുള്ളിത്തുള്ളിയായി അല്പം ജലം അകത്തു പ്രവേശിച്ചുതുടങ്ങിയതായിരുന്നു അതിനു കാരണം. ഗോളം വീണ്ടും താണു. എങ്കിലും കൂടുതൽ ജലം അകത്തു പ്രവേശിച്ചില്ല. ഒടുവിൽ അതു

താണുതാണു് എഴുനൂറടി ആഴത്തിൽ എത്തി. അപ്പോൾ മാത്രമേ, അതു നിറുത്താൻ ബിബ്ബ് അടയാളം കൊടു ത്തുള്ളു. ചുററുമുള്ള ജലത്തിനു്, അതുവരെ മനുഷ്യ ദൃഷ്ടിക്കു ഗോചരമായിട്ടില്ലാത്തവിധം അത്ഭുതകരമായ കടും നീല നിറമാണു് ഉണ്ടായിരുന്നതു്. നീന്തിത്തുടി ക്കുന്ന അനേകം മത്സ്യങ്ങളെ നോക്കി അവർ രസിച്ചു. എന്നാൽ ബാത്തിസ്സ്ഫീയറിനകത്തുള്ള ദുസ്സഹമായ ശൈത്യം നിമിത്തം അവൎക്കു വളരെ ക്ലേശം അനുഭവി ക്കേണ്ടിവന്നു. അവരുടെ സിരകൾ മരവിച്ചുപോകു മെന്നു ഘട്ടമായി.

ആദ്യത്തെ ആ പരീക്ഷണ സഞ്ചാരത്തിൽ ഗണ്യ മായ യാതൊരു നിരീക്ഷണവും നടത്താൻ അവൎക്കു് കഴിഞ്ഞില്ല. നാലുപാടും ഒന്നു നോക്കിയിട്ടു് അവർ തിരിച്ചുവരികയാണു ചെയ്തതു്.

ബീബ് വീണ്ടും പല ഗാഹനങ്ങൾ നടത്തുക ഉണ്ടായി. ഒരിക്കൽ അദ്ദേഹം ചുവന്ന നിറത്തിലുള്ള ചിത്രങ്ങൾ അടങ്ങിയ ഒരു പുസ്തകവും ഏതാനും ചെ മ്മീനുംകൂടെ കൊണ്ടുപോയി. കടലിന്റെ അടിത്തട്ടിൽ വച്ചു് മനുഷ്യദൃഷ്ടിക്കു് ചുവപ്പുനിറം കാണാൻ കഴി യുമോ എന്നു് അറിയുന്നതിനായിരുന്നു അദ്ദേഹം അ ങ്ങനെ ചെയ്തതു്. ഏതാണ്ടു അൻപതടി താണപ്പോൾ തന്നെ ചെമ്മീനും പുസ്തകത്തിലുള്ള ചിത്രങ്ങളും ഇരു ണ്ടുപോകുന്നതായി അദ്ദേഹത്തിനു് അനുഭവപ്പെട്ടു.

ഒടുവിലത്തെ സഞ്ചാരങ്ങളിൽ ആയിരുന്നു ആഴി യുടെ അടിത്തട്ടിലുള്ള ജീവികളെക്കുറിച്ചു് അദ്ദേഹം

ശരിയായ നിരീക്ഷണങ്ങൾ നടത്തിയത്. പ്രസന്നമായി സഞ്ചരിക്കുന്നതും സ്ഫടികംപോലെ ശോഭിക്കുന്നതും ആയ ഒരു തരം കടൽച്ചൊറി (Jelly fish) യെ പല പ്രാവശ്യവും കണ്ടു. ഒരിക്കൽ ഒരു ആരലി (Eel) നെയും അതിൻെറ ശിശുവിനെയും കാണുകയുണ്ടായി. ആരലിനു മങ്ങിയ തവിട്ടുനിറമാണ് ഉണ്ടായിരുന്നത്. എന്നാൽ ശിശു സ്ഫടികസദൃശമായിരുന്നു. അതിൻെറ കണ്ണുകൾക്കു മാത്രമേ പ്രകാശം ഉണ്ടായിരുന്നുള്ളൂ. കൂർത്തുമൂർത്ത വായോടുകൂടിയ ചില വിചിത്രമത്സ്യങ്ങളും നീണ്ടുനിവൎന്നു ശാന്തസുന്ദരമായി സഞ്ചരിച്ചിരുന്നു. മാഗ്ഗ്നേഷ്യംദീപത്തിൻെറ പ്രകാശത്തിൽ അവ കടും ചുവപ്പുനിറം കൈക്കൊള്ളുന്നതായിക്കണ്ടു.

വീണ്ടും താഴോട്ടു പോയപ്പോൾ സ്വയം പ്രകാശമുള്ള അനേകമനേകം മത്സ്യങ്ങൾ അവൎക്കു ദൃശ്യമായി. ആ പ്രകാശങ്ങൾ ഭാവഹജ്വാലകളായിരുന്നു. മാഗ്ഗ്നേഷ്യംദീപം പ്രയോഗിച്ചപ്പോൾ അവ അദൃശ്യമാവുകയാണുണ്ടായത്. അപ്പോൾ ആ മത്സ്യങ്ങളുടെ സ്വാഭാവികവൎണ്ണം മാത്രമേ കാണാമായിരുന്നുള്ളൂ. മാഗ്ഗ്നേഷ്യംദീപം അണച്ചപ്പോൾ അവയുടെ പ്രകാശം വീണ്ടും ദൃശ്യമായി.

എത്ര വിസ്മയാവഹമായിരുന്നു ആ പ്രകാശങ്ങൾ! കൊച്ചുകൊച്ചു തേജോബിന്ദുക്കൾ ഒരിടത്ത്; മിന്നൽപോലെയുള്ള തരളപ്രഭകൾ മറെറാരിടത്ത്. ചിലതു വളരെ അരികിൽ; മററു ചിലതു വളരെ അകലെ. ചിലപ്പോൾ സകലതും നിമിഷനേരത്തേക്കു പ്രഭാ

പൂൎണ്ണമായിരിക്കും. മററു ചിലപ്പോൾ അദൃശ്യമായ ഏതോ ജീവിയിൽനിന്നു പ്രകാശം പൊട്ടിത്തെറിക്കുന്നതുപോലെ തോന്നും. അനന്തരം ഇരുട്ടു വ്യാപിക്കുകയും ചഞ്ചലങ്ങളായ പ്രകാശകണങ്ങൾ മാത്രം മിന്നുങ്ങുകയും ചെയ്യും.

ബാത്തിസ്സ്ഫിയറിൻെറ ജനാലയ്ക്കടുത്തുകൂടി സ്വയം പ്രകാശമുള്ള മത്സ്യങ്ങൾ കൂടെക്കൂടെ നീന്തിക്കൊണ്ടിരുന്നു. അക്കൂട്ടത്തിൽപ്പെട്ട സീ ഡ്രാഗൺ (Sea dragon) എന്ന ഒരു വിചിത്രമത്സ്യത്തിൻെറ ഗണ്ഡപ്രദേശങ്ങളിൽ രണ്ടു തേജസ്സുകൾ കാണപ്പെട്ടു. റാന്തൽമീൻ (Lantern fish) എന്ന മറെറാരു ജാതി മത്സ്യത്തിനു ശീൎഷദീപങ്ങൾപോലെ ഭാസുരങ്ങളായ നേത്രങ്ങളാണ് ഉണ്ടായിരുന്നതു്. തുടൎച്ചയായി പ്രത്യക്ഷപ്പെട്ട 'മഴമീൻ' (Hatchet fish) എന്ന വേറൊരു തരം മത്സ്യത്തിൻെറ പുറത്തു പ്രഭാപൂൎണ്ണമായ അനേകം വെള്ളിപ്പുള്ളികൾ പതിച്ചിരുന്നതുപോലെ തോന്നി.

ചില മത്സ്യങ്ങൾക്കു മാറിമാറി മിന്നുകയും മങ്ങുകയും ചെയ്യുന്ന പ്രഭയാണ് ഉണ്ടായിരുന്നതു്. മററു ചിലതിൻെറ പ്രകാശം ശിഥിലമായി പ്രസരിച്ചുകൊണ്ടിരുന്നു. ഒരിക്കൽ ബാത്തിസ്സ്ഫിയറിൻെറ ജനാലയിൽ വന്നു തട്ടിയ ഒരു മത്സ്യത്തിൻെറ പ്രഭാസ്ഥാനം തകൎന്നുപോയി. ഉടനെ അതു പരശതം തേജോബിന്ദുക്കളായി ചിതറുകയുണ്ടായി. ആ ജന്തു ചുരുണ്ടു മേല്പോട്ടേക്കു നീന്തിപ്പോകുന്നതുവരെ ആ ബിന്ദുക്കൾ മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു.

ഈ തേജസ്സുകൾ എല്ലാം ഒരേ വർണ്ണമായിരുന്നില്ല. നീലവും പച്ചയും മഞ്ഞയും എന്നുവേണ്ട മിക്ക നിറങ്ങളും അവിടെ കാണാമായിരുന്നു. ഫിങ്ഗർസ്ക്വിഡ (Finger squid) എന്ന ഒരു തരം മത്സ്യം അതിന്റെ ദൈർഘ്യം കൂടിയ രണ്ടു സ്പർശനാവയവങ്ങളുടെ അഗ്രഭാഗങ്ങളിൽ ആറഞ്ച് നിറത്തിലുള്ള പ്രകാശങ്ങളായിരുന്നു വഹിച്ചിരുന്നത്. അതു ഭയങ്കരമായ രസന നീട്ടി ചെറിയ മത്സ്യങ്ങളെ വായ്ക്കകത്താക്കുന്നതു കാണാമായിരുന്നു. ചില മത്സ്യങ്ങളുടെ തേജസ്സു പല്ലുകളിലായിരുന്നു; ശരീരത്തിന്റെ ശേഷം ഭാഗം ദൃശ്യമായില്ല. ഏററവും ആശ്ചര്യാവഹം, ഷ്റിമ്പ്സ് (Shrimps) എന്ന ഒരു മത്സ്യവിശേഷമായിരുന്നു. അതിന്റെ പ്രകാശം സാധാരണ രീതിയിലായിരുന്നില്ല; ശത്രുക്കൾ സമീപിക്കുമ്പോൾ അവയുടെ കണ്ണു അടഞ്ഞു പോകത്തക്കവിധം അത്യുജ്ജ്വലമായ ഒരു ജ്യോതിസ്സ് അതു പൊഴിച്ചുകൊണ്ടിരുന്നു.

ഇങ്ങനെയുള്ള അനേകായിരം അത്ഭുതജന്തുക്കൾ ബിബിന്റെ കൺമുമ്പിൽ കൂടി കടന്നുപോയി. അവയെപ്പററി അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നതു ദൂരശ്രവണിമുഖേന ഉപരിതലത്തിലുള്ളവക്കു കേൾക്കാമായിരുന്നു. എങ്കിലും എല്ലാററിനെക്കുറിച്ചും പറയാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹം മുകളിൽ വന്നപ്പോൾ എല്ലാററിനെയും ഓർമ്മിക്കാനും സാധിച്ചില്ല. അത്ര വളരെ ജീവികളെയായിരുന്നു അദ്ദേഹം കണ്ടതു്.

അതിഭയങ്കരമായ അന്ധകാരവും നിത്യമായ നിശ്ശബ്ദതയും വ്യാപിച്ചിരിക്കുന്ന ആഴിയുടെ അടിത്തട്ടിൽപ്പോലും കോടാനുകോടി വിചിത്രജന്തുക്കളെ സൃഷ്ടിക്കുകയും ആ പരിതഃസ്ഥിതികളിലും അവയ്ക്കു ജീവിക്കാൻ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്ന ആ മഹാശക്തിയുടെ വൈഭവം ചിന്താതീതമെന്നല്ലാതെ എന്തു പറയാം!

---

പാഠം ൫

# കേരള കാളിദാസൻ

പണ്ടു മുതല്ക്കേ നമ്മുടെ മാതൃഭാഷയ്ക്കു് അഭിമാനാർഹമായ സാഹിത്യസമ്പത്തു് ഉണ്ടു്. എങ്കിലും സർവ്വതോമുഖമായ ഒരു പ്രബുദ്ധത കൈരളിക്കു് ഉണ്ടായതു കൊല്ലവർഷം പതിനൊന്നാം ശതകം മുതലാണു്. അനുഗ്രഹീതരായ അനേകം ഭാഷാഭിമാനികളുടെ ആത്മാർത്ഥമായ സേവനത്തിന്റെ ഫലമാണു് അതു്. ആ പുണ്യാത്മാക്കളുടെ കൂട്ടത്തിൽ, കേരളകാളിദാസൻ എന്നു വിഖ്യാതനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ എല്ലാംകൊണ്ടും അഗ്രപൂജ അർഹിക്കുന്നു.

ആ മഹാശയൻ ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ ൧൦൨൦-ാമാണ്ടു കുംഭമാസം ൧൦-ാം തിയ്യതി പൂയം നക്ഷത്രത്തിൽ ജാതനായി. ടിപ്പുവിന്റെ പടയോട്ടക്കാലത്തു പരപ്പനാട്ടുനിന്നും തിരുവിതാംകൂറിലേക്ക് ഓടിപ്പോന്നതായിരുന്നു അവിടത്തെ കുടുംബം. അനേകം പണ്ഡിതന്മാർ ആ കുടുംബത്തെ അലങ്കരിച്ചിട്ടുണ്ട്. ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ പിതാവായ രാജരാജവൎമ്മ കോയിത്തമ്പുരാൻ അക്കൂട്ടത്തിൽ പ്രത്യേകം സ്മരണീയനാണ്. അദ്ദേഹത്തിന്റെ സഹോദരിയായ അംബാദേവിത്തമ്പുരാട്ടിയുടെ ദ്വിതീയപുത്രനാണ് കേരളകാളിദാസൻ. പ്രഥമപുത്രൻ, അഭിനവബാഹടൻ എന്നു പ്രഖ്യാതി നേടിയ രാജരാജവൎമ്മ മൂത്ത കോയിത്തമ്പുരാനാകുന്നു.

വിദുഷിയായ മാതാവിൽനിന്നും കുലഗുരുവായ തിരുവാഴ്പ്പു രാമവാര്യരിൽനിന്നും സംസ്കൃതത്തിലെ ആദ്യപാഠങ്ങൾ കേരളവൎമ്മ ഗ്രഹിച്ചു. പിന്നീട് തിരുവനന്തപുരത്തു മാതുലനായ രാജരാജവൎമ്മ കോയിത്തമ്പുരാനോടൊരുമിച്ചു താമസിച്ച് മഹാപണ്ഡിതനായ അദ്ദേഹത്തിൽനിന്നും കാവ്യം, നാടകം, വ്യാകരണം മുതലായവ അഭ്യസിച്ചു. കുറച്ച് ഇംഗ്ളീഷും പഠിച്ചു. പ്രസിദ്ധനായ പാച്ചുമൂത്തതിൽനിന്ന് ആയുർവേദവും, മററുചില പണ്ഡിതന്മാരിൽനിന്ന് ഹിന്ദുസ്ഥാനി, മഹാരാഷ്ട്രം തുടങ്ങിയ ഭാഷകളും വശമാക്കി. പതിന്നാലു വയസ്സായപ്പോഴേക്കും ഒരു കവിയെന്നും പണ്ഡിതനെന്നും ഉള്ള ഖ്യാതി അവിടന്നു സമ്പാദിച്ചു കഴിഞ്ഞിരുന്നു.

അന്നു നാടുവാണിരുന്ന ഉത്രം തിരുനാൾ മഹാരാജാവു് കേരളവൎമ്മ കുമാരനെയാണു് റാണിലക്ഷ്മീഭായി ആററിങ്ങൽ മൂത്തതമ്പുരാനു വരനായി തെരഞ്ഞെടുത്തതു്. അതനുസരിച്ചു് ൧൦൩൪-ാമാണ്ടു മേടമാസത്തിൽ ആ പള്ളിക്കെട്ടു നടന്നു. അങ്ങനെ നിരവദ്യമായ രത്നം കറയററ കാഞ്ചനത്തോടു ചേൎന്നു.

ദ്വിതീയാശ്രമപ്രവേശത്തിനു ശേഷവും തമ്പുരാന്റെ ജ്ഞാനാസക്തിക്കു് ഇടിവു തട്ടിയില്ല; നേരേ മറിച്ചു ശതഗുണീഭവിച്ചതേ ഉളളു. സുബ്ബയ്യാദീക്ഷിതരിൽനിന്നു വ്യാകരണത്തിലെ ഉപരിപാഠങ്ങളും, പണ്ഡിതർ രാമശാസ്ത്രികളിൽനിന്നു തൎക്കവും, ഇലത്തൂർ രാമസ്വാമിശാസ്ത്രികളിൽനിന്നും വേദാന്തവും മന്ത്രവും അഭ്യസിച്ചു അദ്ദേഹം ഒരു ചതുശ്ശാസ്ത്രപണ്ഡിതനായിത്തീൎന്നു. അതിനിടയ്ക്കു്, അന്നത്തെ ഡർബാർ ഫിസിഷ്യനായിരുന്ന വെയറിങ് സായ്പിന്റെ അടുക്കൽ അല്പകാലം ഇംഗ്ലീഷും പഠിക്കുകയുണ്ടായി; എന്നാൽ നിസ്തന്ദ്രമായ സ്വന്തം പരിശ്രമത്താലാണു് ആ ഭാഷയിൽ വൈദുഷ്യം സമ്പാദിച്ചതു്. ആദ്യകാലത്തു് സംഗീതത്തിൽ അത്ര ശ്രദ്ധിച്ചിരുന്നില്ല. പിന്നീടു ആ കലയിലും പ്രാവീണ്യം നേടി. ഇക്കാലത്തെല്ലാം അവിടന്നു് കായികാഭ്യാസവും പരിശീലിച്ചുപോന്നു. ദ്വന്ദ്വയുദ്ധം, ശസ്ത്രപ്രയോഗം, നളികവിദ്യ എന്നിവയിലെല്ലാം അവിടത്തോടു കിടപിടിക്കുവാൻ അന്നു ആരും ഉണ്ടായിരുന്നില്ലത്രേ. നായാട്ടിലും അസാമാന്യമായ പാടവം ഉണ്ടായിരുന്നു. മന്ത്രം

കൊണ്ടു മൃഗങ്ങളെ വരുത്തി വെടിവച്ചു കൊല്ലാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു എന്നു കേൾക്കുമ്പോൾ ആരാണു ഇന്നു അത്ഭുതപ്പെടാത്തതു് ?

സകലകലാനിപുണനായ ആയില്യം തിരുനാൾ തിരുമനസ്സുകൊണ്ടു സിംഹാസനാരൂഢനായ ശേഷം അവിടന്നു വലിയകോയിത്തമ്പുരാനെ വളരെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്തു. അതോടുകൂടി കോയിത്തമ്പുരാനു പേരും പെരുമയും വർദ്ധിച്ചു. അഭിജ്ഞനായ മഹാരാജാവിന്റെ ആദരം, ഉദാത്തനായ യുവരാജാവിന്റെ ഉള്ളഴിഞ്ഞ സ്നേഹം, വിദുഷിയായ സഹധർമ്മിണിയുടെ പ്രേമപൂർണ്ണമായ പരിചരണം, പണ്ഡിതന്മാരുടെയും കവികളുടെയും നിത്യസമ്പർക്കം, അടിക്കടി പെരുകിക്കൊണ്ടിരുന്ന കീർത്തി—എന്നു വേണ്ട, ആഗ്രഹിക്കത്തക്ക സർവ്വവും അവിടത്തേക്കു സ്വായത്തമായി.

ഒരു വ്യാഴവട്ടക്കാലം അങ്ങനെ കഴിഞ്ഞു. ക്രമേണ മഹാരാജാവിനു കോയിത്തമ്പുരാന്റെ പേരിൽ തിരുവുള്ളക്കേടു് ഉണ്ടായി. പ്രസന്നമായ അന്തരീക്ഷത്തിൽ അങ്ങിങ്ങായി വന്നുചേർന്ന കാർമേഘശകലങ്ങൾ പ്രളയമേഘത്തെപ്പോലെ തടിച്ചിരുണ്ടുകൂടി. മഹാരാജാവിന്റെ ഉററസ്നേഹം ഉൽക്കടവിദ്വേഷമായി മാറി. തത്ഫലമായി വലിയകോയിത്തമ്പുരാൻ പതിനഞ്ചു മാസത്തോളം ആലപ്പുഴ കൊട്ടാരത്തിൽ ബന്ധനസ്ഥനായി പാർക്കേണ്ടിവന്നു. ഹരിപ്പാട്ട് അനന്തപുരത്തു കൊട്ടാര

ത്തിൽ പോയി താമസിച്ചുകൊള്ളുവാൻ പിന്നീട കല്പന കിട്ടി. അങ്ങനെ സ്വഗൃഹം കാരാഗൃഹമായി. മോചനം ലഭിക്കുന്നതിനുവേണ്ടി "ക്ഷമാപണസഹസ്രം" എന്നൊരു കൃതി അവിടെവച്ചു രചിച്ച് അവിടന്നു മഹാരാജാവിനു സമപ്പിച്ചു. പക്ഷേ അതുകൊണ്ടു ഫലം ഒന്നും ഉണ്ടായില്ല. മഹാരാജാവു നാടുനീങ്ങുന്നതുവരെ തമ്പുരാൻ അവിടെത്തന്നെ കഴിഞ്ഞുകൂടേണ്ടിവന്നു. കൈരളിയെ സംബന്ധിച്ചിടത്തോളം അതു് ഒരു അനുഗ്രഹമായി കലാശിച്ചു എന്നു വേണം പറയാൻ. ഭാഗിനേയനായ ഏ. ആർ. രാജരാജവമ്മയെ വ്യാകരണത്തിലെ ഉപരിഗ്രന്ഥങ്ങളും മററും പഠിപ്പിക്കുന്നതിനു അവിടത്തേക്കു സാധിച്ചതു് ആ വിശ്രമഘട്ടത്തിലായിരുന്നു. അതിൻെറ ഫലമായി കൈരളിക്കു് ഒരു 'പാണിനി'യെ ലഭിച്ചു. വലിയകോയിത്തമ്പുരാനെ യാതന അനുഭവിപ്പിച്ച ആ വിപത്തു് കേരളഭാഷയ്ക്കു വേറൊരു തരത്തിലും അനുഗ്രഹകരമായി. ഒരു മനോഹരകാവ്യം മലയാളത്തിനു ലഭിച്ചു—"കൈരളിയുടെ കണ്ഠാഭരണം" എന്നു വിദ്വാന്മാർ സമ്മതിക്കുന്ന മയൂരസന്ദേശം.

ആയില്യംതിരുനാൾ മഹാരാജാവു നാടുനീങ്ങി. വലിയകോയിത്തമ്പുരാൻ വിമുക്തനുമായി. അദ്ദേഹത്തിൻെറ അനന്തരജീവിതം കനലിൽ പഴുത്ത കനകം പോലെ പ്രകാശിച്ചു. പക്ഷേ, മാറാതെ നിന്നു ഒരു ശോകകാളിമ. അതിന് ഒരു കാരണം പൂവ്വസംഭവങ്ങളുടെ ദുസ്സഹസ്മരണയായിരുന്നു. അവിടത്തെ പ്രിയ

തമയുടെ ആരോഗ്യത്തെ ക്രമേണ നശിപ്പിച്ചുകൊണ്ടിരുന്ന അനപത്യതാദുഃഖമായിരുന്നു മറ്റൊന്നു്. അങ്ങനെ പത്തിരുപതു കൊല്ലം കടന്നുപോയി. ഒടുവിൽ ദുർവ്വിധിയുടെ കഠിനമായ പ്രഹാരം അദ്ദേഹത്തിൻെറ മേൽ പതിച്ചു. അവിടത്തെ ധർമ്മപത്നി ദിവംഗതയായി. അതോടുകൂടി അവിടത്തേക്കു് ജീവിതാശയും അസ്തമിച്ചു. ഒരു കത്തിൽ അദ്ദേഹം ഇപ്രകാരം എഴുതുകയുണ്ടായി:—"ദുഃഖപൂർണ്ണമായ ഈ രംഗത്തിൽനിന്നു കഴിയുന്നതും വേഗത്തിൽ യാത്ര പറയണമെന്നല്ലാതെ മറ്റൊരു ആഗ്രഹവും എനിക്കു് ഇപ്പോൾ ഇല്ല." എത്ര നൈരാശ്യപൂർണ്ണമായ വിചാരം!

ഇങ്ങനെ കേരളവർമ്മദേവൻെറ ജീവിതസായാഹ്നം ശോകകലുഷിതമായിപ്പരിണമിച്ചു. സാഹിത്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു ഹൃദയഭാരം കുറയ്ക്കുവാൻ അക്കാലമത്രയും അവിടന്നു ശ്രമിക്കയുണ്ടായി. എന്നാൽ അതും വിഫലമായതേ ഉള്ളൂ. കവികളും ഗ്രന്ഥകാരന്മാരും പത്രപ്രവർത്തകന്മാരും, അവതാരികകൾക്കും അഭിപ്രായങ്ങൾക്കും ലേഖനങ്ങൾക്കുംവേണ്ടി അവിടത്തെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. അന്നത്തെ സാഹിത്യകാരന്മാരുടെ ഇടയിൽ ദ്വിതീയാക്ഷരപ്രാസത്തെ സംബന്ധിച്ചു് ഉണ്ടായ വഴക്കിൽ അവിടത്തേക്കും ഇടപെടേണ്ടി വന്നു. അതുമൂലം പ്രിയ ഭാഗിനേയനോടു് അല്പം രസക്ഷയമുണ്ടാകാനും ഇടയായി. അതു് അവിടത്തെ നിഷ്കളങ്കഹൃദയത്തെ ക്ഷതപ്പെടുത്തി. അതിനാൽ സാഹിത്യപരിശ്രമങ്ങളിൽനിന്നു ക്രമേണ വിരമിച്ചു് ഭഗ

ഷദ്ഭക്തനായി കാലം നയിച്ചുവന്നു. ൧൦൮൦-ാമാണ്ടു ചിങ്ങമാസം ഒടുവിൽ വൈക്കത്തും ഹരിപ്പാട്ടും ചെന്നു സ്വാമിദൎശനം നടത്തി, കന്നി നാലാം തീയതി തിരുവനന്തപുരത്തേക്കു മടങ്ങുമ്പോൾ, കായംകുളം കുററിത്തെരുവിൽവച്ചു് കാറു മറിയുന്നതിനും, തിരുമനസ്സിലേക്കു കഠിനമായ പരുക്കു് ഏല്ക്കുന്നതിനും ഇടയായി. മാവേലിക്കരക്കൊട്ടാരത്തിൽ കൊണ്ടുചെന്നു് വേണ്ട ശുശ്രൂഷകൾ ചെയ്യെങ്കിലും ആ മഹാത്മാവു് രണ്ടു ദിവസം കഴിഞ്ഞു് കാലയവനികയിൽ മറയുകയാണു ചെയ്തതു്.

ഭൗതികദേഹം നശിച്ചാലും മഹാന്മാർ ഒരിക്കലും മരണമടയുന്നില്ല. ലോകത്തിനു ചെയ്തിട്ടുള്ള സംഭാവനകളിൽക്കൂടി അവർ യശഃശരീരന്മാരായി വിജയിച്ചരുളുന്നു!

കേരളവൎമ്മ കോയിത്തമ്പുരാൻ ഗൈൎവ്വാണിക്കും കൈരളിക്കും ചെയ്തിട്ടുള്ള സംഭാവനകൾ നിതാന്തസ്മരണീയങ്ങളാണു്. അവിടത്തേക്കു് സംസ്കൃതത്തോടു കൂടുതൽ പ്രതിപത്തി ഉണ്ടായിരുന്നു. ആ ഭാഷയിൽ അവിടുന്നു ആകെക്കൂടി ഇരുപത്തഞ്ചോളം കൃതികൾ നിൎമ്മിച്ചിട്ടുണ്ടു്. സംസ്കൃതഭാഷയ്ക്കു അനൎഘസമ്പാദ്യങ്ങളാണു് അവയെല്ലാം.

കൈരളിക്കു് ചെയ്ത സംഭാവനകളെ പുരസ്കരിച്ചാണു് ഈ കവിസാൎവ്വഭൗമൻ നമ്മുടെ ആദരാതിശയം അൎഹിക്കുന്നതു്. അനേകം നൂററാണ്ടുകൾക്കു മുമ്പു തന്നെ സംസ്കൃതസാഹിത്യം തികച്ചും സമ്പന്നമായിരുന്നു. എന്നാൽ അതായിരുന്നില്ല വലിയ കോയിത്തമ്പു

രാൻെറ കാലത്തിനു മുമ്പുവരെ മലയാളസാഹിത്യത്തിൻെറ സ്ഥിതി. കേരളിക്ക് അന്നു പല സാഹിത്യപ്രസ്ഥാനങ്ങളും ഉണ്ടായിരുന്നില്ല. ഭാഷാഭിമാനിയായ തിരുമേനി ഇതു് മനസ്സിലാക്കി, സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും ചില ഉത്തമകൃതികൾ തർജ്ജമചെയ്തും, അനുകരണരൂപത്തിലും അല്ലാതെയും അനേകസ്വതന്ത്രകൃതികൾ രചിച്ചും മലയാളഭാഷയെ പരിപോഷിപ്പിച്ചു. അവിടത്തെ ശാകുന്തളം പരിഭാഷ കേരളക്കരയിൽ നാടകീയമായ ഒരു നവോത്ഥാനം ഉളവാക്കി. അതിനുശേഷം തർജ്ജമകളായും കല്പിതങ്ങളായും ഒട്ടധികം നാടകങ്ങൾ ഉണ്ടായി. ശാകുന്തളം ആയിരുന്നു അവയ്ക്കെല്ലാം മാർഗ്ഗദർശി. സംസ്കൃതശാകുന്തളത്തിനു പില്ക്കാലത്തു പല തർജ്ജമകളും ഉണ്ടായെങ്കിലും കേരളവർമ്മശാകുന്തളം ഇന്നും അധൃഷ്യമായിത്തന്നെ നിലകൊള്ളുന്നു. ഇതുപോലെതന്നെയാണു സന്ദേശകാവ്യങ്ങളുടെ ഗണനയിൽ മയൂരസന്ദേശത്തിൻെറ നിലയും. ആ കൃതി മലയാളത്തിൽ അനന്തരകാലത്തു് ഉണ്ടായ എല്ലാ സന്ദേശകാവ്യങ്ങളുടെയും മാതൃകാസ്ഥാനം വഹിക്കുന്നു. വളരെ മുമ്പുതന്നെ ഉണ്ണുനീലിസന്ദേശം ഭാഷയിലുണ്ടായിരുന്നെങ്കിലും, അതു് അക്കാലത്തു ഏതോ ഗ്രന്ഥപ്പുരയ്ക്കുള്ളിൽ അജ്ഞാതവാസം ചെയ്യുകയായിരുന്നു. അതിനാൽ സന്ദേശകാവ്യപ്രസ്ഥാനം ഭാഷയിൽ വേരുറച്ചു തഴച്ചു തുടങ്ങിയതു് മയൂരസന്ദേശത്തിൻെറ ആവിർഭാവത്തോടുകൂടിയാണെന്നു തന്നെ പറയണം. ശാകുന്തളം പരിഭാഷയ്ക്കും മയൂരസന്ദേശത്തി

നം പുറമേ ദൈവയോഗം, ശ്രീപത്മനാഭപാദപദ്മശതകം, അന്യാപദേശശതകം മുതലായ പല ഉൽകൃഷ്ടപദ്യകൃതികളും അവിടന്നു രചിച്ചിട്ടുണ്ടു്.

മലയാളഗദ്യസാഹിത്യത്തിൻെറ പരിപോഷണത്തിനുവേണ്ടി ഈ മഹാശയൻ ചെയ്തിട്ടുള്ള യത്നങ്ങൾ സർവ്വോപരി ശ്ലാഘനീയങ്ങളാണു്. അക്‌ബർ, മഹച്ചരിതസംഗ്രഹം, വിജ്ഞാനരഞ്ജിനി, സന്മാർഗ്ഗപ്രദീപം മുതലായ വിശിഷ്ടഗദ്യകൃതികൾകൊണ്ടു് അവിടന്നു കേരളീയരെയും കേരളഭാഷയെയും അനുഗ്രഹിച്ചു. കൂടാതെ, അന്നത്തെ ടെക്സ്റ്റുബുക്കു് കമ്മിററിയിലെ അംഗമായും അദ്ധ്യക്ഷനായും അവിടന്നു ചെയ്ത പരിശ്രമങ്ങൾ നമ്മുടെ ഗദ്യസാഹിത്യാഭിവൃദ്ധിക്കു് എത്രമാത്രം ഉതകി എന്നു നിർണ്ണയിക്കാവുന്നതല്ല. പാഠപുസ്തകങ്ങളിലെ ഗദ്യപാഠങ്ങൾ സ്വയം രചിച്ചും മററുള്ളവരുടെ ലേഖനങ്ങൾ പരിശോധിച്ചു്, അലകും പിടിയും മാററി പരിഷ്കരിച്ചും ചെയ്ത സേവനങ്ങളാണു് ആധുനികഗദ്യസാഹിത്യത്തിൻെറ അടിസ്ഥാനം. ഇംഗ്ലീഷുഭാഷയിലെ പ്രശസ്തഗദ്യകാരന്മാരെ അനുകരിച്ചു ഗദ്യശൈലിയുടെ ഒരു മനോഹര മാതൃക കേരളീയക്കു് അവിടന്നു കാണിച്ചുകൊടുത്തു. ലേഖനങ്ങളിലും ഗദ്യഗ്രന്ഥങ്ങളിലും അവിടന്നു് ഉപയോഗിച്ച പല സംസ്കൃതപദങ്ങളും നമ്മുടെ നിത്യസംഭാഷണത്തിൽപോലും സ്ഥലം പിടിച്ചിട്ടുണ്ടു്. അവിടന്നു തെളിച്ചുതന്ന ഗദ്യസരണിയിൽക്കൂടിയാണു്, വേണ്ട പരിഷ്കാരങ്ങൾ വരുത്തി, ഇന്ന

ത്തെ ഗദ്യസാഹിത്യകാരന്മാർ പ്രായേണ സഞ്ചരിക്കുന്നതു്. എല്ലാംകൊണ്ടും കേരളവൎമ്മ വലിയ കോയിത്തമ്പുരാനെ ആധുനിക ഗദ്യസാഹിത്യത്തിൻെറ പിതാവായി ഗണിച്ചുപോരുന്നു.

കേരളവൎമ്മദേവൻ അരശതവൎഷത്തോളം സാഹിത്യസാമ്രാട്ടായി വാണരുളി. അക്കാലമത്രയും മലയാളത്തിൻെറ സുവൎണ്ണദശയായിരുന്നു. ഇത്ര ഉത്സാഹപൂൎണ്ണമായ ഒരു കാലഘട്ടം കേരളസാഹിത്യത്തിൽ അതിനു മുൻപും പിൻപും ഉണ്ടായിട്ടില്ല. കന്യാകുമാരിതൊട്ടു കാസർകോടുവരെയുള്ള ദേശങ്ങളിലെ സാഹിത്യകാരന്മാർ തിരുമേനിയോടുള്ള ബന്ധംകൊണ്ടു്, അന്യോന്യം പരിചയപ്പെടുന്നതിനും സൗഹാൎദ്ദം പുലൎത്തുന്നതിനും തുടങ്ങിയതും കൈരളിയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുന്നതിനു പ്രേരകമായിത്തീൎന്നു. എത്ര യുവസാഹിത്യകാരന്മാർ വെളിച്ചത്തു വന്നു! മങ്ങിമറഞ്ഞു കിടന്നിരുന്ന എത്ര രത്നങ്ങൾക്കു കാന്തിയും മൂല്യവും വൎദ്ധിച്ചു. വെൺമണിനമ്പൂതിരിമാർ, നടുവംനമ്പൂതിരിമാർ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ എന്നിങ്ങനെയുള്ള കവിതിലകന്മാരും, ചന്തുമേനവൻ, സി. അച്യുതമേനവൻ മുതലായ പ്രസിദ്ധ ഗദ്യകാരന്മാരും, കണ്ടത്തിൽ വറുഗീസുമാപ്പിള തുടങ്ങിയ പത്രപ്രവൎത്തകന്മാരും എല്ലാം ഉണൎന്നു സാഹിത്യാരാധനത്തിനു മുതിൎന്നു. ഇവൎക്കെല്ലാം താങ്ങും തണലുമായി നിന്നതു് വലിയ കോയിത്തമ്പുരാനായിരുന്നു.

ഭാഷാസാഹിത്യസാമ്രാജ്യത്തിൽ സൎവ്വസമ്മതനാ
യ ചക്രവൎത്തിയാകുവാൻ വലിയ കോയിത്തമ്പുരാനല്ലാ
തെ മററാൎക്കും ഇതുവരെ സാധിച്ചിട്ടില്ല. ഭാഷാസാഹി
ത്യോന്നമനത്തിനുവേണ്ടി ഇതുപോലെ ഹൃദയപൂൎവ്വം പ്ര
വൎത്തിച്ചവരും വേറേ ഇല്ല. അവിടത്തെ നേട്ടങ്ങളേയും
സംഭാവനകളെയും സേവനങ്ങളെയും അടിസ്ഥാന
പ്പെടുത്തി നോക്കിയാൽ വിക്ടോറിയാമഹാരാജ്ഞിയിൽ
നിന്നുംമററും ലഭിച്ച സി. എസ്സ്. ഐ. തുടങ്ങിയ ബിരു
ദങ്ങൾക്കു അവിടുന്നു തികച്ചും അൎഹനാണെന്നു കാ
ണാം. കവിത്വവും, പാണ്ഡിത്യവും പ്രഭുത്വവും മാത്രമ
ല്ല അവിടത്തെ സൎവ്വാദരണീയനാക്കിത്തീൎത്തതു്. അവി
ടത്തെ സ്വഭാവവൈശിഷ്ട്യം!— അതു് അന്യാദൃശമാ
യിരുന്നു. എന്തൊരു വിനയം, ആശ്രിത വാത്സല്യം, ദാ
ക്ഷിണ്യം! സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്ന
തിൽ ആയിരുന്നു അവിടത്തെ ദാക്ഷിണ്യം ഏററവും പ്ര
കടമായിരുന്നതു. അവിടുന്നു ആരെയും നിരുത്സാഹ
പ്പെടുത്തിയിട്ടില്ല ; അൎത്ഥികൾ ആരും വെറുംകൈയായി
പോയിട്ടുമില്ല. കവിതാമാൎഗ്ഗത്തിൽ കാലിടറുന്നവൎക്കു അ
വിടുന്നു ഹസ്താവലംബം നല്കി; അവൎക്കു നേർവഴി കാ
ട്ടി. ആണ്ടുതോറും ജന്മദിനം പ്രമാണിച്ചു വിദ്വാന്മാൎക്കു
പാരിതോഷികം നല്കുന്ന പതിവു അവിടുന്നു നിൎവ്വിഘ്നം
നടത്തിവന്നു. മാസികകൾ, പത്രങ്ങൾ, വായനശാല
കൾ എന്നിവൎക്കു ചെയ്ത ധനസഹായം കുറച്ചൊ
ന്നുമല്ല.

അപ്പാണ്ഡിത്യവിശേഷമാ വിനയമാ
ഗ്ഗാംഭീര്യമദ്ധൈര്യമ-
ത്തൃപ്പാദാശ്രിതവത്സലത്വമികവാ-
ലോകോപകാരവ്രതം
അപ്പാരായണയോഗ്യസൽക്കവനമ-
ദ്ദാക്ഷിണ്യമസ്സൗഹൃദം
പപ്പാധീശ ! ഭവദ്ഗുണങ്ങളിൽ മറ-
ന്നേയ്ക്കാവതെന്തെന്തുവാൻ !

എന്നാണ് മഹാകവി വള്ളത്തോൾ സ്വർഗ്ഗപുരുഷനെ പ്പററി ശ്ലാഘിക്കുന്നത്.

ഇങ്ങനെ എല്ലാ വിധത്തിലും സമാരാദ്ധ്യനായ കേരളവമ്മദേവനെപ്പോലെയുള്ളവർ വളരെ അപൂവ്വമായേ ജനിക്കാറുള്ളൂ. ആ മഹാനുഭാവനെ കേരളത്തിനും കൈരളിക്കും ഒരു കാലത്തും വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

പാഠം ൯

# ഒരു ദിവ്യാതിഥി

[യുധിഷ്ഠിരദൗത്യം നിർവ്വഹിക്കുന്നതിനു മുമ്പു ശ്രീകൃഷ്ണൻ വിദുരന്റെ അതിഥിയായിക്കഴിക്കുന്ന ഒരു രാത്രി.]

"ഉത്തമോത്തമശീലനാം വിദുരന്റെ പത്തനമെത്രയും
ശുദ്ധമത്ര നമുക്കു ശാർവ്വരിഭോജനം പരികല്പിതം
അത്ര നാളെ വരുന്നതുണ്ടു സുയോധനാ! വിരവോടു ഞാ-"
നിത്ഥമങ്ങരുൾചെയ്തു പോന്നു മുരാരി ശങ്കര പാഹിമാം.

അന്തികേ വിദുരാലയത്തിനകത്തു പുക്കു യദൂത്തമൻ
കുന്തിയെത്തരസാ വണങ്ങി വിശേഷമൊക്കെയുമോതിനാൻ,
ചെന്തളിർക്കു സമാനമാം ചരണദ്വയേന തദാലയം
ചന്തമോടതിശുദ്ധമാക്കി സുഖേന ശങ്കര പാഹിമാം.

സ്വച്ഛമായ സുവർണ്ണപാത്രനിവേശിതം മൃദുഭോജനം
ഇച്ഛയാ തരസാ ഭുജിച്ചു സുഖിച്ചുടൻ വിദുരാലയേ
അച്യുതൻ ഫണിതല്പകല്പമനല്പശില്പസുകല്പിതം
സ്വച്ഛതല്പമുപേത്യ തത്ര ശയിച്ചു ശങ്കര പാഹിമാം.

ഭൂതഭാവദയാപദാർത്ഥ സമൃദ്ധനാശു സമർത്ഥനാം
കൈതവാകൃതി പൂണ്ടു പൂരുഷനത്ര വന്നു ദശാന്തരേ
താതസോദരി തന്നുടെ പരിഖേദശാന്തി വരുത്തിനാൻ
ജാതകൗതുക ചാരുഭാരതി കൊണ്ടു ശങ്കര പാഹിമാം.

ഭക്തി പൂണ്ടു വണങ്ങിനിൽക്കുമുദാരനാം വിദുരം തദാ
മുക്തിദായി മുകുന്ദനൊന്നരുളീടിനാനൊരു കൗതുകം :
"ഭക്തിയുള്ള ജനങ്ങളിൽ കൃപകൊണ്ടു പാണ്ഡവദൂത [നാ-
യത്ര വന്നതു ഞാനുമിങ്ങഥ ചിരേണ ശങ്കര പാഹിമാം.
ദുഷ്ടരായ സുയോധനാദികളോടു ചെന്നിഹ യാചനം
കഷ്ടമെന്നു വരുന്നതാകിലുമാവതില്ല നമുക്കെടോ
ഇഷ്ടനായ യുധിഷ്ഠിരന്റെ മനോരഥത്തെ നികത്തുവാൻ
ക്ലിഷ്ടകമ്മമതെങ്കിലും കരവാണി ശങ്കര പാഹിമാം.
കണ്ണനോടൊരുമിച്ചിരുന്നു ചിരിച്ചുകൊണ്ടു സുയോധനൻ
കണ്ണുദുസ്സഹമായ വാക്യമുരയ്ക്കുമെന്നൊടു നിർണ്ണയം ;
ദണ്ഡമില്ലതുകൊണ്ടെനിക്കു മനക്കുരുന്നിലൊരല്പവും
ഖണ്ഡനത്തിലെനിക്കുമുത്തരമുണ്ടു ശങ്കര പാഹിമാം.
കക്കശൻ ചില തക്കവാദമെടുത്തുകൂട്ടു മടുത്തനാൾ
വിക്രമിപ്പതിനും തുടങ്ങുമടങ്ങുകില്ല സുയോധനൻ
അക്കണക്കു വരുന്നനേരമെനിക്കു തോന്നുമൊരുദ്യമം
വിക്രമങ്ങളനേകമുണ്ടു വരുന്നു ശങ്കര പാഹിമാം."
ഇത്തരം ചില ചാരുവാക്കുകൾ ചെയ്തുകൊണ്ടു ജനാർദ്ദ [നൻ
ചിത്തമോദഭരേണ സുപ്തി സുഖേന തത്ര തുടങ്ങിനാൻ
മെത്തതന്നരികേയിരുന്നു മുകുന്ദനാമജപത്തൊടും
ഉത്തമൻ വിദുരൻ കഴിച്ചിതു രാത്രി ശങ്കര പാഹിമാം.

ചന്ദ്രമണ്ഡലഗർഭമാമുദയാദ്രിതാഴ്വര പോലെയും
ചന്ദനദ്രുമലീനമാം മലയാചലാവനി പോലെയും
നന്ദനന്ദനശോഭിതം വിദുരന്റെ മന്ദിരമെത്രയും
നന്ദനീയമതായ് ഭവിച്ചചിരേണ ശങ്കര പാഹിമാം.

[പതിനാലു വൃത്തം]

---

പാഠം ൭

## റേഡിയവും മാഡം ക്യൂറിയും

ഏററവും അത്ഭുതകരമായ ഒരു ലോഹമാണു് റേഡിയം. ശാസ്ത്രജ്ഞന്മാർ ഈ വസ്തുവിനെപ്പററി അറിഞ്ഞിട്ടു കാലം അധികമായിട്ടില്ല. ഇന്നുവരെ ആകെക്കൂടി മൂന്നോ നാലോ ഔൺസ് റേഡിയമേ ലഭിച്ചിട്ടുള്ളു. അത്യധികമായ ഉപയോഗവും ദുർല്ലഭതയും കൊണ്ടു് മറെറല്ലാ ലോഹങ്ങളെക്കാളും ഇതിന്റെ വില വളരെ മികച്ചു നില്ക്കുന്നു. ഒരു പണമിട റേഡിയത്തിന്ന് ആയിരം പണമിട സ്വർണ്ണത്തെക്കാൾ അധികം വിലയുണ്ടത്രേ.

റേഡിയം ധവളവർണ്ണത്തിലുള്ള ഒരുതരം ധൂളിയാകുന്നു. പകൽസമയത്തു് അതു് വെള്ളിപ്പൊടികൾ പോലെ തിളങ്ങും. ഇരുട്ടത്താണെങ്കിൽ അതിന്റെ തേജസ്സ് അതിദീപ്രമായിരിക്കും. പ്രകാശരശ്മികൾ മാത്രമല്ല അതിൽ നിന്നു് എപ്പോഴും പ്രസരിച്ചുകൊണ്ടിരിക്കുന്നതു്. ഒരു തരം ചൂടും അതിൽ നിന്നു് സദായം വഴിയുന്നുണ്ടു്. ഇങ്ങനെ ചൂടും പ്രകാശവും പ്രസരി

പ്പിക്കുവാൻ ശക്തിയുള്ളതുകൊണ്ടു്, റേഡിയത്തിൻെറ സമീപത്തു ചെല്ലുന്നതുപോലും ആപല്ക്കരമാണു്. എന്നാൽ തീപോലെയോ മിന്നൽപോലെയോ അതു് ഉടനടി ആപത്തു് ഉണ്ടാക്കുന്നതല്ല. വേണമെങ്കിൽ നമുക്കു് കൈയിലെടുക്കുകയോ, കീശയിൽ കൊണ്ടു നടക്കുകയോ, ചെയ്യാം. പക്ഷെ അതിൻെറ ശക്തി ശരീരത്തിൽ വ്യാപിച്ചു് അല്പദിവസത്തിനുള്ളിൽ നമ്മുടെ തൊലി പൊളിഞ്ഞുപോവുകയും നാം ക്രമേണ അന്ധരായിത്തീരുകയും ചെയ്യും. ഒരിക്കൽ ഒരു ശാസ്ത്രജ്ഞനു് ഇത്തരം ഒരു അപകടമുണ്ടായി. അദ്ദേഹം അല്പം റേഡിയം ഒരു കുപ്പിയിലാക്കി കുപ്പായക്കീശയിലിട്ടുകൊണ്ടു് മൂന്നു നാലു മണിക്കൂറോളം സഞ്ചരിച്ചു. തന്നിമിത്തം ഒന്നു രണ്ടാഴ്ചയ്ക്കകം ആ കീശയ്ക്കടുത്തുള്ള ശരീരചർമ്മം മുഴുവനും പൊള്ളിയിളകി തീവ്രമായ ഒരു വ്രണം അവിടെയുണ്ടായി. അതിസമർത്ഥന്മാരായ ചില ഭിഷഗ്വരന്മാരുടെ പരിശ്രമംകൊണ്ടു് അദ്ദേഹം രക്ഷപ്പെട്ടു. ഇങ്ങനെ റേഡിയം അനർത്ഥകാരകമാണെന്നുള്ളതു മൂലം ശാസ്ത്രവിദഗ്ദ്ധന്മാർ പോലും വളരെ സൂക്ഷ്മതയോടുകൂടിയാണു് അതു കൈകാര്യം ചെയ്യുന്നതു്.

സമീപസ്ഥിതമായ ഏതൊരു വസ്തുവിലും സ്വശക്തി വ്യാപരിപ്പിക്കാൻ ഈ അത്ഭുതലോഹത്തിനു കഴിയും. തന്മൂലം ഇരുട്ടത്തു തന്നെത്താൻ പ്രകാശിക്കുവാനുള്ള ശക്തി ആവക വസ്തുക്കൾക്കും ലഭിക്കുന്നു. ഈ തേജഃപ്രസരണശക്തിക്കു് 'റേഡിയോ ആക്ഷൻ' എന്നാണു പറഞ്ഞുവരുന്നതു്. ഇങ്ങനെ ചൂടും പ്രഭ

യും വഴിയുന്ന സ്വഭാവംകൊണ്ടു് റേഡിയത്തിനു ശക്തിക്ഷയമോ തൂക്കക്കുറവോ ഉണ്ടാകുന്നില്ലെന്നു പറയണം. എന്നാൽ പതിനായിരം വഷംകൊണ്ടു് റേഡിയത്തിൻെറ നൈസഗ്ഗികഗുണം അൻപതു ശതമാനം കുറഞ്ഞുപോകുമെന്നും അങ്ങനെ അനേക സഹസ്രാബ്ദങ്ങൾകൊണ്ടു് അതു് വെറും ഈയക്കട്ടയായിത്തീരുമെന്നും ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

റേഡിയം കണ്ടുപിടിച്ചതുമൂലം ആശ്ചയ്യകരങ്ങളായ പല പ്രയോജനങ്ങളും മനുഷ്യക്കു് ഉണ്ടായിട്ടുണ്ടു്. പ്രതിവിധിയില്ലെന്നു് ഒരു കാലത്തു കരുതിയിരുന്ന ചില രോഗങ്ങൾക്കു് ഇതു് ഒരു സിദ്ധൗഷധമായിത്തീന്നിരിക്കുന്നു. പ്രതിവഷം എത്ര അബ്ബുദരോഗികളാണു ഈ വിശിഷ്ടവസ്തുവിൻെറ സഹായത്താൽ സുഖം പ്രാപിക്കുന്നതു്! ഉഗ്രതരമായ പല ത്വഗ്രോഗങ്ങളും ശമിപ്പിക്കുന്നതിനു് റേഡിയത്തിൻെറ പ്രഭാരശ്മികൾ ഉപയോഗിക്കുന്നു. ഇപ്പോൾ ലോകത്തിലെ പ്രശസ്തങ്ങളായ ആശുപത്രികളിലെല്ലാം റേഡിയം മുഖേനയുള്ള ചികിത്സാസമ്പ്രദായം ഉണ്ടു്. രാത്രിയിൽ വെളിച്ചത്തിൻെറ സഹായം കൂടാതെ സമയം നോക്കി അറിയാവുന്ന ഘടികാരങ്ങൾ നിമ്മിക്കുന്നതിനും റേഡിയം പ്രയോജനപ്പെടുന്നു. ഒരു മൊട്ടുസൂചിയുടെ മൊട്ടിനോളം റേഡിയം ഉണ്ടെങ്കിൽ അതു് അനേകലക്ഷം വാച്ചുകൾക്കു് ഉപയോഗിക്കാം.

മാഡം ക്യൂറിയും അവരുടെ ഭത്താവായ പിയർ

ക്യൂറി എന്ന ഫ്രഞ്ചുശാസ്ത്രജ്ഞനും കൂടിയാണ് റേഡിയം കണ്ടുപിടിച്ചതു്. ഈ ദമ്പതികളെ ശാസ്ത്രലോകം ഒരു കാലത്തും വിസ്മരിക്കുകയില്ല. ശാസ്ത്രപുരോഗതിക്കു വേണ്ടി അവർ ചെയ്തിട്ടുള്ള സേവനങ്ങൾ ബഹുലങ്ങളാണു്. അക്കൂട്ടത്തിൽ എല്ലാംകൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്നതു റേഡിയത്തിൻെറ കണ്ടുപിടിത്തമാകുന്നു.

പോളണ്ടിൽ വാഴ്സാ എന്ന സ്ഥലത്തു് 1867-ൽ മേയ്യാ (അതായിരുന്നു മാഡം ക്യൂറിയുടെ ആദ്യത്തെപ്പേരു്) ജാതയായി. അവരുടെ കുടുംബം വളരെ ധനപുഷ്ടിയുള്ളതായിരുന്നില്ല. അതിനാൽ വിദ്യാഭ്യാസം പൂത്തിയാക്കിയിട്ട് കുറേനാളത്തേക്കു് ഒരു അദ്ധ്യാപികയായി അവൾക്ക് കഴിയേണ്ടിവന്നു. എന്നാൽ ശാസ്ത്രവിഷയങ്ങളിൽ അവൾക്കു് ഉണ്ടായിരുന്ന അഭിനിവേശം ഉന്നതവിദ്യാഭ്യാസത്തിനു് അവരെ പ്രേരിപ്പിച്ചു. പട്ടിണിയോടും മററു പല കഷ്ടതകളോടും പോരാടിക്കൊണ്ടു് രണ്ടുകൊല്ലം നിരന്തരം അദ്ധ്വാനിച്ച് പാരീസു സവ്വകലാശാലയിൽ നിന്നും ഭൗതികശാസ്ത്രത്തിൽ 'മാസ്റ്റർ ആഫ് സയൻസ്'' എന്ന ബിരുദം അവർ സമ്പാദിച്ചു. അതുകൊണ്ടും തൃപ്തിപ്പെടാതെ ഒരു കൊല്ലം കഴിഞ്ഞു് ആ സവ്വകലാശാലയിൽനിന്നുതന്നെ ഗണിതശാസ്ത്രത്തിലും ഉന്നത ബിരുദം നേടി. നാലു കൊല്ലം നീണ്ടു നിന്ന ആ വിദ്യാത്ഥിജീവിതം ദുരിതസംപൂർണ്ണമായിരുന്നു. എങ്കിലും വിജ്ഞാനസമ്പാദനം ജീവിതത്തിൻെറ പരമലക്ഷ്യമായിക്കരുതിയ ആ മഹതിക്കു്

ആ കാലഘട്ടമത്രയും ആനന്ദമധുരമായിട്ടാണ് തോന്നിയത്. അവർ പിന്നെയും ഭൗതികശാസ്ത്രസംബന്ധമായ ചില ഗവേഷണങ്ങൾ നടത്തിക്കൊണ്ട് പാരീസിൽ തന്നെ താമസിച്ചു. അന്ന് ആയിരുന്നു അവർ പീയർ ക്യൂറിയുമായി പരിചയപ്പെട്ടത്. ആ പരിചയം അചിരേണ ദാമ്പത്യബന്ധമായി കലാശിക്കുകയും ചെയ്തു.

മേയ്യായും പീയറും തമ്മിലുള്ള വേഴ്ച ഒരു കുടുംബജീവിതത്തിന്റെ പരിധിക്കകത്തു മാത്രം ഒതുങ്ങി നിന്നില്ല. പല ശാസ്ത്രീയ പര്യവേക്ഷണങ്ങളിലും അവർ ഒരുമിച്ച് ഏർപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ ചിലപ്പോഴെല്ലാം മേയ്യാക്യൂറി സ്വന്തമായും ഗവേഷണങ്ങൾ നടത്താതിരുന്നില്ല. ഒരു അപൂർവ്വലോഹമായ യൂറേനിയം ഏതോ അത്ഭുത പ്രകാശരശ്മികൾ പ്രസരിപ്പിക്കുന്നു എന്ന് ബക്വറൽ എന്ന ഫ്രഞ്ചു ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചതിനെ അടിസ്ഥാനമാക്കി ചില പരീക്ഷണങ്ങൾ നടത്തുവാൻ ആ ശാസ്ത്രജ്ഞ മുതിർന്നു. യൂറേനിയം പോലെയുള്ള മററു വല്ല ധാതുക്കളുമുണ്ടോ എന്ന് അവർ ആരാഞ്ഞു തുടങ്ങി. അനേകം പരീക്ഷണങ്ങളുടെ ഫലമായി പിച്ച്ബ്ളൻഡ് എന്ന ഒരു ധാതു യൂറേനിയത്തിന്റേതിനെക്കാൾ ശക്തികൂടിയ രശ്മികൾ പ്രസരിപ്പിക്കുമെന്ന് മേയ്യാ ക്യൂറി മനസ്സിലാക്കി. വീണ്ടും അതിനെ സംബന്ധിച്ച് ചില പരീക്ഷണങ്ങൾ കൂടി നടത്തി. പിച്ച്ബ്ളൻഡിൽ വേറെന്തോ അത്ഭുതലോഹമുണ്ടായിരിക്കണമെന്നുള്ള

നിഗമനമായിരുന്നു ആ പരീക്ഷണങ്ങളുടെ ഫലം. അവർ ആ ലോഹത്തിന് റേഡിയം എന്നു പേരിട്ടു. ആ നിഗമനത്തെ അഭിനന്ദിച്ചുകൊണ്ട് പാരീസ് സർവ്വകലാശാല മാഡം ക്യൂറിക്ക് ഡാക്ടർ ബിരുദം നല്കി.

പിച്ച് ബ്ളൻഡിൽനിന്നും റേഡിയം വേർതിരിച്ചെടുക്കുവാനായിരുന്നു ആ ദമ്പതികളുടെ പിന്നത്തെ ശ്രമം. ഈ ആവശ്യത്തിലേക്കു വേണ്ടിയിരുന്ന ധാതു കിട്ടുന്നതു തന്നെ പ്രയാസമായിരുന്നു. എങ്കിലും ആസ്ട്രിയാ രാജ്യത്തു നിന്നും എങ്ങനെയോ രണ്ടു മൂന്നു ടൺ ധാതുദ്രവ്യം ലഭിക്കാനിടയായി. അതെല്ലാം ഇടിച്ചും പൊടിച്ചും നീററിയും അതിസൂക്ഷ്മങ്ങളായ രാസവിദ്യകൾ പ്രയോഗിച്ചു ശുദ്ധിചെയ്തും നാലു കൊല്ലം രാപകൽ അവിശ്രാന്തം പരിശ്രമിച്ചു കടുകിൻമണിയോളം റേഡിയം വേർതിരിച്ചെടുത്തു. ഈ മഹാസംഭവം ൧൯൦൨-ൽ ആയിരുന്നു.

ഊഹിച്ചിരുന്നതിനെക്കാളും അത്ഭുതാവഹമാണ് ഈ നൂതനവസ്തുവെന്നും ഇതിന്റെ പ്രഭാരശ്മികൾ യൂറേനിയത്തിന്റേതിനെക്കാൾ ഇരുപതു ലക്ഷം മടങ്ങു ശക്തികൂടിയതാണെന്നും രസതന്ത്രപടുക്കൾ ഗ്രഹിച്ചു. അതിനാൽ അതിന്റെ ശക്തിവിശേഷങ്ങളെക്കുറിച്ച് അവഗാഢം പഠിക്കുവാൻ പിന്നീട് അവർ ഉദ്യമിച്ചു. വേറെ ഒന്നു രണ്ടു ശാസ്ത്രജ്ഞന്മാരും അവരോടു ചേർന്ന് പരീക്ഷണങ്ങൾ നടത്തി. റേഡിയം പലതരത്തിൽ പ്രയോജനപ്പെടുന്ന ഒരു അമൂല്യസമ്പത്താ

ണെന്ന് അവരുടെയെല്ലാം പരീക്ഷണങ്ങൾമൂലം വ്യ ക്തമായി.

ഇതോടുകൂടി മാഡം ക്യൂറിയും അവരുടെ ഭത്താവും വിശ്വവിഖ്യാതി നേടി. ചില ബിരുദങ്ങളും കീത്തിമുദ്ര കളും അവക്കു ലഭിച്ചു. മാത്രമല്ല, ഭൗതികശാസ്ത്രവിഷ യകമായിട്ടുള്ള നോബൽ സമ്മാനത്തിനും അവർ അ ർഹരായിത്തീന്നു. ഇങ്ങനെ അവർ വിജയത്തിൻെറ യും പ്രശസ്തിയുടെയും അത്യുച്ചശൃംഗത്തിലെത്തി. എ ന്നാൽ അധികം താമസിയാതെ മേയ്യാ ക്യൂറിക്ക് ഭത്തൃ വിയോഗദുഃഖം അനുഭവിക്കാനിടയായി. ശോകപ യ്യാകുലയായ ആ മഹതി, തൻെറ ഗവേഷണങ്ങൾ ക്കെല്ലാം ഒരു പൂണ്ണവിരാമമിടുമെന്നു എല്ലാവരും ശങ്കി ച്ചു. എന്നാൽ ആ വനിതാരത്നം ഒട്ടും ഭഗ്നാശയ ആ കാതെ ഗവേഷണ ജോലികൾ വിജയപൂവ്വം തുടന്നു പോന്നു ഇതിൻെറ ഫലമായി രസതന്ത്രത്തിനുള്ള നോബൽസമ്മാനവും അവക്കു ലഭിച്ചു. ലോകത്തിൽ ഇന്നുവരെ മററാക്കും ഇതുപോലെ രണ്ടു പ്രാവശ്യം ആ സമ്മാനം വാങ്ങിക്കുവാനുള്ള ഭാഗ്യമുണ്ടായിട്ടില്ല.

സ്വന്തമായി ഒരു പരീക്ഷണശാല ഉണ്ടായിരു ന്നാൽ കൊള്ളാമെന്നു പീയറും മേയ്യയും ഒരിക്കൽ വളു രെ ആഗ്രഹിച്ചിരുന്നു. എന്നാൽ അവക്കൊരുമിച്ചു അതു് നിറവേററുവാൻ സാധിച്ചില്ല. മേയ്യാക്കു അ തിനു ഭാഗ്യമുണ്ടായി. പാരീസ്സ് സവ്വകലാശാല അതി നു വേണ്ട പണം കൊടുത്തു സഹായിച്ചു. അങ്ങനെ ഒരു റേഡിയം ഇൻസ്റ്റിറ്റ്യൂട്ട് മേയ്യാക്യൂറിയുടെ മേൽ

നോട്ടത്തിൽ സ്ഥാപിതമായി. ആ വിദ്യാനിലയനത്തിന് "ഭാവിദേവതയുടെ ക്ഷേത്ര"മെന്നു അവർ നാമകരണം ചെയ്തു. റേഡിയം സംബന്ധിച്ചുള്ള വിവിധ പരീക്ഷണങ്ങൾ നടത്തിയും ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വന്നെത്തിയ വിദ്യാർത്ഥികൾക്കു ആ വക വിഷയങ്ങളിൽ മാർഗ്ഗനിർദ്ദേശം ചെയ്തും അവർ അവിടെ ജീവിച്ചു പോന്നു. ഒന്നാം ലോകമഹായുദ്ധത്തിന് ഫ്രാൻസിനു വേണ്ടി ചില മഹനീയ സേവനങ്ങൾ അനുഷ്ഠിക്കുവാൻ അവർ ആ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് തല്ക്കാലം പിരിഞ്ഞെങ്കിലും യുദ്ധം അവസാനിച്ചപ്പോൾ വീണ്ടും വന്ന് ആ ജോലിതന്നെ നിർവ്വഹിച്ചുകൊണ്ടിരുന്നു. ൧൯൩൪-ൽ ആ ശാസ്ത്രവിദഗ്ദ്ധ കാലഗതിയടഞ്ഞു. റേഡിയത്തെപ്പററി നൂതനങ്ങളായ എന്തുമാത്രം അറിവാണ് അതുവരെ അവിടെ നിന്നും ലോകത്തിന് പ്രതിവർഷം ലഭിച്ചു കൊണ്ടിരുന്നത് !

റേഡിയം സംബന്ധിച്ചുള്ള പരീക്ഷണനിരീക്ഷണങ്ങൾക്കുവേണ്ടി മാഡം ക്യൂറി ചെയ്ത അത്യധ്വാനങ്ങൾക്കു കൈയും കണക്കുമുണ്ടായിരുന്നില്ല. അനേകസഹസ്രം ആളുകളുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനു ഉതകിയ ഈ അത്ഭുത ലോഹം ആ മഹതിയുടെ ആരോഗ്യത്തെ നിശ്ശേഷം നശിപ്പിച്ചു കളഞ്ഞു. എങ്കിലും ഇതുതന്നെയാണ് അവരെ അനശ്വരയശസ്വിനിയാക്കിത്തീർത്തതും. പോരെങ്കിൽ ഈ അമൂല്യ സാധനം എന്തെല്ലാം നൂതന സിദ്ധാന്തങ്ങൾ ശാസ്ത്ര

ലോകത്തിനു നേടിക്കൊടുത്തു ! ഇനിയും എന്തെല്ലാം സിദ്ധാന്തങ്ങൾക്ക് ഇതു കിങ്കരത്വം വഹിക്കാനിരിക്കുന്നു. ആൎക്കിതു പരിച്ഛേദിച്ചു പറയാം ?

---

പാഠം ൮

# ചിങ്ങ്

ദക്ഷിണചൈനായിൽ യാങ്സീനദീതീരത്തുള്ള ഒരു ഗ്രാമത്തിലെ ഒരു നെൽപ്പാടത്തുകൂടി ഒരു സായംകാലത്തു അൎദ്ധനഗ്നനായ ഒരു യുവാവു തോളിൽ ഒരു കലപ്പയുമേന്തി സാവധാനം നടന്നുപോകയാണ്. പീതമായ വൎണ്ണം, ഉന്നതമായ ഗണ്ഡാസ്ഥി, പതിഞ്ഞു പരന്ന നാസിക ഇവയായിരുന്നു അയാളുടെ പ്രത്യേകതകൾ. ശരൽക്കാല സൂൎയ്യന്റെ ഉഗ്രകിരണങ്ങളേററു വരണ്ടുണങ്ങിയ വയലിൽ പ്രഭാതംമുതൽ സായാഹ്നം വരെ എല്ലുനുറുങ്ങുമാറു് അദ്ധ്വാനിച്ചശേഷം വിശ്രമാൎത്ഥം സ്വഗൃഹത്തിലേക്കു മടങ്ങുന്ന ഒരു സാധു കൎഷകനാണവൻ. ചൈനാനിവാസികളായ നാല്പത്തിയഞ്ചുകോടി ജനങ്ങളിൽ ബഹുഭൂരിപക്ഷം പേരും അയാളെപ്പോലെയുള്ള കൃഷീവലന്മാരാകുന്നു. അവരാണ് അവിടത്തെ സാമാന്യ ജനങ്ങളും.

ആ ഗ്രാമവാസികളിൽ സാമാന്യം നല്ല നിലയിൽ ജീവിക്കുന്ന ഒരാളാണ് ചിങ്ങ്. അയാളുടെ പേരു് എല്ലാവൎക്കും സുപരിചിതമാണ്. ചൈനായിലെ സാമാന്യജനങ്ങളുടെ ജീവിതരീതിക്കൊരു മാതൃകയാണ്

അയാളുടെ ജീവിതം. അനുഗ്രഹീതനായ ആ കൃഷക
ന്നു നദീതീരത്തോടുചേൻ്ന് ഫലഭൂയിഷ്ഠമായ പത്തു മൗ
(ഏകദേശം രണ്ടേക്കർ) നിലം പിതൃസ്വത്തായി സിദ്ധി
ച്ചിട്ടുണ്ട്. അവിടെയുള്ള ഇരുളടഞ്ഞ ഒരു മൺപുര
യിലായിരുന്നു അയാളുടെ ജനനം. മരണാനന്തരം
അയാളുടെ ഭൗതികാവശിഷ്ടങ്ങൾ സംസ്കരിക്കേണ്ടതും
ആ പുരയിടത്തിൻെറ ഒരു കോണിൽതന്നെ. തനിക്കും
സന്താനങ്ങൾക്കും ആഹാരവും വാസസ്ഥലവും നല്കി
അനുഗ്രഹിക്കുന്ന ആ ഭൂദേവതയെ അയാൾ സദാ ഭ
ക്തിപൂർവ്വം പൂജിക്കുന്നു.

കളിമണ്ണും കച്ചിയും കുഴച്ചുചേൎത്തു ഭിത്തി കെട്ടി, വയ്ക്കോൽ മേഞ്ഞതാണ് ആ കൃഷകൻെറ ഭവനം. അതിനു മൂന്നു മുറികൾ മാത്രമേയുള്ളു. അവയിൽ ഒന്ന് ചിങ്ങിൻെറയും ഭാൎയ്യയുടെയും ഉറക്കറയായി ഉപയോഗിക്കുന്നു. അടുത്ത മുറി കുട്ടികളുടെ ഉപയോഗത്തിനു വിട്ടുകൊടുത്തിരിക്കുകയാണ്. മുൻവശത്തുള്ള മുറിയാണ് ഏററവും വിശാലമായിട്ടുള്ളതു്. പാചകത്തിനും അതിഥിസൽക്കാരത്തിനും ഉള്ള സ്ഥാനം അതാകുന്നു. ചിത്രക്കടലാസുകൾ പതിച്ചും റാന്തലുകൾ തൂക്കിയും ഏററവും ആകൎഷകമായ വിധത്തിലത്രെ ആ മുറി സജ്ജമാക്കിയിരിക്കുന്നതു്.

ചിങ്ങിൻെറ ഉറക്കറയുടെ ഒരു ഭാഗത്തു ഇഷ്ടിക കൊണ്ടു് ഒരു സോഫായുടെ ആകൃതിയിൽ കെട്ടിയിട്ടുണ്ടു. പകലത്തെ അമിതാദ്ധ്വാനത്തിനുശേഷം ആ

മൺകട്ടിലിൽ കിടന്നാണ് അയാൾ വിശ്രമസൌഖ്യം അനുഭവിക്കുന്നതു്.

ആ പുരയിടത്തിന്റെ ഒരു മൂലയിൽ കുറെ വൃക്ഷങ്ങൾ ഉണ്ടു്. അവിടെയാണു ചിങ്ങിന്റെ പിതാമഹന്മാരുടെ ശവകുടീരങ്ങൾ സ്ഥിതിചെയ്യുന്നതു്. ചിങ്ങും കുടുംബാംഗങ്ങളും ആ ശവകുടീരങ്ങൾക്കു സമീപത്തുകൂടി പോകുമ്പോൾ അവർ ഉപചാരപൂർവ്വം നമിക്കപതിവുണ്ടു്. സകല ക്ഷേമൈശ്വര്യങ്ങൾക്കും കാരണം പിതൃക്കളുടെ അനുഗ്രഹമാണെന്നാണു ചിങ്ങിന്റെ ദൃഢമായ വിശ്വാസം. അയാൾക്കു ഗുരുനാഥൻ പ്രഥമമായി നല്കിയ ഉപദേശം തന്നെ "മാതാപിതാക്കന്മാർ പൂജ്യരായി ഭവിക്കുന്നതിനും അവക്കു സായൂജ്യം ലഭിക്കുന്നതിനും ആയി നീ സൽക്കർമ്മങ്ങൾ അനുഷ്ഠിക്കയും സുശ്രൂതനായിത്തീരാൻ സദാ യത്നിക്കയും ചെയ്യുക" എന്നായിരുന്നു. മൺമറഞ്ഞ പിതാമഹന്മാക്കുവേണ്ടി ബലിയപ്പിക്കണമെന്നാണു മതാചാര്യനായ കൺഫ്യൂഷിയസിന്റെ നിദ്ദേശവും. അതിനാൽ ചിങ്ങും കുടുംബത്തിലെ മററു പുരുഷന്മാരുംകൂടി എല്ലാ വഷവും പിതൃബലി നടത്താറുണ്ടു്.

ഗൃഹാങ്കണത്തിനു ചുററും പടപ്പുള്ള ഏതാനും വൃക്ഷങ്ങൾ നട്ടുവളത്തിയിട്ടുണ്ടു്. വേനല്ക്കാലത്തു ചിങ്ങ് സന്താനങ്ങളുമൊത്തു ഭക്ഷണം കഴിക്കുന്നതു് അവയുടെ ശീതളച്ഛായയിൽ ഇരുന്നാണ്. മേശപ്പുറത്തു വച്ചാണു ഭക്ഷണം കഴിക്കുന്നതു്. ചോറും കറികളും മേശപ്പുറത്തു നിരത്തിവച്ചിരിക്കും. ഇരിക്കുന്നതിനു

മേശയ്ക്കു ചുററം ഏതാനും മുളങ്കസേരകളും ഇട്ടിരിക്കും. ഭക്ഷണസാധനങ്ങൾ പകൎന്നു ഭക്ഷിക്കുന്നതിന് ഓ രോരുത്തൎക്കും പ്രത്യേകം ചെറിയ പാത്രങ്ങൾ ഉണ്ട്. ആ പാത്രങ്ങളിൽ ആവശ്യമുള്ള സാധനങ്ങൾ പകൎന്ന്, ഇടത്തുകൈകൊണ്ട് വായ്ക്കു സമീപം പിടിച്ച്, വലത്തുകൈയുടെ വിരലുകൾക്കിടയിൽ ചേൎത്തിട്ടുള്ള രണ്ടു കമ്പുകൾകൊണ്ടു തട്ടിത്തെറിപ്പിച്ചാണ് അവർ ആഹാരം വായിലാക്കുന്നത്. ഇതു ഒരു പ്രയാസമേ റിയ രീതിയാണെന്നു തോന്നാമെങ്കിലും, ചീനന്മാൎക്കു ലഘുവായ ഒരു കാൎയ്യം മാത്രമാകുന്നു.

ചിങ്ങിന്റെ കൊച്ചു മകനായ ചിങ് മിങ് പോലും ഭക്ഷിക്കുമ്പോൾ ശബ്ദമുണ്ടാക്കാറില്ല. അപൂൎവ്വമായി ലഭിച്ച മാംസം പാകപ്പെടുത്തിയതു മേശപ്പുറത്ത് വച്ചിട്ടുണ്ടെങ്കിലും അതെടുത്തു വായിലാക്കാൻ അവൻ ആൎത്തി കാണിക്കുന്നില്ല. ആ ഇറച്ചിക്കഷണത്തിൽനിന്നും ഒരു ചെറിയ ഭാഗം മാത്രം മുറിച്ചെടുത്ത്, ശേഷമുള്ളതു മററുള്ളവൎക്കായി നീക്കി വച്ചതിനുശേഷമാണ് അവൻ ഭക്ഷിക്കുന്നത്. അങ്ങനെയാണു ഭക്ഷണകാൎയ്യത്തിൽ കുട്ടികൾപോലും ആചരിക്കുന്ന മൎയ്യാദ.

മിങ്ങിന് ഇപ്പോൾ ആറു വയസ്സു പ്രായം വരും. ചിങ്ങിന്റെ സകല ആശകളുടെയും നിലയനമാണ് ആ ബാലൻ. അവൻ ജനിച്ച ദിവസം ആ ഗൃഹത്തിൽ ഒരു മഹോത്സവമായിരുന്നു. അവനാണ് ഭാവിയിൽ ആ പുരാതനകുടുംബത്തിന്റെ വിശ്രുതനാമം മാഞ്ഞുപോകാതെ നിലനിറുത്തേണ്ടതു്. പിതാവിനു നി

വാപദാനം ചെയ്യേണ്ടതും അവൻ തന്നെ. അവൻെറ ഭാവിയെപ്പററി ചിങ്ങ് ചിലപ്പോൾ തൻെറ ഭാൎയ്യയോട് പറയാറുണ്ട് "നമുക്കു വാൎദ്ധക്യമാകുമ്പോൾ നമ്മുടെ കൃഷികാൎയ്യങ്ങൾ അന്വേഷിക്കാനും നമ്മെ സംരക്ഷിക്കാനും അവനല്ലാതെ ആരുണ്ട് ?" എന്നു. പുത്രൻെറ പിറന്നാളിനു പിതാവ് എല്ലാ വൎഷവും വിരുന്നു നടത്താറുണ്ട്. അവനു ഒരു വയസ്സു പൂൎത്തിയായ സുദിനം എത്ര ആഡംബരസമന്വിതമാണു് ആഘോഷിച്ചതു! അന്നു പ്രഭാതത്തിൽ മാതാപിതാക്കന്മാർ അവനെ അരുണവസ്ത്രങ്ങൾ അണിയിച്ച് ഒരു പീഠത്തിൽ ഇരുത്തി. അനന്തരം ഒരു തൂലിക, കുറെ നെൽക്കതിരുകൾ, കൃഷിക്കുള്ള ഏതാനും ഉപകരണങ്ങൾ മുതലായവ അവൻെറ മുൻപിൽ നിരത്തിവച്ചു. ഉത്തരക്ഷണത്തിൽ ചീനന്മാർ പരമ്പരാഗതമായി ആരാധിച്ചുപോരുന്ന കലപ്പയിൽ തന്നെ അവൻ കൈവച്ചു. ജന്മവാസന തന്നെ അവനെ കൃഷിവൃത്തിയിലേക്കു പ്രേരിപ്പിക്കുന്നു.

മിങ്ങിനു ഒരു ഇളയ സഹോദരിയുണ്ട്. ഒട്ടും കുറവില്ലാത്ത വാത്സല്യത്തോടെയാണു് ആ പുത്രിയെയും വളൎത്തുന്നതു്. മിങ്ങിനോടൊത്തു മകളെയും ചിങ്ങ് ഗ്രാമവിദ്യാലയത്തിൽ അയയ്ക്കുന്നു.

വിദ്യാലയത്തിൽവച്ചു എഴുത്തും വായനയും മററും അവർ അഭ്യസിക്കുന്നു. ചീനന്മാർ എഴുതുന്നതു് നമ്മുടെ രീതിയിലല്ല. തൂലികയും മഷിയും ഉപയോഗിച്ച് ഒരു തരം ചിത്രങ്ങളുടെ മാതൃകയിലാണു് അവർ എഴുതുന്നതു്.

കടലാസിൻെറ വലത്തുവശത്തുനിന്നും ആരംഭിച്ചു, മുകളിൽനിന്നും നേരെ കിഴ്പ്പോട്ടാണ് എഴുത്തിൻെറ പോക്ക്. ചീനഭാഷ ഭംഗിയായി എഴുതാൻ വിദഗ്ദ്ധനായ ഒരു ചിത്രകാരനു മാത്രമേ സാധിക്കൂ. മനോഹരമായ ഒരു കൈയെഴുത്തുപ്രതി വിശിഷ്ടമായ ഒരു കലാസമ്പത്തായി ചീനർ പരിഗണിക്കുന്നു. സ്വീകരണശാലയുടെ പ്രധാന ഭാഗത്ത് അവർ അപ്രകാരമുള്ള ചിത്രലിഖിതങ്ങൾ പ്രദർശിപ്പിക്കാറുണ്ട്.

ചിങ്ങിൻെറ പുത്രിയെപ്പററി മുൻപു പ്രസ്താവിച്ചല്ലോ. അവളെ സംബന്ധിച്ച് അയാൾക്കു യാതൊരു ക്ലേശവുമില്ല. അവൾക്കു കൗമാരം കഴിയുമ്പോൾ അനുരൂപനായ ഒരു വരൻ വന്ന് പിതാവിനു സ്വർണ്ണനാണ്യങ്ങൾ പാരിതോഷികമായി നല്കി, സന്തോഷപൂർവ്വം അവളെ പാണിഗ്രഹണംചെയ്തു കൊണ്ടുപൊയ്ക്കൊള്ളും.

പത്തു മൗ നിലമാണല്ലോ ചിങ്ങിൻെറ ആകെയുള്ള ധനം. അയാളുടെ അയല്ക്കാരിൽ പലക്കും സ്വന്തം സ്ഥലമില്ല. ജന്മിമാരുടെ നിലം പാട്ടത്തിനെടുത്ത് അവർ കൃഷി നടത്തുന്നു. അവക്കു നെൽകൃഷിയാണു പ്രധാനം. മലഞ്ചരിവുകളിൽ തേയിലയും കൃഷിചെയ്യുന്നുണ്ട്. അവരുടെ കൃഷിസമ്പ്രദായങ്ങൾ നമ്മുടെ നാട്ടിലേതുപോലെയാണ്. പരിഷ്കൃതരീതികൾ അവിടെ പ്രചാരത്തിൽ വന്നിട്ടില്ല. എങ്കിലും തീവ്രമായ അദ്ധ്വാനംകൊണ്ടു വേണ്ടുവോളം ധാന്യം വിളയിക്കുന്നതിനു അവക്കു സാധിക്കുന്നു.

നെല്ലരിച്ചോറാണ് ചീനന്മാരുടെ പ്രധാനമായ ആഹാരം. അരിയിൽനിന്ന് ഒരുതരം മദ്യവും അവർ വാററി എടുക്കാറുണ്ട്. എന്നാൽ വിശേഷാവസരങ്ങളിൽ മാത്രമേ അതു ഉപയോഗിക്കാറുള്ളു. ചായയാണ് അവക്കു ഏററവും പ്രിയകരമായ പാനീയം. പാലോ പഞ്ചസാരയോ അവർ അതിൽ ചേക്കാറില്ല. ആ പാനീയം അവർ വേണ്ടുവോളം കുടിക്കും. അതിൻെറ സൗരഭ്യത്തെയും, സവ്ണ്ണവണ്ണത്തെയുംപററി ചീന കവികൾ വണ്ണിച്ചിട്ടുണ്ട്.

മദ്യപാനം വളരെ അപൂവ്വമാണെങ്കിലും ചിങ്ങിന് ചില ദുശ്ശീലങ്ങൾ ഉണ്ട്—കറുപ്പുതീററിയും പുകവലിയും. ചെളിപ്പാടത്തിൽ നിത്യവും അദ്ധ്വാനിക്കുന്നതിനാൽ വാതരോഗത്തിൻെറ ദുസ്സഹമായ വേദന തോന്നാതിരിക്കുന്നതിനു വേണ്ടിയത്രേ അയാൾ അതു ഉപയോഗിക്കുന്നതു്. കറുപ്പുതീററി ആരോഗ്യത്തിനു ഹാനികരമാണെങ്കിലും ചിരകാലംകൊണ്ടു ശീലിച്ചുപോയതിനാൽ അതിൽനിന്നും വിമുക്തനാകാൻ അയാൾക്കു സാധിക്കുന്നില്ല.

ചിങ്ങിൻെറ വസ്ത്രധാരണരീതി അത്ര പരിഷ്കൃതമല്ല. പ്രാചീന സമ്പ്രദായത്തിലുള്ള നിലയങ്കിയാണു അയാൾ സാധാരണയായി ധരിക്കുന്നതു്. നഗരവാസികളിൽ അധികംപേരും യൂറോപ്യൻരീതിയിൽ വസ്ത്രം ധരിക്കുന്നെങ്കിലും അവരുടെ അനുകരണഭ്രമം ആ കഷകനെ ബാധിച്ചിട്ടില്ല. എന്നാൽ ബാല്യംമുതൽ അയാൾ ശിരസ്സിൽ പ്രേമപൂവ്വം ലാളിച്ചു വളത്തിയ

"പന്നിവാൽ" കാലോചിതമല്ലെന്നു തോന്നിയതിനാൽ അടുത്തകാലത്തു മുറിച്ചു കളഞ്ഞു് പൂൎണ്ണമായി മുണ്ഡനം ചെയ്യിച്ചു തുടങ്ങിയിട്ടുണ്ടു്. അയാളുടെ ഗൃഹിണി ദേശീയ മാതൃകയിലുള്ള ചുവന്ന മുണ്ടും ഇറക്കം കുറഞ്ഞ കുപ്പായവും ധരിക്കുന്നു. ദൂരസ്ഥലങ്ങളിൽ പോകുമ്പോൾ മാത്രം നാഗരികാംഗനമാരെപ്പോലെ അവൾ ഗൌൺ ധരിക്കും. പക്ഷേ അവരെപ്പോലെ ചായവും സുഗന്ധധൂളിയും ഇട്ടു മുഖം മിനുക്കുന്നതിനോ, പട്ടുവസ്ത്രങ്ങൾ ധരിക്കുന്നതിനോ അവൾക്കു നിവൃത്തിയില്ല. കൃഷിയിൽ നിന്നുമുള്ള ആദായം പരിമിതമായതിനാൽ പരുപരുത്ത പരുത്തിവസ്ത്രങ്ങൾ വാങ്ങിക്കുന്നതിനേ അവക്കു കഴിവുള്ളു. എങ്കിലും ജാനുവരിയിലെ ദീപാവലിക്കും മേ മാസത്തിലെ വസന്തോത്സവത്തിനും ചിങ്ങും കുടുംബാംഗങ്ങളും ഭദ്രമായി സൂക്ഷിച്ചു വച്ചിട്ടുള്ള വിശിഷ്ടവസ്ത്രങ്ങൾ അണിഞ്ഞു ബന്ധുദൎശനത്തിനായി പോകുകയും ആഘോഷങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യാറുണ്ടു്.

ആ ഗൃഹിണിയുടെ പാദങ്ങൾ ശൈശവത്തിൽ തടികൊണ്ടുള്ള പാദത്രാണങ്ങളിൽ കിടന്നു കുറുകിയതാണു്. കുറുകിയ പാദങ്ങൾ സൗന്ദൎയ്യത്തിന്റെ ഉത്തമലക്ഷണമായി അന്നു ഗണിച്ചിരുന്നു. ഇന്നാകട്ടെ, ആ സമ്പ്രദായം അപരിഷ്കൃതമാണെന്നു് അവക്കു തോന്നിത്തുടങ്ങിയിട്ടുണ്ടു്. അതിനാൽ പുത്രിയുടെ പേലവപാദങ്ങൾ മരച്ചെരിപ്പുകളിൽ ബന്ധിച്ചു ഞെരുക്കാൻ അവർ ബദ്ധപ്പെടുന്നില്ല.

പെരുമാററത്തിൽ ചിങ്ങ് ഏററവും സത്യസന്ധനാണ്. ചീത്തയായ ധാന്യം അയാൾ ആൎക്കും വില്ക്കുകയില്ല. ദീനരിൽ അയാൾ അത്യധികം അനുകമ്പ പ്രദൎശിപ്പിക്കുന്നു. ക്ഷാമകാലത്ത് അയൽവാസികൾ വിശന്നു വലയുമ്പോൾ അവൎക്കുകൂടി 'ഉള്ളതിൽ പങ്കു' നല്കാതെ ഭക്ഷിക്കാൻ തക്ക ഹൃദയകാഠിന്യം അയാൾക്കില്ല. അഗതികളുടെ ദയനീയസ്ഥിതിയോൎത്ത് ആ ഹൃദയസമ്പന്നൻ വികാരതരളിതനാകും. ചിലപ്പോൾ കണ്ണീർ പൊഴിക്കും. ഔദാൎയ്യനിധികളായ മഹാന്മാരുടെ ജീവിതകഥകൾ ബാല്യകാലത്തു പഠിച്ചിട്ടുള്ളത്, ഇന്നും അയാൾ അക്ഷരംപ്രതി സ്മരിക്കുന്നു. ആ സത്കഥകൾ അയാൾ തന്റെ കുട്ടികളെ പറഞ്ഞുകേൾപ്പിക്കാറുണ്ട്. അവരും ആ മഹാന്മാരോടൊപ്പം ഔദാൎയ്യവും മഹാമനസ്കതയും ഉള്ളവരായിത്തീരണമെന്നാണു ചിങ്ങിന്റെ ആഗ്രഹം.

ധനവാനല്ലെങ്കിലും അതിഥിസല്ക്കാരത്തിൽ ചിങ്ങ് അതീവ തല്പരനാണ്. പിതൃശുശ്രൂഷ കഴിഞ്ഞാൽ അയാളുടെ ഏററവും പാവനമായ ധൎമ്മമാകുന്നു അതിഥിപൂജ. മനോജ്ഞമായി അലങ്കരിച്ചിട്ടുള്ള സ്വീകരണമുറിയിൽ അതിഥികൾക്കിരിക്കാനുള്ള കസേരകളും ചായ പകരാനുള്ള വെൺകളിമൺപാത്രങ്ങളും നിരത്തിയിരിക്കും. അവിടെ ആൎക്കും ഏതു സമയത്തും പ്രവേശിക്കാം. ഗൃഹനാഥൻ അവിടെ ഇല്ലെങ്കിലും, ഗൃഹനായിക അതിഥിയെ യഥോചിതം സല്ക്കരിച്ചയച്ചുകൊള്ളും.

ചിങ്ങിന്റെ അയല്ക്കാരിൽ ചിലർ ഇസ്ലാം മതാവലംബികളും മററുള്ളവർ അയാളെപ്പോലെ ബുദ്ധമതാനുയായികളും ആകുന്നു. സഹോദരന്മാരെപ്പോലെയാണു് അവരെല്ലാവരും വർത്തിക്കുന്നതു്. പൊതുവേ പറയുകയാണെങ്കിൽ അവരുടെ വിശ്വാസം ഏകമതാധിഷ്ഠിതമല്ല. ബൗദ്ധനായാലും മുസ്ളീമായാലും എല്ലാവരും കൺഫ്യൂഷിയസ്സിന്റെയും ലോച്ച്യുവിന്റെയും സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നവരാണു്. ആ മഹാന്മാരുടെ ആദർശങ്ങളും ജീവിതചര്യകളും, ഏതൊരു ചീനന്റെയും നിത്യജീവിതത്തിൽ സ്പഷ്ടമായി പ്രതിഫലിച്ചുകാണാം.

ചിങ്ങിന്റെ പിതാമഹന്മാരുടെ കാലത്തു്, ചക്രവർത്തിമാരുടെ ഭരണമായിരുന്നു ചൈനയിൽ നടപ്പിലിരുന്നതു്. രാജഭക്തരായ ആ കൃഷകർക്കു് അന്നു ഭരണാധികാരിയുടെ നീതിനിഷ്ഠയിൽ ദൃഢമായ വിശ്വാസം ഉണ്ടായിരുന്നു. എന്നാൽ കാലാന്തരത്തിൽ അധികാരപ്രമത്തരായ ചില സാമ്രാട്ടുകളുടെ ദുർഭരണം കൊണ്ടു വളരെ ക്ലേശങ്ങൾ അവർ സഹിക്കേണ്ടിവന്നു. അതിനാൽ ആ സ്വേച്ഛാഭരണം അവസാനിപ്പിച്ചു ൧൯൧൧-ൽ ഡാക്ടർ സൺയാററ്സൺ എന്ന മഹാന്റെ നേതൃത്വത്തിൽ അവർ ഒരു സ്വാതന്ത്ര്യ ജനകീയ ഗവൺമെന്റു സ്ഥാപിച്ചു. കോമിൻറാങ്ങ് എന്നാണു് ചീനഭാഷയിൽ ആ ജനകീയകക്ഷിയുടെ പേരു്. ഇപ്രകാരം ജനകീയഭരണം സ്ഥാപിച്ചതിന്റെ സ്മാരകമായി അവർ ആണ്ടുതോറും ഒക്ടോബർ

൧൦-ാം തിയതി സ്വാതന്ത്ര്യദിനം ആഘോഷിക്കയും ഡാ. സൺയാററ്സെന്നെ രാഷ്ട്രപിതാവായി ഭക്ത്യാദരപൂർവ്വം സ്മരിക്കയും ചെയ്യുന്നു.

സൺയാററ്സെൻെറ മരണശേഷം ൧൯൨൫ മുതൽ ചിയാങ്ങ്കൈഷെക്ക് ആണ് കോമിൻറാങ്ങിൻെറ നായകൻ. ചിങ്ങും കോമിൻറാങ്ങ്തത്വങ്ങളിൽ വിശ്വസിക്കുന്നു. ചിയാങ്ങിനെ അയാൾ ഈശ്വരനെപ്പോലെ ആരാധിക്കുന്നു. ഇക്കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധ കാലത്തു ചിങ്ങിൻെറ നാട്ടുകാരായ കഷ്കസഹോദരന്മാർ ആ മഹാ സേനാനിയുടെ നേതൃത്വത്തിൽ അണി നിരന്ന് സാമ്രാജ്യമോഹികളായ ജപ്പാൻകാരോടു സധൈര്യം പോരാടി വിജയം വരിച്ചു. ആ രാജ്യതന്ത്രജ്ഞൻെറ സൽഭരണം മൂലം ഐശ്വര്യസമ്പൂർണ്ണവും പരിഷ്കൃതവുമായ ഒരു നൂതന ചൈന ഉദയംചെയ്തു വരികയാണ്. എന്നാൽ ആ രാഷ്ട്രത്തിൻെറ പ്രസന്നമായ അന്തരീക്ഷത്തിൽ ചില കാർമേഘങ്ങൾ വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. അതായത് ഉത്തരചൈനയിലെ ജനങ്ങൾക്കു കോമിൻറാങ്ങിൻെറ തത്വങ്ങളിൽ അല്പവും വിശ്വാസമില്ല. കോമിൻറാങ്ങ് ഗവണ്മെൻറിനോടു യുദ്ധം ചെയ്തു്, ഉത്തരചൈനയിലെ ചില സുപ്രധാന കേന്ദ്രങ്ങൾ കരസ്ഥമാക്കി വേറൊരു സ്വതന്ത്ര കമ്മ്യൂണിസ്ററു ഗവണ്മെൻറു സ്ഥാപിക്കാൻ അവക്കു് ഇപ്പോൾ സാധിച്ചിട്ടുണ്ടു്.

ദേശാഭിമാനത്തിൽ അദ്വിതീയനാണ് ചിങ്ങ്. കേവലം അപരിഷ്കൃതജീവിതം നയിക്കുന്ന ഒരു കഷ്ക

നാണെങ്കിലും ചരിത്രാതീതകാലംമുതൽ സംസ്കാരത്തിന്റെയും ലോകവിജ്ഞാനത്തിന്റെയും കേന്ദ്രമായിരുന്ന മഹത്തായ ഒരു പുരാതന രാഷ്ട്രത്തിന്റെ സന്താനമാണ് അവൻ. മാതൃഭൂമിയുടെ നഷ്ടപ്രായമായ പൂർവ്വമഹിമയെയും സംസ്കാരസമ്പത്തിനെയും പററി ചിന്തിക്കുമ്പോൾ അയാൾക്കു രോമാഞ്ചം ഉണ്ടാകാറുണ്ട്. നമ്മുടെ മാതൃഭൂമിയായ ഭാരതത്തിനും ചൈനയ്ക്കും തമ്മിൽ ക്രിസ്തുവർഷാരംഭത്തിനു വളരെ മുൻപുമുതൽ സുദൃഢമായ സംസ്കാരബന്ധം ഉണ്ടായിരുന്നുവെന്നുള്ളതു പ്രസിദ്ധമാണ്. പതിനൊന്നാം ശതകത്തിനുശേഷം ആ ബന്ധം തുടർന്നുകൊണ്ടുപോകാൻ നിർഭാഗ്യവശാൽ സാധിക്കാതെപോയി. എങ്കിലും ആ പൂർവ്വബന്ധം പുനഃസ്ഥാപിക്കാൻ ഇപ്പോൾ ശ്രമം ആരംഭിച്ചിരിക്കുകയാണ്. അതു സഫലമാകയാണെങ്കിൽ ഏഷ്യൻജനതയ്ക്കു് ആകമാനം അനുരൂപവും ഏകീകൃതവുമായ ഒരു നവ്യസംസ്കാരം രൂപമെടുക്കുന്നതിനും തദ്വാരാ ഏഷ്യയുടെയും പൊതുവേ ലോകത്തിന്റെയും ശാശ്വത സമാധാനത്തിനും പുരോഗതിക്കും മാർഗ്ഗം തെളിയുന്നതിനും ഇടയാകുന്നതാണ്.

പാഠം ൯

# കാട്ടുതീ

ഘോരമാം കാട്ടുതീ വന്നു പിടിപെട്ടു
ഭൂരിവൃക്ഷങ്ങളും ക്രൂരസർപ്പങ്ങളും
പർവ്വതാഗ്രങ്ങളും വല്ലീശതങ്ങളും
സർവ്വം ദഹിക്കുന്ന ഘോഷവും കാണായി.
അഗ്നിസ്ഫുലിംഗങ്ങളാകാശമാർഗ്ഗത്തു
ലഗ്നങ്ങളായി പ്രകാശിക്ക കാരണം
നക്ഷത്ര ജാലങ്ങളൊക്കെപ്പകൽ പോലു-
മക്ഷീണ ശോഭം പ്രകാശിച്ചു കാണുകയോ ?
ധൂമങ്ങളംബരേ നീളെപ്പരക്കയാൽ
ജീമൂതകാലവും വന്നു ജൃംഭിക്കയോ ?
ജ്വാലാസമൂഹങ്ങളേററം ജ്വലിക്കയാൽ
കാലാഗ്നികോലാഹലം വന്നണഞ്ഞിതോ ?
ഗംഭീരമായുള്ള ശബ്ദം ജനിക്കയാ-
ലംഭോധി നാലും കവിഞ്ഞു വരുന്നിതോ ?
ആദീപിതോഷ്മപ്രകർഷം ഭവിക്കയാൽ
ദ്വാദശാർക്കന്മാരൊരുമപ്പെട്ടുദിച്ചിതോ ?
പർവ്വതശൃംഗങ്ങൾ പൊട്ടിത്തെറിക്കയാൽ
പർവ്വതാരാതിതാൻ വജ്രമെടുത്തിതോ ?
രൂക്ഷാനലജ്വാല മേന്മേലുദിക്കയാൽ
ദക്ഷാന്തകൻ ഫാലനേത്രം മിഴിച്ചിതോ ?
സിംഹാരവാദഘോഷമങ്ങുത്ഭവിക്കയാൽ
സംഹാരരുദ്രന്റെ കൂററനുണർന്നിതോ ?

കെല്ലോട്ട കാററും പൊടിയും പെരുകയാൽ
ഉൽപാതവാതസംപാതം തുടന്നിതോ ?
ഏവം പലവിധം ശങ്കയ്ക്കു ഹേതുവാം
ദാവാനലൻ ജ്വലിച്ചീടും ദശാന്തരേ
ആട്ടും മയിൽകളും പാട്ടും കുയിൽകളും
ഓട്ടും മൃഗങ്ങളും ചാട്ടും കപികളും
പേടിച്ചുഴന്നങ്ങുമിങ്ങും വനത്തോട്ട-
കൂടിദ്ദഹിച്ചാശു ഭസ്മീഭവിക്കയും ;
തോയം തിരഞ്ഞങ്ങു പായും ഗജത്തിന്റെ
വായിൽ കടന്നുള്ളിലായൊരു പാവകൻ
കായം സമസ്തം കലൻറു ദഹിപ്പിച്ചു-
പായം വരുത്തിദ്ധരിത്രി കുലുക്കിയും
ഒന്നിച്ചു കൂടിപ്പുരക്കെച്ചരിക്കുന്ന
പന്നിക്കുലങ്ങളിൽ ചെന്നു പിടിക്കയും
ലാംഗ്രൂലഭംഗിക്കു ഭംഗം വരുന്നാകി-
ലംഗങ്ങളിൽ ചെററുമാശയില്ലിങ്ങെന്നു
സഞ്ചിന്തനം ചെയ്തു സംഞ്ചരിച്ചിട്ടുന്ന
വെഞ്ചമരീമൃഗക്കൂട്ടത്തിലഗ്നിയും
ചെന്നു പിടിച്ചു ദഹിച്ചു തുടങ്ങിനാ-
നെന്നുവേണ്ടാ മഹാ കല്പാന്തസംഭ്രമം
വന്നു ഭവിച്ചു വനത്തിൽ കനക്കവേ.
വന്യത്തിനെല്ലാം വിനാശം ഭവിച്ചിതു.
വട്ടത്തിൽ നില്ക്കുന്ന വംശദ്രുമങ്ങളിൽ
പെട്ടെന്നു പാവകൻ പററുന്ന നേരത്തു
പൊട്ടിത്തെറിക്കുന്ന ശബ്ദങ്ങൾ കേട്ടടൻ

ഞെട്ടിത്തുടങ്ങി ദിഗന്തങ്ങളൊക്കവെ.
വള്ളിക്കുടിലകം പുക്കു കിടക്കുന്ന
പുള്ളിമാൻ കൂട്ടത്തിലെത്തിദ്ദവാനലൻ
കൊള്ളികൊണ്ടംഗം ദഹിക്കും ദശാന്തരേ
തുള്ളിപ്പിടഞ്ഞു മരിച്ചു തുടങ്ങിനാർ.
പഞ്ചാനനങ്ങളും കാളുന്ന തീയില-
ങ്ങഞ്ചാതെ ചാടിദ്ദഹിക്കുന്നു വിഗ്രഹം.

നളചരിതം കിളിപ്പാട്ട്] [കുഞ്ചൻ നമ്പ്യാർ

---

അദ്ധ്യായം ൧൦

# വിദ്യാലയസ്മരണകൾ

എന്നെ എഴുത്തിനിരുത്തിയതു പള്ളിക്കൽ "സ്റ്റാന്റ്" പള്ളിക്കൂടത്തിലാണ്. എന്തു പള്ളിക്കൂടം എന്നു വായനക്കാർ സംശയിച്ചേക്കാം. ശങ്കരസുബ്ബയ്യർ ദിവാൻജിയുടെ വിദ്യാഭ്യാസവിഷയകമായ പരിഷ്കാരങ്ങളിലൊന്നായി പ്രവൃത്തിപ്പള്ളിക്കൂടങ്ങൾ സ്ഥാപിച്ചിരുന്നുവല്ലോ. അതായതു് ഓരോ പകുതിയിൽ—പ്രവൃത്തിയിൽ—ഓരോ സ്കൂൾ എന്നർത്ഥം. അങ്ങനെ ഞങ്ങളുടെ കുന്നത്തൂർ താലൂക്കിലെ ഒൻപതു പ്രവൃത്തികളിലും ഓരോന്ന് ഉണ്ടായി. ഇതിനിടയ്ക്ക് ക്രൈസ്തവ സഭക്കാരുടെ വകയായി ഗ്രാന്റ പള്ളിക്കൂടങ്ങളും ചിലയിടങ്ങളിൽ വന്നിട്ടുണ്ട്. എന്റെ പള്ളിക്കൽ പ്രവൃത്തിയിലേക്കുള്ള പെരുങ്ങനാട്ടു പ്രൈമറിസ്കൂൾ യഥാർത്ഥത്തിൽ ഒരു സർക്കാർ പ്രവൃത്തിപ്പള്ളിക്കൂടമാണ്.

പക്ഷേ, ഈ ദ്രാവിഡനാമധേയം ഞങ്ങളുടെ ദിക്കിന്റെ അന്തസ്സിനു യോഗ്യമായിരിക്കുന്നില്ല എന്നു ചില കരനാഥന്മാർ നിശ്ചയിച്ചു. അതുകൊണ്ടു ഗ്രാന്റ പള്ളിക്കൂടത്തിന്റെ പേർ അവരിൽ ചിലർ ധരിച്ചുവച്ചിരുന്നതിന്മണ്ണം, "സ്റ്റാന്റ" പള്ളിക്കൂടമെന്നു ഗൗരവപ്പെടുത്തി. ഭൂലോകത്തിലെ യാതൊരു ഗവണ്മെൻറുകളും അറിയാതെ "പെരുങ്ങനാട്ടു സ്റ്റാന്റ പള്ളിക്കൂടം" എന്നാക്കി. എനിക്ക് എട്ടുപത്തു വയസ്സാകുന്നതുവരെ അത്ഥഗർഭമായ ഈ ഉജ്ജ്വലനാമധേയം ആ പള്ളിക്കൂടത്തിന്റെ ഭിത്തിയിൽ കരിക്കട്ടയിൽ എഴുതിയിരിക്കുന്നതു കാണാമായിരുന്നു.

ഈ "സ്റ്റാന്റപള്ളിക്കൂടം" നില്ക്കുന്നതു ക്ഷേത്രത്തിനു വടക്കുവശം ഉള്ള ഒരു മൈതാനത്തിന്റെ പടിഞ്ഞാറേ അരികിലാണ്. അക്കാലത്ത് ആ പ്രൈമറി സ്കൂളിലെ ഹെഡ്മാസ്റ്റർ, മാന്നാത്തുകാരൻ തോമസ്സ് എന്ന ഒരു അദ്ധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ മുഖം ഇന്നും എനിക്ക് ഓമ്മിക്കുക ഭയമാണ്. ആ മേൽമീശയും നല്ല വെളുത്ത നിറവും ശിഷ്യവഗ്ഗത്തെ വിറപ്പിക്കുന്ന കണ്ണുകളും ഒക്കെക്കൂടി എന്തു പേടിയാണെന്നോ അദ്ദേഹത്തെ! പില്ക്കാലത്തു ഹൈസ്കൂളുകളിലും കാളേജുകളിലുമൊക്കെ ആയിരം രൂപാ ശമ്പളക്കാർ, കൊടികെട്ടിയ മന്നന്മാർ, കടലിനക്കരെനിന്നു വന്നവർ, ശിപായിസേനയാൽ ആവൃതരായ മാസ്റ്റർമാർ, പ്രഫസർമാർ, പ്രിൻസിപ്പാളന്മാർ എന്നിവരെയൊക്കെ കണ്ടിട്ടുണ്ട്. എന്നാൽ അവരിൽ ആരെപ്പററിയും ഈ മാന്നാത്തുകാരൻ തോമസ്സുപാദ്ധ്യാരെക്കുറിച്ച് ഉണ്ടായിരുന്ന ഭയം ഇല്ലായിരുന്നു. അദ്ദേഹം മരിച്ചതു് ഈയിടെയാണ്. ഇന്നാളിൽ ഞാൻ നിയമസഭയിൽനിന്നും എന്റെ ആഫീസിലേക്കു മടങ്ങിയെത്തി. തിരുവിതാംകൂർ ഭരിക്കുന്ന ദിവാൻജിയെ ഒ

രു കാര്യത്തിൽ എതിക്കണമെന്നു ചില കൂട്ടനിയമസഭാസാമാജികന്മാരുമായി ഉച്ചത്തിൽ പൊടിപൊടിച്ചു ആലോചിച്ചുകൊണ്ടുവരികയായിരുന്നു. വണ്ടിയിൽ നിന്നിറങ്ങി ആഫീസിന്റെ തിണ്ണയിലു കയറിയപ്പോൾ ആ പഴയ മീശയുടെ വെള്ളിപ്പതിപ്പോടുകൂടിയ ഒരു മുഖം ഒരു മുറിയിൽ കണ്ടു. സർവ്വനാഡികളും തളൎന്നുപോയി. പൂച്ചയെക്കണ്ട എലിയെപ്പോലെ ആയിപ്പോയി. അതു ഞങ്ങളുടെ തോമസ്സുസാർ ആയിരുന്നു.

ഇദ്ദേഹത്തിന്റെ പേർ തോമസ്സ് എന്നായിരുന്നു എന്ന് ആ പള്ളിക്കൂടത്തിൽ രണ്ടുവർഷം പഠിച്ചതിനു ശേഷമേ ഞാൻ അറിഞ്ഞുള്ളു. അതുവരെ യഥാൎത്ഥനാമധേയം "ഒന്നാം സാർ" എന്നായിരുന്നു എന്നാണ് ധരിച്ചുവച്ചിരുന്നത്.

"നീ എവിടെ പഠിക്കുന്നു കുഞ്ഞേ?" എന്നു അക്കാലങ്ങളിൽ വല്ലവരും ചോദിച്ചിരുന്നെങ്കിൽ, "ഒന്നാം സാറിന്റെ പള്ളിക്കൂടത്തിൽ" എന്നു തന്നെയായിരുന്നു മറുപടി. ഒന്നാം സാറിനു പള്ളിക്കൂടം ജോലിയല്ല അധികമുണ്ടായിരുന്നത്. ആ നാട്ടിൽ അദ്ദേഹം ഒരു പ്രമാണിയായിരുന്നു. സിവിൽ, ക്രിമിനൽ, റവന്യൂ എന്നീ അധികാരങ്ങളെല്ലാമുണ്ട്. "ജനരഞ്ജക ഉദ്യോഗസ്ഥന്മാർ" എന്നൊരുവക തൊഴിലില്ലായ്മക്കാർ ഇപ്പോൾ തിരുവിതാംകൂറിൽ വന്നു നിറയുന്നുണ്ടല്ലോ. ഇവരുടെ വലിയ അപ്പൂപ്പനായിരുന്നു ഒന്നാം സാർ. നാട്ടുവഴക്കുകൾ തീൎക്കുന്നതിൽ ബദ്ധശ്രദ്ധനായ സാറിനു സൎക്കാർ ജോലിക്കു തക്ക സൗകര്യം ലഭിക്കാതെ വന്നതിൽ അത്ഭുതപ്പെടുവാനെന്തുണ്ടുള്ളത് !

അഞ്ചു വയസ്സിനു മുമ്പു തന്നെ എന്നെ എഴുത്തിനിരുത്തിയെന്നാണ് ഓൎമ്മ. പൂജയെടുപ്പുദിവസം തോമസ്സുസാറിന്റെ നേതൃത്വത്തിൽ, അഥവാ മഹാപൗരോഹിത്യത്തിൽ, പൂജവയ്പ് (നവരാത്രിപൂജ) ആ പള്ളിക്കൂട

ത്തിൽ, പൊടിപൊടിച്ചു നടക്കുകപതിവാണ്. അതൊരു ഹൈന്ദവക്രൈസ്തവസംഘടനയാകുന്നു. ആ ദിക്കിലെ പ്രമാണപ്പെട്ട നായർ ഗൃഹങ്ങളിൽ നിന്നെല്ലാം രാമായണാദി താളിയോലഗ്രന്ഥങ്ങളും, റെവ്യാർപുസ്തകങ്ങളും ഞങ്ങളുടെയൊക്കെ ബാലമിത്രം, ഒന്നാംപാഠം തുടങ്ങിയ പാഠ്യപുസ്തകങ്ങളുമെല്ലാം മഹാതാന്ത്രികനും ഉപനിഷദുപാസകനുമായ തോമസ്സ സാറിന്റെ സരസ്വതീധ്യാനത്തിനായി കൊടുക്കുകയാണ്. അദ്ദേഹം വലിയ ചപ്രങ്ങളുണ്ടാക്കിച്ചു വെള്ള ചെമപ്പു മുതലായ തുണികൾ, ജാലറകൾ, പഴം, തേങ്ങാക്കഷണം, കുരുത്തോല, പുഷ്പങ്ങൾ, തുളസീദളം എന്നിവയാൽ ആ സ്കൂൾഹാൾ മുഴുവൻ അലങ്കരിപ്പിച്ച്, ശ്രീ വാണീദേവിയുടെ രവിവർമ്മപ്പടം പ്രതിഷ്ഠിച്ച്, അതിനുചുററും ശ്രീകൃഷ്ണൻ, ശ്രീരാമൻ, മലയുംകൊണ്ടു ചാടുന്ന ഹനുമാൻ, ശിവലിംഗത്തെ ആലിംഗനം ചെയ്യുന്ന മാർക്കണ്ഡന്റെ പുറകിൽ പോത്തിന്മേൽ കയറി ഭീകരരൂപനായി സ്ഥിതിചെയ്യുന്ന യമധർമ്മൻ മുതലായവരുടെ പടങ്ങൾ നിരത്തി, നാലഞ്ചു ഓട്ടുനിലവിളക്കുകൾ കത്തിച്ചു വയ്പിച്ച്, മുൻപിൽ മലരും പഴവും അടയും വച്ച്, തോമസ്സുപുരോഹിതൻ നവരാത്രിവ്രതം അനുഷ്ഠിക്കുന്ന കാഴ്ച ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നുണ്ട്. പൂജയെടുപ്പുദിവസം പൂജയ്ക്കും മണികിലുക്കുന്നതിനുമായി ഒരു പംഗുപാദനായ നമ്പ്യാതിരി ഈ തോമസ്സുമേൽശാന്തിയുടെ കീഴ്ശാന്തിയായി വരാറുള്ളതും ഞാൻ ഓർമ്മിക്കുന്നു.

"പള്ളിക്കള്ളന്മാർ" എന്നൊരു പ്രയോഗമുണ്ടല്ലോ. പള്ളിപ്പല്ലക്ക്, പള്ളിമെത്ത, പള്ളിയറ മുതലായ രാജകീയ സാധനങ്ങളോടു ചേൎന്നുപോകുന്ന ഒരു ബഹുമതിചിഹ്നമല്ല അതു്. പള്ളിക്കൂടത്തിൽ പോകുന്നതിനു മടിയുള്ളവർ എന്നാണ് ഇതിന്റെ അൎത്ഥം. അന്നു പള്ളിക്കൂടത്തിൽ പോവുക സുഖകരമായ ഒരു കൃത്യമായി ഞങ്ങളുടെ കൂട്ടത്തിൽ ആരും കരുതിയിരുന്നില്ല. നാലും അഞ്ചും ചൂരൽവടികൾ ഓരോ ക്ലാസ്സിലെയും അത്യന്താപേക്ഷിതസാമഗ്രികളാണ്. അടിയെന്നു വച്ചാൽ നല്ല ചുട്ട അടിയുമാണ്.

ഓരോ ദിവസവും ക്ലാസ്സ് ആരംഭിച്ചാൽ ഉടൻ അദ്ധ്യാപകൻ ഒരു അന്വേഷണം നടത്തുന്നു.

"ഇന്നു മുഴങ്ങോടിയിലെ ശങ്കരൻ വന്നിട്ടുണ്ടോ? അവനെ ഇവിടെ കണ്ടില്ലല്ലോ."

൧. "ഞാൻ കണ്ടു സാർ."

൨. "എന്റെ കൂടെ നടയിൽ കിഴക്കുവശംവരെ വന്നിരുന്നു സാർ."

൩. "ഇയ്യാൾ വരുന്നില്ലേ?" എന്നു ചോദിച്ചപ്പോൾ "എന്റെ തലയ്ക്കു കിഴുക്കി സാർ." (ഇതത്ര ശരിയായ ഒരു റിപ്പോർട്ടല്ല. കൂട്ടത്തിൽ ഇതുകൂടി പറഞ്ഞാൽ പററിയിരിക്കും എന്നുള്ള പ്രതികാരഭാവനയാണ്.)

൪. "കണിയാരുടെ തെക്കേതിലെ ആഞ്ഞിലിയിൽ കേറിയിരിക്കുന്നതു ഞാൻ കണ്ടു സാർ."

ടി. "എന്നെ ആത്തിലിപ്പഴം പറിച്ചെറിഞ്ഞു സാർ"—എന്നിങ്ങനെ ചറപറായെന്നു റിപ്പോർട്ടുകൾ ചെല്ലുകയാണു. ശങ്കരൻെറ തിരോധാനത്തെപ്പററി ക്ലാസ്സുമുഴവൻ ഒരു ബഹളമായി. ആ കേസിൻെറ വിചാരണ എങ്ങനെ വരുമെന്നുള്ള ഒരു സംസാരമായി. ഉടനെ അദ്ധ്യാപകൻ:—"ആട്ടെ, മേലതിലെ ചാരുക്കായും പുതുക്കോട്ടിലെ കൃഷ്ണനും പോയി ശങ്കരനെ വിളിച്ചുകൊണ്ടു വരട്ടെ."

ഇവക്കു രണ്ടിനുമാണു് ഉത്തരവു ലഭിക്കുന്നതെന്നു നേരത്തെ അറിയാമെന്നുള്ളതുകൊണ്ടു് ഈ സ്പെഷ്യൽ ഡ്യൂട്ടിയെപ്പററിയുള്ള പ്രഖ്യാപനം അത്ര വളരെ അത്ഭുതകരമായി തോന്നുകയുമില്ല. എന്നാൽ മോളത്തെ കുഞ്ഞുകുഞ്ഞു മുന്നോട്ടാഞ്ഞു് "സാർ ഞാൻ കൂടെ" എന്നു നീതിനിവ്വഹണത്തിൽ സഹകരിക്കുന്നതിനുള്ള തൻെറ സന്നദ്ധത പ്രകടിപ്പിക്കും. ചിലപ്പോൾ ആ ഡെലിഗേഷനു് ഈ സഹകരണസന്നദ്ധൻ കൂടെ നിയുക്തനായേക്കാം. അല്ലെങ്കിൽ ഒരു അടിയോടെ ആ യത്നം തടയപ്പെടുകയും ആകാം.

അറസ്റ്റ്വാറണ്ടു കിട്ടിയ മേലതിലെ ചാരുക്കായും പുതുക്കോട്ടെ കൃഷ്ണനും കൂടി ആ ദിവസം ഒരു ഡ്യൂട്ടി ഡേ ആയി വകവെച്ചു പ്രതിയെ കണ്ടു പിടിക്കുന്നതിനു് ഇറങ്ങിക്കഴിഞ്ഞു. കാടുകൾ, മേടുകൾ, പാടങ്ങൾ, വൃക്ഷക്കൂട്ടങ്ങൾ, കാവുകൾ, കുളങ്ങൾ, കയങ്ങൾ എല്ലാം തിരയുകയാണു്. അതല്ല പള്ളിക്കൂടത്തിൽ നിന്നു തിരി

ച്ച് അധികം കഴിയുന്നതിനു മുമ്പിൽ പ്രതിയെ കാണുക യാണെന്നിരിക്കട്ടെ; ആ കൂട്ടുകാരനുമായി ചേൎന്നു മൂന്നു പേരുമായി കളിക്കു സൗകൎയ്യം അന്വേഷിച്ചു ഒരു വിജന സ്ഥലം തേടിയെന്നും വരാം. വാറണ്ടു കൊണ്ടുപോയവരുടെ പ്രത്യാഗമനത്തിനു താമസംനേരിടുകയാണെങ്കിൽ, അവരെക്കൂടി പ്രതികളാക്കിക്കൊണ്ട്, മൂന്നുപേരെയും അറസ്ററു ചെയ്യുന്നതിനു രണ്ടാമതും ഒരു വാറണ്ടയയ്ക്കുകയായി.

നേരമ്പോക്കൊന്നും പറയുകയല്ല, ഒരു പള്ളിക്കള്ളനെ പിടികൂടുക അത്യാപല്ക്കരമായ കൃത്യമാണ്. പുത്തൻപുരയ്ക്കൽ പീലിപ്പോസ് എന്ന ഒരു കുട്ടി ഉണ്ടായിരുന്നു. ഒരിക്കലും പള്ളിക്കൂടത്തിൽ പോകയില്ല. ഒരു ഉണ്ണിത്താനെയും ഒരു രാമനെയുംകൂടി വാദ്ധ്യാർ അയച്ചു. ചെന്നുനോക്കിയപ്പോൾ ഒരു കാട്ടിലിരിക്കുന്നു. അവർ കാടിളക്കി, പീലിപ്പോസ് ഒരു കാട്ടുവഴിയിൽ ചാടി, ഒരു വൃക്ഷം മറഞ്ഞുനിന്നു. മററവർ എങ്ങും തിരഞ്ഞു. അതിദൂരത്തിൽ ഒരു വക്ക് ഉണ്ടായിരുന്നു. അതിനകത്ത് ഏതോ ചാടിമറഞ്ഞു എന്നു തോന്നി. ഉണ്ണിത്താൻ അങ്ങോട്ടേക്ക് ഓടി. ഇതിനിടയിൽ രാമൻ മരത്തിൻെറ മറവിൽ പതുങ്ങിയ പീലിപ്പോസിനെ കണ്ടു കേറിപ്പിടികൂടി. പീലിപ്പോസ് നല്ല കരുത്തനായിരുന്നു. രാമനെ എടുത്തു നിലത്തിട്ടു. കമഴ്ന്നാണു വീണതു്. മുകളിൽ കയറി ഇരിപ്പുമായി. ശ്വാസംമുട്ടി രാമൻ മരിച്ചുപോകുമായിരുന്നു. വക്കു പരിശോധന കഴിഞ്ഞ് ഉണ്ണിത്താൻ തിരിച്ചെത്തി, കൂട്ടുകാരൻെറ അപകടനില കണ്ടു. പീലി

ഫ്രാൻസ് യുദ്ധം തുടൎന്നെങ്കിലും പരാജയം വരുമെന്നു കണ്ടു ഓടിപ്പോയ്ക്കളഞ്ഞു.

ഒരു കുട്ടി ഒരിക്കൽ ഒരു കാട്ടിൽ പതുങ്ങുന്നതു കണ്ടു മുയൽ ആണെന്നു വിചാരിച്ച് ഒരു വേട്ടക്കാരൻ വെടി വയ്ക്കാൻ തുടങ്ങിയതായി അന്നു ഞാൻ കേട്ടിരുന്നു. ചില പള്ളിക്കള്ളന്മാരെ പിടിക്കുന്നതിനു വാദ്ധ്യാന്മാർ സൈന്യസമേതം പോയതായി ഞാൻ കണ്ടിട്ടുണ്ട്. പിന്നെ ഇവനെ പിടികൂടി പള്ളിക്കൂടത്തിലേക്കു കൊണ്ടുവരുന്ന കാഴ്ചയാണു കാണേണ്ടതു്! ദേഹം മുഴുവൻ ചെമ്മണ്ണും ചേറും പററി, അടികൊണ്ടും കുററികൾ കേറിയും ചോര ഒഴുകി, ഒരു കാട്ടാനയുടെ വരവാണ്. പുറകേ ഒട്ടധികം കുട്ടികളും.

അച്ഛനോടുള്ള വലിയ ഭയത്താൽ ഞാൻ ഇങ്ങനെ പള്ളിക്കള്ളൻ ആയിട്ടില്ല. എനിക്കു പള്ളിക്കൂടത്തിൽ വച്ച് അത്ര വളരെ അടിയും കൊണ്ടിട്ടില്ല. അതൊക്കെ വീട്ടിലാണ്. അങ്ങനെ വീട്ടിൽ ഒരു പതിവായ അടി കൊള്ളിയാണ് ഞാൻ എന്ന പരമാൎത്ഥം നാട്ടിലെല്ലാം അറിയുകയും ചെയ്യാമായിരുന്നു.

ശിശുപരിശീലനത്തിൽ അച്ഛൻ എവിടെ നിന്നോ മനസ്സിലാക്കി വച്ചിരുന്ന ഒരു തത്വമാണ് എനിക്ക് ഏകദേശം ദിനംപ്രതി കിട്ടിവന്ന അടികൾക്കു കാരണം. ഏതു മഹാപാപിയായിരിക്കാമോ ആ ഫലപ്രദമായ ദണ്ഡനീതി അച്ഛനെ ഉപദേശിച്ചതു്! "അടിയോ ഉതവുകാ അണ്ണൻതമ്പിയും" എന്ന് അച്ഛൻ ഈ തമിഴ് പാഠം പലപ്പോഴും ആവൎത്തിക്കുന്നുണ്ടായിരുന്നു. Spare

the rod and spoil the child എന്ന് ഏതോ ഒരു ഇംഗ്ലീഷുകാരനും ഉരുവിട്ടുവച്ചിരുന്നുവല്ലോ. അപ്പോൾ ഈ അടി പ്രമാണം അത്ഥപുഷ്ടമായിരിക്കണം. എന്തായാലും എന്റെ ദേഹത്തിൽ പല പാടുകളും ഉണ്ടാക്കുന്നതിന് ഉപകരിച്ച ഒരു തത്വമായിരുന്നു അത്.

അമ്മയും ഞാനും അച്ഛനും ഇങ്ങനെ മൂന്നു പേർ മാത്രമേ ഉള്ളു. അമ്മ എന്നെ നിലത്തെഴുത്തു പഠിപ്പിക്കുമായിരുന്നു. അച്ഛൻ അട്ടൂർ മജിസ്ത്രേട്ടുകോടതിയിൽ ഒരു വക്കീലാണ്. രാത്രിയായാലേ കോടതി പിരിയുകയുള്ളു. അവിടെനിന്നും രണ്ടു നാഴികയോളം ഉണ്ട് വീട്ടിൽ വരാൻ. വഴിയിൽനിന്നും ചൂട്ടു വാങ്ങി കത്തിച്ചുകൊണ്ടാണ് വരുന്നതു്. എത്ര ഇരുട്ടിയിട്ടു വന്നുകയറട്ടെ, ഞാൻ കിഴക്കേ പൂമുഖത്തിരുന്നു പഠിച്ചുകൊണ്ടിരിക്കണം. അല്ലെങ്കിൽ അടിയാണ്. എന്നാൽ അമ്മ എന്നെ എപ്പോഴും സഹായിക്കാറുണ്ട്. "നീ ആ വിളക്കിന്റെ ചുവട്ടിൽ കിടന്നു ഉറങ്ങിക്കോ; ചൂട്ടിന്റെ വെളിച്ചം ദൂരെ കണ്ടാൽ ഉടൻ വിളിച്ചുണർത്തിക്കൊള്ളാം" എന്നു പറയും. ഞാൻ അട്ടപോലെ ചുരുണ്ടു കിടപ്പാകും. ചൂട്ടുവെട്ടം കാണുമ്പോൾ അമ്മ വിളിച്ചുണർത്തും. ഞാൻ "രാമൻ നല്ലവൻ രാവിലെ ഉണർന്നു"—എന്നോ "ഒരിക്കൽ ഒരു കാളയെയും ഒരു പോത്തിനെയും വണ്ടിയിൽ കെട്ടിയിരുന്നു"—എന്നോ "ഒരു കാക്ക ദാഹിച്ചു വലഞ്ഞു"എന്നോ ചൊല്ലിത്തുടങ്ങുകയായി. ഇങ്ങനെ എത്ര രാത്രികളിൽ ഞാനും അമ്മയും ഒന്നുചേൎന്ന് അച്ഛനെ കളിപ്പിച്ചിട്ടുണ്ട് !

പക്ഷെ, ആ വഴിയേ ചൂട്ടുകൊണ്ടുപോകാനുള്ള അധികാരം അച്ഛന്നു മാത്രമല്ലല്ലോ ഉള്ളതു്. ആക്കും ആകാം. അതുകൊണ്ടു ചൂട്ടു കാണുമ്പോൾ ഒക്കെ ഉണ്ടാകുന്ന "രാമൻ നല്ലവൻ" വിളി ഉറക്കത്തെ സാരമായി ബാധിച്ചുവന്നു.

പക്ഷെ അച്ഛൻെറ ചൂട്ടുവീശൽ രണ്ടു മൂന്നു ഫർലോങ്ങു ദൂരത്തുനിന്നു തന്നെയും തിരിച്ചറിയുന്നതിന്നു് അമ്മയ്ക്കു സാധിച്ചിരുന്നു. അതുകൊണ്ടു് അത്ര അധികം തെററാറില്ല. എന്നാൽ വേറെ ഒരു അപകടം പറയാം. അങ്ങനെ പററിയിട്ടുമുണ്ടു്. എരിഞ്ഞുതീരാറായ ചൂട്ടിൻെറ ആയുസ്സു് കൂട്ടുന്നതിനുവേണ്ടി കറൻറിൻെറ പൗവ്വർ കുറച്ചു ചിലപ്പോൾ അച്ഛൻ സഞ്ചരിച്ചേക്കും. അങ്ങനെയായാൽ ഞങ്ങളുടെ പടിപ്പുര കഴിഞ്ഞാലെ മിന്നാമിനുങ്ങുപോലെയുള്ള ആ വെളിച്ചം അമ്മ കാണുകയുള്ളു. കാര്യം അപകടത്തിൽ തന്നെയാകും. അമ്മ "കൊച്ചുകൃഷ്ണാ! കൊച്ചുകൃഷ്ണാ!!" എന്നു കുലുക്കി വിളിക്കുന്നു. ഞാൻ ചാടി എഴുന്നേററു പുസ്തകം തപ്പിയെടുക്കുന്നതിനു മുമ്പിൽ അച്ഛൻ വരാന്തയിൽ വന്നു കയറുന്നു. ഉടൻ തെക്കുവശത്തെ പുളിമരത്തിൽ നിന്നു ഞാൻ ഒരു വടി വെട്ടിക്കൊണ്ടു കൊടുക്കണം.

എന്നെ അടിക്കാനുള്ള വടി ഞാൻ തന്നെ വെട്ടിക്കൊണ്ടു കൊടുക്കണം. പിന്നെ അടിശിക്ഷയുടെ രീതി പൂമുഖത്തൂണിൽ പിടിച്ചു് അങ്ങു കെട്ടുകയാണു്. അടിയും തുടങ്ങുന്നു. കുററങ്ങൾ വലുതാണെങ്കിൽ അച്ഛൻ ഒരു കസേര കൊണ്ടുവന്നു് തൂണിനടുത്തിട്ടു് പതു

ക്കെ തുടങ്ങുകയായി. അടിയും പൂരവും എന്റെ ഉച്ച ത്തിൽ ഉള്ള നിലവിളിയും കേട്ട് അമ്മ ചിലപ്പോൾ അ ടുക്കളയിൽ നിന്നു നാലുകെട്ടിന്റെ വാതിലിൽ വന്നു "മതി, അഴിച്ചു വിടണം. അതിനെക്കൊണ്ടു പഠിക്കാൻ കൊള്ളുകയില്ലെങ്കിൽ ചാണകം വാരാൻ പോകട്ടെ, ഇങ്ങനെ തല്ലിക്കൊല്ലാറുണ്ടോ?" എന്നു പറയും. അതി നുള്ള അച്ഛന്റെ മറുപടി:- "നിന്റെ വയസ്സുകാ ലത്തു് ഇവൻ നിന്നെ രക്ഷിക്കുന്നതിനാണു്. അല്ലാ തെ എനിക്കുവേണ്ടിയല്ല."

അമ്മയുടെ വാർദ്ധക്യത്തിലെ സുഖജീവിതത്തിനു വേണ്ടി ഞാൻ അതിശൈശവം മുതൽ ഇങ്ങനെ ദേ ഹദണ്ഡം അനുഭവിക്കേണ്ടിവരുന്നതു് എത്ര ഭയങ്ക രം എന്നു് എനിക്കു തോന്നാറുണ്ടായിരുന്നു. സമ്പാദ്യ ത്തിൽ ശ്രദ്ധാലുവായ അച്ഛൻ ഈ ഓരോ അടികൊ ണ്ടും കൂടുതൽ സമ്പാദ്യം കരുതുകയായിരുന്നത്രെ. നല്ല ഒരു സമ്പാദ്യതത്ത്വം തന്നെ.

ഉച്ചത്തിൽ നില്വിളിക്കുന്നതിൽ അച്ഛനു വഴക്കി ല്ല. അച്ഛന്റെ സമ്പാദ്യക്കാര്യം കിക്കുകാർ മുഴുവൻ അ റിയുന്നതിൽ ചാരിതാർത്ഥ്യമാണുള്ളതു്. അതു തന്നെയു മല്ല, അടി കഴിഞ്ഞു ബന്ധനവിമുക്തനായ ഞാൻ ഈ വിവരം പിന്നീട് അവിടെ വരുന്നവരൊടെല്ലാം പറ യുകയും വേണം. അച്ഛൻ തന്റെ ശിശുപരിശീലന വൈദഗ്ദ്ധ്യത്തെക്കുറിച്ചുള്ള യശസ്സു ആ വിധത്തിൽ ആണു സമ്പാദിക്കാറുള്ളതു്.

ജീവിതസ്മരണകൾ] [ഈ. വി. കൃഷ്ണപിള്ള.


പാഠം ൧൧

# രക്തപരിവാഹം

നമുക്കു ജീവിക്കുന്നതിന് ആഹാരം ആവശ്യമാകുന്നു. ആഹാരത്തിൽനിന്നും ലഭിക്കുന്ന പോഷകാംശങ്ങൾ ശരീരത്തിൽ വ്യാപിക്കുന്നതു രക്തത്തിൽ കൂടിയാണ്. നമ്മുടെ ശരീരത്തിൽ രക്തം എല്ലാ സമയവും സർവ്വത്ര പ്രവഹിച്ചുകൊണ്ടാണിരിക്കുന്നത്. ഇതിനു രക്തപരിവാഹം എന്നു പറയുന്നു. രക്തം ശരീരത്തിൽകൂടി ഓടിക്കൊണ്ടിരിക്കുമ്പോൾ അതിൽ പല മാലിന്യങ്ങളും കടന്നുകൂടും. അതിനാൽ മലിനാംശങ്ങൾ കലന്ന രക്തം ശേഖരിച്ച് ശുദ്ധീകരിച്ചു വീണ്ടും ശരീരത്തിലേക്കു വ്യാപിപ്പിക്കേണ്ടതാവശ്യമാണ്. ഈപ്രകാരം ശുദ്ധരക്തം സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും മലിനരക്തം സംഭരിച്ചു ശുദ്ധീകരിക്കുന്നതിനും വേണ്ടി നമ്മുടെ ശരീരത്തിൽ അതിപ്രധാനങ്ങളായ ചില അവയവങ്ങൾ ഉണ്ട്. അവയെപ്പററിയും രക്തപരിവാഹത്തിൻെറ രീതിയെപ്പററിയും സംക്ഷിപ്തമായി വിവരിക്കാം.

ശരീരത്തിൽ രക്തസംഭരണത്തിനുള്ള പാത്രം ഹൃദയമാകുന്നു. ശംഖിനോടുള്ള ആകൃതിസാമ്യം കൊണ്ട് നാം ഇതിന് "ചങ്ക്" എന്നു സാധാരണയായി പേർ പറയാറുണ്ട്. നമ്മുടെ നെഞ്ചിനുള്ളിൽ അല്പം ഇടത്തോട്ടു മാറി രണ്ടു ശ്വാസകോശങ്ങളുടെയും മദ്ധ്യേയായിട്ടാണ് ഈ അവയവത്തിൻെറ സ്ഥാനം. ഇതു ശരീരാവയവങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ള ഒന്നാകു

൬൩. രക്തപരിവാഹം സൂക്ഷ്മമായി ഗ്രഹിക്കുന്നതിനു ആദ്യമായി ഹൃദയത്തിന്റെ ഘടനയെപ്പററി മനസ്സിലാക്കേണ്ടതാണ്. ഹൃദയത്തെ കീഴ്മേലായി മദ്ധ്യത്തിൽ കൂടി രണ്ടായി പിളൎന്നതിന്റെ ഒരു ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നതു്.





പൊള്ളയായ ഈ അവയവത്തിന്റെ ഭിത്തികൾ മാംസപേശികളാൽ നിൎമ്മിതമാകുന്നു. ഇതിന്റെ

നടുവിൽ കൂടി കീഴ്മേലായി ഉള്ള ഒരു ഭിത്തി ഇതിനെ ഇടത്തേതും വലത്തേതും ആയ രണ്ടു വലിയ അറകളായി തിരിക്കുന്നു. മദ്ധ്യഭിത്തിയിൽ സുഷിരങ്ങൾ ഒന്നും ഇല്ലാത്തതിനാൽ രണ്ടറകൾക്കും തമ്മിൽ യാതൊരു സംബന്ധവുമില്ല. മദ്ധ്യഭിത്തി കൂടാതെ ഹൃദയത്തിന്റെ മദ്ധ്യേകൂടി കുറുകെയുള്ള ഒരു ഭിത്തി ഓരോ അറകളെയും വീണ്ടും രണ്ടു ചെറിയ അറകളായി വിഭജിക്കുന്നു. അങ്ങനെ ഹൃദയത്തിന് വലതുമേലറ, വലതുകീഴറ, ഇടതുമേലറ, ഇടതുകീഴറ എന്നു നാലു വിഭാഗങ്ങൾ ഉണ്ട്.

ഇടത്തും വലത്തുമുള്ള മേലറകളും കീഴറകളും തമ്മിൽ അന്യോന്യം ബന്ധിപ്പിക്കുന്നതിന് അവയുടെ നടുവിൽ കൂടി കുറുകെയുള്ള ഭിത്തിയുടെ മദ്ധ്യഭാഗത്ത് ഓരോ ചെറിയ ദ്വാരം ഉണ്ട്. കീഴപ്പോട്ടുമാത്രം തുറക്കുന്ന ഒരു കവാടം അതിൽ സംഘടിതമായിരിക്കുന്നതിനാൽ, മേലറയിൽ നിറയുന്ന രക്തം കീഴറയിലേക്ക് പ്രവഹിക്കുകയും, എന്നാൽ കീഴറയിൽ പതിക്കുന്ന രക്തം തിരിച്ചു മേലറയിലേക്ക് പ്രവേശിക്കാതിരിക്കുകയും ചെയ്യുന്നു.

ഹൃദയഭിത്തികൾ മാംസപേശികളാൽ രചിതങ്ങളാണെന്നു നാം കണ്ടുവല്ലോ. അവ സദായം സങ്കോചിക്കുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ഈ സങ്കോചവികാസങ്ങൾ ഒരുമിച്ചല്ല സംഭവിക്കുന്നത്. ആദ്യം ഇരുവശങ്ങളിലുമുള്ള മേലറകൾ രണ്ടും കൂടി സങ്കോചിക്കുകയും, അവയുടെ സങ്കോചം

അവസാനിച്ചു വികസനം ആരംഭിക്കുമ്പോൾ രണ്ടു കീഴറകളും ഒരുമിച്ചു സങ്കോചം ആരംഭിക്കുകയും ചെയ്യുന്നു. ഇങ്ങനെ തുടച്ചയായി മാറിമാറിയുള്ള സങ്കോചവികാസങ്ങൾക്കു ഹൃദയസ്സ്പന്ദനം എന്നു പറയുന്നു. ഈ സ്പന്ദനംകൊണ്ടാണു രക്തപരിവാഹം നടക്കുന്നതു്. ഇതു നിന്നുപോയാൽ രക്തപരിവാഹവും നിലയ്ക്കും. ആരോഗ്യവാനായ ഒരു യുവാവിൻെറ ഹൃദയ



ത്തിനു മിനിട്ടിൽ ൭൦ മുതൽ ൮൦ വരെ സ്പന്ദനങ്ങൾ ഉണ്ടാകും.

ഹൃദയത്തിന്റെ നാലു് അറകളോടും മാംസപേശികളാൽ നിർമ്മിതമായ നാലു കുഴലുകൾ സംഘടിപ്പിച്ചിട്ടുണ്ടു്. മേലറകളോടു സംഘടിപ്പിച്ചിട്ടുള്ള കുഴലുകൾക്കു സിരകൾ എന്നും, കീഴറകളോടുള്ളവയ്ക്കു ധമനികൾ എന്നും പേർ പറയുന്നു. ഇടത്തേ കീഴറയിൽനിന്നും പുറപ്പെടുന്ന കുഴൽ ഏററവും വലിപ്പം കൂടിയതാകയാൽ അതിനു മഹാധമനി എന്നു നാമകരണം ചെയ്തിരിക്കുന്നു.


ഇനി, രക്തം ശരീരത്തിൽ വ്യാപിക്കുന്നതു് എങ്ങനെയെന്നു നോക്കാം. ഹൃദയത്തിന്റെ ഇടത്തുകീഴറയിലാണു് ശുദ്ധരക്തം സംഭരിച്ചുവച്ചിരിക്കുന്നതു്. കീഴറകൾ സങ്കോചിക്കുമ്പോൾ അവയിലുള്ള രക്തത്തിനു തിരിച്ചു് മേലറകളിലേക്കു പ്രവേശിക്കാൻ മാർഗ്ഗമൊന്നുമില്ലെന്നു നാം കണ്ടുവല്ലോ. അതിനാൽ അതിനു വേറെ നിർഗ്ഗമനമാർഗ്ഗങ്ങൾ വേണ്ടിയിരിക്കുന്നു. ഇടത്തേ കീഴറയിലെ ശുദ്ധരക്തത്തിനു് നിർഗ്ഗമനമാർഗ്ഗം നല്കുന്നതു് മഹാധമനിയാണു്. ആ കീഴറ സങ്കോചിക്കുമ്പോൾ രക്തം മഹാധമനിയിലേക്കു പ്രവഹിക്കും. മഹാധമനി അനേകം ശാഖോപശാഖകളായി പിരിഞ്ഞു് ശുദ്ധരക്തത്തെ ശരീരത്തിന്റെ നാനാഭാഗങ്ങളിലേക്കും വഹിച്ചുകൊണ്ടുപോകുന്നു.

ഇപ്രകാരം ശാഖോപശാഖകളായി പിരിഞ്ഞു് അതിസൂക്ഷ്മങ്ങളായി പരിണമിക്കുന്ന കുഴലുകൾക്കു

ജാലകങ്ങൾ എന്നാണ് പറയുന്നത്. ഈ ജാലകങ്ങൾ മനുഷ്യശരീരത്തിൽ സർവ്വത്ര വ്യാപിച്ചിട്ടുണ്ട്. ഇവയിൽകൂടി രക്തം സഞ്ചരിക്കുമ്പോൾ അതിലുള്ള പോഷകരസങ്ങളും അമ്ലജനകവും മാംസത്തിലേക്കു പകരുകയും തിരിച്ചു മാംസത്തിലുള്ള ഇംഗാലാമ്ലം മുതലായ മാലിന്യങ്ങൾ രക്തത്തിൽ ലയിക്കുകയും ചെയ്യും. അനന്തരം ആ മലിനരക്തം ശേഖരിക്കുന്നതിന് അനേകം ജാലകങ്ങൾ ചേൎന്ന് ചെറിയ സിരകൾ ഉണ്ടാകുന്നു. അവ സംയോജിച്ചുണ്ടാകുന്ന രണ്ടു മഹാസിരകളിൽ കൂടിയാണ് മലിനരക്തം മുഴുവൻ ഹൃദയത്തിൻെറ വലത്തെ, മേലറയിൽ പ്രവേശിക്കുന്നത്.

അടുത്തതായി, മലിനരക്തത്തിൻെറ ഗതിയെന്താണെന്നും അത് ഏതുപ്രകാരം ശുദ്ധീകരിക്കപ്പെടുന്നെന്നും പരിശോധിക്കാം. മേലറകൾ സങ്കോചിക്കുന്നതോടുകൂടി വലത്തെ മേലറയിൽ പതിച്ച മലിനരക്തം വലത്തെ കീഴറയിലേക്ക് ഒഴുകുന്നു. ആ കീഴറയ്ക്കു സങ്കോചം ഉണ്ടാകുമ്പോൾ അതിൽനിന്നും പുറപ്പെടുന്ന ഒരു ധമനിയിലേക്കു രക്തം പായും. ആ ധമനി രണ്ടു ശിഖരങ്ങളായി പിരിഞ്ഞു് രണ്ടു ശ്വാസകോശങ്ങളുമായി സംഘടിച്ചിരിക്കുകയാണ്. ശ്വാസകോശങ്ങളിൽ എത്തിയശേഷം ധമനീശിഖരങ്ങൾ അനേകം ജാലകങ്ങളായി പിരിയുന്നു. അവയിൽ കൂടി മലിനരക്തം ശ്വാസകോശങ്ങളിൽ (പുപ്ഫുസങ്ങളിൽ) എല്ലായിടത്തും വ്യാപിക്കുന്നു. അപ്പോൾ നാം ശ്വസിക്കുന്ന വായുവും പുപ്ഫുസങ്ങളിൽ എത്തും. ഉടനെ മലിന

രക്തം ശ്വാസവായുവിലുള്ള അമ്ലജനകവുമായി സംയോജിക്കുന്നതുമൂലം ശുദ്ധമായിത്തീരുന്നു. തിരിച്ചു രക്തത്തിലുള്ള ഇംഗാലാമ്ലം തുടങ്ങിയ മലിനാംശങ്ങൾ



വായുവിലും ലയിക്കുന്നു. നമ്മുടെ ഉച്ഛ്വാസവായു മലിനമായിത്തീരുന്നതിങ്ങനെയാണ്.

ശ്വാസകോശങ്ങളിൽ അനേകം ജാലകങ്ങൾ ചേർന്ന ചെറിയ സിരകളും, അവ സംയോജിച്ച് അല്പംകൂടി സ്ഥൂലങ്ങളായ സിരകളും ഉണ്ടാകുന്നു. അവയെല്ലാം ചേർന്ന് രണ്ടു വലിയ സിരകൾ മാത്രമായ പരിണമിക്കുന്നു. ഒടുവിൽ അവ രണ്ടും ഏകോപിച്ചുണ്ടാകുന്ന പുപ്ഫുസസിരയിൽക്കൂടിയാണ് ശുദ്ധരക്തം പുപ്ഫുസങ്ങളിൽനിന്നു ഇടത്തേ മേലറയിലേക്കു പ്രവഹിക്കുന്നത്. അതിനുശേഷം മുൻപ്രസ്താവിച്ചതുപോലെ രക്തം ഇടത്തേ മേലറയുടെ സങ്കോചംകൊണ്ട് ഇടത്തേ കീഴറയിലേക്കും അവിടെനിന്നും മഹാധമനിയിലേക്കും പ്രവഹിക്കുന്നു. മഹാധമനിയുടെ ശാഖോപശാഖകൾവഴി അതു ശരീരമാസകലം വ്യാപിക്കുകയും ചെയ്യുന്നു.

ഇപ്രകാരമാണ് രക്തപരിവാഹം നടക്കുന്നത്. ഈ പരിവാഹം കൂടാതെ നമുക്കു ജീവിക്കുവാൻ സാധിക്കുന്നതല്ല.

---

പാഠം ൧൨

# തുമ്പപ്പൂവ്

സന്ധ്യയ്ക്കു മാനത്തു മലർന്ന താര-
ത്താരത്രയം കണ്ടു ചെടിച്ച കണ്ണേ!
കുനിഞ്ഞിടാമൊന്നിനി; നിന്റെ നോട്ടം
കുപ്പക്കുഴിക്കുള്ളിലുമെത്തിടട്ടെ. ൧

പറമ്പിലങ്ങിങ്ങു പകച്ചൊതുങ്ങി-
പ്പാവങ്ങളാം തുമ്പകളൊട്ടനേകം
തുലോമവററിൻ പുകളിന്നു വിത്താം
തൂവെൺമലർത്തെല്ലുമണിഞ്ഞു നില്പൂ. ൨

ജാതിച്ചുവട്ടിൽജ്ജലസേകമേകം
ജനങ്ങളിപ്പൂച്ചെടി കൈയ്യനക്കി
വളത്തിടുന്നില്ലതു പോട്ടെ; ദൂരെ
വലിച്ചു മാററുന്നതുമുണ്ടു കഷ്ടം! ൩

ഉയർത്തി വെള്ളക്കൊടി കാട്ടുവോനെ-
യുന്മൂലനം ചെയ്യുമദഗ്രപാണി
പരാക്രമം വായ്ക്കുമരിക്കൊതുങ്ങി-
പ്പാവങ്ങളെത്തച്ചു തരിപ്പതീർപ്പു! ൪

ജപാദിപുഷ്പങ്ങളിവറ്റു ചൂടി
ഞെളിഞ്ഞിരിക്കും വരവണ്ണിനിക്കും
വേണിക്കരിങ്കാറിനിതിൻ നറുമ്പൂ-
വെള്ളിൽക്കിടാവിൻെറ വിഭൂഷയില്ല. ൫

ഘ്രാണേന്ദ്രിയാരാമർ മനുഷ്യർ നിൻെറ
സത്വസ്ഥസമ്പത്തറിയാതെ പൂവേ!
ഹാ! നീ വെറും പ്രാകൃതഭൂമിയാൾക്ക-
നപത്യമെന്നോർത്തധരീകരിപ്പൂ. ൬

ഉണ്ടോ ഗുണം? കൊൾവിനതൊന്നുമാത്ര-
മുൽപ്പത്തിയും വംശവുമാരു കണ്ടു?
ആഢ്യൻ മുതല്ക്കന്ത്യജനോളമാർക്കും
പെററമ്മ ഭൂദേവി പിതാവു ദൈവം. ൭

ചേറിൽക്കുരുക്കുന്നു സിതാംബുജങ്ങൾ;
കാറിൽപ്പിറക്കുന്നു പയഃകണങ്ങൾ;
മങ്ങിക്കിടക്കുന്നൊരു പൃഷ്ഠഭൂമി
മഹാർഹചിത്രം വരവാൻ മനോജ്ഞം. ൮

വിത്തത്തെ വൃത്തത്തിനു മീതെയുണ്ടോ
വിജ്ഞൻറെ നേത്രം വില വച്ചിടുന്നു?
പൂജയ്ക്കു നാം കുത്തുവിളക്കു തന്നെ
കൊളുത്തണം; വൈദ്യുതദീപമല്ല. ൯

താൻ തീർത്ത പാഴ്പ്പുൽക്കൊടി പോം വഴിക്കു
ധാതാവിനും പോകണമൊട്ടുനാളിൽ;
നാകത്തിനും നാകുവിനും ശരിക്കു
നല്കുന്നതുണ്ടോപ്പനിരപ്പു കാലം. ൧൦

ആരുച്ചർ? ആർ നീചർ? അനാര്യമാമീ-
യസ്മൽഗ്രഹച്ഛിദ്രമദൃഷ്ടപൂർവ്വം
അശേഷലോകത്തിനുമാനനത്തെ-
യപത്രപാനമ്രിതമാക്കിടുന്നു. ൧൧

ഹാ തത്ത്വമസ്യാദിമവാക്യരത്ന-
മഹാഖനേ, മാമകമാതൃഭൂവേ!
നിനക്കു പണ്ടേ പരദൈവമല്ലീ
ഗിരീശനെപ്പോലെ പരേയാധിശായി? ൧൨

കുന്നേതു നിന്നിൽക്കുഴിയേതു പാർത്താൽ
സർവ്വം പരബ്രഹ്മമയം സവിത്രി,
അന്നിൻമുലപ്പാൽ നുകരുന്ന ഞങ്ങ-
ളന്യോന്യഹത്യാരതരസ്മിതാന്ധർ! ൧൩

അത്യുച്ചനാകും ഹിമവാൻ കുഴിഞ്ഞൊ-
രാഴിക്കുമേൽ ഗംഗയൊഴുക്കിടുന്നു ;
അവന്റെ പുത്രന്നതുകൊണ്ടു പോരാ-
ഞ്ഞതിന്നകം പാൎപ്പതിലാശ തോന്നി. ൰൪

അതാണു താഴയ ഭവതിക്കു പണ്ടു-
ള്ളാദൎശം,മച്ഛന്നു മകൻ മഹീയാൻ ;
താതൻ മറന്നാൽ തനയൻ തുടൎന്നു
തദ്ദത്തഖണ്ഡം പരിപൂൎണ്ണമാക്കും. ൰൫

ശിശുക്കൾ തൻ പുഞ്ചിരിപോലെനിക്കു
ചിത്തം കുളിൎപ്പിപ്പൊരു കൊച്ചുപൂവേ
വെൺതിങ്കൾ രാകും പൊടികൊണ്ടു തീൎത്തു
വേധസ്സു നിന്മെയ്യതിനില്ല വാദം. ൰൬

തൈ നട്ടുമൻപോടു തടം പിടിച്ചും,
തണ്ണീർ തളിച്ചും തല വെട്ടിവിട്ടും
ആരും പുലൎത്താതൊരു നിൻചെടിക്കെ-
ന്താപത്തനാഥാശ്രയമാണു ദൈവം ! ൰൭

പ്രഭാതജാഗ്രൽപവമാനപോത
പൎയ്യങ്കികാന്ദോളന ഭാഗധേയം
തെളിഞ്ഞു നില്ക്കും പനിനീർമലൎക്കും
നിനക്കുമൊപ്പം വിധി നല്കിടുന്നു. ൰൮

അതിന്റെ നേത്രത്തിലഹൎമ്മുഖത്തി-
ലതൃപ്തി ദുഃഖാശ്രു നിറഞ്ഞിരിക്കാം ;
ആഡംബരം വിട്ടൊരു നിന്റെ ദൃക്കി-
ലാനന്ദബാഷ്പാംബുവുമങ്കുരിക്കാം. ൰൯

പ്രസന്നഹൃത്താൻ പരമ്പിരലത്തും
ഭാസ്വൽകഠോരാംശു ഭയപ്പെടാതെ
പാടാക്കരംതട്ടൊട്ട നിൽപ്പൂ ഹാ നിൻ-
വരിഷ്ഠഗുല്മം വശവർത്തി ജന്മം. ൨൦

പയോജവും കൈരവവും കണക്ക
പക്ഷം പിടിച്ചില്ലൊരു ഭാവഭേദം;
ആത്മോദ്ധൃതിക്കാത്മശരണ്യനാകു-
മരങ്ങൾക്ക രാവും പകലും സമാനം. ൨൧

താർ തിങ്ങിടും നിൻ ചെടിയാമുദാര-
ഗാത്രത്തകമ്പെവിളക്കു ദൈവം
ലോകോത്സവത്തിന്നു കൊളുത്തിടുന്നു;
താഴത്തു തള്ളുന്നു മനുഷ്യദന്തി. ൨൨

തരങ്ഗിണി] [മഹാകവി ഉള്ളൂർ

---

പാഠം ൧൮

# കേരളത്തിലെ കളരികൾ

കേരളീയർ ഒരു കാലത്തു രണശൂരതയിലും വീര്യത്തിലും മററു പല ഭാരതീയ ജനസമുദായങ്ങളെക്കാൾ വിഖ്യാതി നേടിയിരുന്നു. രജപുത്രയോദ്ധാക്കളെയും അതിശയിക്കത്തക്ക വീര്യവും ശൗര്യവും വീറും നെറിയും രക്തധമനികളിൽ കുടികൊണ്ടിരുന്ന എത്ര വീരപുരുഷന്മാർ അക്കാലത്തു കേരളത്തിലുണ്ടായിരുന്നു! മരണ

ത്തെതെല്ലാം ഭയപ്പെടാതെ ഏതു് ആപത്തിനോടും സു ധീരം മല്ലിടുവാൻ കെല്പും കോപ്പുമുണ്ടായിരുന്ന വീരസന്താനങ്ങൾ വാണിരുന്ന അക്കാലം ഇന്നാട്ടിന്റെ സുവൎണ്ണകാലമായിരുന്നു. കേരളചക്രവൎത്തികൾ അന്നു ഹിമവൽസാനുവിൽ അവരുടെ വിജയക്കൊടികൾ നാട്ടി. കേരളീയന്റെ കൈയൂക്കു കുമാരിമുതൽ കാബൂൾവരെ സുപരിചിതമായിരുന്നു. മലനാട്ടിൽ കളിച്ചിരുന്ന ശൗൎയ്യവീൎയ്യപരാക്രമങ്ങളുടെ മാറൊലി അന്നു ഭാരതം മുഴവനും മുഴങ്ങി. തീക്കടുക്കയും വിഷവായുവും പൊഴിക്കാതെ വടിയും വാളും വിശി നാടുകൾ അടക്കുവാൻ കേരളീയനു് അന്നു കഴിഞ്ഞു. ഈ നേട്ടങ്ങൾക്കെല്ലാം നിദാനം കേരളത്തിലെ കളരികൾ തന്നെ.

പുരാതനകാലത്തു കേരളീയൎക്കു് ഉണ്ടായിരുന്ന കായികാഭ്യാസശാലകളായിരുന്നു അവരുടെ കളരികൾ. കരബലംകൊണ്ടു കാൎയ്യം നേടേണ്ടിയിരുന്ന അക്കാലത്തു കരതോറും കൂട്ടവും കളരിയും ഏൎപ്പെടുത്തിയിരുന്നു. നാട്ടിനു താഴ്ചയും വീഴ്ചയും വരാതെ കാത്തു രക്ഷിക്കയെന്നതു കുലധൎമ്മമായി കരുതിയിരുന്ന നായന്മാരും മററു വൎഗ്ഗക്കാരും കായികാഭ്യാസത്തിലും വീൎയ്യപരീക്ഷകളിലും പരിശീലനം സമ്പാദിച്ചിരുന്നതു് ഈ സ്ഥാപനങ്ങളിലായിരുന്നു. കരനാഥന്മാർ പ്രായേണ കളരിക്കുറുപ്പന്മാരും പണിക്കരന്മാരും തന്നെ. ഏതു കരയിലും രോഗാധീനരല്ലാത്ത ബാലന്മാർ കളരിയാശാന്റെ കീഴിൽ കച്ചകെട്ടണമെന്നു നിബ്ബന്ധമായിരുന്നു. ഏഴ വയസ്സു പ്രായമാകുമ്പോൾ കായികപരിശീലനം ആരംഭിക്കയായിരു

ന്നു പതിവു്. ആദ്യമായി മെയ്യുഴക്കം വരുന്നതിനു തേച്ചും തിരുമ്മും നടത്തേണ്ടതാണു്. എണ്ണ തേച്ചുകൊണ്ടു വിയർക്കുന്നതു വരെ ഓരോ അഭ്യാസങ്ങൾ ചെയ്യണം. ഓരോ അവയവത്തിനും സ്നിഗ്ദ്ധതയും അയവും കൈവരത്തക്കവണ്ണമാണു് ഈ അഭ്യാസങ്ങളുടെ ചിട്ട തിട്ടപ്പെടുത്തിയിരിക്കുന്നതു്. ഈ അഭ്യാസങ്ങൾ കഴിഞ്ഞാൽ വിദ്യാൎത്ഥി ഒരു പുല്പായിൽ കമഴ്ന്നു കിടക്കുകയും കളരിക്കുറുപ്പു് കാലുകൊണ്ടും കൈയ്കൊണ്ടും അയാളുടെ ദേഹത്തിൽ തടവുകയും തിരുമ്മുകയും ചെയ്യും. മുകളിൽ തൂക്കിയിട്ടുള്ള കയറിൽ പിടിച്ചുകൊണ്ടാണു കളരിയാശാൻ ചവുട്ടിത്തിരുമ്മുന്നതു്. ദേഹബലവും, ശ്വാസം നിയന്ത്രിച്ചുവയ്ക്കാൻ സാമൎത്ഥ്യവും, മൎമ്മജ്ഞാനവും, നല്ല ചുറുക്കും, കളരിപ്പണിക്കൎക്കു അത്യന്താപേക്ഷിതമാകുന്നു. കയറിൽ തൂങ്ങിക്കൊണ്ടു ദ്രുതഗതിയിൽ നടത്തുന്ന പാദചലനങ്ങൾ വിദ്യാൎത്ഥിക്കു വേദനയുണ്ടാകാത്ത രീതിയിൽ നിൎവ്വഹിക്കുന്നതിലാണു് പണിക്കരുടെ മിടുക്കു്. നിഷ്കൎഷയോടു ചെയ്യുന്ന ചവുട്ടിത്തിരുമ്മൽ ഞരമ്പുകൾക്കു മൃദുത്വവും മാംസപേശികൾക്കു ക്രമീകരണശക്തിയും ചോരയോട്ടത്തിനു കൂടുതൽ പ്രസരിപ്പും എല്ലാ അവയവങ്ങൾക്കും ആയാസവും നല്കുന്നു. സാധാരണ മഴക്കാലത്താണു് കച്ചകെട്ടു നടത്തുന്നതു്. ഒരു മണ്ഡല

ത്തോളം നീണ്ടുനില്ക്കുന്ന ഈ തേപ്പും തിരുമ്മും കേരളീയകായികാഭ്യാസരീതിയുടെ ആരംഭപടങ്ങു മാത്രമാണു.

കച്ച കെട്ടുകയെന്നതു ശരീരലാഘവം ഒഴിച്ചു കൂടാൻ വയ്യാത്ത എല്ലാ തൊഴിലുകൾക്കുമുള്ള പ്രാരംഭപാഠമാകുന്നു. തുള്ളൽക്കാരനും, നടനും, പടനായകനും, അങ്കച്ചേവകനും, നർത്തകികളും മററുമെല്ലാം മെയ്യൊതുക്കം സമ്പാദിക്കുവാൻ പുരാതനകേരളത്തിൽ ഈ മാർഗ്ഗം മാത്രമാണ് സ്വീകരിച്ചിരുന്നതു്. ശരീരാവയവങ്ങളെ ചൊല്പടിക്കു നിറുത്തേണ്ട ആവശ്യമുണ്ടായിരുന്ന സകലതും മെയ്യഴക്കം സാധിച്ചതിനു ശേഷമേ ഓരോ കലകളിൽ പ്രത്യേകം അഭ്യാസം അന്ന് ആരംഭിച്ചിരുന്നുള്ളു. അതു കഴിഞ്ഞാൽ ഓരോ പയററുകൾ ശീലിക്കുവാൻ ബാലൻ മുതിരുകയായി. അവയെ 'വെറുങ്കൈപ്രയോഗം', 'കോലുകയററം', 'ആയുധാഭ്യാസം' എന്നു മൂന്നു പ്രധാന വകുപ്പുകളായി തിരിച്ചിരിക്കുന്നു. ഇവയിൽ ഓരോന്നിലും 'അടവുകളാ'യും തടവുകളാ'യും അനവധി പ്രയോഗങ്ങളുണ്ടു്. കൈയേററം ചെയ്യുന്ന ആളിന്റെ പ്രയോഗങ്ങൾ 'അടവു'കളും, അവയ്ക്കുള്ള മറുകൈകൾ 'തടവു'കളുമാണ്. വെറുങ്കൈപ്രയോഗത്തിന്റെ അടവുകളിലും തടവുകളിലും 'ഭീമൻവഴി', 'വർമ്മത്തട്ട്' എന്നു തൊട്ട് ഒട്ടേറെ പ്രയോഗസമ്പ്രദായഭേദങ്ങളുമുണ്ട്.

ഇവയിലെ ചില സമ്പ്രദായങ്ങൾ കഥകളിയിലെ യുദ്ധങ്ങളിലും കൈയ്യാങ്കളിയിലും മററും പകൎന്നു നിലനിന്നു കാണുന്നു. കോലുകയററത്തിൽ അസംഖ്യം രീതിഭേദങ്ങൾ ദേശഭേദമനുസരിച്ചു ഉണ്ടായിട്ടുണ്ടെങ്കിലും കടത്തനാട്ടേ വടിതല്ലുസമ്പ്രദായത്തിനു കൂടുതൽ പ്രചാരവും പ്രസിദ്ധിയും ലഭിച്ചിട്ടുണ്ടു്. വാളും കട്ടത്തിലയും പൊന്തിയും മററു ആയുധങ്ങളുംകൊണ്ടു് നിരവധി പ്രയോഗവിശേഷങ്ങൾ ആവക ഗ്രന്ഥങ്ങളിൽ വൎണ്ണിച്ചിട്ടുണ്ടു്. ഓരോ പ്രയോഗം കണ്ടും അതിൻെറ വായ്ത്താരി ഗുരുമുഖത്തിൽനിന്നു കേട്ടും പഠിച്ചശേഷം അഭ്യാസബലംകൊണ്ടു അതിൽ ക്രമേണ കൎമ്മകുശലത്വം സമ്പാദിക്കേണ്ടിയിരിക്കുന്നു. സതീൎത്ഥ്യന്മാരോടും അവസാനമായി ഗുരുവിനോടും വരുന്ന അടവുകൾക്കെല്ലാം തടവുകൾ പ്രയോഗിച്ചു പൊരുതു നിന്നാൽ മാത്രമേ ശിഷ്യന് അഭ്യാസബലം കൈവന്നതായി പരിഗണിക്കയുള്ളു. തുടൎച്ചയായി ഒരു വ്യാഴവട്ടക്കാലം നിരന്തരാഭ്യാസം മഴക്കാലത്തു നടത്തുകയെന്ന പതിവു പ്രായേണ അന്നു് ആരും ഉല്ലംഘിച്ചിരുന്നില്ല.

ദേശഭേദമനുസരിച്ചു തുളുനാടൻവിദ്യ, കടത്തനാടൻവിദ്യ എന്ന രണ്ടു തരം പയററുമുറകളാണു് കേരളത്തിൽ പ്രചാരത്തിലിരുന്നതു്. കേരളത്തിലെ ഒരു വീരസിംഹമായിരുന്ന തച്ചോളിൽ ഒതേനൻ ഇവ രണ്ടിലും നിഷ്ണാതനായിരുന്നു. ആരോമച്ചേവകരും തുളുനാട്ടിൽ പോയി ചുരിക വാങ്ങിയ ശേഷമേ ആയുധവിദ്യയിൽ തികഞ്ഞവനായി അഭിമാനിച്ചുള്ളു. വടക്കൻപാട്ടുകളുടെ

കാലത്തു തുളുനാടൻ സമ്പ്രദായം മറേറതിനെക്കാൾ മെച്ചമേറിയതാണെന്നു പലരും വിശ്വസിച്ചിരുന്നു. സുപ്രസിദ്ധനായ കോമൻനായർ മൂന്നു കൊല്ലത്തോളം തുളുക്കുരുക്കളുടെ കീഴിൽ ആയുധവിദ്യ പരിശീലിച്ചപ്പോഴേക്കു

"നാട്ടുവിദ്യയും ഗ്രഹിപ്പിച്ചല്ലോ
തുളുനാടൻവിദ്യ ഗ്രഹിച്ചു കോമൻ
വിദ്യകളൊക്കെ തികഞ്ഞുപോയി;
ഇനിയൊരു വിദ്യ ഗ്രഹിപ്പാനില്ല"

എന്നു മട്ടിലായിത്തീൎന്നതായി വൎണ്ണിച്ചു കാണുന്നു. അക്കാലത്തെ പേരുകേട്ട വീരന്മാരെല്ലാം രണ്ടു സമ്പ്രദായങ്ങളിലും ഒരുപോലെ പ്രാവീണ്യം സമ്പാദിച്ചിരുന്നു. ചെമ്പകശ്ശേരി രാജ്യത്തു തുളുനാടൻ വിദ്യ പ്രചരിപ്പിക്കുന്നതിനായി ദ്രോണമ്പള്ളിനായൎക്കു് ഒരു ഭവനവും അനേകം വസ്തുക്കളും ദേവനാരായണരാജാവു നല്കി അദ്ദേഹത്തെ കുലഗുരുവായി സ്വീകരിച്ചിരുന്നതായി അറിയുന്നുണ്ടു്.

കളരിപ്പയററുകൊണ്ടു എത്രമാത്രം മെയ്യുഴക്കം ഓരോരുത്തർ സാധിച്ചിരുന്നുവെന്നു വടക്കൻ പാട്ടുകളിലുള്ള പല വൎണ്ണനകളും വെളിവാക്കുന്നു. പരുന്തുപോലെ പറന്നു നാലു കൊടിമരം വെട്ടിവെന്ന തച്ചോളിച്ചന്തുവും, 'പകിരിതിരിഞ്ഞു നിന്നു കതിരപ്പാച്ചിൽ പാഞ്ഞ ഉണ്ണിയാച്ചയും' 'ഏഴടി പിന്നോക്കം മാറിനിന്നു മൂന്നടി മുമ്പാക്കം ഊന്നിവെച്ചു പന്നിച്ചടക്കം പതിഞ്ഞുചാടി പക്ഷി പറിചായി ചാടിയ' ചാപ്പ

നം, ചുരികമുനമേൽ കേറിനിന്നു നൃത്തങ്ങളുഴം കറിക്കുന്ന ആരോമച്ചേവകരും മററും ആരെയാണ് അത്ഭുതപരതന്ത്രരാക്കാത്തത്? ഈ വീരന്മാരുടെ കായികാഭ്യാസങ്ങൾ അവരുടെ കൈയ്യും മെയ്യും എത്രത്തോളം സ്വാധീനമാക്കി വഴക്കിയിരുന്നുവെന്നു നല്ലപോലെ വ്യക്തമാക്കുന്നുണ്ട്. ഇത്തരം അഭ്യാസികൾ ഏതെങ്കിലും രാജാവിനെ സഹായിക്കുവാനുണ്ടായിരുന്നാൽ അത് അഭിമാനകരമായി കരുതിയിരുന്നു. പലപ്പോഴം വീരശൃംഖല, വീരാളിപ്പട്ട എന്നിങ്ങനെ ഓരോ സമ്മാനങ്ങൾ രാജാക്കന്മാർ ഇവരുടെ വിക്രമങ്ങളെ അഭിനന്ദിച്ചു കൊടുത്തു വന്നിരുന്നു. അനേകം ചിററരചന്മാരും നാടുവാഴികളും ഉണ്ടായിരുന്ന അക്കാലത്തു അഭ്യാസികളുടെ സഹായം സമ്പാദിക്കുവാൻ സാധിച്ചിരുന്നവർക്കേ സ്വാധികാരശക്തിയോടുകൂടി ചെലുത്തുവാൻ കഴിഞ്ഞിരുന്നുള്ളു. ചിറയ്ക്കൽ തമ്പുരാൻ പല്ലക്കിൽ അകമ്പടിയോടുകൂടി പോകുമ്പോൾ കുറമ്പുകൊണ്ട് ആചാരം ചെയ്യാത്ത ജോനകരെ പിടിച്ചുകൊണ്ടുവരുവാൻ വാൾക്കാരെ അയച്ചിട്ടും ഫലമില്ലാതായിട്ട് അഭ്യാസികളായ അവരെ ഒരു പാഠം പഠിപ്പിക്കുവാൻ തച്ചോളി ഒതേനന്റെ സഹായം വേണ്ടിവന്നിരുന്നതായി കാണുന്നു. പൊന്നാപുരം കോട്ടയിലെ കേളപ്പൻ കുറുത്തേനിടം രാജാവിനോടു കാണിച്ച കൈയ്യേററത്തിനു ആ കോട്ട പിടിച്ചടക്കി അയാളെ കഴുമരം കേററി പകവീട്ടുവാൻ അദ്ദേഹത്തിനു സാധിച്ചതും ഒതേനക്കുറുപ്പിന്റെ സഹായംകൊണ്ടായിരുന്നു.

രാജാധികാരം ചെലുത്തുവാൻ എന്തെങ്കിലും വിഷമം നേരിട്ടാൽ പ്രബലന്മാരായ അഭ്യാസികളുടെ സഹകരണത്തോടുകൂടി അതു പരിഹരിച്ചു രാജാക്കന്മാർ സ്വാഭിമാനം പുലത്തുവാൻ പരിശ്രമിച്ചിരുന്നതായി പല ദൃഷ്ടാന്തങ്ങളും വടക്കൻ പാട്ടുകളിൽ കാണ്മാനുണ്ടു്.

കേരളത്തിലെ അന്നത്തെ കളരികളിൽ പയററു പരിശീലിച്ചു് വൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്ന ഇത്തരം അഭ്യാസികളായിരുന്നു അങ്കച്ചേവകരായി പരിലസിച്ചിരുന്നതു്. ഏതെങ്കിലും കായ്യത്തെ സംബന്ധിച്ചു തക്കമോ വഴക്കോ ഉണ്ടായാൽ അതു പറഞ്ഞൊതുക്കുവാൻ ലോകക്കും നാടുവാഴിക്കും സാധിച്ചില്ലെങ്കിൽ അങ്കംവെട്ടി അവസാനിപ്പിക്കുന്നതു അന്നു സർവ്വസാധാരണമായിരുന്നു. കുറങ്ങാട്ടിടത്തിലെ മൂപ്പിളമത്തക്കം തീക്കുന്നതിനാണല്ലോ ആരോമച്ചേവകർ പുത്തരിയങ്കത്തിനു പുറപ്പെടുന്നതു്. അങ്കംവെട്ടുന്നതു തൊഴിലായി സ്വീകരിച്ചിരുന്ന ചേകോന്മാക്കു ചേരമാൻ പെരുമാളുടെ കാലം മുതല്ക്കുതന്നെ പ്രഭുസ്ഥാനവും മററനേകം പദവികളും അനുഭവിച്ചിരുന്നു. ആരോമച്ചേവകരുടെ കാലമായപ്പോഴേക്കു തന്നെ ഉത്തരകേരളത്തിൽ ചേകോന്മാർ ചുരുക്കമായിത്തുടങ്ങിയിരുന്നു. രണശൂരന്മാരായ ചില ചേകോന്മാക്കു അവരുടെ നാട്ടിലുള്ള പല കളരികളുടെയും ആശായ്യസ്ഥാനം ലഭിച്ചിരുന്നുവെന്നു പുത്തൂരം വീട്ടിലേക്കും കോലത്തിരിനാട്ടിൽ അരിങ്ങോടക്കും പതിനെട്ടു കളരികളിലെ ഗുരുസ്ഥാനമുണ്ടായിരുന്നുവെന്നുള്ള പ്രസ്താവം വെളിവാക്കുന്നു.

അങ്കത്തിനു ചേകോനെ ആരെങ്കിലും വന്നു ക്ഷ ണിച്ചാൽ ആ അപേക്ഷ നിരസിക്കുന്നതു് അഭിമാന ക്ഷയമായി അക്കാലത്തു കരുതിയിരുന്നു. വാൎദ്ധക്യം കൊണ്ടു ജരയും നരയും വന്നു ചുക്കിച്ചുളുങ്ങിയ അങ്ക ച്ചേവകൻ 'ഇനിയൊരങ്കത്തിനും ബാല്യമുണ്ടെ'ന്നു പ റയുകയല്ലാതെ അതിൽ നിന്നൊഴിയുവാൻ ഒരിക്കലും വ ട്ടംകൂട്ടുകയില്ല. അങ്കത്തിൽ ചേകോൻ മരണമടഞ്ഞാ ൽ അതിനു പരിഹാരമായി അയാളുടെ തറവാട്ടിലേക്കു് അയാളെ ഏൎപ്പെടുത്തുന്ന ആൾ 'വീട്ടുകിഴി' കൊടുക്കുക പതിവായിരുന്നു. ദേശവാഴിക്കു രാജഭാഗമെന്ന നി ലയിൽ 'നാട്ടുകിഴി'യും ചേവകനു് ഒരുക്കങ്ങൾക്കായി 'അങ്കക്കിഴി'യും നല്കി വന്നിരുന്നു. ആരോമച്ചേവക ർ പുത്തരിയങ്കത്തിനു പുറപ്പെട്ടപ്പോൾ ആയിരത്തൊ ന്നു പണം വീതം നൂറെറാന്നു കിഴികൾ വെച്ചതായി കാണുന്നു. അങ്കത്തിനു കിഴികൾ വഴിച്ചാൽ ചേ വകൻ "മറയും മറച്ചു മറയ്ക്കകത്തു നിറയും നിറച്ചു നി റയ്ക്കകത്തു" വാങ്ങിപ്പാക്കണമെന്നുണ്ടു്. ഏതു കാരണ വശാലും പിന്നീടു ചേകവൻ അങ്കത്തിനു പോകാതെ യിരുന്നാൽ കളരിക്കു 'നാണിഭക്കുററ'മുണ്ടാകുമെന്നു വിശ്വസിച്ചിരുന്നു. രണ്ടുകക്ഷികൾക്കും ചേകോന്മാ രെ കിട്ടിക്കഴിഞ്ഞാൽ അങ്കത്തട്ടു പണിയിക്ക മുതലായ ചടങ്ങുകൾ ദേശവാഴിയുടെ മേൽനോട്ടത്തിൽ നടക്കും. അതിനിടയ്ക്കു് ചേകോന്മാർ ചുരിക കടയിക്കുക, വാളി നു് ഉമ്മവും കൈപ്പടത്തണ്ടും പുതുക്കുക എന്നു തൊട്ടു ള്ള ഒരുക്കങ്ങൾ ചെയ്യുവന്നിരുന്നു. നിശ്ചയിച്ച ദിവ

സം എല്ലാവരും അങ്കത്തട്ടിനു ചുററും കൂടി അതു ശരിയായിട്ടുണ്ടോ എന്നു നോക്കി ബോദ്ധ്യം വരുത്തും. കള്ളപ്പണി ചെയ്തിട്ടില്ലെന്ന് ആശാരിയെക്കൊണ്ടു സത്യം ചെയ്യിച്ചു 'തട്ടു വഴങ്ങി'ക്കഴിഞ്ഞാൽ ഇരുപാട്ടിലുമുള്ള ചേകോന്മാരും അവരുടെ തുണച്ചേകോന്മാരും കക്ഷികളും അങ്കത്തട്ടിൽ ചാടിക്കയറി അങ്കത്തിന്റെ 'വഴിയും മൊഴിയും' പറഞ്ഞു് മാലോകരെ അറിയിക്കുന്നതാണ്. സമ്മതമുള്ള പക്ഷം പൊരുതുവാൻ പഠിച്ചിട്ടുള്ള ഓരോ കോഴിയെ രണ്ടു കക്ഷികളും ഇറക്കിവിട്ടു കോഴിപ്പോരു നടത്തി 'ആളങ്കം' വേണ്ടെന്നു വയ്ക്കാം. ആളങ്കം ആരംഭിച്ചാൽ ചേകോന്മാരിൽ ആരെങ്കിലും തോൽവി സമ്മതിച്ചു കീഴടങ്ങുകയോ മരിക്കുകയോ ചെയ്യുന്നതുവരെ അടവുകൾ പയററണമെന്നുണ്ടു്. ഏതെങ്കിലും ചേകവനു തളച്ചു കൊണ്ടു വിശ്രമമാവശ്യപ്പെട്ടാൽ അരങ്ങു മുഷിപ്പിക്കാതിരിക്കുന്നതിനു തുണച്ചേവകൻ മററച്ചേകവനോടു പോരു തുടരണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ചതിപ്രയോഗങ്ങൾ ആരും ചെയ്യാതെ സൂക്ഷിക്കേണ്ടതു് തുണച്ചേകവരുടെ ചുമതലയാണ്.

തച്ചോളിപ്പാട്ടുകളുടെ കാലമായപ്പോഴേക്ക് അങ്കമര്യാദയ്ക്കു വലിയ കലക്കമുണ്ടായതായി തോന്നുന്നുണ്ടു്. ജനകീയഭരണത്തിൽ മുന്നിലക്കാരായിരുന്ന നാടുവാഴികൾ രാജാധികാരം ചെലുത്തുവാൻ തുടങ്ങിയതോടുകൂടി അങ്കമേപ്പാടിന് ഏറെക്കുറെ ഉടവു തട്ടി. മുമ്പും കൈയുള്ളവർ തന്ത്രംകൊണ്ടു തൻകാര്യം നടത്തുവാൻ ആരംഭിച്ചപ്പോൾ നാട്ടുമര്യാദകളെക്കുറിച്ചു് ആദരവും വി

ശ്വാസവും ക്രമേണ മറഞ്ഞു. ഒതേനന്റെ കാലത്തു ദ്വന്ദ്വയുദ്ധം സൎവ്വസാധാരണമായിരുന്നെങ്കിലും അങ്കത്തിന്റെ രീതികൾ 'പൊയ്ത്തിൽ' സ്വീകരിച്ചിരുന്നില്ല. പൊയ്ത്തിനുള്ള കാരണം മിക്കപ്പോഴും സ്വകാൎയ്യവൈരവും കാമിനിയും പാരക്കററവും മററുമായിരിക്കും. ആളുകൾ തമ്മിലും സംഘങ്ങൾ തമ്മിലും പൊയ്ത്തു നടക്കാറുണ്ടായിരുന്നു. പൊയ്ത്തു കുറിക്കുന്നതായാൽ ദേശവാഴിയെ അറിയിക്കണമെന്നോ രാജഭാഗം കൊടുക്കണമെന്നോ നിൎബ്ബന്ധമില്ലായിരുന്നു.

സ്വകാൎയ്യപ്പകകളും കുടുംബകലഹങ്ങളും ദ്വന്ദ്വയുദ്ധത്തിനു പ്രേരകമായിരിക്കയും അതുകൊണ്ടു് അവ അവസാനിക്കുകയും ചെയ്തിരുന്നുവെങ്കിലും നാട്ടുകലഹങ്ങളും നാടടക്കുവാനുള്ള ശ്രമങ്ങളും പലപ്പോഴും പടയേററത്തിനു തന്നെ വഴിതെളിച്ചു. അക്കാലത്തെ സൈന്യത്തിൽ ചേൎന്നിരുന്നവർ കളരികളിൽ പയററു പരിശീലിച്ചിരുന്നവരായിരുന്നു. പടയാളികളുടെ കുടുംബത്തേക്കു നാടുവാഴികൾ വസ്തുക്കൾ വിരുത്തിയേൎപ്പാടനുസരിച്ചു് കൊടുത്തിരുന്നു. നാടുവാഴികൾ ആവശ്യപ്പെടുമ്പോൾ കരനാഥന്മാരും ദേശവാഴികളും അവരവരുടെ കരകളിൽ ചേൎന്ന യോദ്ധാക്കളെ ഒരുമിച്ചു ചേൎത്തു് ആയുധസാമഗ്രികളോടുകൂടി പട പുറപ്പെടണമെന്നായിരുന്നു നിയമം. ഏതെങ്കിലും ശത്രു കൈയേററത്തിനു വരികയോ കോട്ട വളയുകയോ ചെയ്താൽ നാടുവാഴികളുടെ നിൎദ്ദേശമനുസരിച്ചു കളരിപ്പണിക്കരന്മാരും അവരുടെ അനുയായികളും പെട്ടെന്നു് അതു നി

രോധിക്കുവാൻ അണി നിരക്കും. പട പുറപ്പെടുന്ന തിനു മുമ്പു പടകാളി മുററത്തുചെന്ന് പോരിൽ പരാജ യം പററാതിരിക്കുന്നതിനു വേണ്ടി പരദൈവങ്ങളെ പരിചതാഴ്ത്തി വണങ്ങുന്ന പതിവ് ഉണ്ടായിരുന്നു.

ചെറുപ്പകാലത്തിൽ കളരിയിൽ നിന്ന് അഭ്യസി ക്കുന്ന പയററുമുറകൾ മറക്കാതിരിക്കുന്നതിന് ആണ്ടു തോറും കർക്കടകമാസത്തിൽ എല്ലാ പടയാളികളും അവ രവരുടെ കരയിലുള്ള കളരിയിൽ ചെന്നു അഭ്യാസം ചെയ്യണമെന്നു നിർബ്ബന്ധിച്ചിരുന്നതിനാൽ നാടുവാഴി കൾക്ക് എപ്പോഴും സമരവിരുതുള്ള സൈന്യത്തിൻെറ സഹായം ലഭിക്കുവാൻ കഴിഞ്ഞിരുന്നു. ഇതിനും പുറമേ പടയാളികളെ പയററുമുറകളിൽ താഴ്ച വരാതെ പരി പാലിക്കുന്നതിന് 'ഓണത്തല്ല്', വേലകളി' മുതലായ വിനോദങ്ങളും ഏപ്പെടുത്തിയിരുന്നു. രണ്ടു കരകൾ തമ്മിലോ നാട്ടുകൾ തമ്മിലോ വിനോദത്തിനായി പൊ രുതുകയെന്നാണ് ഓണത്തല്ലിൻെറ ചടങ്ങ്. സുപ്ര സിദ്ധമായ ഓച്ചിറക്കളി ഈ പതിവിൻെറ നഷ്ടാവ ശിഷ്ടമാകുന്നു. വേലകളി ഉത്സവാവസരങ്ങളിൽ നട ത്തിയിരുന്ന പയററുമുറകളുടെ പ്രദർശനമാണ്. ഓരോ രോ പ്രയോഗങ്ങൾ കണ്ടു മനസ്സിലുറപ്പിക്കുന്നതിനും പഠിച്ചവ മറക്കാതിരിക്കുന്നതിനും ഈ വിനോദസമ്പ്ര ദായങ്ങൾ അത്യന്തം ഉപകാരപ്രദങ്ങളായിരുന്നു.

കേരളത്തിലെ കളരികളിൽ നാനാജാതികളിലുള്ള വരും സ്ത്രീപുരുഷഭേദം കൂടാതെ പരിശീലനം സമ്പാദി ച്ചിരുന്നു. സമുദായഭരണകാലത്തു കേരളബ്രാഹ്മണർ

പോലും ആയുധാഭ്യാസം ചെയ്യുന്നതിന് ഒരുങ്ങാതെ യിരുന്നില്ല. എന്നാൽ ആഭിജാത്യചിന്ത ആയുധപരി ശീലനവേളയിൽ ആരെയും ബാധിച്ചിരുന്നില്ലെന്നു പ്രത്യേകം സ്മരണീയമാണ്. കച്ചയും തലയും കെട്ടി ആയുധം ധരിച്ചുകഴിഞ്ഞാൽ അപ്രകാരം ഒരുങ്ങിയിട്ടു ള്ള മററു വർഗ്ഗക്കാരുമായി പെരുമാറുന്നതിൽ ജാതിമര്യാ ദകൾക്കും ആചാരങ്ങൾക്കും പറയത്തക്ക പ്രാബല്യം സിദ്ധിച്ചിരുന്നില്ല. ജാത്യാചാരങ്ങളെ പരിത്യജിച്ച് തുല്യന്മാരെന്ന നിലയിലായിരുന്നു പയററുകാരുടെ പെ രുമാററം. നാട്ടിൻെറ രക്ഷ കുലവൃത്തിയായി സ്വീക രിച്ചിരുന്നവരെല്ലാം ഏകജാതിയാണെന്നുള്ള വിചാരം അവരെ ഒരേ ചരടിൽ കോർത്തിരുന്നതിനാൽ സൗഹാ ർദ്ദവും സഹകരണബുദ്ധിയും അവരിൽ അനുസ്യൂതമാ യി പ്രത്യക്ഷപ്പെട്ടു.

കളരികളും പയററഭ്യാസങ്ങളും കാലചക്രത്തിരി പ്പിൽ കേരളത്തിൽനിന്നും മറഞ്ഞു. കേരളസംസ്കാര ത്തിൻെറ പഴയ ഈ നേട്ടം നോട്ടക്കുറവുകൊണ്ടു മാ ത്രമല്ല നഷ്ടമായിപ്പോയതു്. ടിപ്പുവിൻെറ പടയോട്ട ക്കാലംവരെ ഉത്തരകേരളത്തിൽ അവ നിലനിന്നു. പാശ്ചാത്യരുടെ അധികാരം ഭാരതത്തിൽ സുസ്ഥാപിത മായതോടുകൂടി നാട്ടുകലകൾക്കും സംസ്കാരചേഷ്ടകൾ ക്കും വന്ന മാന്ദ്യം ഇതിനെയും ബാധിച്ചു. രാജ്യരക്ഷ കുലധർമ്മമായി കരുതിയിരുന്ന കേരളീയരുടെ ആവശ്യം നിലച്ചു. കളരികൾ കാലക്രമത്തിൽ കാരണവന്മാ രുടെ സ്മാരകമാത്രങ്ങളായി. കുറുപ്പു, പണിക്കർ എന്നി

വ വെറും സ്ഥാനപ്പേരുകളായി പകൻ്റു. കാരകളിയും പതിനെട്ടടവുകളും വിസ്മൃതിയിലാണ്ടു. കേരളത്തിൻെറ പൂർവ്വമഹിമയുടെ പൊട്ടും പൊടിയും വല്ല മുക്കിലും മൂലയിലും ഇപ്പോഴും ശ്വാസം വലിക്കുന്നുണ്ടാവാം. ആലസ്യത്തിലാണ്ടു ജീവഹാനി സംഭവിച്ച മലനാട്ടു മര്യാദകളിലൊന്നായ കളരിപ്പയററിനെ പുനഃസ്ഥാപിക്കുന്നതു കേരളീയരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനെങ്കിലും അത്യാവശ്യമാണ്. കേരളത്തിൻെറ വീരാസ്മമയത്തിൽ സന്തപിക്കുന്നവർ അതിനു സംഗതി വരുത്തട്ടെ.

---

പാഠം ൧൮

## സീതാസ്വയംവരം

മുനിനായകനായ കൗശികൻ വിശ്വാമിത്രൻ
മുനിവാടം പ്രാപിച്ചിതെന്നതു കേട്ട നേരം
മനസി നിറഞ്ഞൊരു പരമാനന്ദത്തോടും
ജനകമഹീപതി സംഭ്രമസമന്വിതം
പൂജാസാധനങ്ങളുമെടുത്തു ഭക്തിയോടു-
മാചാര്യനോടുമൃഷിവാടം പ്രാപിച്ച നേരം
ആമോദപൂർവ്വം പൂജിച്ചാചാരം പൂണ്ടു നിന്ന
രാമലക്ഷ്മണന്മാരെക്കാണായി നൃപേന്ദ്രനും.
ചന്ദ്രസൂര്യന്മാരെന്നപോലെ ഭൂപാലേശ്വര-
നന്ദനന്മാരെക്കണ്ടു ചോദിച്ചു നൃപേന്ദ്രനും :—
"കന്ദർപ്പൻ കണ്ടു വന്ദിച്ചീടിന ജഗദേക-

സുന്ദരന്മാരാമിവരാരെന്നു കേൾപ്പിക്കേണം.
നരനാരായണന്മാരാകിയ മൂൎത്തികളോ
നരവീരാകാരം കൈക്കൊണ്ടു കാണായതി
പ്പോൾ ?"
വിശ്വാമിത്രനുമതു കേട്ടരുൾ ചെയ്തീടിനാൻ :—
"വിശ്വസിച്ചാലും മമ വാക്യം നീ നരപതേ.
വീരനാം ദശരഥൻ തന്നുടെ പുത്രന്മാരിൽ
ശ്രീരാമൻ ജ്യേഷ്ഠനിവൻ ; ലക്ഷ്മണൻ മൂന്നാ
മവൻ ;
എന്നുടെ യാഗം രക്ഷിച്ചീടുവാനിവരെ ഞാൻ
ചെന്നു കൂട്ടിക്കൊണ്ടു പോന്നീടിനേനിതു കാലം.
കാടകം പുക്കനേരം വന്നൊരു നിശാചരി
താടകതന്നെയൊരു ബാണേന കൊണ്ടെയ്തു കൊ
ന്നാൻ
പേടിയും തീൎന്നു സിദ്ധാശ്രമവും പുക്കു യാഗ-
മാടൽ കൂടാതെ രക്ഷിച്ചീടിനാൻ വഴിപോലെ.
ശ്രീ പാദാംബുജരജഃസ്പൃഷ്ടികൊണ്ടഹല്യതൻ-
പാപവും നശിപ്പിച്ചു പാവനയാക്കീടിനാൻ.
പാരമേശ്വരമായ ചാപത്തെക്കാണ്മാനുള്ളിൽ
പാരമാഗ്രഹമുണ്ടു നീയതു കാട്ടീടേണം."
ഇത്തരം വിശ്വാമിത്രൻ തന്നുടെ വാക്യം കേട്ടു
സത്വരം ജനകനും പൂജിച്ചു വഴിപോലെ.
സല്ക്കാരയോഗ്യന്മാരാം രാജപുത്രന്മാരെക്ക-
ണ്ടുൾക്കരുന്നിങ്കൽ പ്രീതി വൎദ്ധിച്ചു ജനകനും.
തന്നുടെ സചിവനെ വിളിച്ചുനിയോഗിച്ചു

'ചെന്നു നീ വരുത്തേണമീശ്വരനുടെ ചാപം'
എന്നതു കേട്ടു മന്ത്രിപ്രവരൻ നടകൊണ്ടാ-
നന്നേരം ജനകനും കൗശികനോടു ചൊന്നാൻ:—
"രാജനന്ദനനായ ബാലകൻ രഘുവരൻ
രാജീവവിലോചനൻ സുന്ദരൻ ദാശരഥി
വില്ലിതു കുലച്ചുടൻ വലിച്ചുമുറിച്ചീടിൽ
വല്ലഭനിവൻ മമ നന്ദനയ്ക്കെന്നു നൂനം."
"എല്ലാമീശ്വരനെന്നേ ചൊല്ലാവൂതിനിക്കിപ്പോൾ
വില്ലിഹ വരുത്തീടുകെ"ന്നരുൾ ചെയ്തു മുനി.
കിങ്കരന്മാരെ നിയോഗിച്ചിതു മന്ത്രീന്ദ്രനും ;
ഹുങ്കാരത്തോടു വന്നു ചാപവാഹകന്മാരും ;
സത്വരമയ്യായിരം കിങ്കരന്മാരും കൂടി
മൃത്യുശാസനചാപമെടുത്തു കൊണ്ടുവന്നാർ ;
'ഘണ്ടാസഹസ്രമണിവസ്ത്രാദിവിഭൂഷിതം
കണ്ടാലും ത്ര്യൈയംബക'മെന്നിതു മന്ത്രീന്ദ്രനും.
ചന്ദ്രശേഖരനുടെ പള്ളിവില്ലു കണ്ടു രാമ-
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടിനാൻ.
"വില്ലെടുക്കാമോ ? കുലച്ചീടാമോ ? വലിക്കാമോ?
ചൊല്ലുകെ"ന്നതു കേട്ടു ചൊല്ലിനാൻ
വിശ്വാമിത്രൻ :
"എല്ലാമാമാകുന്നതു ചെയ്യാലും മടിക്കേണ്ട,
കല്യാണമിതുമൂലം വന്നുകൂടിടുമല്ലോ."
മന്ദഹാസവും പൂണ്ടു രാഘവനതു കേട്ടു
മന്ദമന്ദം പോയ ചെന്നുനിന്നു കണ്ടിതു ചാപം:
ജ്വലിച്ച തേജസ്സോടുമെടുത്തു വേഗത്തോടെ

കുലച്ചു വലിച്ചുടൻ മുറിച്ചു ജിതശ്രമം
നിന്നരുളുന്ന നേരമീരേഴുലോകങ്ങളു-
മൊന്നു മാറ്റൊലിക്കൊണ്ടു വിസ്മയപ്പെട്ടു ജനം.
പാട്ടുമാട്ടവും കൂത്തും പുഷ്പവൃഷ്ടിയുമോരോ-
കൂട്ടമേ വാദ്യങ്ങളും മംഗലസ്തുതികളും
ദേവകളൊക്കെപ്പരമാനന്ദം പൂണ്ടു ദേവ-
ദേവനെ സ്തുതിക്കയുമപ്സരസ്ത്രീകളെല്ലാം
ഉത്സാഹം കൈക്കൊണ്ടു വിശ്വേശ്വരനുടെ വിവാ-
ഹോത്സവാരംഭഘോഷം കണ്ടു കൗതുകം പൂണ്ടാർ.
ജനകൻ ജഗത്സ്വാമിയാകിയ ഭഗവാനെ
ജനസംസദി ഗാഢാശ്ലേഷവും ചെയ്യാനല്ലോ.
ഇടി വെട്ടീടുംവണ്ണം വിൽമുറിച്ചൊച്ച കേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ ;
മൈഥിലി മയിൽപ്പേടപോലെ സന്തോഷം
പൂണ്ടാൾ,
കൗതുകമുണ്ടായ്വന്നു ചേതസി കൗശികനും.
മൈഥിലിതന്നെപ്പരിചാരികമാരും നിജ-
മാതാക്കന്മാരും കൂടി നന്നായിച്ചമയിച്ചാർ.
സ്വർണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദമന്ദ-
മബ്ജാക്ഷനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാർത്ഥമാലയുമിട്ടീടിനാൾ.
മാലയും ധരിച്ചു നീലോല്പലകാന്തി തേടും

ബാലകൻ ശ്രീരാമനുമേററവും വിളങ്ങിനാൻ.
ഭൂമിനന്ദനയ്ക്കനുരൂപനായ് ശോഭിച്ചീടും
ഭൂമിപാലകബാലൻ തന്നെക്കണ്ടവർകളും
ആനന്ദാംബുധി തന്നിൽ വീണുടൻ മുഴുകിനാർ
മാനവവീരൻ വാഴ്കെന്നാശിയും ചൊല്ലീടിനാർ.

അദ്ധ്യാത്മരാമായണം] [എഴുത്തച്ഛൻ

---

പാഠം ൧൭

# അലക്സാൻഡരുടെ തോല്വി

രംഗം ൧.

(തക്ഷശില, ഒരു വെളിസ്ഥലം. ഒരു സന്ന്യാസി വെയിൽ കാഞ്ഞുകൊണ്ടു് ഇരിക്കുന്നു. മൂന്നു ഭടന്മാർ അടുത്തു ചെല്ലുന്നു.)

ഒരു ഭടൻ:—അവിടന്നു് ഒരു സന്ന്യാസിയാണല്ലോ ?

സന്ന്യാസി:—(അയാളെ സൂക്ഷിച്ചു നോക്കുന്നു. ഉത്തരം പറയുന്നില്ല.)

ഭടൻ:—എന്താണു് ഉത്തരം പറയാത്തതു് ?

സന്ന്യാസി:—എന്തു് ഉത്തരമാണു് പറയേണ്ടതു് ?

ഭടൻ:—അവിടന്നു ഒരു സന്ന്യാസിയാണോ എന്നു്.

സ:—ഞാൻ ആരാണെന്നറിഞ്ഞിട്ടു നിങ്ങൾക്കു് എന്തു വേണം ?

ഭ:—ഞങ്ങൾ ഒരു സന്ന്യാസിയെ തിരക്കിനടക്കയാണു്. കണ്ടിട്ടു് അവിടന്നു് ഒരു സന്ന്യാസിയാണെന്നും തോന്നുന്നു.

സ:—ഏതു സന്ന്യാസിയെയാണു തിരക്കുന്നതു് ? തിരക്കാൻ എന്തു തെററാണ് അയാൾ ചെയ്തതു് ?

ഭ:—തെററ് ഒന്നും ചെയ്തിട്ടില്ല. യോഗ്യനായ ഒരു സന്ന്യാസിയെ കണ്ടുപിടിക്കണം. അതിനാണു ഞങ്ങൾ പുറപ്പെട്ടിരിക്കുന്നതു്.

സ:—എന്നെ കണ്ടിട്ടു യോഗ്യനായ സന്ന്യാസിയെന്നു നിങ്ങൾക്കു തോന്നിയോ ?

ഭ:—ഞങ്ങൾക്ക് അങ്ങനെ തന്നെ തോന്നുന്നു.

സ:—ശരി, എങ്കിൽ അങ്ങനെ തന്നെ ഇരിക്കട്ടെ. നിങ്ങൾക്കു തോന്നുന്നതു ഞാൻ എന്തിനു തെററ് എന്നു പറയണം ?

ഭ:—എന്നാൽ അവിടന്നു ദയ ചെയ്തു് ഞങ്ങളോട് ഒത്തു വരണം.

സ:—എവിടേക്ക്, എന്തിന് ?

ഭ:—ഗ്രീസ് എന്ന പ്രസിദ്ധമായ ഒരു രാജ്യമുണ്ട്. അതു വളരെ ദൂരെ പടിഞ്ഞാറാണ്. അവിടത്തെ രാജാവു് അലക്സാൻഡർ നമ്മുടെ നാടു പിടിച്ചു എന്നു് അവിടന്നു കേട്ടില്ലേ ?

സ:—ഇപ്പോൾ കേട്ടു. അതിനു ഞാൻ എന്തു വേണം ?

ഭ:—അദ്ദേഹം നമ്മുടെ നാടു ജയിച്ചെങ്കിലും ഈ ദേശത്തോടു വളരെ ഭക്തിയുള്ള ആളാണ്. ഇവിടത്തെ മഹാന്മാരായ ഋഷികളെപ്പററി അദ്ദേഹം കേട്ടിട്ടുണ്ട്. ഒരു ഋഷിയെ കാണണം എന്നു് അദ്ദേഹം കല്പിച്ചിരിക്കയാണ്.

സ:—അതിനാണോ ഞാൻ കൂടെ വരേണ്ടതു് ?

ഭ:—അതേ.

സ:—ഇന്നു ഞാൻ ഇവിടെനിന്നു് ഇളകുകില്ല എന്നു വച്ചിരിക്കയാണു്.

ഭ:—എന്താണു് ? വിശേഷിച്ചു വല്ല കാര്യവും ഉണ്ടോ ?

സ:—ഇല്ല, ഇവിടെ നിന്നും ഇളകാൻ വല്ല കാര്യവും ഉണ്ടോ ?

ഭ:—ഉണ്ടു്.

സ:—എന്താണു് ? പറയണം.

ഭ:—ഇൻഡ്യാ ജയിച്ചു കീഴടക്കിയ അലക്സാൻഡർ ചക്രവർത്തിയുടെ കല്പന.

സ:—ഞാൻ ഇവിടെനിന്നു ഇളകണമെന്നോ? അദ്ദേഹത്തോടു് ഇൻഡ്യ ജയിക്കാൻ ആരു കല്പിച്ചു ?

ഭ:—ഞങ്ങൾക്കു തെററിപ്പോയി. നിങ്ങൾ സന്ന്യാസിയല്ല. വെറും ഭ്രാന്തനാണു്.

സ:—അങ്ങനെയാണോ നിങ്ങൾക്കു തോന്നുന്നതു് ? ഞാൻ സന്ന്യാസിയാണെന്നു നിങ്ങളോടു പറഞ്ഞില്ലല്ലോ.

ഭ:—ഭ്രാന്തനാണെന്നും സമ്മതിക്കണ്ട.

സ:—വേണ്ട. എന്നാൽ ഇനിയും നിങ്ങൾക്കു പോകാമല്ലോ.

ഭ:—നിങ്ങളെ കൊണ്ടേ പോകൂ.

സ:—അലക്സാൻഡരുടെ കല്പനകൊണ്ടോണോ ?

ഭ:—അതേ.

സ:—നിങ്ങൾ കല്പന അനുസരിക്കുന്നവരാണോ ?

ഭ:—അതേ. ഞങ്ങൾ ഭടന്മാരാണ്. കല്പന അനുസരിക്കുന്നതാണു ഞങ്ങളുടെ തൊഴിൽ.

സ:—എന്നാൽ കൊള്ളാം. നാം ഇതാ കല്പിക്കുന്നു. അലക്സാൻഡരെ ഇവിടെ കൂട്ടിക്കൊണ്ടു വരിക.

ഭ:—അതു നിങ്ങൾക്കു ഭടന്മാരുണ്ടെങ്കിൽ കല്പിക്കണം.

സ:—നിങ്ങൾ എന്റെ ഭടന്മാരല്ലേ? പിന്നെ ആരുടെ ഭടന്മാരാണ് നിങ്ങൾ?

ഭ:—ഞങ്ങൾ പൗരവൻ എന്ന രാജാവിന്റെ ഭടന്മാരാണ്. ആ മഹാരാജാവിനെ അലക്സാൻഡർ തോല്പിച്ചു. അലക്സാൻഡർക്ക് ഒരു സന്ന്യാസിയെ കാണണമെന്ന് ആഗ്രഹമുണ്ട്. അതുകൊണ്ടാണു നിങ്ങളെ കൊണ്ടുപോകാമെന്നു കരുതിയത്.

സ:—അപ്പോൾ നിങ്ങൾ എന്റെ ഭടന്മാരല്ല. അതിനു കാരണം ഞാൻ നിങ്ങളുടെ രാജാവിനെ തോല്പിക്കാത്തതുമാണ്. തോല്പിക്കുന്നവരുടെ ദാസന്മാരാണു നിങ്ങൾ. മര്യാദക്കാരെ ഉപദ്രവിക്കുന്നവരുമാണ്.

ഭ:—(ലജ്ജിച്ചിട്ട്) അവിടന്നു പറയുന്നതു ശരി തന്നെ എന്നു തോന്നുന്നു. ഞങ്ങൾ പിന്നെ എന്താണു ചെയ്യേണ്ടത്?

സ:—അലക്സാൻഡർ എന്നെ തോല്പിച്ചിട്ടില്ല, അയാൾ പറയുന്നതു ഞാൻ കേൾക്കയും ഇല്ല. അയാളെ എനിക്കു കാണണമെന്നും ഇല്ല.

ഭ:—ഞങ്ങൾ ബലാല്ക്കാരമായി കൊണ്ടുപോയാലോ?

സ:—നിങ്ങൾക്കു ഒരു തെററു ചെയ്വാൻ എന്റെ അനു

വാദം വേണമെന്നില്ലല്ലോ ?

ഭ:—(ലജ്ജിച്ചു തൊഴുതുകൊണ്ടു്) ഈ നിമിഷം തൊട്ടു ഞങ്ങൾ അവിടത്തെ ശിഷ്യന്മാരാണു്. ഇൻഡ്യയെ ജയിച്ചു ഭരിക്കുന്നതു് അവിടത്തെപ്പോലുള്ള ഋഷികളുടെ ശക്തിയാണു്. അലക്സാൻഡരുടെ കല്പനകൾ അല്ല. എന്നാൽ ഞങ്ങൾ എന്താണു് അദ്ദേഹത്തോടു ചെന്നു പറയേണ്ടതു് എന്നു ഉപദേശിക്കണം.

സ:—നിങ്ങൾ പറയേണ്ടതോ ? എനിക്കു് അദ്ദേഹത്തെ കാണ്മാൻ ആഗ്രഹമില്ല. അദ്ദേഹത്തിനു് എന്നെ കാണ്മാൻ ആഗ്രഹമുണ്ടെങ്കിൽ ഇങ്ങോട്ടു വരാമല്ലോ എന്നു പറയുക.

ഭ:—അങ്ങനെ അറിയിക്കാം.

(തൊഴുതുകൊണ്ടു പോകുന്നു.)

രംഗം ൨.

(അലക്സാൻഡരും ഭടന്മാരും സന്ന്യാസി ഇരിക്കുന്നിടത്തു പ്രവേശിക്കുന്നു.)

അല:—ഇതാണോ നിങ്ങൾ പറഞ്ഞ സന്ന്യാസി ?

ഭ:—കല്പന. ഇദ്ദേഹം തന്നെ.

അല:—നാം ഈ രാജ്യം ജയിച്ചു് അടക്കിയ ചക്രവത്തിയാണു് എന്നു പറഞ്ഞില്ലേ ?

ഭ:—പറഞ്ഞു.

അല:—എന്നിട്ടു് ?

ഭ:—അദ്ദേഹത്തെ ആരും ജയിച്ചിട്ടില്ലെന്നാണു പറയുന്നതു്.

അല:—എന്നാൽ അദ്ദേഹത്തെ പിടിച്ചുകെട്ടി കൊണ്ടുവരാത്തതെന്തു് ?

ഭ:—ഞങ്ങൾ അങ്ങനെ ചെയ്യുമെന്നു ഭയപ്പെട്ടത്തി, അതു് ഒരു തെററായിരിക്കും എന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം.

അല:—അയാളുടെ അഭിപ്രായമാണോ നിങ്ങൾ വ്കവയ്ക്കേണ്ടതു് ?

ഭ:—കല്പനയുണ്ടെങ്കിൽ ഇപ്പോൾ തന്നെ പിടിച്ചുകെട്ടാമല്ലോ. എന്നാൽ ഒരു കാര്യം ബോധിപ്പിക്കാനുണ്ടു്. ഞങ്ങൾ സാധാരണ പിടിച്ചുകെട്ടുന്നതു കള്ളന്മാരെയും ദുഷ്ടന്മാരെയും ആണു്. അവിടന്നു കാണാൻ ആഗ്രഹിച്ചതു ഒരു വലിയ ഋഷിയെ ആണു്. അതുകൊണ്ടു് ഞങ്ങൾ ഇദ്ദേഹത്തെ ഒരു കള്ളനെ എന്നപോലെ കൊണ്ടുവന്നാലോ?

അല:—അതു ശരി തന്നെ. നമുക്കു് അടുത്തു ചെല്ലാം. (അവർ അടുത്തു ചെല്ലുന്നു.)

അല:—(സന്ന്യാസിയെ നോക്കിക്കൊണ്ടു്) അവിടത്തെ കാണാനാണു ഞാൻ വന്നിരിക്കുന്നതു്. (സന്ന്യാസി ഒന്നും പറഞ്ഞില്ല.)

അല:—എന്താണു് ഒന്നും മിണ്ടാത്തതു് ?

സ:—എന്നെ കാണാൻ വന്നു എന്നല്ലേ പറഞ്ഞതു്? എന്നോടു സംസാരിക്കാനാണു വന്നതു് എന്നല്ലല്ലോ പറഞ്ഞതു്.

അല :—കാണ്മാനും സംസാരിക്കാനും തന്നെ. ഭടന്മാർ വന്ന് അറിയിച്ചിട്ട് എന്തുകൊണ്ടാണ് അങ്ങോട്ടു വരാഞ്ഞത് ?

സ :—അങ്ങോട്ടു വരാൻ എനിക്ക് ആവശ്യമൊന്നും ഇല്ല.

അല :—നിങ്ങളുടെ ആവശ്യത്തെപ്പററി ആര തിരക്കി? ഈ രാജ്യത്തെ ജയിച്ച നാം കല്പിച്ചാൽ നിങ്ങൾ അനുസരിക്കേണ്ടേ?

സ :—നിങ്ങൾ ജയിച്ചു എന്ന് എനിക്ക് അറിഞ്ഞുകൂടാ. നിങ്ങൾ ജയിക്കണം എന്നു ഞാൻ ആവശ്യപ്പെട്ടതും ഇല്ല.

അല :—ഭടന്മാക്കു തെററു പററിയതാണെന്നു തോന്നുന്നു. നിങ്ങൾ വെറും ഭ്രാന്തൻ തന്നെ. ലോകത്തിലെ കഥകൾ ഒന്നും അറിയാത്തതുപോലെ അല്ലേ സംസാരിക്കുന്നത്?

സ :—അല്ല. നിങ്ങളുടെ കഥ മാത്രമേ എനിക്കു അറിയാതെ ഉള്ളൂ.

അല :—എന്റെ കഥ ഞാൻ ഇൻഡ്യയെ അറിയിച്ചു കഴിഞ്ഞു. ഇൻഡ്യാ എനിക്ക് അടിപണിയുന്നു.

സ :—അതുകൊണ്ടും തൃപ്തിയില്ലെന്നുണ്ടോ?

അല :—എന്റെ തൃപ്തിയെപ്പററി അന്വേഷിക്കാൻ വരട്ടെ. നിങ്ങളെപ്പോലെ എന്നെ വെല്ലുവിളിക്കുന്നവർ ഉള്ളപ്പോൾ ഞാൻ എന്താണു ജയിച്ചത് ?

സ:—നിങ്ങൾ ജയിച്ചു എന്നു വെറുതേ വിചാരിക്കയാണ്.

അല:—പിന്നെ, ഞാൻ എന്തു ചെയ്തതായിട്ടാണു നിങ്ങൾ കരുതുന്നതു? ഗ്രീസുതൊട്ട് ഇവിടംവരെയുള്ള സകല രാജ്യങ്ങളും ഞാൻ പിടിച്ചടക്കി. അതു ജയമായി കരുതുന്നില്ലെന്നോ?

സ:—ഇല്ല. നിങ്ങൾ ഗ്രീസുതൊട്ട് ഇവിടംവരെയുള്ള ആളുകളെ ഉപദ്രവിച്ചു എന്നേ ഞാൻ കരുതുന്നുള്ളൂ. ഒരു തെററും ചെയ്യാത്ത പാവങ്ങളെ നിങ്ങൾ ദ്രോഹിച്ചു.

അല:—രാജ്യകാര്യങ്ങളെപ്പററി ആലോചിക്കാൻ നിങ്ങൾക്കു കഴിവില്ല. അതുകൊണ്ടാണ് ഇങ്ങനെ പറയുന്നതു്.

സ:—എനിക്കു രാജ്യകാര്യങ്ങൾ അറിയണമെന്നില്ല. തെററു ചെയ്യാതെ ജീവിക്കുന്നവരെ കൊന്നൊടുക്കുന്ന നിങ്ങളുടെ വിരുതു് എനിക്കു കേൾക്കണമെന്നും ഇല്ല.

അല:—ഇക്കാര്യങ്ങൾ നില്ക്കട്ടെ. നിങ്ങൾ എൻെറ കൂടെ വരുമോ?

സ:—എനിക്ക് അതിന് ആഗ്രഹമില്ല.

അല:—ബലാൽ എടുപ്പിച്ചുകൊണ്ടുപോയാലോ?

സ:—ആ വിധത്തിൽ ബഹുമാനിക്കുന്നതു നിങ്ങളെപ്പോലെയുള്ളവരെ ആണു. മററാരുടെയും ചുമലിൽ കേറാൻ എനിക്ക് അവകാശമില്ല.

അല:—(ഉള്ളിൽ ബഹുമാനം നിറഞ്ഞ്) നിങ്ങൾ എൻെറ കൂടെ വന്നാൽ ഞാൻ അതു വളരെ ബഹുമതിയായി കരുതും. നിങ്ങളുടെ അറിവും ഉപദേശവും എനിക്കു ഉപകാരപ്പെടുകയും ചെയ്യും.

സ:—ഒരിടത്തോടും മമതയില്ലാത്ത എനിക്കു എവിടവും ആരും ഒപ്പമാണ്. കൂടെ വരുന്നതിനോ, ഇവിടെ ഇരിക്കുന്നതിനോ എനിക്കു വിരോധമില്ല.

അല:—ഞാൻ ഗ്രീസിൽ പോകുമ്പോൾ എന്നോടൊത്തു വരാൻ ദയ ഉണ്ടാകണം. എന്തു വേണമെങ്കിലും ഞാൻ അവിടത്തേക്കു തരാം. എന്താണ് ആവശ്യം എന്നു പറയണം.

സ:—എനിക്ക് ഒന്നിനും ആവശ്യമില്ല.

അല:—എന്തെങ്കിലും അവിടത്തേക്കു ചെയ്തു തരണം എന്ന് എനിക്ക് ആഗ്രഹമുണ്ട്.

സ:—എന്നാൽ ഇത്രയും ഒരു ഉപകാരം ചെയ്യുക. ഞാൻ ഇവിടെ വെയിലു കായുകയാണ്. നിങ്ങൾ വെയിലു മറച്ചുകൊണ്ടാണു ഇപ്പോൾ നില്ക്കുന്നത്. അല്പം മാറി നിന്നാൽ ഉപകാരമായിരിക്കും. എനിക്കു നിങ്ങൾ ചെയ്യേണ്ടതു് അത്രമാത്രമേ ഉള്ളു.

അല:—(ലജ്ജിച്ചു മാറി നില്ക്കുന്നു. അല്പം കഴിഞ്ഞു സന്ന്യാസിയോടു യാത്ര ചോദിച്ചുകൊണ്ടു പോകുന്നു.)

പാഠം ൨൭

# സമുദ്രമസ്തകത്തിലെ ജംഗമോദ്യാനങ്ങൾ

ഒരിക്കൽ പാണ്ഡവന്മാൎക്കും കൂടെയുണ്ടായിരുന്ന പാഞ്ചാലന്മാൎക്കും ഗംഗാനദി കടക്കേണ്ടി വന്നപ്പോൾ തോണിയില്ലാതെ വിഷമിക്കുകയാൽ കൂടെയുണ്ടായിരുന്നവരെയെല്ലാം തലയിലെടുത്തുവച്ചുകൊണ്ടു ഭീമസേനൻ മറുകരയിലേക്കു നീന്തിക്കയറി എന്നു ചാക്യാന്മാർ കഥ പറയുന്നതു നിങ്ങളിൽ ചിലർ കേട്ടിരിക്കും. ഭീമസേനന്റെ മസ്തകം ഒരു വലിയ തോട്ടമാണെന്നു ധരിച്ചു വഴിപോക്കരിൽ ചിലർ ഗംഗാമദ്ധ്യത്തിൽ വച്ചു പല ചാപല്യങ്ങൾക്കു് ആരംഭിച്ചു. വെററിലസഞ്ചി അഴിച്ചു വച്ചുകൊണ്ടു ചിലർ മുറുക്കുവാൻ തുടങ്ങി. പാക്കു ചതയ്ക്കാതെ വെററില തിന്മാൻ നിവൃത്തിയില്ലാത്ത വൃദ്ധന്മാർ ഭീമന്റെ തലയിൽവച്ചു പാക്കു തല്ലിച്ചതച്ചപ്പോൾ തലയിൽ കല്ലു കൊണ്ടിടിക്കുന്നതറിഞ്ഞു ഭീമസേനൻ പതുക്കെ ഗംഗയിലേക്കു തലതാഴ്ത്തിയതുകൊണ്ടു സഞ്ചികളും ഭാണ്ഡങ്ങളും മുറുക്കാൻ പൊതികളുമെല്ലാം വെള്ളത്തിൽ ഒഴുകിപ്പോയി എന്നും കമുകുകൾപോലെ നിന്നിരുന്ന തലനാരുകളിൽ കെട്ടിപ്പിടിച്ചു വഴിപോക്കർ ഒഴുകിപ്പോകാതെ കഴിച്ചുകൂട്ടി എന്നും മററും ടി കഥ ഫലിതമായി വൎണ്ണിക്കാറുണ്ടു. മേല്പറഞ്ഞ തരത്തിലുള്ള കാല്പനികകഥകളിലെ അതിശയയാക്തി വി

സ്സാരത്തോടുകൂടി അതിക്രമിക്കുന്ന മഹാവാഹനങ്ങൾ ആധുനിക കാലത്തു മനുഷ്യൎക്കു സ്വാധീനമായിരിക്കുന്നു. അങ്ങനെയുള്ള വാഹനങ്ങളുടെ കാൎയ്യം വിചാരിക്കുമ്പോൾ അമാനുഷമൂൎത്തികൾക്കു പോലും അത്രമാത്രം ഭാരം വഹിച്ചുകൊണ്ടു അവയെപ്പോലെ വേഗത്തിൽ സഞ്ചരിക്കാൻ ശക്തിയുണ്ടോ എന്നു സംശയമാണ്. ഭൂമണ്ഡലം വഹിച്ചുകൊണ്ടു ഗമിച്ച ഹിരണ്യാക്ഷനെപ്പോലെ വല്ല അസുരന്മാൎക്കുമല്ലാതെ താദൃശമായ ഭാരം വഹിക്കുവാൻ സാധിക്കുകയില്ല. പ്രസ്തുത വാഹനങ്ങളെ നയിക്കുന്ന അസുരനേതെന്നു ചോദിച്ചാൽ അതു് ആവിയാണെന്നു പറയേണ്ടിയിരിക്കുന്നു.

ഏകദേശം മൂവായിരം ജനങ്ങളെ, അതായതു് ഒരു ചെറിയ പട്ടണത്തിൽ ഉള്ളവരെയെല്ലാം, കയററിക്കൊണ്ടു പോകുവാൻ ഒരു ആവിക്കപ്പൽ മതിയാകും. മൂവായിരം പേരെ മാത്രമോ? അല്ല. അവരുടെ പെട്ടികൾ, സഞ്ചികൾ, ഭാണ്ഡങ്ങൾ മുതലായ സാമഗ്രികളും ആ കൂട്ടത്തിൽ ഉൾപ്പെടും. വേഗത്തിന്റെ കാൎയ്യം ആലോചിച്ചാൽ അതിശീഘ്രമായി ഓടുന്ന അശ്വങ്ങൾ പോലും ആവിക്കപ്പലിനോടു മടങ്ങുകയേ ഉള്ളു. ഇൻഡ്യയിൽനിന്നു യൂറോപ്പിൽ എത്തുവാൻ പതിനഞ്ചു ദിവസം വേണമെന്നില്ല. അമേരിക്കയിൽനിന്നു യൂറോപ്പിലേക്കു കൂടിയാൽ ഒരാഴ്ച മതി. തീക്കപ്പലിൽ സഞ്ചരിക്കുന്നതിനു അസൗകൎയ്യമുണ്ടോ എന്ന ശങ്കയ്ക്കു് അവകാശം ലേശവും ഇല്ല. കരയ്ക്കു ഒരു നഗരത്തിൽ നിവസിക്കുന്നതിനു പകരം വെള്ളത്തിനു മീതെ ജംഗമമായ

ഒരു ഉദ്യാനമന്ദിരത്തിൽ ഇരിക്കുന്നതായിട്ടല്ലാതെ തീക്കപ്പലിൽ പോകുന്നവൎക്കു തോന്നുകയില്ല. കപ്പൽയാത്രയ്ക്കു വേണ്ട ആഹാരസാധനങ്ങൾ നിങ്ങൾ കരുതിക്കൊണ്ടുപോകേണ്ട കാൎയ്യമില്ല. ആഹാരവും പാനീയവും എല്ലാം കപ്പലിൽ തന്നെ സുലഭമാണ്. ശയ്യകളും മററു നിദ്രോപകരണങ്ങളും നിങ്ങൾക്കു സജ്ജമായിരിക്കും. പുസ്തകങ്ങൾ എന്നു വേണ്ട ഗ്രന്ഥശാലകൾ വേണമെന്നുണ്ടെങ്കിലും കപ്പലിൽ ഉണ്ടാകും. സ്നാനത്തിനു താല്പൎയ്യം ഉണ്ടെങ്കിൽ അതിനു വേണ്ട സ്ഥാനങ്ങൾ കപ്പലിൽ തയാർ. തല്ക്കാലം കറന്ന പാലു മാത്രമേ കുടിക്കുകയുള്ളൂ എന്നു നിൎബ്ബന്ധമുള്ളവരുടെ ആവശ്യത്തിനു പശുക്കളും കുക്കുടാണ്ഡഭുക്കുകളുടെ പ്രീതിക്കു വേണ്ടി കോഴികളും വേണ്ടപോലെ കപ്പലിൽ ഉണ്ടായിരിക്കും. കരയ്ക്കുള്ളവരെ എന്തെങ്കിലും ഗ്രഹിപ്പിക്കണമെന്നു സമുദ്രമദ്ധ്യത്തിൽ വച്ചു നിങ്ങൾക്കു തോന്നിയാൽ കമ്പിയില്ലാത്ത കമ്പിത്തപാൽവഴി അതു സാധിക്കാവുന്നതാണ്. ഇങ്ങനെ സൗകൎയ്യസമൃദ്ധി സാധാരണ നഗരങ്ങളിൽ പോലും ദുൎല്ലഭമായിരിക്കും.

യാത്രക്കാരുടെ സൗകൎയ്യത്തിനു സംഭരിക്കേണ്ട സാധനങ്ങൾക്കു പുറമേ തന്നതാവശ്യം പ്രമാണിച്ചു കുന്നുപോലെ കൂട്ടാവുന്നിടത്തോളം കല്ക്കരിയും അനേക തടാകങ്ങൾ നിറയ്ക്കാൻ മതിയാകുന്നിടത്തോളവും ശുദ്ധജലവും തീക്കപ്പൽ ശേഖരിച്ചുകൊണ്ടാണു യാത്ര പുറപ്പെടുന്നതു്. കല്ക്കരി എരിച്ചു വെള്ളം തിളപ്പിക്കുന്നതിൽ നിന്നു് ഉണ്ടാകുന്ന ആവിയാണു കപ്പലിൻെറ ചലന

ശക്തിക്കു കാരണം. സമുദ്രമദ്ധ്യത്തിൽക്കൂടി സഞ്ചരിക്കുന്ന കപ്പലിനു പ്രത്യേകം വെള്ളം കരുതേണ്ട കാര്യം ഉണ്ടോ എന്നു നിങ്ങൾക്കു തോന്നുമായിരിക്കും. സമുദ്രത്തിലെ ഉപ്പുവെള്ളം എടുത്തു് ആവിയുണ്ടാക്കിയാൽ ആ വെള്ളം ആവിയാകുമ്പോൾ അവശേഷിക്കുന്ന ഉപ്പു കേറിയടഞ്ഞു കഥക്കെട്ടുകൊണ്ടു കണ്ണംപോലെ "ബായിലറുകൾ" അഥവാ കഥനപാത്രങ്ങൾ, കണ്ണങ്ങളായി തീരുന്നതാണു്. അല്ലെങ്കിൽ കടൽവെള്ളത്തിൽ നിന്നു് ഉണ്ടാകുന്ന ഉപ്പു് നീക്കിക്കളയുവാൻ പ്രത്യേക യന്ത്രങ്ങൾ വേണ്ടതാകുന്നു. വീടുകളിൽ പാത്രത്തിൽ വെള്ളം തിളയ്ക്കുമ്പോൾ "ഘുമുഘുമാ" എന്നു് ഉദ്ഗമിക്കുന്ന ആവിക്കു ഗംഭീരങ്ങളും മഹാമൂർത്തികളും ആയ കപ്പലുകളെ പ്രോത്സരിപ്പിക്കുവാനുള്ള വീര്യമുണ്ടെന്നുള്ളതു അത്ഭുതകരം തന്നെയാണു്. കപ്പലിനെ വ്യാപരിപ്പിക്കുന്ന ആവിക്കു ചൂടു കൂടുമെന്നുള്ള ഭേദമല്ലാതെ നാം വീടുകളിൽ കാണാറുള്ള ആവിയിൽനിന്നു മററു വ്യത്യാസമൊന്നുമില്ല. ആവി ജലത്തിൻെറ രൂപാന്തരം ആണല്ലോ. ആദിത്യൻെറയോ അഗ്നിയുടെയോ ചൂടു തട്ടുമ്പോൾ ജലം ആവിയായിത്തീരുന്നു. ആദിത്യദേവതയായ മിത്രനും ജലത്തിൻെറ അധിദേവതയായ വരുണനും തമ്മിൽ യോജിച്ചിരിക്കുമ്പോൾ രണ്ടുപേരെയും ചേർത്തു മിത്രാവരുണന്മാർ എന്നു പറയുന്നു. മിത്രാവരുണന്മാരുടെ പുത്രനാകയാൽ അഗസ്ത്യമഹർഷിക്കു മൈത്രാവരുണി എന്നു നാമധേയം ഉണ്ടായി. അഗസ്ത്യൻെറ ജനനം ഒരു കുടത്തിലായിരുന്നു. അതുകൊ

ണ്ടു അഗസ്ത്യനെ കുംഭസംഭവൻ എന്നും പറയുന്നു. അഗസ്ത്യനാകട്ടെ ഒരു ചുളുകംകൊണ്ടു സമുദ്രം മുഴുവൻ കുടിച്ചതായും ഹിന്തുക്കളുടെ പുരാണങ്ങൾ ഘോഷിക്കുന്നു. ഇതിന്റെ ഒക്കെ അത്ഥം ആവിയുടെ ഉല്പത്തിയും മാഹാത്മ്യവും അല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മിത്രാവരുണന്മാരുടെ വീൎയ്യം ഘടത്തിൽ സംഘടിച്ചു അഗസ്ത്യൻ ഉണ്ടായി എന്നു പറയുന്നതു കുടത്തിൽ വച്ചിരുന്ന വെള്ളത്തിൽ ആദിത്യന്റെ ചൂടുകൊണ്ടു് ആവിയുണ്ടായി എന്നു പറയുന്നതിന്റെ പ്രകാരാന്തരമാകുന്നു. അങ്ങനെയുള്ള ആവിക്കു സമുദ്രം തുച്ഛമാണെന്നു പറയുന്നതിനു തുല്യമാകുന്നു അഗസ്ത്യൻ സമുദ്രം കുടിച്ചു എന്നു പറയുന്ന കഥ. നമ്മുടെ ഊഹം ശരിയാണെങ്കിൽ ആവിയുടെ ഭാവിവൈഭവത്തെപ്പററി പൂൎവ്വന്മാരായ ആൎയ്യന്മാർ ഗ്രഹിച്ചിരുന്നതായി വിചാരിക്കാവുന്നതാകുന്നു. ആധുനികന്മാരായ പാശ്ചാത്യന്മാർ മിത്രാവരുണന്മാൎക്കു പകരം അഗ്നിവരുണന്മാരിൽനിന്നു് അഭിനവകുംഭസംഭവനായ ആവിയെ നിൎമ്മിച്ചു ദുസ്തരമായ സമുദ്രത്തെ തുച്ഛീകരിക്കുന്നു. അതുകൊണ്ടു വൈദികഭാഷയിൽ പറയുമ്പോൾ തീക്കപ്പലിന്റെ വ്യാപാരമെല്ലാം ആഗ്നിവാരുണം (അഗ്നിയെയും വരുണനെയും ഒരുമിച്ചു സംബന്ധിക്കുന്നതു്) ആയ മന്ത്രശക്തികൊണ്ടാണെന്നു പറയേണ്ടിയിരിക്കുന്നു.

പുരാതനാൎയ്യന്മാർ ആവിയുടെ ആശ്ചൎയ്യകരമായ വീൎയ്യം ഗ്രഹിച്ചിരുന്നാലും ഇല്ലെങ്കിലും ആവിക്കപ്പലു

കൾ ആവിർഭവിച്ചിട്ടിപ്പോൾ നൂററിൽ ചില്വാനം സം വത്സരങ്ങളേ ആയിട്ടുള്ളൂ. അതിനു മുമ്പു ജലാശയങ്ങ ളെയും ജലരാശിയെയും തരണം ചെയ്യുന്നതിനു മനു ഷ്യർ പ്രയോഗിച്ചുവന്ന കൗശലങ്ങൾ മററു പ്രകാര ത്തിലായിരുന്നു. ആദിമ മനുഷ്യർ പൊങ്ങുതടികളിൽ കയറി ആറുകളുടെയും കായലുകളുടെയും ഒരു കരയിൽ നിന്നു മറുകരയ്ക്കു പൊയ്ക്കൊണ്ടിരുന്നു. പൊങ്ങുതടി യിൽ കയറി ജലയാത്ര ചെയ്തിരുന്ന പൂർവ്വന്മാരുടെ കാൽ വിരലുകൾ മിട്ഠായിപോലെ ചീങ്കണ്ണികൾ തിന്നിരി ക്കാൻ ഇടയുണ്ട്. പിന്നീട് അനേകം പൊങ്ങുതടി കൾ ഏച്ചുകെട്ടി ജലത്തിൽ സഞ്ചരിക്കുവാൻ മനുഷ്യർ പ്രയോഗിച്ചു തുടങ്ങി. ആ വിദ്യ കടലിൽ മത്സ്യം പിടി ക്കുന്നവർ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതു നാം കാണാറുണ്ടല്ലോ. മേലൊക്കെ വെള്ളമാകുമെന്നും തണു പ്പു തട്ടുമെന്നും മററുമുള്ള ശല്യങ്ങൾ ഒഴിക്കാൻ ഇതു കൊണ്ടും മതിയാകുകയില്ല. അതുകൊണ്ടു സുഖസ ഞ്ചാരത്തിനു തടിയിൽ കുഴിച്ചു മനുഷ്യർ തോണികളും വഞ്ചികളും ഉണ്ടാക്കിത്തുടങ്ങി. പിന്നീടു പലകകൾ ഏച്ചുചേർത്തു വലിയ കെട്ടുവള്ളങ്ങൾ നിർമ്മിച്ചു. അതി നെ പടിപടിയായി പരിഷ്കരിച്ചു പത്തേമാരികളും പഴ യ തരം കപ്പലുകളും ഉണ്ടാക്കി. ഇങ്ങനെയുള്ള യാന പാത്രങ്ങൾ നയിക്കുന്നതിനു മനുഷ്യർക്കുള്ള ഉപകരണ ങ്ങൾ കഴക്കോലും നൻപും തണ്ടും വായുവും ആകുന്നു. തണ്ടും തുഴയും വെള്ളത്തിലിട്ടു പിമ്പോട്ടു നീക്കുവാൻ നോക്കുമ്പോൾ വെള്ളം അവയെ തടയുന്നതു നമുക്കു

അറിയാറാകും. വെള്ളത്തിൻെറ തടസ്സത്തെ ജയിക്കുവാൻ തണ്ടുകൊണ്ടു നാം വെള്ളത്തിനെ പുറകോട്ടു തള്ളുന്നു. ഇങ്ങനെ വെള്ളം പിൻപോട്ടു തള്ളപ്പെടുന്നതോടുകൂടി വള്ളം മുമ്പോട്ടു പോകുന്നു. വെള്ളത്തിനു പ്രതികൂലമായി പ്രയോഗിക്കുന്ന ബലം വള്ളത്തിന് അനുകൂലമായി പരിണമിക്കുന്നു. കപ്പലുകളിലും വള്ളങ്ങളിലും പാകെട്ടി വായുവിൻെറ ബലം കടം വാങ്ങി വളരെക്കാലത്തേക്കു ജനങ്ങൾ യാനപാത്രങ്ങളെ നയിച്ചുവന്നു. കാററിനെ ശരണം പ്രാപിക്കുന്നതിലുള്ള ഒരു വൈഷമ്യം കാററു നിലച്ചുപോകുന്നതോടുകൂടി കപ്പലും നിന്നുപോകും എന്നുള്ളതാകുന്നു. കാററിൻെറ അവ്യവസ്ഥയ്ക്കു് അധീനമായി കപ്പൽ വല്ലേടവും ചെന്നുചേന്ന എന്നും വരും. കാററിൻെറ ഗതി അനുകൂലമാകുന്നതിനു തക്കവും തരവും നോക്കി കപ്പൽക്കാർ കാത്തുകെട്ടിക്കിടക്കുന്നതും സാധാരണമായിരുന്നു.

ഇങ്ങനെ കാററിൻെറ ചാപല്യങ്ങൾ എല്ലാം അനുസരിച്ചു കപ്പൽ ഓടിച്ചുവന്ന വളരെ വഷശതങ്ങൾ കഴിഞ്ഞശേഷമാണ് ആവിയുടെ കാൎയ്യം മനുഷ്യരുടെ ആലോചനയ്ക്കു വിഷയീഭവിച്ചതു്. മററുള്ള കാൎയ്യങ്ങളിലെന്നപോലെ ഇതിലും പ്രാരംഭപരിക്ഷകൾ പ്രായേണ വിഫലങ്ങൾ ആകയാണു ചെയ്തതു്. വിഫലയത്നന്മാരായ പലരും ഹൃദയവേധംമൂലം മരിച്ചതായും പറയപ്പെട്ടിരിക്കുന്നു. ഏകദേശം നൂററിൽ ചില്വാനം സംവത്സരങ്ങൾക്കു മുമ്പ് സ്കാട്ട്ലൻഡ് ദേശത്തു ക്ലൈഡ് നദിയിൽ ഇദംപ്രഥമമായി ആവിയു

പ്രയോഗിച്ച് ഒരു ചെറിയ കപ്പൽ ഓടിച്ചു നോക്കി. കുതിരകൾക്കു ദുർഭരമായ ഭാരം വലിക്കുന്നതിന് ആ കപ്പൽ പ്രാപ്തമാണെന്നു കണ്ടുവെങ്കിലും അതുകൊണ്ടു പ്രയോജനമുണ്ടാകുമെന്നു ജനങ്ങൾക്കു വിശ്വാസമുണ്ടായില്ല. തന്നിമിത്തം അതു തിരസ്കൃതമായി. കാലക്രമത്തിൽ ജീർണ്ണതയെ പ്രാപിച്ചു. ഏതാനും വത്സരങ്ങൾ കഴിഞ്ഞു 'റാബർട്ടു ഫുൾട്ടൺ' എന്നയാൾ അമേരിക്കയിൽ 'ക്ലേർമൺഡ്' എന്ന ഒരു കപ്പൽ ഉണ്ടാക്കി ഹഡ്സൻ നദിയിൽ ഓടിച്ചുകാണിച്ചു. അത് ആധുനിക മഹായാനപാത്രങ്ങളുടെ മുന്നോടിയായി ഗണിക്കത്തക്കതാകുന്നു. ഇംഗ്ലണ്ടിൽ ആവിയന്ത്രമുഖേനയമായി ആദ്യ ഓടിക്കപ്പെട്ട കപ്പലിന്റെ പേർ 'ദി തെംസ്' എന്നും, അത് ഓടിച്ചുനോക്കിയതു ക്രിസ്തുവഷം ൧൮൧൫-ൽ ആയിരുന്നു എന്നും കാണുന്നു. ആയിടയ്ക്കു് അമേരിക്കയിൽ നിന്ന് അററ്ലാൻറിക്ക സമുദ്രം കടന്നു ഒരു ആവിക്കപ്പൽ ഇംഗ്ലണ്ടിൽ വന്നുചേന്നു. അതു വിസ്മയകരമാണെന്ന് എല്ലാവക്കും തോന്നിയെങ്കിലും സ്ഥിരസാഫല്യം അതുകൊണ്ടു സാധിക്കുമോ എന്ന സംശയം പിന്നെയും വിട്ടുമാറിയില്ല. അനന്തരം ഇരുപതുവഷം കഴിഞ്ഞായിരുന്നു 'ബ്രൂണൽ' എന്ന സമത്ഥൻ 'ഗ്രേററ വെസ്റ്റേൺ' (മഹാപശ്ചിമൻ എന്നത്ഥം) എന്ന ആവിക്കപ്പൽ നിമ്മിച്ച് അത് ഓടിച്ചു പതിനാലു ദിവസംകൊണ്ടു് അമേരിക്കയിൽ വന്നുചേന്നതു്. അത്രയും ദൂരം പോകുന്നതിനു പായ്ക്കപ്പലിനു ചുരുങ്ങിയപക്ഷം ഒരു മാസം വേണ്ടിയിരുന്നു. 'മഹാ

പശ്ചിമന്റെ' ഉല്പത്തിക്കുശേഷം അനേകസഹസ്രം ആവിക്കപ്പലുകൾ ആവിർഭവിക്കുകയും അവ ആശ്ചര്യം എന്നു വിചാരിച്ചിരുന്ന കാലം പാശ്ചാത്യരുടെ ഇടയിൽ അസ്തമിക്കുകയും ചെയ്തിരിക്കുന്നു.

ആവി അസുരനെപ്പോലെ ആവേശിച്ചാണു തീക്കപ്പലിനു ഗമനശക്തിയുണ്ടാക്കുന്നതെന്നു പറഞ്ഞുവല്ലോ. ഇതെങ്ങനെയെന്നു നോക്കേണ്ടിയിരിക്കുന്നു. കപ്പലിന്റെ അടിഭാഗത്തു വേലക്കാർ കല്ക്കരി കത്തിച്ചു തീയിടുന്നു. ജാജ്ജ്വല്യമാനമായ അഗ്നി 'ബായിലര്'കളിൽ സംഭരിക്കപ്പെടുന്ന വെള്ളത്തെ ആവിയായി ഭാവഭേദപ്പെടുത്തുന്നു. കപ്പലിലുള്ള യന്ത്രങ്ങളെയെല്ലാം ഇങ്ങനെയുണ്ടാകുന്ന ആവി പ്രവർത്തിപ്പിക്കുന്നു. ആ കൂട്ടത്തിൽ, കപ്പലിന്റെ ഒരററത്തുള്ള അച്ചുതണ്ടിനെയും അതിൽ വച്ചു പിടിപ്പിച്ചിട്ടുള്ള വലിയ ഇലകളെയും ആവി കറക്കിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം ഇലകൾ കറങ്ങുന്നതിനാൽ വെള്ളത്തിനെ പിളന്നുകൊണ്ട് കപ്പൽ മുമ്പോട്ടു കുതിക്കുന്നു. പാക്കപ്പലിന്റെ പരദേവതയായ വായുഭഗവാൻ കുതറുന്നതുകൊണ്ടു തീക്കപ്പലിന് ഒരു കുലുക്കവും ഉണ്ടാകുന്നില്ല. ആവിയുടെ ഓജസ്സ് അത്രമാത്രം അധൃഷ്യമാകുന്നു. യന്ത്രങ്ങളുടെ ചലനവേഗം അനുസരിച്ചു കപ്പലിനു വേഗം കൂടുന്നു. ഇങ്ങനെയാണ് ഇതിന്റെ ചുരുക്കം. പക്ഷേ ഇതു് ഒരു ലഘുവായ കാര്യമല്ല. കപ്പൽ നടത്തുന്നതിനു പത്തെഴുനൂറു പേർവരെ വേല ചെയ്യേണ്ടിയിരിക്കുന്നു. അതിൽ തീയിടുന്നവരുടെ ജോലി വളരെ ശ്രമകരമാകു

ന്നു. നിങ്ങൾ തീക്കപ്പലിൽ ചെന്നു നോക്കിയാൽ മേൽത്തട്ടിൽ ആളുകൾ ഇരുന്നു വിനോദിക്കുന്നതും താഴെയിരുന്നു ഭക്ഷണം കഴിക്കുന്നതും പുസ്തകശാലയിൽ ഇരുന്നു വായിക്കുന്നതും മുറികളിൽ കിടന്നു വിശ്രമിക്കുന്നതും മററും കാണാം. ഇതിനെല്ലാം അടിക്കാണു തീയിടുന്നവരുടെ വ്യാപാരം. അവരുടെയും സമുദ്രത്തിന്റെയും ഇടയ്ക്കു പ്രായേണ ഒരു ഇരുമ്പുപാളമേ ഉണ്ടായിരിക്കയുള്ളു. ആ ഭാഗത്തു് ഉണ്ടാകുന്ന ഉഷ്ണാധിക്യത്തെ പരിഹരിക്കുവാൻ മുകളിൽനിന്നു വൈദ്യുതവ്യജനപ്രയോഗംകൊണ്ടു ശീതവായു വിട്ടുകൊടുത്തുകൊണ്ടിരിക്കുന്നു.

മഹത്തായ ഒരു തീക്കപ്പലിനു തൊള്ളായിരത്തിൽ പരം അടി നീളവും ഏകദേശം നൂറ് അടി വീതിയും ഒരമ്പതുനിലകെട്ടിടത്തിന്റെ മുകളിൽ നൂററിൽ ചില്വാനം അടി ഉയർന്നു നില്ക്കത്തക്ക പൊക്കവും ഉണ്ടെന്നു പറഞ്ഞാൽ അതിന്റെ ഗംഭീരിമ എത്രമാത്രമാണെന്നു നിങ്ങൾക്കു ഊഹിക്കാമല്ലോ. യാത്രക്കാർക്കു സഞ്ചരിക്കുവാൻ അങ്ങനെയുള്ള ഒരു കപ്പലിൽ എട്ടു തട്ടുവരെ കാണും. അപ്രകാരമുള്ള ഒരു മഹായാനപാത്രം സമുദ്രത്തിന്റെ മസ്തകപ്രദേശത്തുള്ള ജംഗമമായ ഒരു ഉദ്യാനമെന്നല്ലാതെ എന്തു പറയുന്നു !

വിജ്ഞാനരഞ്ജിനി] [പി. കെ. നാരായണപിള്ള,
(സാഹിത്യപഞ്ചാനനൻ)

പാഠം ൧൭

# വൈകുണ്ഠം

കൂലാന്തഭാഗേ തിര വന്നടിക്കും
പാലാഴി തന്നിൽ പരിതോ വിളങ്ങും
ലീലാഗൃഹോദ്യാനസുവർണ്ണസാലാ-
ശാലാളി കേളീനിലയങ്ങൾ കണ്ടാർ. ൧

നാനാമണീഭാസുരകേതുജാലേ
ചീനാംശുകശ്രേണി കളിച്ചു മേവും
പീനങ്ങളാമുന്നതസൌധശൃംഗ-
സ്ഥാനങ്ങളും തത്ര സുഖേന കണ്ടാർ. ൨

അനന്തരത്നപ്രഭയാ വിചിത്രം
അനന്തനാഗസ്യ ഫണാസമൂഹം
അനന്തരം തത്ര മഹത്സമൂഹം
അനന്തരായം മരുവുന്ന കണ്ടാർ. ൩

രഥാംഗശംഖാബ്ജഗദാധരന്മാ-
രഥാംബുവാഹാസിതവിഗ്രഹന്മാർ
ചതുർഭുജന്മാരതിസുന്ദരന്മാ-
രതിസ്ഫുരൽകൗസ്തുഭഭൂഷണന്മാർ. ൪

കിരീടഹാരാംഗദവന്യമാലാ
വിലോലപീതാംബരഭാസുരന്മാർ
നിരക്കവേ മാധവപാർഷദന്മാ-
രിരിപ്പതും രത്നഗൃഹേഷു കണ്ടാർ. (യുഗ്മകം) ൫

ക്രമേണ തുംഗോരുഭുജംഗതല്പേ
ക്ഷമാരമാലംകൃതപാർശ്വഭാഗം
അമേയമാനന്ദശരീരനാകും
പുമാനെയും സാദരമത്ര കണ്ടാർ. ൬

അനാരതം തുംബുരുനാരദാദി
മുനീന്ദ്രവൃന്ദസ്തുതി വാദ്യഘോഷം
മനോഹരം കേട്ടു വണങ്ങി മെല്ലെ
സനാതനാഭ്യർണ്ണമണഞ്ഞു ചെന്നാർ. ൭

തദാ മുകുന്ദന്റെ ഫണീന്ദ്രതല്പേ
മുദാ കളിച്ചും പുനരൊട്ടൊളിച്ചും
മിളൽപ്രമോദേന രമാസമീപേ
കളിച്ചുമേവുന്നു കുമാരകന്മാർ. ൮

അണഞ്ഞുചെന്നു ഹരിഫൽഗുനന്മാർ
വണങ്ങിനിന്നു ബഹുഭക്തിയോടെ
മനാഗനന്താസനനായ ദേവൻ
മനോഹരം സാദരമാബഭാഷേ. ൯

"ഹേ ! കൃഷ്ണ, ഹേ ഫൽഗുന, നിങ്ങളെന്നോ-
ടേകത്വഭാവേന നിരന്തരന്മാർ,
വദാമി ഞാനെങ്കിലുമാഗ്രഹിച്ചേ-
നുദാരമാം വിഗ്രഹമൊന്നു കാണ്മാൻ. ൧൦

ക്ഷിപ്രം ഭവദ്ദർശനവാഞ്ഛയാ ഞാൻ
വിപ്രാത്മജന്മാരെ ഹരിച്ചു ശ്രദ്ധം
ഇപ്രാഭവം കണ്ടു ഗമിച്ചു കൊണ്ടാ-
ലിനിബ ഭവാന്മാർക്കതിഭൂതിയുണ്ടാം. ൧൧

ധാത്രീഭരം തീർപ്പതിനെങ്കിലും കേൾ
മാത്രാധികപ്രാണിവധം നിമിത്തം
ഉണ്ടായ പാപങ്ങളശേഷമെന്നെ-
ക്കണ്ടാലകന്നീടുമതും പ്രസിദ്ധം. ൧൨

ശിശുക്കളെക്കൊണ്ടു ഗമിച്ചുകൊൾവിൻ
ശിവദ്വിജാശിസ്സു ലഭിച്ചുകൊൾവിൻ."
ഏവന്തദാനീമരുൾചെയ്തു ദേവൻ
ഭൂദേവപുത്രാർപ്പണമാതതാന. ൧൩

കുമാരാ, നിനക്കച്ഛനാരമ്മയാരെ-
ന്നമന്ദപ്രമോദേന ചോദിച്ചു കൃഷ്ണൻ;
മധുദ്വേഷിയെയും മഹാലക്ഷ്മിയെയും
തദാ തൊട്ടുകാട്ടീടിനാനേകബാലൻ. ൧൪

കരാംഭോരുഹം നീട്ടി മെല്ലെന്നെടുപ്പാ-
നൊരുമ്പെട്ടു ചെന്നു തദാ കംസവൈരി;
കരഞ്ഞോടി വേഗേന സഖ്യേന്ദ്രതല്പേ
കരേറിക്കിടന്നീടിനാനന്യബാലൻ. ൧൫

കളിപ്പുഞ്ചിരിക്കൊഞ്ചലും തൂകി മെല്ലെ-
ക്കളിപ്പാൻ വിളിച്ചാനളിച്ചാർത്തുവർണ്ണൻ;
വെളിച്ചത്തു നിന്നാശു മണ്ടിത്തിരിച്ചാ-
നൊളിച്ചാനൊരേടത്തൊരുണ്ണിക്കിശോരൻ. ൧൬

പടുപ്രേമസംപൂർണ്ണനാം മല്ലവൈരി
പിടിച്ചങ്ങെടുപ്പാനടുക്കുന്ന നേരം
മുഴങ്കാലു കുത്തിത്തിരിച്ചാനൊരുണ്ണി;
വഴങ്ങാതെ നീന്തിഗ്ഗമിച്ചാനൊരുണ്ണി. ൧൭

ഗമിപ്പാനൊരുണ്ണിക്കുമില്ലിച്ഛയെന്ന-
ങ്ങറിഞ്ഞോരു നേരം ഭുജംഗേന്ദ്രശായി
കുറഞ്ഞോരു മായാവിമോഹം വരുത്തി-
പ്പറഞ്ഞൂ ഗമിച്ചാലുമെന്നാസ്ഥയോടേ. ൧൮

ശ്രീകൃഷ്ണചരിതം] [കുഞ്ചൻനമ്പ്യാർ

---

പാഠം ൧൮

# പൂക്കൾ

"ഞങ്ങൾ നിത്യസത്യത്തിന്റെയും നിത്യാനന്ദത്തിന്റെയും പ്രതിമകളാണു്. ഞങ്ങൾ ലോകസുഖത്തിനു തപസ്സുചെയ്തു നിത്യവിലയം പ്രാപിക്കും."

വിശ്രമവേളകളിൽ പ്രധാനമായി ഞാൻ പരിശീലിക്കുന്ന ഒരു വിനോദം മനസ്സിന്റെ വികൃതികളെ

അനാരതം തുംബുരുനാരദാദി
മുനീന്ദ്രവൃന്ദസ്തുതി വാദ്യഘോഷം
മനോഹരം കേട്ടു വണങ്ങി മെല്ലേ
സനാതനാഭ്യൎണ്ണമണഞ്ഞു ചെന്നാർ. ൭

തദാ മുകുന്ദന്റെ ഫണീന്ദ്രതല്പേ
മുദാ കളിച്ചും പുനരൊട്ടൊളിച്ചും
മിളൽപ്രമോദേന രമാസമീപേ
കളിച്ചുകൊള്ളുന്നു കുമാരകന്മാർ. ൮

അണഞ്ഞുചെന്നു ഹരിഫല്ഗുനന്മാർ
വണങ്ങിനിന്നു ബഹുഭക്തിയോടെ
മനാഗനന്താസനനായ ദേവൻ
മനോഹരം സാദരമാബഭാഷേ. ൯

“ഹേ ! കൃഷ്ണ, ഹേ ഫല്ഗുന, നിങ്ങളെന്നോ-
ടേകാത്മഭാവേന നിരന്തരന്മാർ,
വദാമി ഞാനെങ്കിലുമാഗ്രഹിച്ചേ-
നുദാരമാം വിഗ്രഹമൊന്നു കാണ്മാൻ. ൧൦

ക്ഷിപ്രം ഭവദ്ദൎശനവാഞ്ഛയാ ഞാൻ
വിപ്രാത്മജന്മാരെ ഹരിച്ചു ശ്രദ്ധം
ഇപ്രാഭവം കണ്ടു ഗമിച്ചു കൊണ്ടാ-
ലിനിബ ഭവാന്മാക്കതിഭൂതിയുണ്ടാം. ൧൧

ധാത്രീഭരം തീൎപ്പതിനെങ്കിലും കേൾ
മാത്രാധികപ്രാണിവധം നിമിത്തം
ഉണ്ടായ പാപങ്ങളശേഷമെന്നെ-
ക്കണ്ടാലകന്നീടുമതും പ്രസിദ്ധം. ൧൨

ശിശുക്കളെക്കൊണ്ടു ഗമിച്ചുകൊൾവിൻ
ശിവദദ്വിജാശിസ്സു ലഭിച്ചുകൊൾവിൻ.”
ഏവന്തദാനീമരുൾചെയ്തു ദേവൻ
ഭൂദേവപുത്രാൎപ്പണമാതതാന. ൧൩

കുമാരാ, നിനക്കച്ഛനാരമ്മയാരെ-
ന്നമന്ദപ്രമോദേന ചോദിച്ചു കൃഷ്ണൻ;
മധുദ്വേഷിയെയും മഹാലക്ഷ്മിയെയും
തദാ തൊട്ടുകാട്ടീടിനാനേകബാലൻ. ൧൪

കരാംഭോരുഹം നീട്ടി മെല്ലെന്നെടുപ്പാ-
നൊരുമ്പെട്ടു ചെന്നു തദാ കംസവൈരി;
കരഞ്ഞോടി വേഗേന സല്പ്പേന്ദ്രതല്ലേ
കരേറിക്കിടന്നീടിനാനന്യബാലൻ. ൧൫

കളിപ്പൂഞ്ചിരിക്കൊഞ്ചലും തൂകി മെല്ലെ-
ക്കളിപ്പാൻ വിളിച്ചാനളിച്ചാത്തുവണ്ണൻ;
വെളിച്ചത്തു നിന്നാശു മണ്ടിത്തിരിച്ചാ-
നൊളിച്ചാനൊരേടത്തൊരുണ്ണിക്കിശോരൻ. ൧൬

പടുപ്രേമസംഫുല്ലനാം മല്ലവൈരി
പിടിച്ചങ്ങെടുപ്പാനടുക്കുന്ന നേരം
മുഴങ്കാലു കുത്തിത്തിരിച്ചാനൊരുണ്ണി;
വഴങ്ങാതെ നീന്തിഗ്ഗമിച്ചാനൊരുണ്ണി. ൧൭

ഗമിപ്പാനൊരുണ്ണിക്കുമില്ലിച്ഛയെന്ന-
ങ്ങറിഞ്ഞോരു നേരം ഭുജംഗേന്ദ്രശായി
കുറഞ്ഞോരു മായാവിമോഹം വരുത്തി-
പ്പറഞ്ഞൂ ഗമിച്ചാലുമെന്നാസ്ഥയോടേ. ൧൮

ശ്രീകൃഷ്ണചരിതം] [കുഞ്ചൻനമ്പ്യാർ

---

പാഠം ൧൮

# പൂക്കൾ

"ഞങ്ങൾ നിത്യസത്യത്തിൻേറയും നിത്യാനന്ദത്തിൻേറയും പ്രതിമകളാണു്. ഞങ്ങൾ ലോകസുഖത്തിനു തപസ്സുചെയ്തു നിത്യവിലയം പ്രാപിക്കും."

വിശ്രമവേളകളിൽ പ്രധാനമായി ഞാൻ പരിശീലിക്കുന്ന ഒരു വിനോദം മനസ്സിൻെറ വികൃതികളെ

ആരായുകയാണു്. ഒരു നിമിഷം ഒന്നു് അടങ്ങിയിരിക്കുക, ഒരു ക്ഷണം ഒന്നിൽ സ്ഥിരമായി നില്ക്കുക, എന്റെ മനസ്സിനു സാദ്ധ്യമല്ല. ഉറക്കത്തിലുള്ള കഥ എനിക്കു് അറിവില്ല. മനസ്സിനെപ്പോലെ ഒരു വേഷബ്ഭ്രാന്തനെയും എനിക്കു് അറിഞ്ഞുകൂടാ. അതിന്റെ രൂപം എന്താണെന്നു ഗാഢമായി ആരാഞ്ഞിട്ടുണ്ടു്. എന്റെ സകല ശ്രമങ്ങളും നിഷ്ഫലമായി കലാശിച്ചിട്ടേ ഉള്ളു. അതു് ആനയെപ്പോലെയിരിക്കും; കടലിനെപ്പോലെയിരിക്കും; ഇരുട്ടുപോലെയും നിലാവുപോലെയും കാണാകും. ആകാശത്തു മിന്നൽപ്പിണർപോലെയും, ഭൂമുഖത്തെ അലങ്കരിക്കുന്ന മഹാഗിരികളെപ്പോലെയും മാറി മാറി പ്രത്യക്ഷപ്പെടും. ഇങ്ങനെ അരൂപിയായി സർവ്വരൂപിയായി ഒന്നില്ല. വേറൊരു നോട്ടത്തിൽ പൂക്കളിൽ ഒരിടത്തും തങ്ങാതെ എല്ലായിടത്തും പറന്നു നടക്കുന്ന ഒരു പൂമ്പാററയെപ്പോലെയാണു് എന്റെ മനസ്സ്.

പൂവും പൂമ്പാററയും—ലോകം മുഴുവൻ പൂവും ഞാൻ ഒരു പൂമ്പാററയുമാണു്. അതിരിക്കട്ടെ; വെറും പൂക്കളെപ്പററിത്തന്നെ പറയാം. പൂവെന്നു വേഗം പറഞ്ഞുകഴിഞ്ഞു. എന്നാൽ എന്റെ മനസ്സിനെ ഉന്മദിപ്പിക്കത്തക്ക അജ്ഞാതമായ ദിവ്യശക്തികൾ അതിൽ മാറാതെ കുടികൊള്ളുന്നുണ്ടു്. സൌന്ദയ്യത്തിനു് ഒരു രൂപം സിദ്ധിച്ചു, പുണ്യം ഉടൽ കൈക്കൊണ്ടു, നന്മയ്ക്കു സാക്ഷാത്കാരം ഭവിച്ചു, അതാണു് പൂവു്. ലോകം സഹിക്കത്തക്കതായി ഭവിക്കുന്നതു് പൂക്കളുടെ സാന്നിദ്ധ്യം കൊണ്ടും കൂടെയാണു്. നിശ്ചയമായും എന്നെ സംബന്ധിച്ചിടത്തോളം അങ്ങനെ തന്നെ. ഏതു പൂവാകട്ടെ, ആഹ്ലാദം കൂടാതെ എനിക്കു നോക്കാൻ സാധിക്കയില്ല. ഒരു പൂവു മുമ്പിൽ കണ്ടാൽ മതി, ഒരു സൗന്ദയ്യസരസ്സ് എന്റെ മുമ്പിൽ ആവിർഭവിക്കും. അതിൽ

ആകണ്ഠം മഗ്നമായി എന്റെ മനസ്സ് ഒരു താമരയെ പ്പോലെ നിന്നു തപസ്സു ചെയ്യും. ആ പൂവിന്റെ മൃദുകിരണങ്ങളേററ് എന്റെ ഹൃദയദലങ്ങൾ വിടന്നു തുടങ്ങും. ആ പൂവിൽ തട്ടി വരുന്ന പ്രണയമാരുതൻ ഇളക്കുന്ന സൌന്ദര്യവാപിയിലെ വികാരതരംഗങ്ങൾ എന്റെ ഹൃദയകമലത്തെ മന്ദമായി തലോടി തൃപ്തി കൈക്കൊണ്ടു സായൂജ്യം പ്രാപിക്കും. എന്റെ വിചാര ങ്ങൾ രാജഹംസങ്ങളെപ്പോലെ ചമഞ്ഞു ആ വാപിക യിൽ നീന്തിക്കളിച്ചു കൃതാൎത്ഥങ്ങളാകും. അവററയുടെ ലീലകളിൽ ഭ്രമിച്ച് എന്റെ ഹൃദയം ഒരു ആനന്ദ താണ്ഡവത്തിനു മുതിരും. ആ പരമാനന്ദത്തിൽ മതി മറന്നു മുഴുകി ലയിക്കും.

ഏതു പൂവാകട്ടെ, ആനന്ദം കൂടാതെ, അത്ഭുതം കൂടാ തെ, ദിവ്യവും അജ്ഞാതവുമായ ഏതോ ചില വികാര ങ്ങളുടെ അനുഭൂതി കൂടാതെ നോക്കാൻ നിവൃത്തിയില്ല. ഏതു പൂവെന്നോ? ഏതു പൂവും എന്റെ കണ്ണിനു പു ണ്യം തന്നെ. അശോകപുഷ്പം ശൃംഗാരകുംഭമാണ്; രസികതയുടെ ഭാണ്ഡമാണ്. തൂങ്ങി നിദ്രാണങ്ങളായ തളിരുകൾ ഉറങ്ങുന്ന മോഹനശിശുക്കളെപ്പോലെ ഹൃദ യം കവരും. ആ തളിക്കുലയ്ക്കിടയിൽ സാന്ദ്രമായ ഇലകൾക്കുള്ളിൽ ഒരു പൂങ്കുടം! ഏതു വാക്കുകൾക്ക് ആ സൌന്ദര്യത്തെ പകർത്താൻ ശക്തിയുണ്ട്? രക്തവ ൎണ്ണത്തിലുള്ള ഒരു ചന്ദ്രബിംബം. പൂങ്കുല ഉദപഹിച്ചു നിന്ന അശോകലതയെ സീതയെന്നു ഭ്രമിച്ച് വിരഹാ തുരനായ ശ്രീരാമൻ പുല്കാൻ ഭാവിക്കെ ലക്ഷ്മണൻ കണ്ണീരു പൊഴിച്ചുകൊണ്ടു തടഞ്ഞു. അതാണ് അതി ന്റെ അഴക്. തേന്മാവോ? നിറമല്ല മാമ്പൂവിന്റെ ആകർഷണകാരണം. അതിന് അശോകത്തിന്റെ യോ ചെന്താമരയുടെയോ റോസിന്റെയോ ചെമ്പര ത്തിയുടെയോ മററു വൎണ്ണപ്രകർഷമുള്ള ഏതെങ്കിലും പൂവ

ന്റേയോ നിറപ്പകിട്ടില്ല. എങ്കിലും മാവു പൂത്തു നില്ക്കു ന്നതു കണ്ടാലോ ? പൂ നിറഞ്ഞ ഒരു മാവു് രസികതയുടെ കേളീഗൃഹമാണു്. മന്ദമായി വീശുന്ന കാററുകൊണ്ടു പതുക്കെ ഇളകുന്ന പൂങ്കുലകൾകൊണ്ടു കുനിഞ്ഞ ശാഖകളോടെ നൃത്തം ചെയ്യുന്ന ഒരു തേന്മാവു് ആരുടെ മനസ്സിനെ ഇളക്കുകയില്ല? ഹൃദ്യമായ ഒരു ലഘുസൗരഭ്യം വായുമണ്ഡലത്തെ ആരാധിച്ചുകൊണ്ടു വ്യാപിക്കും. പൂത്തുനില്ക്കുന്ന ഒരു മാവു് പ്രകൃതിയുടെ ഒരു കുസുമ സൗധമാണു്. കവിതാദേവിയുടെ വിലാസരംഗമാണു്.

മററു് അനവധി പൂമരങ്ങളുടെ കൂട്ടത്തിൽ കൊന്നയുടെയും വാകയുടെയും സ്ഥാനം പ്രശസ്തമാണു്. രണ്ടുതരം കൊന്നകൾ ഞാൻ കണ്ടിട്ടുണ്ടു. കണിക്കൊന്നയും തങ്കക്കൊന്നയും. രണ്ടും തങ്കനിറമാണു്; തങ്കം മഞ്ഞളിക്കുന്ന സുവർണ്ണഭംഗി രണ്ടിനും ഉണ്ടു്. എങ്കിലും തങ്കക്കൊന്നയ്ക്കാണു് ഒന്നുകൂടെ നിറപ്പകിട്ടു്, ഒന്നുകൂടെ ആകർഷണീയത. കടുത്ത പച്ചനിറത്തിലുള്ള ഇലകളും അത്യന്തം മോഹനമായ നിറത്തിലുള്ള പൂക്കളും ഇടതിങ്ങി നിറഞ്ഞു നില്ക്കുന്നതു് അത്ഭുതകരമായ ഒരു കാഴ്ചയാണു്. കൊന്നയുടെ സൗന്ദര്യത്തെ വെല്ലുവിളിക്കാൻ വാകയ്ക്കേ സാധിയ്ക്കൂ. "നെന്മേനിവാകതൻ പുഷ്പം നിന്മേനിക്കൊപ്പമാം പ്രിയേ" എന്നു പറഞ്ഞ രസികാഗ്രണി തന്റെ പ്രണയിനിക്കു് എന്തൊരു ബഹുമാനമാണു സമാർജ്ജിച്ചതു ! പൂത്തുനില്ക്കുന്ന വാക കണ്ടു നോക്കാതെ, അത്ഭുതപ്പെട്ടു് മനസ്സലിഞ്ഞു പോകാതെ, വല്ലവരും ഉണ്ടോ ? ഉണ്ടായിരിക്കും. എന്നാൽ അവരെപ്പററി എന്താണു പറയുക ?— മഹാപാപികൾ. തലയിലെഴുത്തു പിഴച്ച ഭാഗ്യഹീനന്മാർ. വിടർത്തിപ്പിടിച്ച വിസ്തൃതമായ ശാഖകളിൽ നിറച്ചു ചുവന്നതും ഇടയ്ക്കിടെ അല്പം വർണ്ണവ്യത്യാസമുള്ളതുമായ പുഷ്പവിതാനം

അണിഞ്ഞു വിലസുന്ന വാകമരം സൌന്ദര്യോത്സവത്തിലെ പട്ടുകുടയാണ്. വിചാരനടന്മാർ നിത്യനൃത്തം ചെയ്യുന്ന മനോരംഗത്തിലെ സങ്കല്പ യവനികയിൽ മോടിപിടിപ്പിക്കുന്ന ചില ചിത്രങ്ങളുണ്ട —സാന്ധ്യമേഘത്തിന്റെയും ഇന്ദ്രധനുസ്സിന്റെയും ഗംഭീരമായ സാഗരത്തിന്റെയും ഉഷഃപ്രഭയുടെയും മനോജ്ഞവർണ്ണങ്ങൾ ചന്ദ്രികയിൽ അരച്ച് എഴുതിയിട്ടുള്ള ചിത്രങ്ങൾ. അമ്മാതിരി ഉജ്ജ്വലചിത്രങ്ങളുടെ മൂലവസ്തുവാണ് വാക. പൂക്കൾ വിരിഞ്ഞു തുടങ്ങിയാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ വാകയുടെ മൂട്ട് കൊഴിഞ്ഞുവീഴുന്ന പുഷ്പങ്ങൾ കൊണ്ട ചെമ്പട്ടു വിരിച്ചതുപോലെ ആയിത്തീരും. അവിടമാണ് പ്രകൃതിയിലെ ദിവ്യക്ഷേത്രം.

പൂക്കളുടെ കൂട്ടത്തിൽ രണ്ടിനമാണ് ഭ്രമിക്കു സാധു രസികത ചേർക്കുന്നതു്. അവയാണ് പ്രകൃതിയുടെ വിശിഷ്ടാഭരണങ്ങൾ. ഇവിടെ സൂചിപ്പിക്കുന്നതു് താമരയും റോസുമാണ്. താമര പുഷ്പലോകത്തിലെ മഹാ രാജ്ഞിയാണ്. റോസു ചക്രവർത്തി തന്നെ. താമരയെപ്പോലെ ഭാരതീയകവികളുടെ പ്രശംസ സമാർജ്ജിച്ചിട്ടുള്ള പുഷ്പം വേറെയില്ല. താമരയെപ്പററി പരാമശമില്ലാത്ത ഒരു കവിതയും നമുക്കില്ല. വിഷ്ണു പത്മനാഭനാണ്, ബ്രഹ്മാവ് പത്മസംഭവനാണ്. ലക്ഷ്മി കമലജയാണ്. കാമൻ പത്മാസ്ത്രനാണ്. ശിവനു വിശേഷിച്ചു താമരയോടു പ്രതിപത്തിയോ ബന്ധമോ ഇല്ല. അതു പോകട്ടെ, കുസുമാസ്ത്രവൈരിയായ ഭഗവാനു് പൂവിനോടു ഇഷ്ടമെങ്ങനെ? അവിടത്തേക്കു കൂവളത്തിന്റെ ദളം മതി. കൈതപ്പൂവ് കണ്ടുകൂടാ. ആകണ്ഠം ജലത്തിൽനിന്നു തപസ്സുചെയ്യാലെന്തു്, മൾക്കൂട്ടിലിരുന്നു ധ്യാനിച്ചാലെന്തു്, കമലത്തിനോടും കേതകിയോടും ആ ഭഗവാൻ കാരുണ്യം കാണിക്കയില്ല. എന്നാൽ ഹീനമായ തുമ്പപ്പൂവ് തലയിൽ ചൂടും. ആ ദാക്ഷിണ്യ

കഥ നില്ക്കട്ടെ. ഗിരീശനായ ആ ദേവന്നു പത്മസരസ്സുകളോടു ആഭിമുഖ്യമില്ലാത്തതു ശരി തന്നെ. എന്നാൽ തലയിലണിയുന്ന ഗംഗയിൽ പത്മങ്ങൾ കാണുകയില്ലേ? പോകട്ടെ, അവിടെ ചന്ദ്രനുണ്ടു്—അമൃതകിരണങ്ങൾ പത്മിനിയുടെ പാതിവ്രത്യം ഹരിക്കും. വേണ്ട, വേണ്ട. അക്കഥ സംഹാരമൂൎത്തിയുടെ കോപത്തെ ഉജ്ജ്വലിപ്പിക്കും. താമര—അതിനെപ്പററിയേ എനിക്കു പറയാനുള്ളു. താണിടത്തു് ഉദിച്ച സുന്ദരിയല്ലേ? ജലസൃഷ്ടിക്കു സാഫല്യം സിദ്ധിച്ചതു് അതിൽ താമര വളൎന്നതുകൊണ്ടുതന്നെയാണു്. ചെന്താമരയാകട്ടെ വെൺതാമരയാകട്ടെ, അതു് പ്രകൃതിദേവി സൌന്ദൎയ്യാമൃതം പകൎന്നുവയ്ക്കുന്ന മനോഹരഭാജനമാണു്. അതു കമലാഭഗവതി മാത്രമല്ല, കവിതാഭഗവതിയും ജനിച്ച വീടാണു്. ഒരു പത്മസരസ്സാണോ, പൂൎണ്ണചന്ദ്രനും നക്ഷത്രങ്ങളും കൊണ്ടു ശോഭിക്കുന്ന ആകാശമാണോ അധികം മനോഹരമെന്നു തീൎത്തു പറയുക സാദ്ധ്യമല്ല.

> അങ്ങോട്ടു നോക്കുക ചുവപ്പു കറുപ്പു പച്ച-
> യെന്നീനിറങ്ങളിടതിങ്ങിയൊരംബരാന്തം
> ചെന്താരുമാമ്പലുമൊരേ സമയം വിരിഞ്ഞു
> പൊന്തുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നു

എന്നു സന്ധ്യാംബരത്തെ ചിത്രണം ചെയ്യുഭാവം കേമം തന്നെ. ചെന്താരും ആമ്പലും സഗോത്രകൾ, സഹോദരിമാർ. മൂത്തവൾ സൂൎയ്യനിൽ പ്രണയബദ്ധ; അനുജത്തി ചന്ദ്രഭഗവാന്റെ കളത്രം. അത്രയേ ഉള്ളു ഭേദം. ഇവരോടു് കുടുംബബന്ധമുള്ള തോഴിയാണു നീലോല്പലം. അവളുടെ വൎണ്ണധാടി മെച്ചമാണു്. പൂങ്കുല ഒരു പൂച്ചെണ്ടു പോലെയാണു്. നടുക്കു് അല്പം സ്വൎണ്ണനിറവും ചുററും നല്ല നീലവും. കുളം നിറയെ പൂത്തു നിന്നാൽ അതു ദേവന്മാൎക്കും കൗതുകകരമായ കാഴ്ച

യാണ്. ഇളക്കാററിൽ ഇളകുന്ന നീലോല്പലവനത്തിലാണ് സൗന്ദൎയ്യദേവത നൃത്തം ചെയ്യുന്നതു്.

താമരയെപ്പററി തുടങ്ങി പ്രസക്താനുപ്രസക്തമായി ചിലതു പറഞ്ഞുപോയി. റോസിൻെറ കാന്തി വിസ്മരിച്ചില്ല. തുല്യമില്ലാത്ത സുഷമാപൂരമാണ് റോസിൽ വിളയാടുന്നതു്. റോസിനെപ്പററി പറയുമ്പോൾ വൎണ്ണോല്ക്കൎഷമെന്നല്ല പറയേണ്ടതു്, സൗകുമാര്യസുഷമയെന്നാണ്. ഏതു റോസിനെപ്പററിയാണ്? അതിൽ വെള്ളയും മഞ്ഞയും നല്ല ചുവപ്പും മററനേകം വൎണ്ണങ്ങളിൽ പ്രസിദ്ധമായ ഇനങ്ങളും ഉണ്ടു്. ഇളംചുവപ്പ്, മഴവില്ലിൻെറ അരികിൽ തങ്ങി നില്ക്കുന്ന നേരിയ രാഗരശ്മിയുടെ നിറം, ഇളംപുല്ലിൻെറ അററത്തു തങ്ങിനില്ക്കുന്ന മഞ്ഞുതുള്ളിയിൽ സൂൎയ്യൻെറ പ്രഥമരശ്മി തട്ടിപ്പുറപ്പെടുന്ന ചുവപ്പ്, അതിലും ഭംഗിയുള്ള ഒരു നിറം—"സാന്ധ്യം തേജഃ പ്രതിനവജപാപുഷ്പരക്തം" അതുതന്നെ, ആ നിറമുള്ള റോസാണ്—ജപാപുഷ്പമാണ്—എനിക്ക് ഇഷ്ടം. ആ ഭംഗിയുടെ ഒരു അംശം കാനയ്ക്കു് ഇല്ല, ചെമ്പരത്തിക്കില്ല, രാജമല്ലിക്കില്ല, ജമന്തിക്കും പൂച്ചെടിക്കും ഇല്ല, അരളിക്കുമില്ല. ഞാൻ താരതമ്യത്തിനു ഭാവിക്കുന്നില്ല—ആ ഭംഗി, ആ ചേതോഹാരിത—അല്പംപോലും സൂൎയ്യകാന്തിക്കില്ല. അതിൻെറ രസികത—മാൎദ്ദവം—സൗരഭ്യത്തിൻെറ ഹൃദ്യത—വേറെ ഒന്നിനുമില്ല. ആ പൂവ് ആ മുൾച്ചെടിക്ക് ഒരു രത്നകിരീടമാണ്. ഇത്ര അഴകേറിയ ഒരു സമ്പാദ്യമുള്ള ഈ ചെടിയെ സസ്യലോകം മുഴുവൻ അസൂ

യപ്പെട്ടും. താമര വെള്ളത്തിൽ പോയി തപസ്സുചെയ്തു റോസിന്റെ പാകിട്ടിൽനിന്നു സിദ്ധിച്ച പരാഭവം കൊണ്ടായിരിക്കണം. ഇതു രണ്ടും കൂടെ ഒരുമിച്ചുവളന്നെങ്കിൽ! താമരയുടെ ആകൃതിയും റോസിന്റെ രസികതയും കൂടെ സമ്മേളിച്ചെങ്കിൽ !!

"പ്രായേണ സാമഗ്ര്യവിധൌ ഗുണാനാം
പരാങ്മുഖി വിശ്വസൃജഃ പ്രവൃത്തിഃ"

ഗുണസമ്പൂൎണ്ണതയിൽ ഈശ്വരസൃഷ്ടി പരാങ്മുഖമാണു. കാളിദാസന്റെ ഈ പദ്യഭാഗം വേറൊരു കാൎയ്യംകൂടി ഓൎമ്മിപ്പിക്കുന്നു. മഹാ കവി ഈ അഭിപ്രായം സൂചിപ്പിക്കുന്നതു് കൎണ്ണികാരപുഷ്പങ്ങളെപ്പററി വൎണ്ണിക്കുമ്പോഴാണു്. വൎണ്ണപ്രകൎഷമുണ്ടെങ്കിലും ആ പൂവിനു സൗഗന്ധ്യം ഇല്ലാത്തതു പോരായ്മയെന്നാണു് കാളിദാസന്റെ അഭിപ്രായം. നിറവും മണവുമാണല്ലോ പൂക്കളുടെ സൎവ്വപ്രധാനമായ രണ്ടു ഗുണം. ഇതു രണ്ടും ഒരുപോലെ വിശിഷ്ടമായി സിദ്ധിച്ചിട്ടുള്ളതു് റോസിനു മാത്രമാണു. എനിക്കു പൂക്കളുടെ കാൎയ്യത്തിൽ നിറമാണു് പ്രധാനമായ നോട്ടം. മററു പലക്കും മണമാണു കാൎയ്യം. "നിൎഗ്ഗന്ധകുസുമം" എന്ന പഴമൊഴിയിൽനിന്നു് ഈ രുചിവ്യത്യാസം സ്പഷ്ടമാകും. അങ്ങനെ പറയാനില്ല. തുളസിയുടെ മണവും മുരുക്കിൻപൂവിന്റെ നിറവുമായി, തുളസിയുടെ മണമാണു് എനിക്കുപോലും ഇഷ്ടം. കൺകുത്തിപ്പൂവിനെപ്പോലെ വൎണ്ണോൽക്കൎഷമുള്ള പൂക്കൾ ചുരുങ്ങും. എന്നാൽ അതിന്റെ പേരു തന്നെ മലയാളികൾക്കു് അതിന്റെ നേരെ

യുള്ള ഭയത്തെ സൂചിപ്പിക്കുന്നു. പൂ പറിച്ചാൽ മണപ്പിക്കാത്തവരില്ല. വാസനയെ ഉദ്ദേശിച്ചാണല്ലോ അപ്രകാരം ചെയ്യുന്നത്. തലയിൽ അണിയുന്നതും മണംകൂടെ പുരസ്കരിച്ചാണ്. വർണ്ണഭംഗിക്ക വേണ്ടിയല്ലെന്നു പറയാനും പാടില്ല. പാർവ്വതി ആദ്യം ശിവനെ കാണ്മാൻ പോയവിധം കാളിദാസൻെറ ദിവ്യമായ തൂലിക എങ്ങനെ പ്രദർശിപ്പിക്കുന്നു? പത്മരാഗത്തെ തിരസ്കരിക്കുന്ന അശോകപുഷ്പവും മുക്താകലാപസദൃശമായ സിന്ധുവാരവും അണിഞ്ഞാണ് ആ ദേവി ശിവപ്രേമസമാർജ്ജനത്തിനു പോകുന്നത്. ഇവിടെ വർണ്ണപ്രൗഢി തന്നെ വസന്താഭരണങ്ങൾക്ക മെച്ചം. ഇന്നു കനകാംബരം നമ്മുടെ സുന്ദരിമാർ തലയിൽ ചൂടുന്നതും നിറത്തിനു മേന്മ കല്പിച്ചിട്ടാണല്ലോ. അതങ്ങനെ നില്ക്കട്ടെ. നിറമായാലും മണമായാലും ഗുണമായാലും റോസിനു തുല്യം അതു തന്നെയെന്നു നിശ്ചയമാണ്.

മണത്തെപ്പററി പറയുമ്പോൾ കൈതപ്പൂവ് പോകട്ടെ, വൃക്ഷങ്ങളിൽ ഇലഞ്ഞിയുടെ കാര്യം വിശേഷമായി സ്മരിക്കണം. ഇലഞ്ഞി ആകെപ്പാടെ നോക്കിയാൽ ഉൽകൃഷ്ടമായ ഒരു വൃക്ഷമാണ്. അതിൻെറ പൂക്കളുടെ മണവും അതിൻെറ തണലും പ്രത്യേകമാണ്. പുന്നപ്പൂവിൻെറ ഭംഗിയും അതിൻെറ മണവും മലയാളികൾക്ക അത്ര പിടിച്ചിട്ടുണ്ടെന്നു പറയാവതല്ല. "പുന്നപ്പൂവിൻപരിമളഭൃതാ മാരുതേനാനുയാതഃ" എന്നു് ഉണ്ണുനീലിസന്ദേശത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ

കവികൾ ഏറിയകൂറും ചെമ്പകത്തെ പുകഴ്ത്തുന്നതിലേ താല്പര്യം കാണിച്ചിട്ടുള്ളൂ. ചെമ്പകത്തിനോടുള്ള ബഹുമാനം കൊണ്ടു റോസിനു പനിനീർചെമ്പകമെന്നു പേരിട്ടു.

"യുവാവിവൻ കൈയ്ക്കു പിടിച്ച തന്വിയോ
സുവാസിതാശ തടചമ്പകാംഗിയാൾ"

എന്നാണ് രാധാദേവിയെ വർണ്ണിക്കുന്നത്. ആ കാവ്യപരിമളം !

മലയാളികൾക്ക് ഏററവും ഇഷ്ടമുള്ള പൂക്കൾ മുല്ലയും പിച്ചിയുമാണ്. "മുല്ലപ്പൂമ്പൊടിയേററു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം," എന്നും, "പിച്ചിപ്പൂവിനോട് ചേർന്ന വാഴനാരിനും മോക്ഷം" എന്നുമുള്ള പഴഞ്ചൊല്ലുകൾ തന്നെ ഈ പൂക്കളോടു നമുക്കുള്ള ബഹുമാനം സ്പഷ്ടമാക്കും.

പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം.

നമ്മുടെ പൂക്കാലത്തിന്റെ സൗരഭ്യവും സൗന്ദര്യവും " ഓമൽപ്പിച്ചിച്ചെടിലത മരുല്ലോളിതാ വഷ്ബിന്ദുസ്തോമക്കിന്നാ പുതുമലർപതുക്കെ സ്ഫുടിപ്പിച്ചിടുമ്പോൾ" എന്തൊരു മനോഹാരിതയാണ്. "കടലാസിനു തുല്യമാം വെളുപ്പും കിടയില്ലാത്തൊരു തൂമണത്തഴപ്പും, തടവിടിന പൂക്കൾ പൂത്തു മാവിൽപ്പടരുന്ന" മുല്ല നമ്മുടെ കവികൾക്കും—മുല്ലയെ സംബന്ധിച്ചിടത്തോളം നമ്മളെല്ലാം കവികൾതന്നെ—നമുക്കും, നമ്മുടെ സുന്ദരിമാക്കും എത്ര ഇഷ്ടമാണ്. ലോകോത്തരവൈശിഷ്ട്യമുള്ള ശാകു

ന്തളം നാടകത്തിലെ മൗനപാത്രങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണു മുല്ലവള്ളി. തന്റെ വിരഹദശയിൽ ജാതാനുകമ്പയായ ജാതിസുമത്തിനോട്ട് സാപ്രേയസി കബരിഭാരത്തിൽ അണിയുമ്പോൾ തന്റെ മനോവേദന ആ സുന്ദരിയുടെ കണ്ണുത്തിൽ മന്ത്രിച്ചുകൊണ്ണമെന്നു ദൗത്യാഭ്യർത്ഥന ചെയ്യു കവിയുടെ ഭാവനാരസികത !

ഇങ്ങനെ പൂക്കളെപ്പററി ഓരോന്നു പറയാൻ തുടങ്ങിയാൽ അതിന്ന് അവസാനമില്ല. എത്ര വണ്ണങ്ങളുണ്ട്, എത്ര ആകൃതികളാണ്, ഏതെല്ലാം വിധമായ സൗരഭ്യഭേദങ്ങളാണ് നമുക്കു മുമ്പിൽ അവതരിക്കുന്നതു് ? വയലിൽ നെല്ലിൽ പടന്നു കയറുന്ന വയൽക്കാക്കാപ്പൂവിനും, വന്യാവസ്ഥയിൽ ഇന്നും കഴിയുന്ന കായാമ്പൂവിനും, അടുമ്പിനും നാം ഗൗരവമായി വളത്തുന്ന ശംഖപുഷ്പത്തെക്കാൾ ശോഭയുണ്ട്. കാട്ടുപൂക്കളിൽ ഒന്നായ കലത്തിപ്പൂവ് റോസിന്റെ ഗോത്രത്തിലുൾപ്പെട്ടതാണെന്നു പറയത്തക്ക ഭംഗിയുള്ളതാണ്. അതുകൊണ്ട് ഓരോന്നിനെപ്പററി പ്രത്യേകിച്ചു പറയാതെ പുഷ്പലോകത്തെ സ്തുതിച്ചുകൊണ്ടു വിരമിക്കാനേ സാധിക്കു.

ഏതു പൂവിനും ഒരു സന്ദേശമുണ്ട്. ലോകത്തിന്റെ രഹസ്യം അറിഞ്ഞു പറയാൻ തിട്ടുങ്ങുന്ന ഒരു മന്ദഹാസം അവയിൽ തങ്ങി നില്ക്കുന്നുണ്ട്. ശാശ്വതസത്യത്തിന്റെയും നിത്യസൗന്ദര്യത്തിന്റെയും ലോകശാന്തിയുടെയും മഹാമുദ്രകൾ അവയിൽ സ്പഷ്ടമായി കാണാവുന്നതാണ്. സസ്യലോക ശിരസ്സിൽ നിന്നു

കൊണ്ട് അവ ഇങ്ങനെ ഉച്ചത്തിൽ ഘോഷിക്കുന്നു. "ഞങ്ങൾ സസ്യലോകത്തിന്റെ രാജ്ഞിമാരാണ്. നിത്യാഹ്ളാദമാണ്, സൗന്ദൎയ്യവിലാസമാണ്, ഞങ്ങളുടെ ജീവിതവ്രതം. ഞങ്ങളെ ഉച്ചത്തിൽ പിടിച്ചു മാഹാത്മ്യപ്രഖ്യാപനം ചെയ്യുന്ന ചെടികൾ സൗന്ദൎയ്യസിദ്ധിക്കുവേണ്ടി ആത്മത്യാഗം അഭ്യസിക്കുന്നു. ഞങ്ങളുടെ വൎണ്ണവും ഞങ്ങളുടെ സൗരഭ്യവും അവരുടെ ധ്യാനശക്തിയുടെ, അവരുടെ ഭാവനയുടെ സാക്ഷാത്കാരങ്ങൾ മാത്രമാണ്. ഒന്ന് ഓൎത്താൽ ഞങ്ങൾ അവരുടെ മനോഹരങ്ങളായ സ്വപ്നങ്ങളാണ്. അവരുടെ മനസ്സിൽ അവ പൂൎണ്ണരൂപം കൈക്കൊള്ളുമ്പോൾ ഈശ്വരപാദങ്ങളിലൎപ്പിച്ച് കൃതാൎത്ഥത നേടാനായി അവർ, ഞങ്ങളുടെ രൂപത്തിൽ ആ ധ്യാനങ്ങളെ പ്രകാശിപ്പിക്കുന്നുവെന്നേയുള്ളൂ. ആ വിധത്തിൽ ഞങ്ങൾ ലോകത്തിന്റെ മാതൃകകളാണ്. അജ്ഞാതമായ ഏതോ ഒരു ദിവ്യശക്തിയുടെ സ്വപ്നങ്ങളാണ് സ്വരൂപം സിദ്ധിച്ച് ഈ ലോകമായി പരിണമിച്ചതെന്നു മനസ്സിലാക്കണം. ഞങ്ങളുടെ മനോഹരമായ ശരീരകാന്തിയും വിശ്വമോഹനമായ സൗരഭ്യശക്തിയും അപഗ്രഥിച്ചു നോക്കുന്നവൎക്ക് ആശാഹാനി സംഭവിക്കും. അടുത്തു നോക്കുമ്പോഴേക്കും ഞങ്ങളുടെ നിറവും ഞങ്ങളുടെ മണവും ഇല്ലാതാകും. ഞങ്ങൾ തന്നെ ശൂന്യതയിൽ അലിഞ്ഞു ചേരും. ഞങ്ങൾ സസ്യലോകത്തിന്റെ മധുരസ്വപ്നങ്ങളാണെന്നു അപ്പോൾ ബോധ്യമാകും. ഞങ്ങളുടെ മന്ദഹാസം, മാറാത്ത സന്തോ

ഷം, അഴലിൽ കുരുത്തതാണ്. 'ചേററിൽ കുരുത്ത താമരയാണ് ഞാൻ, മുള്ളിനിടയിൽ വിരിഞ്ഞ കൈതപ്പൂവാണ് ഞാൻ' എന്നൊക്കെ ഞങ്ങളിലോരോരുത്തൎക്കും പറയാൻ കഴിയും. എന്നാൽ ഞങ്ങളെല്ലാവരും ചിരിക്കും. പക്ഷെ, ഞങ്ങളുടെ ചിരിയുടെ അത്ഥം നിങ്ങൾ തെററിദ്ധരിച്ചുകൂടാത്. ഞങ്ങൾ മിത്ഥ്യാസ്വപ്നങ്ങളാണെന്നും ഞങ്ങളുടെ സൌന്ദയ്യവും അഭിമാനവും ഇല്ലായ്മയിൽനിന്നും ഉദിച്ചു ഇല്ലായ്മയിലേക്കു മറയുന്നതാണെന്നും ബോദ്ധ്യമായിട്ടാണു ഞങ്ങൾ ചിരിക്കുന്നത്. ഞങ്ങളുടെ മന്ദഹാസത്തിനുള്ളിൽ ഒരു തുള്ളി കണ്ണീരു മാറാതെ ഉണ്ടായിരിക്കും. പ്രണയതപസ്വിനിയായ പത്മിനി സൂയ്യനെ സ്വാഗതം ചെയ്യാൻ രാവിലെ മന്ദഹാസം പൊഴിക്കുന്നതു ഒരു തുള്ളിക്കണ്ണീരോടുകൂടിയാണ്. റോസിൻെറ മോഹനദലങ്ങളിൽ തങ്ങിനില്ക്കുന്ന ബാഷ്പബിന്ദു നോക്കാതെ വിട്ടുകളയരുതേ. സുഖനിദ്രയിൽ ലയിച്ചപോലെ തൂങ്ങിക്കിടക്കുന്ന കൈതപ്പൂവും കണ്ണീരു പൊഴിക്കാതെയിരിക്കുന്നില്ല. എന്നാൽ ഞങ്ങളുടെ അഴൽ ശ്രൂന്യതയുടെ ബന്ധുവായതുകൊണ്ടു ഞങ്ങൾ അതു വകവയ്ക്കാറില്ല. അതുകൊണ്ടാണ് ഞങ്ങൾ ശാന്തിക്കും ആഹ്ലാദത്തിനും സംതൃപ്തിക്കും പയ്യായങ്ങളായി ശോഭിക്കുന്നത്. ഞങ്ങളുടെ സ്ഥിതിയുടെ അത്ഥത്തെപ്പററി ഞങ്ങൾക്കു ചോദിക്കാൻ അവകാശമില്ല. ഞങ്ങൾക്ക് ആഹ്ലാദ നിഷ്ഠയുണ്ടു്. ഞങ്ങളുടെ മണം വായുവിനും, നിറം മണ്ണിനും കൊടുത്തിട്ടു തുലയുന്നതിനു മുമ്പു ചിലതെല്ലാം ചെയ്യണമെന്നും ഞങ്ങൾക്കു വ്രതമുണ്ടു്. ഞങ്ങൾ സ്വപ്നസംഭ്രതങ്ങളാണ് എന്നിരിക്കട്ടെ. ഞങ്ങൾ അടുത്ത ക്ഷണത്തിൽ വിലയം പ്രാപിക്കുമെന്നിരിക്കട്ടെ. ഏതാനും നിമിഷനേരത്തേക്കു നീണ്ടു നില്ക്കുന്ന ജീവിതംകൊണ്ടു് ചിലതെല്ലാം സാധിക്കണമെന്നു ഞങ്ങൾക്കു നിബ്ബ

ന്ധമുണ്ട്. ഞങ്ങളുടെ ജന്മസ്ഥാനത്തെ ഞങ്ങൾ പ്രശസ്തമാക്കും; ശോഭാവഹമാക്കും; ബഹുമാനസമ്പന്നമാക്കും. ആക്കും ഞങ്ങൾ ആഹ്ളാദം നല്കും. ഒരു തുള്ളി തേനില്ലാത്തവരായി ഞങ്ങളിൽ ആരുമില്ല. അതു ലോകത്തിനു നല്കി ഞങ്ങൾ തൃപ്തി സമ്പാദിക്കും. ആ മധു ഞങ്ങളുടെ തപസ്സിന്റെ ഫലമാണെന്നു കരുതണം. അതു ഞങ്ങളുടെ ഹൃദയത്തിലെ സുധയാണ്. ഞങ്ങളുടെ സൗന്ദര്യ്യ സന്ദേശത്തെ ലോകത്തിലെങ്ങും പരത്തുന്ന വണ്ടുകൾക്ക് അതാണ് ഞങ്ങൾ പ്രതിഫലമായി കൊടുക്കുന്നതു്. ഞങ്ങൾക്കു വേറൊരു കാര്യ്യത്തിലും നിഷ്ഠയുണ്ട്. ഞങ്ങൾ സസ്യലോകത്തിന്റെയാകട്ടെ, മനുഷ്യലോകത്തിന്റെയാകട്ടെ, ശിരോലങ്കാരമാകാനേ ശീലിച്ചിട്ടുള്ളൂ. ആരാധനയോടു കൂടിയല്ലാതെ ആരും ഞങ്ങളെ നോക്കാറില്ല. ലോകത്തിൽ അനുഗ്രഹവഷം ചെയ്യാനേ ഞങ്ങൾക്കു വശമുള്ളൂ. ഞങ്ങൾ നിത്യസത്യത്തിന്റെയും നിത്യാനന്ദത്തിന്റെയും പ്രതിമകളാണ്. ഞങ്ങൾ ലോകസുഖത്തിനു തപസ്സു ചെയ്തു നിത്യവിലയം പ്രാപിക്കും. അതാണ് ഞങ്ങളുടെ കൃതാൎത്ഥത."

ഈ ദിവ്യസന്ദേശമാണ് പൂക്കൾ എനിക്കു നല്കിയിട്ടുള്ളതു്. അവയുടെ ദിവ്യപ്രതിമകൾ, അവയുടെ വൎണ്ണഭംഗിയും സൗരഭ്യവും മാറാതെ എന്റെ ഹൃദയത്തെ പ്രദക്ഷിണം ചെയ്തു സമാരാധിക്കുന്നുണ്ടു്. ആ ആരാധനയിൽ ഞാൻ ആഹ്ളാദിക്കുന്നു.

[ശൂരനാട്ട് കുഞ്ഞൻപിള്ള എം. എ.]

പാഠം ൧൯

# ഗ്രന്ഥപാരായണം

"വായന മനുഷ്യനെ ജ്ഞാനസമ്പന്നനാക്കുന്നു"

(ലാർഡ് ബെകൺ)

ബുദ്ധിശക്തിയുടെ പ്രസരിപ്പും പുസ്തകങ്ങൾ, വർത്തമാനപ്പത്രങ്ങൾ, മാസികകൾ ഇവയുടെ സംഖ്യയും പ്രതിദിനമെന്നപോലെ വർദ്ധിച്ചുവരുന്ന ഇക്കാലത്തു് യാതൊരുത്തനും യഥാകാലാനുവർത്തിയായിരിക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ അതു വായന കൂടാതെ സാധിക്കുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. "അഭ്യസ്തവിദ്യൻ" എന്ന പേരിനു അവകാശം ഉണ്ടെന്നു നടിക്കുന്ന ഏവനും ഗ്രന്ഥപാരായണം ഒരു ഒഴിച്ചുകൂടാത്ത ആവശ്യമായിട്ടാണു് ഇപ്പോൾ ഇരിക്കുന്നതു്. ഇക്കാലത്തു നാട്ടിൽ നാനാഭാഗങ്ങളിലും നാം കാണുന്ന വായനശാലകൾ, പുസ്തകങ്ങൾ ഇവ ഈ ആവശ്യത്തെ അല്ലയോ ചൂണ്ടിക്കാണിക്കുന്നതു് ? ഇപ്രകാരം വായനയിലുള്ള ഈ അഭിരുചി ജനങ്ങളിൽ ജനിച്ചിട്ടുള്ളതായിക്കാണുന്നതു് ഏററവും സന്തോഷപ്രദമായ ഒരു കാൎയ്യമാണു. ഇതിനെ വഴിയാകുംവണ്ണം നയിക്കുന്നതായിരുന്നാൽ കാലക്രമംകൊണ്ടു ഒരു ശീലമായിത്തീൎന്നു നമുക്കു സൎവ്വദാ ഗുണപ്രദമായി പരിണമിക്കുകയും ചെയ്യുന്നതാണു്. ഗ്രന്ഥപാരായണത്തിൻെറ വ്യാപ്തിയെയും ശക്തിയെയും പററി സർ ജാൺ ഹെർഷൽ എന്ന മഹാൻ ഇപ്രകാരം പറയുന്നു:—"ഏതു അവസ്ഥയിലും എനിക്കു് ഉററ സഹായിയും ആജീവനാന്തം എനിക്കു

സുഖത്തിനും നന്മയ്ക്കും കാരണഭൂതമായും മനുഷ്യജന്മത്തിൽ നേരിടാവുന്ന എല്ലാ വിപത്തുകളിലും മററു ദുഃഖങ്ങളിലും എനിക്കു ഒരു രക്ഷയായും ഇരിക്കുന്ന ഒരു അഭിരുചിയുടെ പ്രാപ്തിയെ ഞാൻ ഇച്ഛിക്കുന്നു എങ്കിൽ അതു് ഗ്രന്ഥപാരായണത്തിലുള്ള അഭിരുചി തന്നെയാകുന്നു.'' ഈ മഹദ്വാക്യത്തിൽ സംഗ്രഹിച്ചിട്ടുള്ള സാരമാണു ഞാൻ വായനക്കാരുടെ ശ്രദ്ധയ്ക്കായി അല്പം വിസ്തരിച്ചു പറയാൻ പോകുന്നതു്. വിദ്യയുടെ സ്വാദു അനുഭവിച്ചു തുടങ്ങിയിട്ടുള്ളവക്കു വിദ്യാസമ്പാദനത്തിനുള്ള ഒരു ഉത്തമമാർഗ്ഗമായ വായന ഇന്നതെന്നും, അതിൻെറ ഉദ്ദേശ്യങ്ങളും ഉപയോഗങ്ങളും ഇന്നവയെന്നും, അതിനെ ശീലിക്കേണ്ട ഉത്തമരീതികൾ ഏവയെന്നും ഉള്ളതിനെപ്പററി വിശദമായ ജ്ഞാനം അത്യാവശ്യമാണല്ലോ. ഈ മൂന്നു സംഗതിയെയും ആസ്പദമാക്കി അല്പം ചിലതു പറയാം.

വായന എന്നു വച്ചാൽതന്നെ എന്താണു്? പുസ്തകങ്ങളിലും മററും അടങ്ങിയിട്ടുള്ള സംഗതികളെ മനസ്സുകൊണ്ടു ഗ്രഹിക്കയും ധരിക്കയും അവയെപ്പററി പര്യാലോചിക്കയും ചെയ്യുന്നതാണു്. ഈ മൂന്നു പ്രവൃത്തിയും ഉൾപ്പെടാത്തതു വായനയെന്നുള്ള പേരിനെ അർഹിക്കുന്നതല്ല. ഒരു പുസ്തകം തുറന്നു് അതിൻെറ വശങ്ങളിൽക്കൂടി കണ്ണുകളോടിക്കയോ അല്ലെങ്കിൽ മനസ്സിൻെറ ഉപരിഭാഗത്തുകൂടി സംഗതികളെ ദ്രുതഗതിയായി സഞ്ചരിപ്പിക്കയോ ചെയ്യുന്നതു വായനയെന്നു പറയാമോ എന്നു് എനിക്കു സംശയമുണ്ടു്. ഇതു

നമ്മുടെ ഒരുവിധമുള്ള സമയ ദുർവ്യയമായിരിക്കാമെന്നു തോന്നുന്നു. ഫലപ്രദമല്ലാതെയിരിക്കുന്ന ഈവിധമുള്ള വായന നാം ത്യജിക്കേണ്ടതാണ് എന്നു പ്രത്യേകം പറഞ്ഞേ തീരൂ എന്നില്ലല്ലോ. നാം ഏതെങ്കിലും പുസ്തകം വായിക്കുന്നതായിരുന്നാൽ നമ്മുടെ മനസ്സിനു നൂതനമായ ഒരു അറിവു സിദ്ധിച്ചില്ലെങ്കിൽ അതു കേവലം സമയ ദുർവ്യയം തന്നെയെന്നു പറയേണ്ടിയിരിക്കുന്നു. ഗ്രന്ഥപാരായണം ചെയ്യുന്നവർ ഈ തത്വം സദാ മനസ്സിൽ വച്ചുകൊള്ളേണ്ടതാണ്. വായനയുടെ സ്വഭാവം ഇന്നതാണെന്ന് ഇത്രയും പറഞ്ഞതുകൊണ്ടു ഏറക്കുറെ മനസ്സിലായിരിക്കുമല്ലോ. ഇനി ഇതിന്റെ ഉദ്ദേശ്യങ്ങളും ഉപയോഗങ്ങളും എന്തെല്ലാമാണെന്നാണു നോക്കേണ്ടതു്. വായന ബുദ്ധിവികാസത്തിനുള്ള ഒരു ഉത്തമ മാർഗ്ഗവും നിത്യസൗഖ്യത്തിനുള്ള ഒരു ഉല്പത്തിസ്ഥാനവും സാന്മാർഗ്ഗികപരിശീലനത്തിനുള്ള ഒരു ഉപകരണവും ആകുന്നു.

൩. ഒരു ദേശക്കാരുടെ വളർച്ച കാണിക്കുന്ന ഒരു രേഖയും അവരുടെ അന്തർഗ്ഗതങ്ങളുടെയും വികാരങ്ങളുടെയും മററും ഒരു സംഗ്രഹവും ആയിരിക്കുന്ന സാഹിത്യത്തിലേക്കുള്ള ഏക പ്രവേശനദ്വാരം വായനയാകുന്നു. ഗ്രന്ഥപാരായണമില്ലാത്ത ഒരു മനുഷ്യനു ഭൂതകാലം കേവലം ശൂന്യമായിട്ടു തന്നെ ഇരിക്കും. അയാൾക്കു ബുദ്ധിയുടെ വ്യാപ്തി വർത്തമാനകാലസീമാവായിരിക്കുന്നതുകൊണ്ടു അതു കേവലം അല്പമായി

ത്തന്നെ ഇരിക്കാനേ തരമുള്ളു. ലോകാരംഭം മുതൽ പരമ്പരയാ വർത്തിച്ചുവന്നിട്ടുള്ള ജ്ഞാനസമ്പത്തും ഇപ്രകാരമുള്ള ഒരാൾക്കു് അപ്രാപ്യമായിത്തന്നെയിരിക്കും. നാം എല്ലാവരും നമ്മുടെ പൂർവ്വന്മാർ അടിസ്ഥാനമിട്ട പൂർത്തിയാക്കാതെ ഇട്ടിരിക്കുന്ന ജ്ഞാനപ്രാസാദത്തെ പൂർണ്ണമാക്കുന്നതിനു ചുമതലപ്പെട്ട തക്ഷന്മാരാണു്. എന്നാൽ അവരുടെ ഉദ്ദേശ്യവും ശ്രമവും ശരിയായി ഗ്രഹിക്കാതെ നാം അവയെ പൂർത്തിയാക്കുന്നതു എങ്ങനെ? നാം ഓരോരുത്തരും പൂർവ്വഗാമികളുടെ പ്രയത്നഫലത്തെ കണക്കാക്കാതെ മുമ്പോട്ടു പോകാൻ ശ്രമിക്കുന്നതായിരുന്നാൽ ലോകത്തിന്റെ ഉദ്ഗതി വളരെ മന്ദീഭവിക്കുന്നതിനിടയുണ്ടു്; എന്നല്ല, ഉദ്ഗതി തന്നെ ഉണ്ടാകുമോ എന്നും സംശയമാണു്.

൨. വായനകൊണ്ടു നമുക്കു ലോകത്തിലുണ്ടായിരുന്ന മഹാമനസ്കന്മാരും ഉൽകൃഷ്ടജീവികളുമായ വിദ്വാന്മാരുടെയും വിദുഷികളുടെയും വിശിഷ്ടങ്ങളായ അന്തർഗ്ഗതങ്ങളോടു് അടുത്തു പരിചയം സിദ്ധിക്കയും അവരോടു സഖ്യം പ്രാപിക്കുവാൻ സൗകര്യം ലഭിക്കയും ചെയ്യുന്നു. ഗ്രന്ഥങ്ങൾ പ്രായേണ അഗാധമായ ആലോചനയുടെയും പക്വത വന്ന ബുദ്ധിയുടെയും ഫലങ്ങളാകകൊണ്ടു് അവയിൽ അടങ്ങിയിട്ടുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഏററവും സാരങ്ങളും ഉൽകൃഷ്ടങ്ങളും ആയിരിക്കുമെന്നു വേണം വിചാരിപ്പാൻ. എന്നാൽ, ഒരു ഗ്രന്ഥത്തിലുള്ളവ എല്ലാം ഗ്രഹിക്കുന്നതു് അശക്യമോ പ്രയാസമോ ആയിരിക്കാവുന്നതുകൊണ്ടു

നമ്മുടെ മനസ്സ് അവയിലുള്ളതുകളിൽ വിലയേറിയവയും വിശിഷ്ടങ്ങളുമായുള്ളവയെമാത്രം ഗ്രഹിക്കാനാണ് എളുപ്പം. ഇപ്രകാരം നമുക്ക് അവയിൽനിന്നും ലഭിക്കുന്നവ ഉൽകൃഷ്ടതരങ്ങളായവമാത്രം ആകുന്നു. ഇങ്ങനെയുള്ള ഒരു ഉത്തമഗ്രന്ഥം നമുക്ക് ഉപദേശം നൽകുന്നതും സംശയനിവൃത്തി വരുത്തുന്നതും നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതും നമ്മോട് ആപത്തിലും സമ്പത്തിലും സഹതപിക്കയും അനുമോദിക്കയും ചെയ്യുന്നതുമായ ഒരു ഉററ ബന്ധുവായും തീരുന്നു.

൩. വായനകൊണ്ടു സിദ്ധിക്കാവുന്ന മറെറാരു ഗുണം പറയാം. മനുഷ്യജന്മത്തിനു സഹജങ്ങളായുള്ള കഷ്ടതകളിലും മനോവ്യഥകളിലുംനിന്നു നമ്മെ ഉൽകൃഷ്ടപദത്തിലേക്ക് അതു് ഉയർത്തുന്നു. ഉദരപൂരണത്തിനോ അതുപോലെയുള്ള മററ ആവശ്യങ്ങൾക്കോ വേണ്ടി ലോകത്തിൽ പല വിധത്തിലും ക്ലേശിക്കയും ബുദ്ധിമുട്ടുകയും ചെയ്യേണ്ടതായിട്ടുണ്ടല്ലോ. ജീവിതമത്സരത്തിൽ പല നികൃഷ്ടമാർഗ്ഗങ്ങളിലും നമ്മുടെ മനസ്സ് സഞ്ചരിക്കേണ്ടതായും വരും. എന്നാൽ, ഇവയിൽനിന്നും നമുക്ക് ആശ്വാസം സിദ്ധിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽവച്ച് ഏററവും ശ്രേഷ്ഠമായിട്ടുള്ളതു ഗ്രന്ഥപാരായണം തന്നെയാണെന്ന് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്. നമുക്ക് അദ്ധ്വാനങ്ങളുടെയും കഷ്ടപ്പാടുകളുടെയും മദ്ധ്യേ ഇടയ്ക്കിടയ്ക്കു ലഭിക്കാവുന്ന അവസരങ്ങളെ ഉപയോഗിക്കുന്നതിനുള്ള ഉത്തമമായ മാർഗ്ഗം മറെറന്താണുള്ളതു്? "ദുഃഖം സ

ഹിക്കുന്ന ആത്മാവിനും ഭാരം വഹിക്കുന്ന മനസ്സിനും പുസ്തകങ്ങൾ മാത്രം ഉത്തമസഖാക്കളായി ഭവിക്കുന്നു" എന്നു ഒരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നതു് എത്രയോ ശരിയാണു്. ലാർഡ് മെക്കാളെ ഒരു സന്ദർഭത്തിൽ ഗ്രന്ഥപാരായണത്തെക്കുറിച്ചു് ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"പുസ്തകങ്ങളോടു നമുക്കുള്ള ഋണാനുബന്ധം എത്രയോ അപരിമിതമാണു്. അവ വ്യസനത്തിങ്കൽ ആശ്വാസജനകങ്ങളും, രോഗത്തിൽ പരിചാരകന്മാരും, ഏകാന്തത്തിൽ സഖാക്കളും ആകുന്നു; അവ പുതിയ മുഖത്തോടുകൂടി ഒരിക്കലും കാണാത്ത പഴയ സ്നേഹിതന്മാരാണു്; അവ എല്ലാ അവസ്ഥകളിലും സ്ഥിരമായിരിക്കുന്ന മിത്രങ്ങളുമാകുന്നു."

൪. ഗ്രന്ഥപാരായണം നമുക്കു് അനശ്വരമായ സുഖം നൽകുന്നു. ലോകത്തിൽ മററുവിധത്തിൽ നമുക്കു ലഭിക്കുന്ന സുഖം പ്രായേണ ക്ഷണികങ്ങളും ഏറെക്കുറെ മലിനതയോടുകൂടിയവയും ആകുന്നു. ചിലപ്പോൾ ഇവയ്ക്കുവേണ്ടി പരോപദ്രവംകൂടി ചെയ്യേണ്ടിവരും; എന്നാൽ ഗ്രന്ഥപാരായണത്തിൽനിന്നും നമുക്കു് ഉളവാകുന്ന സന്തോഷമോ സുഖമോ നിർമ്മലവും അന്യന്നു് അപഹരിക്കാൻ പാടില്ലാത്തതും വിരക്തി വരാത്തതും ആകുന്നു. ഇപ്രകാരമുള്ള സുഖം ലോകത്തിൽ അപൂർവ്വമായിട്ടാണു കാണുന്നതു്. അതിനാൽ ദുഃഖഹേതുക്കളായ മററു സുഖങ്ങളെ നാം നിവൃത്തിയുള്ളിടത്തോളം വർജ്ജിക്കയും, അവസരം ലഭിക്കുമ്പോഴൊക്കെയുമെങ്കിലും ഈ സുഖപ്രദമായ മാർഗ്ഗത്തെ അവ

ലംബിക്കയും ചെയ്യേണ്ടതാണ്. എല്ലാവിധ പുസ്തകങ്ങളും ഒരുപോലെ സുഖം തരുന്നവയായിരിക്കയില്ലെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ഈ വിഷയത്തിൽ കൂടുതൽ കുറവുണ്ടെന്നല്ലാതെ വരാൻ തരമില്ല. കാവ്യനാടകാദികളായിരിക്കാം ഈ വിഷയത്തിൽ മുമ്പിട്ടുനിൽക്കുന്നത്. ഓരോവിധ ഗ്രന്ഥങ്ങളുടെയും പാരായണംകൊണ്ട് എന്തുമാത്രം സന്തോഷം ലഭിക്കുന്നു എന്നുള്ളത് ഓരോരുത്തരുടെ അഭിരുചി, മനോവൃത്തി മുതലായവയെ ആശ്രയിച്ചിരിക്കുന്നതാകയാൽ ഇതിനെക്കുറിച്ചു വിസ്തരിച്ചുപറയുന്നതു പ്രയാസമാണ്. ഇതു അനുഭവംകൊണ്ടുതന്നെ അറിയേണ്ടതാകുന്നു.

൫. ഗ്രന്ഥപാരായണത്തിൽനിന്നും ഉണ്ടാകാവുന്ന വേറൊരു ഗുണം, അതു നമുക്കു സദുപദേശങ്ങളും ഉത്സാഹം, ആശ്വാസം ഇതുകളെയും നല്കുന്നതായുള്ള സദ്വാക്യങ്ങളും മററും സുലഭങ്ങളാക്കിത്തീക്കുന്നു എന്നുള്ളതാണ്. ഓരോ സന്ദർഭങ്ങളിൽ ഇവ നമുക്ക് എത്രയോ വിലയേറിയ രത്നങ്ങളായി ഭവിക്കുന്നു. മററുവിധേന നമ്മുടെ ദുഃഖങ്ങളെ ശമിപ്പിക്കുന്നതിനു നിവൃത്തിയില്ലാതെവരുമ്പോൾ, ഈ വക സദ്വാക്യങ്ങളുടെയോ അവയിൽ അന്തർഭവിച്ചിരിക്കുന്ന സാരതരങ്ങളായ തത്വങ്ങളുടെയോ സ്മരണ എത്രമാത്രം നമുക്ക് ഉപകരിക്കുന്നു എന്നു പറയാൻ പ്രയാസമാണ്. പല മഹാന്മാരും അസഹനീയമായ ദുഃഖാവസ്ഥയിൽ ഗ്രന്ഥപാരായണത്തെ അവലംബിച്ചു ആശ്വാസം നേടിയതായി അനേകം ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇപ്ര

കാരമുള്ള സദ്വാക്യങ്ങൾ സ്വൎണ്ണാഭരണങ്ങളിൽ രത്നങ്ങളെന്നപോലെ മഹാന്മാരുടെ കൃതികളിൽ ശോഭായമാനങ്ങളായി കിടക്കുന്നുണ്ട്. ഇവയെ നമ്മുടെ ധാരണാശക്തിയാകുന്ന ഭണ്ഡാരത്തിൽ സൂക്ഷിച്ചുവയ്ക്കുന്നതു് എത്രയും പ്രയോജനകരവും സന്തോഷഹേതുകവും ആയ ഒരു കാൎയ്യമാണു്. ഇതിലും ഉൽകൃഷ്ടമായ ഒരു ധനം എന്താണു് ഉള്ളതു്? ഇത്രയും വിലയേറിയ രത്നങ്ങൾ ഏതാണു്? ഇവ ഏതെല്ലാം വിധത്തിൽ നമ്മെ സഹായിക്കുമെന്നു് അനുഭവസിദ്ധന്മാൎക്കേ അറിവാൻ തരമുള്ളൂ. അതിനാൽ ഗ്രന്ഥപാരായണതല്പരന്മാർ ഈ സംഗതിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു പറഞ്ഞുകൊള്ളുന്നു.

൩. വായനയുടെ മറ്റൊരു സൽഫലം അതു നമ്മുടെ ഹൃദയത്തിലുള്ള വികാരങ്ങളെ ശുദ്ധീകരിക്കയും നമ്മെ സൽസ്വഭാവികളും യോഗ്യന്മാരുമാക്കിത്തീൎക്കയും ചെയ്യുന്നു എന്നതാകുന്നു. ദൃഷ്ടാന്തങ്ങൾ ഉപദേശങ്ങളെക്കാൾ ശ്രേഷ്ഠങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. ദേശചരിത്രങ്ങളും ജീവചരിത്രങ്ങളും നമുക്കു് അനേകം ഉത്തമദൃഷ്ടാന്തങ്ങൾ നല്കുന്നുണ്ടു്. മഹാന്മാരും യോഗ്യന്മാരുമായിരുന്ന ആളുകളുടെ ജീവചരിത്രം നാം സശ്രദ്ധം പഠിക്കുന്നതായിരുന്നാൽ അവരുടെ ഗുണങ്ങളിൽ ചിലവയെങ്കിലും നമുക്കു ലഭിക്കാതിരിപ്പാൻ നിവൃത്തിയില്ല. "ചരിത്രം എന്നുള്ളതു ദൃഷ്ടാന്തരൂപേണ ഉപദേശം നല്കുന്ന ഒരു തത്വശാസ്ത്രം തന്നെയാണു" എന്നു് ഒരു മഹാൻ പറഞ്ഞിരിക്കുന്നു.

സ്വാത്മപരിത്യാഗം, സ്വെച്ഛാവഞ്ജനം, വാക്സ്ഥിരത, മനുഷ്യസ്നേഹം, പരോപകാരതല്പരത, സ്വദേശാഭിമാനം മുതലായ സൽഗുണങ്ങൾക്കു ദൃഷ്ടാന്തങ്ങൾ ചരിത്രങ്ങളിൽ അപൂൎവ്വങ്ങളല്ല. ദാരിദ്ര്യദുഃഖത്തിൽ ആശ്വാസവും ധനസമൃദ്ധിയിൽ അനഹങ്കാരവും നൽകുന്നതിനും, സദ്വിഷയങ്ങളിൽ നമ്മെ പ്രേരിപ്പിക്കുന്നതിനും, ദുർഗ്ഗുണങ്ങളിൽനിന്നും നമ്മെ നിവൎത്തിപ്പിക്കുന്നതിനും നികൃഷ്ടവികാരങ്ങളെ ദൂരീകരിക്കുന്നതിനും സച്ചരിത്രപാരായണം ഏററവും ശക്തിമത്തായ ഒരു ഉപകരണമാണെന്നു നിസ്സംശയം പറയാം.

൭. ഗ്രന്ഥപരിശീലനം ശരിയായി അനുഷ്ഠിച്ചാൽ അതു നമ്മുടെ മനസ്സിൽനിന്നും നമ്മുടെ അല്പജ്ഞത നിമിത്തം മനുഷ്യരെയും വസ്തുക്കളെയും കുറിച്ച് നമുക്ക് ഉണ്ടാകുന്ന ദുരഭിപ്രായങ്ങളെയും തെററിദ്ധാരണകളെയും ഉന്മൂലനം ചെയ്യുന്നതിന് ഒരു ഉത്തമമാൎഗ്ഗമായിത്തീരുന്നതാകുന്നു. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ന്യൂനതകൊണ്ടോ നാം ശീലിക്കുന്ന തൊഴിലിന്റെ സ്വഭാവംകൊണ്ടോ നമ്മുടെ സംസൎഗ്ഗദോഷംകൊണ്ടോ ചിലപ്പോൾ നമ്മുടെ മനസ്സിന് ഒരു സങ്കോചം വന്നുകൂടിയേക്കാം. നമ്മുടെ വിചാരങ്ങളും അഭിപ്രായങ്ങളും ഒരു ഇടുക്കായ മാൎഗ്ഗത്തെ അവലംബിച്ചിരിക്കാനും എളുപ്പമുണ്ട്. എന്നാൽ, ഗ്രന്ഥപാരായണം വിവിധങ്ങളായുള്ള അന്തൎഗ്ഗതങ്ങളെയും അഭിപ്രായങ്ങളെയും നമ്മുടെ മനസ്സിന്റെ മുമ്പിൽ കൊണ്ടുവന്നിട്ടു നമ്മുടെ അഹംബുദ്ധിയെ കുറയ്ക്കുകയും, നമ്മുടെ ദുരഭിപ്രായങ്ങളെ

മാററേണ്ടതിന്റെ ആവശ്യകതയെ നമ്മെ ബോദ്ധ്യപ്പെടുത്തുകയും, നമ്മുടെ വിചാരവീഥികൾക്കുള്ള വിസ്താരം കൂട്ടുകയും ചെയ്യുന്നതിന് ഉതകുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ധ്വവിദ്യാഭ്യാസത്തിൽനിന്ന് ഉണ്ടാകാവുന്ന ദോഷങ്ങളിൽ മിക്കവയെയും ഇതു ഒരുവിധം പരിഹരിക്കുന്നതിനു മതിയാകും.

൮. ഇനി ഒന്നു പറയാനുള്ളതു്, ഗ്രന്ഥപാരായണം പലപ്പോഴും നമുക്ക് ഒരു വിശ്രമമായിബ്ഭവിക്കുന്നു എന്നാണു. മനുഷ്യക്ക് എല്ലാവക്കും ഓരോ തൊഴിൽ ഉണ്ടായിരിക്കുമല്ലോ. ഇങ്ങനെയുള്ള തൊഴിലുകൾ ചെയ്യു് ഒരുവിധം ക്ഷീണിച്ചോ മററാ ഇരിക്കുമ്പോൾ ഏറെക്കുറെ ലഘുവായിട്ടുള്ള ഗ്രന്ഥപാരായണം ആശ്വാസജനകമായിരിക്കുന്നതാണ്. ക്ഷീണിച്ചിട്ടുള്ള അവയവങ്ങൾക്ക് ഇതു ഒരുവിധം വിശ്രമവും നല്കുന്നു. ബഹുവിധമുള്ള മനോവ്യാപാരം തന്നെയും സുഖപ്രദമായിബ്ഭവിക്കുന്നു. വിവിധത്വം എല്ലാപ്പോഴും സന്തോഷത്തെ ജനിപ്പിക്കുന്നു എന്ന് ഉണ്ടല്ലോ.

൯. വത്തമാനപ്പത്രങ്ങൾ മുതലായവയുടെ പാരായണം ലോകത്തിന്റെ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന സംഗതികളെയും അന്യരാജ്യങ്ങളിലെ ഏളപ്പാടുകൾ, സമുദായസ്ഥിതി, നൂതനനിമ്മാണങ്ങൾ, വിദ്യാഭ്യാസരീതി, വ്യവസായം മുതലായവയെയും കുറിച്ച് നമുക്ക് ആവശ്യങ്ങളും കാലോചിതങ്ങളുമായ അറിവുകൾ നല്കുകയും ഇപ്രകാരം നമ്മുടെ ജ്ഞാനസമ്പത്തിനെ വദ്ധിപ്പിക്കയും ചെയ്യുന്നു. ഇപ്രകാരം വായ

നകൊണ്ട് നമുക്കു സിദ്ധിക്കാവുന്ന പല ഗുണങ്ങളും ഞാൻ ഇപ്പോൾ പ്രസ്താവിച്ചു. ഇനിയും അനേകം ഗുണങ്ങൾ ഇല്ലെന്നില്ല. ഇവയെല്ലാം വിസ്തരിച്ചു പറയുന്നതു തല്ക്കാലം അല്പം പ്രയാസമാണ്. ബുദ്ധി വികാസത്തിനും മററും എത്രയും ഉത്തമമായ ഒരു മാർഗ്ഗമാണ് വായന എന്ന് ഇത്രയും പറഞ്ഞതുകൊണ്ടു തന്നെ നമുക്കു മനസ്സിലാക്കാവുന്നതാണ്.

ഇനി അല്പം പറയാനുള്ളത് വായന ശീലിക്കേണ്ട രീതിയെപ്പററിയാണ്. ഈ വിഷയത്തിൽ ഒന്നാമതായി എനിക്കു പറവാനുള്ളത് ഗ്രന്ഥപാരായണം കൊണ്ടു വല്ല പ്രയോജനവും സിദ്ധിക്കണമെങ്കിൽ അത് നിയമമോ രീതിയോ അനുസരിച്ചു വേണ്ടതാണെന്നാണ്. ദിവസംപ്രതി ഒരു ക്ലിപ്തസമയം വായനക്കായി നീക്കിവെക്കേണ്ടതു അത്യാവശ്യമാണ്. ഇപ്രകാരം ഇരുന്നാൽ മാത്രമേ അതു ഒരു സ്ഥിരശീലമായിബ് ഭവിക്കുകയുള്ളൂ. തോന്നുമ്പോൾ വായിക്കുക എന്നു വന്നാൽ അതുകൊണ്ടു വലിയ ഫലമൊന്നും സിദ്ധിക്കാൻ തരമില്ല. രണ്ടാമതായി പറവാനുള്ളത് വായന ശ്രദ്ധാപൂർവ്വമായിരിക്കണമെന്നാണ്. ഓടിച്ചുള്ളതോ ഉപരിപ്ലവമോ ആയ വായന സമയം കളയാൻ മാത്രം ഉപയോഗപ്പെടുന്നു. മനസ്സിരുത്തി വായിക്കുന്നതേ മനസ്സിൽ ഇരിക്കുകയുള്ളൂ എന്നു നാം ഓർക്കേണ്ടതാണ്. ഗ്രഹണശക്തിയെയും ധാരണാശക്തിയെയും വേണ്ടതുപോലെയും ധാരാളമായും വ്യാപരിപ്പിക്കണം. "വളരെ വായിക്കയല്ല, വഴിയേ വാ

മാറേറണ്ടതിൻെറ ആവശ്യകതയെ നമ്മെ ബോദ്ധ്യപ്പെടുത്തുകയും, നമ്മുടെ വിചാരവീഥികൾക്കുള്ള വിസ്താരം കൂട്ടുകയും ചെയ്യുന്നതിന് ഉതകുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ധ്വിദ്യാഭ്യാസത്തിൽനിന്ന് ഉണ്ടാകാവുന്ന ദോഷങ്ങളിൽ മിക്കവയെയും ഇതു ഒരുവിധം പരിഹരിക്കുന്നതിനു മതിയാകും.

൫. ഇനി ഒന്നു പറയാനുള്ളത്, ഗ്രന്ഥപാരായണം പലപ്പോഴും നമുക്ക് ഒരു വിശ്രമമായിബ്ഭവിക്കുന്നു എന്നാണു. മനുഷ്യക്ക് എല്ലാവൎക്കും ഓരോ തൊഴിൽ ഉണ്ടായിരിക്കുമല്ലോ. ഇങ്ങനെയുള്ള തൊഴിലുകൾ ചെയ്തു ഒരുവിധം ക്ഷീണിച്ചോ മറേറാ ഇരിക്കുമ്പോൾ ഏറെക്കുറെ ലഘുവായിട്ടുള്ള ഗ്രന്ഥപാരായണം ആശ്വാസജനകമായിരിക്കുന്നതാണ്. ക്ഷീണിച്ചിട്ടുള്ള അവയവങ്ങൾക്ക് ഇതു ഒരുവിധം വിശ്രമവും നല്കുന്നു. ബഹുവിധമുള്ള മനോവ്യാപാരം തന്നെയും സുഖപ്രദമായിബ്ഭവിക്കുന്നു. വിവിധത്വം എല്ലായ്പ്പോഴും സന്തോഷത്തെ ജനിപ്പിക്കുന്നു എന്നു് ഉണ്ടല്ലോ.

൬. വൎത്തമാനപ്പത്രങ്ങൾ മുതലായവയുടെ പാരായണം ലോകത്തിൻെറ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന സംഗതികളെയും അന്യരാജ്യങ്ങളിലെ ഏൎപ്പാടുകൾ, സമുദായസ്ഥിതി, നൂതനനിൎമ്മാണങ്ങൾ, വിദ്യാഭ്യാസരീതി, വ്യവസായം മുതലായവയെയും കുറിച്ചു നമുക്ക് ആവശ്യങ്ങളും കാലോചിതങ്ങളുമായ അറിവുകൾ നല്കുകയും ഇപ്രകാരം നമ്മുടെ ജ്ഞാനസമ്പത്തിനെ വൎദ്ധിപ്പിക്കയും ചെയ്യുന്നു. ഇപ്രകാരം വായ

നകൊണ്ട് നമുക്കു സിദ്ധിക്കാവുന്ന പല ഗുണങ്ങളും ഞാൻ ഇപ്പോൾ പ്രസ്താവിച്ചു. ഇനിയും അനേകം ഗുണങ്ങൾ ഇല്ലെന്നില്ല. ഇവയെല്ലാം വിസ്തരിച്ചു പറയുന്നതു തല്ക്കാലം അല്പം പ്രയാസമാണ്. ബുദ്ധിവികാസത്തിനും മററും എത്രയും ഉത്തമമായ ഒരു മാൎഗ്ഗമാണ് വായന എന്ന് ഇത്രയും പറഞ്ഞതുകൊണ്ടു തന്നെ നമുക്കു മനസ്സിലാക്കാവുന്നതാണ്.

ഇനി അല്പം പറയാനുള്ളതു് വായന ശീലിക്കേണ്ട രീതിയെപ്പററിയാണ്. ഈ വിഷയത്തിൽ ഒന്നാമതായി എനിക്കു പറവാനുള്ളതു് ഗ്രന്ഥപാരായണം കൊണ്ടു വല്ല പ്രയോജനവും സിദ്ധിക്കണമെങ്കിൽ അതു് നിയമമോ രീതിയോ അനുസരിച്ചു വേണ്ടതാണെന്നാണ്. ദിവസംപ്രതി ഒരു ക്ലിപ്തസമയം വായനയ്ക്കായി നീക്കിവെയ്ക്കേണ്ടതു അത്യാവശ്യമാണ്. ഇപ്രകാരം ഇരുന്നാൽ മാത്രമേ അതു ഒരു സ്ഥിരശീലമായിബ് ഭവിക്കുകയുള്ളു. തോന്നുമ്പോൾ വായിക്കുക എന്നു വന്നാൽ അതുകൊണ്ടു വലിയ ഫലമൊന്നും സിദ്ധിക്കാൻ തരമില്ല. രണ്ടാമതായി പറവാനുള്ളതു് വായന ശ്രദ്ധാപൂൎവ്വമായിരിക്കണമെന്നാണ്. ഓടിച്ചുള്ളതോ ഉപരിപ്ലവമോ ആയ വായന സമയം കളയാൻ മാത്രം ഉപയോഗപ്പെടുന്നു. മനസ്സിരുത്തി വായിക്കുന്നതേ മനസ്സിൽ ഇരിക്കുകയുള്ളു എന്നു നാം ഓൎക്കേണ്ടതാണ്. ഗ്രഹണശക്തിയെയും ധാരണാശക്തിയെയും വേണ്ടതുപോലെയും ധാരാളമായും വ്യാപരിപ്പിക്കണം. "വളരെ വായിക്കയല്ല, വഴിയേ വാ

യിക്കയാണ്" നമ്മുടെ ഉദ്ദേശ്യമായി സ്വീകരിക്കേണ്ടത്. മനസ്സിൽ ഒരു നിയമവും കൂടാതെ സംഗതികളെ തള്ളിക്കയറവുന്നതും ഉദരത്തിൽ ഒരു ക്രമം കൂടാതെ ഭക്ഷണം ചെലുത്തുന്നതും ഒന്നുപോലെയാണ്. ഒടുവിൽ പറഞ്ഞതു ശരീരത്തെ എന്നപോലെ ആദ്യം പറഞ്ഞതു മനസ്സിനെയും ദുഷിപ്പിക്കുന്നു. "അധികസ്യ അധികം ഫലം" എന്നുള്ളതു ഇവിടെ വൎജ്ജിക്കേണ്ടതാണ്. വായന അവരവരുടെ അഭിരുചിയെ അനുസരിച്ചിരുന്നാൽ നന്നായിരിക്കും. ശാസ്ത്രമോ, ചരിത്രമോ, കഥയോ, കാവ്യമോ, നോവലോ, നാടകമോ ഇവയിൽ ഏതിലാണ് അഭിരുചി, അവയെത്തന്നെ വായിക്കുന്നതുകൊണ്ടു് മനസ്സിനു സന്തോഷവും അറിവും രണ്ടും കൂടി ഏകകാലത്തിൽ ലഭിക്കുന്നു.

വായിക്കുന്ന വിഷയത്തെക്കുറിച്ച് ആലോചിക്കുന്നതും അത്യാവശ്യമാണ്. പുസ്തകങ്ങൾ പലപ്പോഴും അഭിപ്രായങ്ങൾ അവ്യക്തമായി സൂചിപ്പിച്ചും, യുക്തികൾ അന്തർഭവിച്ചും, സംശയങ്ങൾ പ്രസ്താവിച്ചും, അനുമാനങ്ങൾ വിട്ടുകളഞ്ഞും ഇരിക്കും. ഇവയൊക്കെയും വായനക്കാരൻ സ്വയം ആലോചനകൊണ്ടു നിർണ്ണയിക്കേണ്ടതാണ്. എന്നാൽ, എല്ലാത്തരം പുസ്തകങ്ങളെയും ഇപ്രകാരം പെരുമാറേണ്ട ആവശ്യം ഉണ്ടാകയില്ല. ബേക്കൺ പറയുന്നതുപോലെ "ചില പുസ്തകങ്ങളുടെ രുചി നോക്കുകയും, ചിലതിനെ വിഴുങ്ങുകയും, അല്പം ചിലവയെ ചർവണം ചെയ്തു ഉള്ളിലാക്കി ശരീരാംശമാക്കിത്തീർക്കുകയും ചെയ്യേണ്ടതാണ്." എ

ന്നാൽ, പുസ്തകങ്ങൾ എല്ലാം ഒരുപോലെ ഉത്തമങ്ങളാ യിരിക്കയില്ല. പതിരും മണിയുമായിട്ടാണു കാണുന്ന ത്. അധികം പതിരായെന്നും വരുന്നതാം. അതുകൊ ണ്ട് പ്രാരംഭദശയിൽ ഇരിക്കുന്നവർ ഈ വിഷയ ത്തിൽ വളരെ കരുതലോടുകൂടി ഇരിക്കേണ്ടതാണ്. പു സ്തകങ്ങൾ അവയുടെ നന്മതിന്മ അനുസരിച്ചു സ്വഭാ വത്തെ സംസ്കരിക്കുകയോ ദുഷിപ്പിക്കുകയോ ചെയ്യുന്ന താണ്. ഈ വിഷയത്തിൽ എമെഴ്സൺ എന്ന മഹാന്റെ മൂന്ന് ഉപദേശങ്ങൾ നന്നായിരിക്കുമെന്നു നിസ്സംശയം പറയാം. അവയെ താഴെ ചേർക്കുന്നു:—

൧. ഒരു വയസ്സു പ്രായം തികയാത്ത പുസ്തകം ഒരിക്കലും വായിക്കരുത്.

൨. സുപ്രസിദ്ധങ്ങളായ പുസ്തകങ്ങളല്ലാതെ ഒരിക്കലും വായിക്കരുത്.

൩. തനിക്കിഷ്ടമില്ലാത്ത യാതൊരു പുസ്തകവും വായിക്കരുത്.

ഈ ഉപദേശപ്രകാരം പ്രവത്തിക്കുന്നതായാൽ വഷളായ മിക്ക പുസ്തകങ്ങളും നമ്മുടെ വായനയുടെ വ്യാപ്തിയിൽ നിന്നും ഒഴിഞ്ഞുപോകാൻ ഇടയുണ്ട്. ചുരുങ്ങിയപക്ഷം ഒരു കൊല്ലമെങ്കിലും നിലനില്ക്കാത്ത പുസ്തകം വായനയ്ക്കു യോഗ്യതയുള്ളതല്ലെന്നു തീച്ചയാ ണ്. വല്ല സത്തും ഇവയിൽ ഉണ്ടായിരുന്നാൽ ഇവ യ്ക്കു അല്പംകൂടി ആയുസ്സിനു ദൈർഘ്യം ഉണ്ടാവാനിട യുണ്ട്. അതു് ഇല്ലാത്തതുകൊണ്ട് ഒന്നും ഇല്ലെന്നുത ന്നെ തീച്ചയാക്കാം. ഈവക പുസ്തകങ്ങളുടെ സ്ഥിതി

സെററിൽ എന്ന കവി ഒരു ഉത്സവത്തെ വൎണ്ണിച്ചെഴുതിയ കൃതിയെപ്പററി അലക്സാണ്ഡർ പോപ്പ് പറയുന്നതു പോലെ തന്നെയാണ്. അതിന്റെ തർജ്ജമ താഴെ ചേൎക്കുന്നു:—

"സായംകാലമണഞ്ഞതോടു സകലം
തീൎന്നുത്സവം സെ:ററിൽ തൻ
വായീന്നൂറിയ വാക്കിലങ്ങൊരു ദിനം
കൂടിക്കിടന്നുമ്മഹം."

ഇതുകൊണ്ടു് ഈയാളുടെ കവിത ഒരു ദിവസം മാത്രം നിലനില്ക്കാത്തതായിരിക്കുന്നുവെന്നാണ് പോപ്പ് എന്ന സ:രസകവി സൂചിപ്പിച്ചിരിക്കുന്നതു്. സുപ്രസിദ്ധങ്ങളായ പുസ്തകങ്ങൾ എന്നു പറഞ്ഞതുകൊണ്ടു തന്നെ അവ പ്രാചീന നവീന വിദ്വാന്മാരുടെയും മഹാന്മാരുടെയും സമ്മതിമുദ്ര ലഭിച്ചവയാണെന്നു സ്പഷ്ടമാകുന്നു. അങ്ങനെയുള്ള പുസ്തകങ്ങളാണല്ലോ നമ്മുടെ ത്രിവിധകരണ പരിഷ്കരണത്തിന് ഉത്തമങ്ങളായുള്ളവ.

തനിക്ക് ഇഷ്ടമില്ലാത്ത പുസ്തകങ്ങൾ വായിച്ചതുകൊണ്ടു ഫലമില്ലെന്നു പറഞ്ഞുകഴിഞ്ഞല്ലോ. എന്നാൽ ചീത്ത പുസ്തകങ്ങളിലാണ് ഒരാൾക്ക് ഇഷ്ടം എന്നു വച്ച് അതു വായിച്ചുകൊള്ളു എന്ന് അനുവാദം കൊടുക്കുന്നതായി വിചാരിച്ചുപോകരുതു്. ആദ്യത്തെ രണ്ടു് ഉപദേശങ്ങൾപ്രകാരം തിരഞ്ഞെടുത്തവയിൽ തനിഷ്ടം തോന്നുന്നവ എന്നേ അൎത്ഥമുള്ളു. ഈ മഹാന്റെ മറെറാരു ഉപദേശംകൂടി പറഞ്ഞുകൊള്ളട്ടെ. അതു്,

"നാം പുസ്തകം തുറക്കുമ്പോൾ ഉള്ളതിനെക്കാൾ കൂടുതൽ ധനത്തോടുകൂടി വേണം പുസ്തകം അടയ്ക്കാൻ" എന്നാണ്. ഇതിൻെറ അൎത്ഥം വ്യക്തമായിരിക്കുന്നതിനാൽ അതിനെക്കുറിച്ച് ഒന്നും പറയാൻ തുനിയുന്നില്ല. വായനക്കാർ മേൽ പറഞ്ഞിരിക്കുന്ന ഉദ്ദേശങ്ങളും പ്രയോജനങ്ങളും ഉപദേശങ്ങളും മനസ്സിൽ വച്ചുംകൊണ്ടു ഗ്രന്ഥപാരായണം ശരിയായി നടത്തുന്നതായാൽ അവർ അചിരേണ ജ്ഞാനസമ്പന്നന്മാരും ഉൽകൃഷ്ടചിത്തവൃത്തികളും ആയിത്തീരുമെന്നുള്ളതിനു യാതൊരു സംശയവും ഇല്ല.

[ആർ. ഈശ്വരപിള്ള.]

---

പാഠം ൨൦

# മുന്നോട്ടു പോവൂ

മുന്നോട്ടു പോവൂ പോവുകെന്നിളംപുഴക്കുഞ്ഞേ!
മുന്നോട്ടു പോവൂ നീയുമെന്നുടപ്പിറപ്പല്ലേ!
കണ്ണില്ല, കൈയില്ലയ്യോ പിന്നെയുമിഴയുന്നി-
തെന്തിനി മൗനവ്രതം? സഹനതപസ്സാമോ?

ഇഴഞ്ഞുപോകുന്നെങ്ങും നിന്നു വിശ്രമിപ്പീല
കുഴഞ്ഞു വഴുതില്ലേ കുരുന്നുചരണങ്ങൾ?
അന്തിയായല്ലോ നേരമിനിയുമിഴയുന്നോ
ചെന്നുചേരേണ്ടും സ്ഥാനമെങ്ങു ദൂരമോ പാരം?

ആ പടിഞ്ഞാറായ് വാനം താങ്ങുന്ന മരങ്ങൾ തൻ-
കൊമ്പുകൾതോറും കാളും കാർത്തികവിളക്കുകൾ

കൊളുത്തി മേലേ മേലേ പൊന്നലുക്കണിമാല
ചാർത്തിയ കതിരവനുണ്ടെരിഞ്ഞടങ്ങുന്നു.

കിളികൾ കളകളസ്വാനങ്ങൾ കൂവിടുപ്പോവൂ
വെൺമഞ്ഞിൻ കുളിരാവി പാറുന്നു മന്ദം മന്ദം.

അന്തിയായല്ലോ നേരമെങ്ങിനിപ്പോവുന്നയ്യോ
നിനക്കൊരിരിപ്പിടം പോലുമിങ്ങില്ലയല്ലീ!

ആകാശമിരുളുന്നു മഴയും വരുമല്ലോ
നിൻകൊച്ചു ശിരസ്സോ ഹാ! താങ്ങേണ്ടു മഴത്തല്ലും!

കൊടുങ്കാററടിക്കിലും പേമാരി വർഷിക്കിലും
തൻകാര്യം നിരൂപിച്ചു തെല്ലിട കലുങ്ങാതുത്താൻ

കീഴിലായ് നിന്നെക്കണ്ടിട്ടാവമ്പൻ കരിമ്പന
നല്ലോലക്കുട നാലുപാടുമേ നീട്ടിക്കാൺമൂ.

ആ പുല്ലിൻപടർപ്പിൽ നിന്നെത്തിനോക്കുന്ന ചില
മുഗ്ദ്ധരാമിളംപൂക്കൾ മന്ദമായ് ഹസിക്കുന്നു.

അപ്പുറം കൂർമുള്ളുകൾ കിളിർത്തുനില്ക്കും കാട്ടു-
തൊട്ടാവാടികൾ നിന്റെ പോംവഴി തടയുന്നോ?

എന്തറിഞ്ഞായുള്ളു വരാ ചാരക്കൊണ്ടിൽ കിളി-
ത്തന്ധമാം തായ്‌വള്ളിയിൽ നിന്നിങ്ങു പടർന്നുള്ളോർ

വല്ലോരും തലയ്ക്കുമേലായഭിഷേകം ചെയ്യും
കല്ലിനെക്കൈക്കൂപ്പുന്ന പാവങ്ങളെപ്പാവങ്ങൾ

പോയാലും മുന്നോട്ടുക്ക; ദൂരത്തു മുകിൽനിര
തങ്ങളിലിടയുന്ന പാഴൊലി മുഴങ്ങുന്നു.

നീയുണ്ടോ കലുങ്ങുന്നു ബ്രഹ്മാണ്ഡമുലഞ്ഞാലും
ധർമ്മമേ ധർമ്മമെന്നു തൻകർമ്മം നടത്തുവോൻ.

ഇരുണ്ട രാവിൽപ്പോലുമെന്റെ കണ്ണുകൾ കാൺകെ
അങ്ങിങ്ങു മങ്ങിമങ്ങിത്താരങ്ങൾ തെളിയുന്നു.

താരങ്ങൾ തെളികയോ? നൻമിഴിയില്ലാതെഴും
എന്നിളയവനല്ലേ മുന്നോട്ടു വരുന്നു നീ!
ഇന്ദ്രിയാതീതജ്ഞാനമാം നിനക്കധ്യപ്രഭ
നക്ഷത്ര വിശ്വാസത്തിൽ നാസ്തികനല്ലല്ലോ നീ!

പോരുക മുന്നോട്ടേക്കു താരകാലോകാംശുക്കൾ
നിന്നിലും ചൊരിഞ്ഞിടുമാ ദിവ്യമഹാശക്തി.

താരങ്ങൾക്കപ്പുറിയായ് കോടിഭാസ്കരകാന്തി
ചിന്നിമിന്നുമാ മഹാശക്തിക്കു നമസ്കാരം.

[എൻ. ഗോപാലപിള്ള.]

---

പാഠം ൨൫

# ഭാരതവും കേരളസംസ്കാരവും

ഒരു സംഘടിതഭാരതത്തെ സൃഷ്ടിക്കാനുള്ള സമാരംഭങ്ങൾ ത്വരിതമായി ഇപ്പോൾ നടക്കുകയാണല്ലോ. ഒരു സംഘടിതഭാരതസംസ്കാരത്തെ സൃഷ്ടിക്കുന്ന വിഷയത്തിൽ കേരളത്തിനു നിർവഹിക്കേണ്ടതായിട്ട് ഒന്നുമില്ലേ? രാഷ്ട്രീയമായ അപദാനങ്ങൾ കുറവാണെങ്കിലും സാംസ്കാരികമായി നമുക്കു ലജ്ജിക്കേണ്ടതായിട്ടു ഒന്നുമില്ല. നമ്മുടെ മെച്ചം ഏതേത് അംശങ്ങളിലാണെന്ന് അറികയും പൊതുവെയുള്ള ഭാരതീയസംസ്കാരത്തെ ഏതേതു ഭാഗങ്ങളിൽ നമുക്കു പോഷിപ്പിക്കാമെന്നു നിർണ്ണയിച്ചു പ്രവർത്തിച്ചുതുടങ്ങുകയും ചെയ്യേണ്ടിയിരിക്കുന്നു. കേരളത്തിൻെറ പുനഃസൃഷ്ടിക്കും പുനഃസംഘടനയ്ക്കും അതു മുഖ്യമാർഗ്ഗമായിത്തീരുകയും ഭാരതി

യജനതകളുടെ ഇടയിൽ കേരളീയക്കു ഗണ്യമായ ഒരു സ്ഥാനം ലഭ്യമാക്കുകയും ചെയ്യും.

ഒന്നുരണ്ടു വിഷയങ്ങളെക്കുറിച്ച് അതിസ്ഥൂലമായ ഒരു ദിഗ്ദർശനം ചെയ്വാൻ ശ്രമിക്കാം.

കേരളചരിത്രം മിക്കവാറും എഴുതാപ്പുറം. ടിപ്പുവിൻെറ ആക്രമണത്തിനു ശേഷമുള്ള കാലത്തെക്കുറിച്ചേ നമുക്കു വിശ്വാസയോഗ്യമായ ചരിത്രലക്ഷ്യങ്ങൾ ഉള്ളൂ. കേരളത്തിൻെറ സുവർണ്ണദശകൾ അതിനു മുമ്പാണ്. ഇതരദേശങ്ങളിൽനിന്നു വ്യതിരിക്തമായി കേരളത്തെ കേരളമാക്കുന്ന പ്രത്യേകതകൾ വളരെ മുമ്പുതന്നെ രൂപപ്പെട്ട് ഉറച്ചുപോയി. ദീർഘദീർഘശതാബ്ദങ്ങൾക്കു പിന്നിൽ അവയെല്ലാം ഒന്നിനുമേൽ ഒന്നായി അട്ടക്കട്ടക്കായി മറഞ്ഞുകിടക്കുന്നു. സമുദായഭരണം, പെരുമാൾവാഴ്ച, ബുദ്ധജൈനമതങ്ങളുടെ പ്രചാരം, മീമാംസകാദ്വൈതമതങ്ങളുടെ അഭ്യുത്ഥാനം, ശൈവവൈഷ്ണവമതാന്ദോളനങ്ങൾ, വിവിധ രാജസ്ഥാനങ്ങളുടെ പ്രതിഷ്ഠയും അവ തമ്മിലുള്ള മത്സരങ്ങളും, പാശ്ചാത്യവാണിക് ശക്തികളുടെ ആഗമനവും അവരുടെ പ്രാബല്യവർദ്ധനയും, എന്നിങ്ങനെ തെരുതെരെ നിരന്നു വരുന്ന മഹാസംഭവങ്ങൾ കാലധൂമികയാൽ തിരോഹിതമായി, ഭാവികേരളത്തിനു പ്രചോദനം നല്കാൻ അശക്തമായി, അവശമായി കിടക്കുന്നു. കേരളത്തിൻെറ ശരിയായ ചരിത്രം ഇദംപ്രഥമമായി എഴുതേണ്ടിയിരിക്കുന്നു. രാജാക്കന്മാരുടെ ചര്യകളും രാജവംശങ്ങൾ തമ്മിലുള്ള കലഹങ്ങളുംകൊണ്ടു നി

ബിംബമാക്കി ഇപ്പോഴത്തെപ്പോലെ ശുഷ്കമാക്കുകയല്ല വേണ്ടതു്. ചരിത്രത്തിന്റെ വീക്ഷണസ്ഥാനം മാററി അതിനെ മനുഷ്യസ്പൎശിയും ഹൃദയസ്പൎശിയും ആക്കണം. ഓരോ ജനസമൂഹങ്ങളുടെ ആശകളും ആദൎശങ്ങളും ആശങ്കകളും അഭിവാഞ്ഛകളും ഏതേതുവിധം പ്രത്യക്ഷരൂപം കൈക്കൊണ്ടു എന്നും, മറേറാരോ ജനസമുദായങ്ങളുമായി ഇടപെട്ടു എങ്ങനെ ഗതിഭേദം പ്രാപിച്ചു എന്നും, മൊത്തമായ കേരളജനത എപ്രകാരം ഐക്യത്തിലേയ്ക്കു പ്രയാണം ചെയ്യുന്നു എന്നും ആകുന്നു നമ്മുടെ ചരിത്രത്തിൽ ആവിഷ്കരിക്കേണ്ടതു്.

ചരിത്രത്തിന്റെ പ്രതിഫലനമാണു് സാഹിത്യം. എന്നാൽ കേരളസാഹിത്യത്തിൽ ഏറിയകൂറും അത്തരത്തിലുള്ളതല്ല. വിശ്രമാവസരങ്ങളിൽ വല്ല നമ്പൂരിമാരോ പ്രഭുക്കന്മാരോ വിനോദത്തിനുവേണ്ടിയോ വിശേഷ സന്ദൎഭങ്ങൾക്കായിട്ടോ നിൎമ്മിച്ചതല്ലാതെയുള്ള സാഹിത്യഗ്രന്ഥങ്ങൾ കൈവിരലാൽ എണ്ണിത്തീക്കാം. വളരെക്കാലം തമിഴിന്റെയും അതിലേറെക്കാലം സംസ്കൃതത്തിന്റെയും മാതൃകകളായിരുന്നു നമ്മുടെ ശരണ്യം. മലയാളത്തിലെ സ്വതന്ത്രസാഹിത്യം ഉണ്ടായിവരുന്നതേ ഉള്ളു. ഭാഷാഭിമാനക്കുറവിനാൽ പറയുന്നതാണെന്നു ഗണിക്കേണ്ട. പരമാൎത്ഥങ്ങളെ മറയ്ക്കുന്നതുകൊണ്ടു പ്രയോജനമില്ല. അല്ലെങ്കിൽ സാഹിത്യവിമൎശം, ഭാഷാശാസ്ത്രം, അലങ്കാരശാസ്ത്രം, ഛന്ദശ്ശാസ്ത്രം എന്നിത്യാദികളിൽ ഇപ്പോഴുമുള്ള നമ്മുടെ ശോചനീയാവസ്ഥയ്ക്കു് എന്തു സമാധാനം പറയാം? ശുദ്ധസാഹി

ത്യത്തിൽ തന്നെ സ്വതന്ത്രചിന്താമേദുരങ്ങളായ കൃതികൾ എത്രയുണ്ട്? പോരാ, പോരാ. മഹാഗ്രന്ഥങ്ങൾ ഉണ്ടാകണം. ഗണനീയങ്ങളായ ഗ്രന്ഥങ്ങൾ, ചിന്തയുടെയും ആദർശത്തിന്റെയും ഭാവനയുടെയും വികാരത്തിന്റെയും ഉറവക്കണ്ണുകളായ മഹാഗ്രന്ഥങ്ങൾ, നമ്മുടെ സാഹിത്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഉണ്ടാകുമെന്നുതന്നെ വിശ്വസിക്കയും ചെയ്യാം. അതു മാത്രമല്ല, പാശ്ചാത്യദേശങ്ങളിൽ പുഷ്ടിപ്പെട്ടിരിക്കുന്ന സൂക്ഷ്മശാസ്ത്രങ്ങളും നമ്മുടെ ഭാഷയിൽ ഉറയ്ക്കണം. പാശ്ചാത്യാദർശങ്ങളെക്കുറിച്ചും പാശ്ചാത്യചിന്താലോകത്തെക്കുറിച്ചും നാം അപരിചിതരായിരുന്നുകൂടാ. ഇവയെല്ലാം നമുക്കു സ്വായത്തമായ രീതിയിൽ പ്രകാശിതമാകുമ്പോൾ മാത്രമേ അവ ഓരോ കേരളീയന്റെയും സ്വത്തായിത്തീരൂ.

സാഹിത്യംപോലെ ഇതരകോമളകലകളും പുനരുജ്ജീവിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ചുവർച്ചിത്രങ്ങൾ രജപുത്രചിത്രങ്ങളെയോ ജാവായിലെ ചിത്രങ്ങളെയോ അപേക്ഷിച്ച് ഒട്ടും താഴ്ന്നവയല്ല. ചായങ്ങളുടെ ചേരുവയും പിടിത്തവും, രൂപങ്ങളുടെ തെളിച്ചവും എഴിച്ചയും അത്യന്തം പ്രശംസാർഹമാണ്. എന്നു മാത്രമല്ല നമ്മുടെ രീതിക്ക് ഒരു പ്രത്യേകതയുണ്ട്. ഇററലിയിലെ ചിത്രങ്ങളെപ്പോലെ ക്രമാധികമായ യാഥാത്ഥ്യപ്രതീതിയോ ആധുനിക ബംഗാളചിത്രങ്ങളെപ്പോലെ അതിലൗകികമായ അസ്വാഭാവികതയോ കൂടാതെ മദ്ധ്യഗതമായ പന്ഥാവിൽകൂടെയാണു നമ്മുടെ സഞ്ചാരം.

നമ്മുടെ രീതിയുടെ ലാളിത്യവും ആർജ്ജവവും വെടിയാതെ തന്നെ കേരളീയവിഷയങ്ങൾ ചിത്രകാരന്മാർ കൈക്കൊള്ളേണ്ടതാണ്. കേരളത്തിലെ കായലോരങ്ങളുടെ അവാച്യഭംഗിയോ, പാടങ്ങളുടെ ഹരിതശോഭയോ, വനങ്ങളുടെ നിസർഗ്ഗഗാംഭീര്യമോ, നാട്ടുംപുറങ്ങളുടെ ഏകാന്തരമണീയതയോ ചായത്തിൽ പകർത്തിയാൽ അതിന്റെ ആനന്ദം കേരളീയരെപ്പോലെ മററാക്കും അനുഭവിക്കാൻ സാദ്ധ്യമല്ല. ചിത്രത്തിൽ അന്തർഭവിച്ചിരിക്കുന്ന സ്തോഭത്തിന് അനുഗുണമായിരിക്കുന്ന പശ്ചാത്തലത്തെ നിർമ്മിക്കുന്നതിനു ബംഗാള ചിത്രങ്ങളെയോ, നിറങ്ങളുടെ സമ്പന്നതയ്ക്കും സൂക്ഷ്മാംശങ്ങളുടെ വൈവിദ്ധ്യത്തിനും ജപ്പാൻചിത്രങ്ങളെയോ മാർഗ്ഗദർശകങ്ങളാക്കാവുന്നതാണ്. ഇതരരീതികളുടെ സമീചീനമായ സമ്മേളനം മൂലമാണ് നമ്മുടെ ചിത്രകല പുഷ്ടിപ്പെടേണ്ടത്.

നമ്മിൽ ഐക്യബോധം ജനിപ്പിക്കുന്നതിനും, നൂതനകർത്തവ്യങ്ങളിലേക്കു നമുക്കു പ്രചോദനം നല്കുന്നതിനും ചിത്രംപോലെ തന്നെ സംഗീതവും ഒരു മഹാശക്തിയാണ്. എന്നാൽ ഏറിയകാലമായി കർണ്ണാടകസംഗീതം കേരളീയസംഗീതത്തെ ശ്വാസംമുട്ടിക്കുന്നു. അതിന്റെ പുറംമോടിയും വശീകരണശക്തിയും നമ്മുടെ രീതിക്കില്ലെങ്കിൽ, നമ്മുടെ അന്തസ്സൗന്ദര്യം അതിനുമില്ല. ക്ഷേത്രത്തിൽനിന്ന് ഇപ്പോഴും പൂർണ്ണമായി ബഹിഷ്കൃതമായിട്ടില്ലാത്ത സോപാനരീതിയിലുള്ള ഗാനങ്ങളും ഇടയ്ക്കു മേളവും ചേരുമ്പോൾ ഉണ്ടാകുന്ന

അവാച്യമായ ഹൃദ്യത അനുഭവൈകവേദ്യമാണ്. ഗ്രാമങ്ങൾതോറും ഉണ്ടായിരുന്ന മന്നങ്ങളിലെയും മുടിപ്പുരകളിലെയും ഗാനസമ്പ്രദായങ്ങൾ ഇപ്പോൾ കേവലം വിസ്മൃതങ്ങളായിപ്പോയി. സാധാരണജനങ്ങളുടെ ജീവിതത്തിനു നിറംകൊടുത്ത് അതിനെ സുഖജീവ്യമാക്കിയിരുന്ന ഈ സ്ഥാപനങ്ങൾ പുനരുദ്ധരിക്കാമോ എന്നു സംശയമാണ്. എന്നാൽ അവയോടുകൂടെ ആ ഗാനരീതികളും മറയത്തു തള്ളുന്നതു ആശാസ്യമാണോ എന്നു ചിന്തിപ്പാനുള്ളതാകുന്നു. ലോകത്തിലെ വിവിധസംഗീതസമ്പ്രദായങ്ങൾ റേഡിയോ മുഖാന്തരം അനുദിനം കുമിഞ്ഞുകയറിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ രീതിയുടെ തനിമ പാലിച്ചുകൊണ്ടുപോകുന്നതു സുകരമല്ല. എങ്കിലും അതിപരിഷ്കൃതമായ ഒരു സ്വകീയപദ്ധതി തെളിച്ച സ്വാതിതിരുനാൾ തിരുമനസ്സിലെയും കേരളീയരുടെ താളപ്രാഗല്ഭ്യത്തിന് അഗ്രസീമാഭൂവായിരുന്ന ഗോവിന്ദസ്വാമികളുടെയും ദൃഷ്ടാന്തങ്ങൾ മുന്നാക്കിക്കണ്ടു കേരളസംഗീതത്തിനു പ്രമുഖമായ ഒരു സ്ഥാനം നല്കുന്ന വിഷയത്തിൽ സ്ഥിരപരിശ്രമം ചെയ്യാനുള്ളതാകുന്നു.

സംഗീതത്തിനോടും ചിത്രത്തിനോടും അഭ്യൂരമായി ബന്ധപ്പെട്ടതാകുന്നു ശില്പവിദ്യയും അതിന്റെ അവിഷ്ടംഭമായ തച്ചുശാസ്ത്രവും. പാശ്ചാത്യമാതൃകകളെ അന്ധമായി അനുകരിച്ചതിന്റെ ദോഷങ്ങൾ ഇത്ര സാരമായും വ്യാപകമായും സ്പർശിച്ചിട്ടുള്ള വിഷയം ഗൃഹനിർമ്മാണംപോലെ മറ്റൊന്നും കാണുകയില്ല.

ഇവിടത്തെ ശീതോഷ്ണസ്ഥിതിക്കു യോജിച്ച വിധത്തിലും നമ്മുടെ നാട്ടിൽ സുലഭമായ സാധനസാമഗ്രികളെ പ്രയോജനപ്പെടുത്തിയും അല്ല ഇപ്പോൾ ഭവനങ്ങൾ അധികം നിർമ്മിക്കാറുള്ളതു്. സ്ഥപതിവിദ്യയിൽ നമുക്കു പ്രത്യേകമായ മാതൃകയുമുണ്ടു്. ബുദ്ധമതപ്രാബല്യകാലത്തു ബൌദ്ധശില്പമാതൃകകൾ പുരാതനകേരളത്തിലേക്കു സംക്രമിച്ചു. അവയുടെ അവശിഷ്ടങ്ങൾ അപൂർവ്വമായി അങ്ങിങ്ങു് ഇപ്പോഴും കാണാം. ഒന്നിനുമേൽ ഒന്നായി പല തട്ടുകളുള്ള കൂരയും തിരിവു കണക്കുഴക്കോലുകളും കൂടുതലായ അമച്ചിലും ആ രീതിയിലുള്ള ഗൃഹങ്ങളുടെ പ്രത്യേകലക്ഷണങ്ങളാണു്. ബർമ്മ, സയാം, കംബോഡിയ മുതലായ രാജ്യങ്ങളിൽ അതു് ഇപ്പോഴും അസ്തമിച്ചിട്ടില്ല. അക്കാലത്തിനു ശേഷം മഹാനിർമ്മാതാക്കളായിരുന്ന പല്ലവന്മാരുടെയും ചോളന്മാരുടെയും രീതികളും നമ്മുടെ രീതിയെ ബലമായി ബാധിച്ചു. കരിക്കൽപ്പണിയായിരുന്നു അവരുടെ വൈശിഷ്ട്യം. വിശേഷിച്ചു തൂണുകളുടെ വൈവിധ്യത്തിലും വിചിത്രപ്പണിയിലും അവരെ ഇന്നും ആരും അതിശയിച്ചിട്ടില്ല. ശുചീന്ദ്രം, തിരുവട്ടാർ, കുമാരകോവിൽ മുതലായ സ്ഥലങ്ങളിൽ നിത്യാത്ഭുതങ്ങളായി അവ ഇന്നും നിലനില്ക്കുന്നു. എന്നാൽ ശുദ്ധമായ കേരളരീതി ഇതിൽനിന്നും ഭിന്നമാണു്. മയമതം, ശില്പരത്നം, വാസ്തുവിദ്യ എന്നിത്യാദി ഗ്രന്ഥങ്ങളിൽനിന്നു ഭവനമാതൃകകളും നഗരവിധാനരീതികളും അറിയാം. തിരുവിതാംകൂറിന്റെ മദ്ധ്യോത്തരഭാഗങ്ങളിലും കൊച്ചിയിലും

അനേകമായി കാണുംവണ്ണം പൂമുഖവും നാലുകെട്ടും അറപ്പുരയും ചാവിടിയും ആയുള്ള ഭവനമാണു സാധാരണമാതൃക. നവീനപാശ്ചാത്യമാതൃകയിൽ വരാന്തയില്ലാതുള്ള ഗൃഹങ്ങളും കോടിക്കഴുക്കോലിറക്കി കുറിയവശം ചെല്ലാതെയുള്ള കൂരകളും ഗോഷ്ഠിയായിട്ടു മലയാളിക്കു തോന്നും. ഉപയോഗം മാത്രമല്ല ഭവനനിർമ്മാണത്തിൽ ഭംഗിയും നോക്കാനുണ്ട്. മഹമ്മദീയ ശില്പത്തിന്റെ പ്രത്യേകലക്ഷണമായ വളവുകളുടെ ചേതോഹരത നോക്കുക. എന്നാൽ അതിലും അതിന്റെ അതിപ്രസരം വളരെ കാണുന്ന കർണ്ണാടകരീതിയിലും പ്രധാനമായി കാണുന്ന അലങ്കാരബാഹുല്യം നമുക്കു രുചിക്കയില്ല. ലാളിത്യത്തിന്റെ ഭംഗിയും ആർജ്ജവത്തിന്റെ വശ്യതയുമാണ് നമുക്കു ദൃശ്യമാകുന്നത്. മററു വിഷയങ്ങളിലെന്നപോലെ ശില്പകലയിലും ഇതരരീതികളിൽനിന്ന് ഉത്തമാംശങ്ങളെ തിരഞ്ഞെടുത്ത് ഉദ്ഗ്രഥിച്ചു പുരോഗമിക്കയാണു കാമ്യം.

ആയുർവ്വേദം, ജ്യോതിഷം, തന്ത്രം, മന്ത്രശാസ്ത്രം എന്നീ വിഷയങ്ങളിലും നമുക്ക് അഭിനന്ദനീയങ്ങളായ സിദ്ധികളുണ്ടായിട്ടുണ്ട്. താരതമ്യപഠനംകൊണ്ടേ അവയുടെയും മാഹാത്മ്യം പൂർണ്ണരൂപത്തിൽ വെളിപ്പെടൂ.

കേരളസംസ്കാരത്തിനു ബഹുശാഖമായ ഔന്നത്യം ഉണ്ടാക്കിക്കൊടുത്ത മേൽ സൂചിപ്പിച്ച വിഷയങ്ങളെല്ലാം അവയുടെ പൂർവ്വമഹിമയിൽ അവയെ പുനഃസ്ഥാപിക്കാൻ നമ്മോടു ആവശ്യപ്പെടുന്നു. നാം അതി

ന്് ഒരുമ്പെടുമോ? നമുക്കു അതിനു കരുത്തുണ്ടോ? എന്നാകുന്നു നവകേരളത്തിന്റെ ഭാവിപ്രത്യാശകൾ അനുനിമിഷം ചോദിച്ചുകൊണ്ടിരിക്കുന്നതു്. ഇരുവിധത്തിലുള്ളതായി ഭവിക്കുന്നു നമ്മുടെ കർത്തവ്യം. ലോകത്തിലെ വിവിധസംസ്കാരങ്ങളുടെ ഉത്തമാംശങ്ങളെ നാം ഉൾക്കൊള്ളുക; കേരളസംസ്കാരത്തിന്റെ അന്യാദൃശവൈശിഷ്ട്യത്തെ വെളിപ്പെടുത്തി ലോകത്തിലെ വിജ്ഞാനസമുച്ചയത്തെ പുഷ്ടിപ്പെടുത്തുക. ഈ രണ്ടു മാർഗ്ഗങ്ങളിലും പ്രവർത്തിച്ചെങ്കിലേ ലോകസംഗ്രഹൈകതാനമായി പ്രയത്നിക്കുന്ന ഭാരതഭൂമിയുടെ യഥാർത്ഥഘടകമായിത്തീരുന്നതിനു നമ്മാൽ സാധ്യമാകൂ. ഇതേവരെയായി ദുഷ്പ്രാപമായ ഈ ദുർഗ്ഗത്തിന്റെ ബഹിർഭിത്തികളുടെ സമീപത്തുപോലും നാം എത്തിയിട്ടില്ല. കിടങ്ങും കൊത്തളവും കടന്നു ഭിത്തികളെ ഭേദിച്ചു കോട്ടകൈവശപ്പെടുത്താൻ കഴിയുമോ? ദുർഗ്ഗമധ്യസ്ഥിതമായ ഉന്നതപ്രാസാദത്തിൽ ഇതര സംസ്കാരദേവതകൾക്കൊപ്പം കേരളസംസ്കാരലക്ഷ്മിയെ സുപ്രതിഷ്ഠമാക്കാൻ സാധിക്കുമോ? കേരളത്തിന്റെ വീരസന്താനങ്ങളേ! നിങ്ങൾ വേണം ഇതിനു് ഉത്തരം പറവാൻ. ആയോധനചതുരരായ നിങ്ങളുടെ ത്യാഗമാഹാത്മ്യത്തെ ആശ്രയിച്ചിരിക്കുന്നു ഭാവി ശ്രേയസ്സെല്ലാം. വരുംവരായ്കകളെ! ഗണിച്ചു ലാഭനഷ്ടങ്ങളെ കണക്കാക്കി അപജയങ്ങളെ ഭയന്നു നിങ്ങൾ മടിക്കുമോ? ലബ്ധമായ സ്ഥാനങ്ങളെ ഉറപ്പിച്ചുകൊണ്ടു് മുന്നോട്ടു കയറാൻ നമുക്കു യത്നിക്കാം. വരിക, പരാ

ജയപ്പെട്ടുപോകുന്നെങ്കിൽ നമ്മുടെ പിന്നാലെ വരുന്നവർ നാം സമ്പാദിച്ച സ്ഥാനങ്ങളിൽ ചവിട്ടിക്കടന്ന് നാം കാംക്ഷിച്ചിരുന്ന ഭാസുരലക്ഷ്യങ്ങളെ പ്രാപിച്ചുകൊള്ളുമെന്ന് ആശംസിക്കുകയും ചെയ്യാം.

സഹൃദയ] [എൻ. കെ. രാമൻപിള്ള.

---

പാഠം ൨൨

## ഹനൂമാന്റെ വിശ്വരൂപം

എന്നതു കേട്ടു പറഞ്ഞു വൃകോദര-
നെന്നുടെ സ്വാമി ഗുരുനാഥനഗ്രജൻ
ശ്രീരാമദാസൻ പവനാത്മജനത്രേ
ശ്രീഹനൂമാൻ മഹാവീര്യപരാക്രമൻ.
അദ്ദേഹമെങ്ങു ഭവാനെങ്ങുഹാഹന്ത
ദുർദ്ദേഹവൃദ്ധപ്ലവംഗ മതിമതി
പക്ഷീന്ദ്രനുണ്ടു ഗരുഡനെന്നോർത്തിട്ടു
മക്ഷികക്കൂട്ടം മദിക്കും കണക്കിനേ
ശ്രീരാമദാസന്റെ വംശേ ജനിക്കയാൽ
പാരം നിനക്കുമഹംഭാവമിങ്ങനെ

ഉദ്ധതമതി നരപതിതന്നുടെ വാക്കുകൾ കേട്ടു
ബുദ്ധിയിലതികനിവുകലർന്നു കുതുകമിയന്നു ഹനൂമാൻ
വർദ്ധിതതരധവളഹിമ ചലസന്നിഭതുംഗശരീരൻ
നെടുതാകിയ കൊടിമരമെന്ന കണക്കെ തെടിച്ചൊരു വാലും
തുടുതുടനയനങ്ങളുമമ്പൊടു ചെമ്പുകിടാരം പോലെ

കുടിലാകൃതിശശികലപോലെ വിളങ്ങിന ദന്തകദംബം
ചടുലസഹൂട സടകളുമിടകലരുന്ന ഭയങ്കരമുഖവും
പരിഘത്തോടു പടപൊരുതീടിന പൃഥുതരകരദണ്ഡയുഗം
കരതലനഖനികരനികായവുമുൽക്കടകണ്ഠമകുണ്ഠം
ഗിരിവരസമമാകിന മാർവ്വിടമുരുതരമുദരമുദാരം
ഉരുതരകടിതടമഥ തുടകളുമടമയിലതിഗംഭീരം
ലങ്കാപുരഗോപുരമതിലുതകത്തൊരു ജംഘായുഗളം
കിങ്കരകുലമിടി പൊടിയാക്കിന പടുതരമടിമലർവടിവും
ശങ്കരശിവ ഭുവന ഭയങ്കരമാകിന വിപുല ശരീരം
ശശധരനിഭധവളമതിങ്ങനെ വിരവൊടു കാട്ടി ഹനൂമാൻ
ഉൽക്കടകടുദീർഘനിനാദവുമത്ഭുതകിലുകിലരവവും
മർക്കടകുല മകുടമഹാമണി തന്നുടെ തടിയുടെ വടിവും
കർക്കശതരകരചരണാദികൾ ഭീഷണവേഷവിശേഷം
മുഷ്കരമതു മൂന്നു ജഗത്തിലുമുത്തമമെത്ര വിചിത്രം!
അംബരതലമൊക്കെ നിറഞ്ഞു കവിഞ്ഞു വിളങ്ങിന രൂപം
അംബുധിയുടെ ലംഘനസമയ സമുദ്ധൃതമെന്നതു പോലെ
വെണ്മയിലൊരു വിന്ധ്യമഹാചല ശിഖരമടന്നകണക്കേ
കൺമിഴികളിലമ്പൊടു കണ്ടു വിരണ്ടു വൃകോദരവീരൻ
എന്തൊരുമറിമായമിതിങ്ങനെ സംഗതിവന്നതിദാനീം
എന്തിനിഞാനിഹ ചെയ്യേണ്ടതുമെന്തൊരു വിസ്മയമേവം

ചിന്തയിലുടനിങ്ങനെ തിങ്ങിന തീവ്രതരഭയമോടെ
കുന്തികുമാരൻ വിരവൊടു പരവശഭാവമിയന്നതദാ
ലക്ഷണമതു കേട്ടു ധരിച്ചു തെളിവൊടു കണ്ടു ദശായാം
തൽക്ഷണമുളവായിതു ചേതസി മൽഗുരു ഹനുമാൻ
തന്നെ
ലക്ഷ്മണപൂർവ്വജനുടെ ഭക്തശിരോമണി മാരുതിവീരൻ
രാക്ഷസകുല ശലഭ ഹുതാശനനിത്ഥമറിഞ്ഞു ധീമാൻ
ജയജയ! ജയ! ജനകസുതാപതി ദൂത മഹാഗുണരാശേ
ജയ ജയ ജയ ജാനകിമാനസ! സരസിജ സവിതൃ
മഹാത്മൻ!
ജയ ജയ ജലരാശി വിലംഘിത ജയജയജഗതീ
ബന്ധോ!
ജയ ജയ ഹനുമാനിതി നുതിയൊടു വീണു വണങ്ങി
പദാന്തേ

വാനരകുലവീര വരമരുളുക ധീര വാരിധിഗംഭീര
വരഗുണഗണസാര നിശിചരകുല കാല
നിസ്തുല മരണവിലോല നിരുപമ കുലശീല
താഡിത ദശവദന തരുനികൃതസദന
പാടലസുമവദന പുരഹരരിപുദഹന
നിന്തിരുവടിയുടെ പദയുഗള-
ച്ചെന്തളിരിതുശരണമിഹ ശരണം
ചിന്തയിലിദമിനി വിളയാടുക
ചിതമൊടുതവ ചരണം ശരണം.

കല്യാണസൌഗന്ധികം തുള്ളൽ] [കുഞ്ചൻ നമ്പിയാർ.

പാഠം ൨൩

# നിധി

## (ഒന്നാംഭാഗം)

കറുത്തവാവിൻനാൾ അർദ്ധരാത്രി. കുലദേവതയായ ജയകാളിയെ താന്ത്രികവിധിപ്രകാരം മൃത്യുഞ്ജയൻ ആരാധിച്ചുകൊണ്ടിരിക്കയാണ്. പൂജകഴിഞ്ഞു ദേവിയുടെ തൃപ്പാദങ്ങളിൽ ഭക്തിവിവശനായ അദ്ദേഹം നമസ്കരിച്ചതിനു ശേഷം ആ വിഗ്രഹത്തെ പൊക്കിയെടുത്തു മാററിവച്ചു. അനന്തരം അതിന്നടിയിൽ വച്ചിട്ടുള്ള ഒരു പെട്ടി പൂണൂലിൽ കോർത്തിരുന്ന താക്കോൽകൊണ്ടു തുറന്നു അകത്തേക്കു നോക്കി. ആ ക്ഷണത്തിൽത്തന്നെ അയാൾ ഞെട്ടുകയും ദുഃഖാവേശത്താൽ തലയിലടിക്കയും ചെയ്തുപോയി.

മൃത്യുഞ്ജയൻ ആ പെട്ടിയെടുത്തു പിന്നെയും പിന്നെയും കുലുക്കിനോക്കി. അയാൾ അതു തുറക്കുന്നതിനുമുമ്പു പൂട്ടിത്തന്നെയാണിരുന്നതു്. ആരും തുറന്നിട്ടുള്ള ലക്ഷണമൊന്നും കണ്ടില്ല. അയാൾ ആ വിഗ്രഹത്തിലും ചുററുപാടിലും ശ്രദ്ധയോടെ വീണ്ടും വീണ്ടും തെരഞ്ഞുനോക്കി. ഒരിടത്തും കിട്ടാതെയായപ്പോൾ അയാൾക്കു ബുദ്ധിഭ്രമം ഉണ്ടായി. വാതിലുകൾ "ചടാ ചടാ" എന്നു തുറന്നിട്ടു പുറത്തു വന്നു ക്ഷേത്രത്തിനു ചുററും പിന്നെയും തെരഞ്ഞു നടന്നു. ഒടുവിൽ അയാൾ വെളിയിലുള്ള മണ്ഡപത്തിൽ ചിന്താമഗ്നനായി നിശ്ചേഷ്ടനായി ഇരിപ്പായി.

അയാൾ അങ്ങനെയിരുന്ന് അല്പമൊന്നു മയങ്ങി. അപ്പോൾ അരികെ നിന്ന് 'ജയ ജയ' ശബ്ദം കേട്ട് അയാൾ ഞെട്ടിയെണീററു.

ജടാധാരിയായ ഒരു യോഗി മുമ്പിൽ നില്ക്കുന്നതു കണ്ടു മൃത്യുഞ്ജയൻ അദ്ദേഹത്തെ ഭക്തിപൂർവ്വം നമസ്കരിച്ചു. ആ യോഗി അയാളുടെ ശിരസ്സിൽ കൈയ്യുന്നിച്ച് ആശീർവ്വദിച്ചിട്ടു "മകനേ, ഞാൻ പറയുന്നതു കേൾക്കുക. കളഞ്ഞുപോയതിനെപ്പററി സന്തോഷപ്പെട്ടുകൊള്ളുക. സങ്കടപ്പെടുകയല്ല വേണ്ടത്" എന്നു പറഞ്ഞു.

മൃത്യുഞ്ജയൻ:—"അവിടുന്നു സർവ്വവുമറിയാം. അത് എങ്ങനെയാണ് കാണാതായതു ? ഇനി അത് എനിക്ക് എവിടെനിന്നാണു കിട്ടുക ? അതു പറഞ്ഞു തരണം" എന്നു നിർബ്ബന്ധിച്ചു.

യോഗിയെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി മൃത്യുഞ്ജയൻ അദ്ദേഹത്തെ ബദ്ധശ്രദ്ധനായി ഉപചരിച്ചുകൊണ്ടിരുന്നു. പിറെറന്നാൾ രാവിലെ പാത്രം നിറയെ പശുവിൻപാൽ കറന്നെടുത്തു യോഗിയെ അന്വേഷിച്ചപ്പോൾ അദ്ദേഹത്തെ അവിടെയെങ്ങും കണ്ടില്ല.

മൃത്യുഞ്ജയൻ ശിശുവായിരിക്കുന്ന കാലത്ത് അയാളുടെ പിതാമഹനായ ഹരിഹരൻ ഈ മണ്ഡപത്തിൽ ഒരു നാൾ പുകയില വലിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ ഒരു യോഗി വിജയാശംസ ചെയ്തുകൊണ്ടു

അയാളുടെ മുമ്പിൽ വന്നുനിന്നു. അദ്ദേഹത്തെ ഹരിഹരൻ സ്വഗൃഹത്തിൽ പാർപ്പിച്ചു യഥോചിതം സേവിച്ചു പരിതൃപ്തനാക്കി.

ചിലനാൾ കഴിഞ്ഞു് അദ്ദേഹം മറെറാരിടത്തേക്കു പുറപ്പെടാൻ തുടങ്ങിയപ്പോൾ ഹരിഹരനെ വിളിച്ചു "മകനേ നിനക്കു് എന്താണാവശ്യം?" എന്നു് ചോദിച്ചു.

ഹരിഹരൻ:—മുമ്പു ഈ ഗ്രാമത്തിൽ മറെറല്ലാ കുടുംബങ്ങളെയുംകാൾ ഈ കുടുംബമായിരുന്നു ധനസ്ഥിതിയിൽ മികച്ചുനിന്നതു. ബന്ധുക്കൾ ഈ കുടുംബത്തെ വഞ്ചിക്കകൊണ്ടു് അവർ പ്രബലരായി ഉയരുകയും ഞങ്ങൾ ദരിദ്രരായി താഴുകയും ചെയ്തിരിക്കയാണു്. ഞങ്ങളുടെ കുടുംബത്തിനു പൂർവ്വസ്ഥിതി കൈവരുന്നതിനു ശരിയായ മാർഗ്ഗം അവിടന്നു് ഉപദേശിച്ചുതരണം.

"മകനേ, ഈ ഒതുങ്ങിയ ജീവിതത്തിൽ തൃപ്തിപ്പെട്ടിരുന്നുകൊള്ളുക. നീ മോഹിക്കുന്ന ആ ഉയൎന്ന നിലയിൽ സുഖമൊന്നുള്ളതായി ഞാൻ കാണുന്നില്ല." എന്നായിരുന്നു മന്ദസ്മിതപൂർവ്വം യോഗി ചെയ്ത ഉപദേശം.

അതിൽ ഹരിഹരൻ സന്തുഷ്ടനായില്ല. എന്തെല്ലാം ദുഃഖങ്ങളുണ്ടായാലും, കുടുംബസ്ഥിതി ഉയർത്തണമെന്നായിരുന്നു ഹരിഹരൻെറ ആഗ്രഹം.

അതു് അറിഞ്ഞു യോഗി ഭാണ്ഡത്തിൽനിന്നു് ഒരു ഗ്രന്ഥം പുറത്തെടുത്തു് ഓരോ ഏടായി ഹരിഹരനു കാണിച്ചുകൊടുത്തു. അതിൽ പല പല ചക്ര

ങ്ങളും സംജ്ഞകളും വരച്ചിരുന്നു. ഒടുവിൽ രണ്ടോ മൂന്നോ ഏടുകൾ മുഴുവൻ ഒരു പാട്ടുപോലെ എഴുതിയിരുന്നു. അതിൻെറ ആരംഭം ഇങ്ങനെയാണ്.

"മുമ്പിലായ ചേരുക നീ താൻ—അതിൽ
വില്ലുകന്നീടിന രാവിൽ
പാകളുഞ്ഞുള്ളോരു പാട്ട്—പിന്നെ
പുണ്യത്തിലാദ്യമെടുത്ത്
ചേർക്ക, വരത്തിലൊടുവി—ലങ്ങു
ചെന്നാലും പുളിയാലിൻ കീഴിൽ
യമസേവ ചെയ്യുതിൽപ്പിന്നെ—കാണാം
വേണ്ടുന്നതൊക്കെയും തന്നെ"

"പ്രഭോ ഇതിൽനിന്നു ഞാൻ എന്താണു മനസ്സിലാക്കേണ്ടത് ?" എന്നു ഹരിഹരൻ ചോദിച്ചു.

നീ ഇതു കൈവശം വച്ചുകൊണ്ട് ദേവിയെ ആരാധിക്കുക. ഭഗവതിയുടെ അനുഗ്രഹത്താൽ നിൻെറ വംശത്തിൽ ആരെങ്കിലും ഒരാൾ ഇതിൻെറ പൊരുൾ കണ്ടുപിടിക്കും. അനവധി ദ്രവ്യം അവൻ കാണുകയും ചെയ്യും."

"വല്ലതും ഒട്ടെങ്കിലും പറഞ്ഞുതന്നുകൂടയോ ?" എന്നു ഹരിഹരൻ പിന്നെയും യാചിച്ചു.

"ഇല്ല, അതു ചെയ്യുകയില്ല. ദേവിയെ ഭജിച്ചു നീ തന്നെ അതു കണ്ടുപിടിക്കണം" എന്ന് ആ യോഗി തീർത്തുപറഞ്ഞതേ ഉള്ളൂ.

ഈ ഘട്ടത്തിൽ ഹരിഹരൻെറ സഹോദരനായ ശങ്കരൻ അവിടെ വന്നുചേൎന്നു അയാളെ കണ്ടു സംഭ്രമിച്ച് ആ ഗ്രന്ഥം മറച്ചുവയ്ക്കാൻ ഹരിഹരൻ ശ്രമിച്ചു. യോഗിക്കു പതുക്കെയൊന്ന് ചിരിക്കാതിരിപ്പാൻ കഴിഞ്ഞില്ല. ഉയൎന്ന നിലയിൽ എത്താനുള്ള മാൎഗ്ഗത്തിലേക്കു കാൽ വയ്ക്കാൻ തുടങ്ങുമ്പോഴേക്കും, ഇതാ അസ്വാസ്ഥ്യം ആരംഭിച്ചുകഴിഞ്ഞു. നീ ഇത് മറച്ചുവയ്ക്കേണ്ടതില്ല. ഇതിലെ രഹസ്യം ഒരു ആൾക്കു മാത്രമേ കണ്ടുപിടിക്കാൻ കഴികയുള്ളു. വേറെ എത്ര പേർ ശ്രമിച്ചാലും ഫലമില്ല. നിങ്ങളുടെ വംശത്തിൽ ആൎക്കാണ് ആ ഭാഗ്യമുണ്ടാകുന്നതെന്നു നിൎണ്ണയിക്കാനും വയ്യാ. അതുകൊണ്ട് ആരുടെ മുമ്പിലും ഈ ഗ്രന്ഥം തുറന്നു വയ്ക്കാം.

ഇത്രയും പറഞ്ഞിട്ടു ആ യോഗി അവിടെ നിന്നു പോയി. ഹരിഹരനാകട്ടെ, ആ ഗ്രന്ഥം മററാരെയും കാണിക്കാതെ ഒളിച്ചുവച്ചതേ ഉള്ളു. ഇതിലെ രഹസ്യം വേറെ ആരെങ്കിലും കണ്ടു പിടിച്ചെങ്കിലോ എന്നും തൻെറ അനുജൻ അതു നോക്കി വഴിയറിഞ്ഞ് ഐശ്വൎയ്യവാനായെങ്കിലോ എന്നും ഭയപ്പെട്ട് ഗ്രന്ഥം ഒരു പെട്ടിയിൽ അടക്കം ചെയ്തു ജയകാളീ വിഗ്രഹത്തിൻെറ അടിയിൽ സൂക്ഷിച്ചുവച്ചു. പെട്ടിയുടെ താക്കോൽ പൂണൂലിൽതന്നെ കെട്ടിയിടുകയും ചെയ്തു. അമാവാസിതോറും പാതിരാവിൽ വന്നു കാളിയെ ഉപാസിച്ച ശേഷം ഗ്രന്ഥത്തിൽ കുറിച്ചിട്ടുള്ള മന്ത്രങ്ങളുടേയും ചക്ര

ങ്ങളുടെയും രഹസ്യം വെളിപ്പെടുന്നുണ്ടോ എന്നറിയാൻ പെട്ടി തുറന്നു ഗ്രന്ഥമെടുത്തു വായിച്ചു നോക്കും.

ഇങ്ങനെ ദിവസങ്ങളും മാസങ്ങളും പലതു കഴിഞ്ഞു. ഒരു നാൾ ശങ്കരൻ വന്ന് "ജ്യേഷ്ഠാ, ആ ഗ്രന്ഥം ഞാൻ ഒന്നു നോക്കീട്ട് ഉടനേതന്നെ തിരിച്ചു തരാം" എന്ന് ആവശ്യപ്പെട്ടു.

"എടാ, വിഡ്ഢി ആ ഗ്രന്ഥം എവിടെ ? ആ കള്ള സന്ന്യാസി അതുമിതും വരച്ചുതന്ന് എന്നെ ചതിക്കയല്ലേ ചെയ്തതു് ? ഞാൻ അതു അപ്പോൾ തന്നെ തീയിലിട്ടു ഭസ്മമാക്കിയല്ലോ" എന്നാണു ഹരിഹരൻ പറഞ്ഞതു്.

ശങ്കരൻ പിന്നെ ഒന്നും ചോദിച്ചില്ല. പെട്ടെന്ന് ഒരു ദിവസം അയാളെ കാണാതായി. അന്നു മുതല്ക്കു അയാളെപ്പററി യാതൊരു വൎത്തമാനവും കേട്ടിട്ടില്ല.

ഹരിഹരൻ നാൾക്കുനാൾ ക്ഷീണിച്ചു വന്നു. നിധിയെക്കുറിച്ചല്ലാതെ അയാൾക്കു മറെറാരു വിചാരവും ഇല്ലാതായി.

ആസന്നമരണനായപ്പോൾ മൂത്ത മകനായ ശ്യാമപാദനെ അരികെ വിളിച്ചു ഗ്രന്ഥം കൊടുത്തു വേണ്ടതെല്ലാം പറഞ്ഞേല്പിച്ചിട്ടു് ഹരിഹരൻ പ്രാണൻ വെടികയും ചെയ്തു.

ഈ ഗ്രന്ഥം കൈയ്യിലായപ്പോൾ നല്ല ശമ്പളമുള്ള ഉദ്യോഗം കൂടിയും ശ്യാമപാദൻ ഉപേക്ഷിച്ചു. ജയകാളിയെ വേണ്ടപോലെ ഉപാസിച്ചു ഗ്രന്ഥപരിശോധന

യിൽ സമയം മുഴുവൻ ചെലവുചെയ്തു് കുടുംബകാൎയ്യം അനാഥമാക്കി. അങ്ങനെ അയാളുടെ കാലവും കഴിഞ്ഞു.

മൃത്യുഞ്ജയൻ ശ്യാമപാദൻെറ മൂത്തമകനാണ്. ഇപ്പോൾ അയാളായി ആ ഗ്രന്ഥത്തിൻെറ അവകാശി. പിതൃഗതിയെത്തന്നെ അയാളും പിന്തുടരുകയാൽ ദാരിദ്ര്യത്തിൽ താണു താണു അടിമണ്ണു കണ്ടുകഴിഞ്ഞു. എന്നിട്ടും മൃത്യുഞ്ജയൻെറ ശ്രദ്ധ മുഴുവനും ആ ഗ്രന്ഥത്തെ സംബന്ധിച്ചു തന്നെയാണ്. അങ്ങനെയിരിക്കെയാണു ഒരു ദിവസം പൂജ കഴിഞ്ഞു നോക്കിയപ്പോൾ ഗ്രന്ഥം കാണാതായതു്. അവിടെ അപ്പോൾ വന്നുചേൎന്ന യോഗിയും യാത്രപറയാതെ മറഞ്ഞുപോയിരിക്കുന്നു. മൃത്യുഞ്ജയനു് ആ യോഗിയിലാണു സംശയമുണ്ടായതു്.

എങ്ങനെയെങ്കിലും ആ യോഗിയെ കണ്ടുപിടിക്കണമെന്നു നിശ്ചയിച്ചുകൊണ്ടു മൃത്യുഞ്ജയൻ വീട്ടിൽ നിന്നിറങ്ങി. അയാൾ പല ദേശങ്ങളിലും സഞ്ചരിച്ചു. അങ്ങനെ കൊല്ലം ഒന്നു കഴിഞ്ഞു. "നീരാട്ടുപുരം" എന്നൊരു ഗ്രാമമുണ്ടു്. മൃത്യുഞ്ജയൻ അവിടെ ഒരു പലചരക്കു കടയിൽ എന്തൊക്കെയോ ദീൎഘ വിചാരത്തിൽ മുഴുകി ഇരിക്കയാണ്. ഒട്ടകലെയായി ഒരു മൈതാനവും അതിനപ്പുറമായി ഒരു കൊട്ടംകാട്ടും ഉണ്ടു്. മൈതാനത്തിൽ കൂടി ഒരു യോഗി കാട്ടിലേക്കു പോകുന്നതു കണ്ടു.

രാത്രി മുഴുവനും ആ പലചരക്കു കടയുടെ ഒരു മൂലയിൽ കൊതുകുകടിയേററും ആ വനത്തെപ്പററിയും യോഗിയെപ്പററിയും ഓരോന്നു ചിന്തിച്ചും അയാൾ കഴിച്ചുകൂട്ടി. പല പ്രാവശ്യം വായിച്ചിട്ടുള്ളതിനാൽ ആ ഗ്രന്ഥത്തിലെ ഒടുവിലത്തെ വരികൾ മൃത്യുഞ്ജയനു മനഃപാഠമായിത്തീൎന്നിട്ടുണ്ടു. ഉറക്കമില്ലാതെ ചൂടുപിടിച്ച ശിരസ്സിൽ അതെല്ലാം പുകപോലെ ചുഴന്നു തുടങ്ങി. എത്ര തന്നെ പണിപ്പെട്ടു നോക്കിയിട്ടും ആ വരികൾ

ശിരസ്സിൽനിന്നു വിട്ടുപോകാതായി. ഒടുവിൽ പുലർകാററുറ അയാൾ ഒട്ടൊന്നു മയങ്ങിയപ്പോൾ ആ പദമാലയുടെ താല്പര്യം അയാൾ തെളിവായിക്കണ്ടു. "നീരാട്ടുപുരം" "അങ്ങു ചെന്നാലും" ഇപ്പോൾ മൃത്യുഞ്ജയൻ അവിടെത്തന്നെയാണല്ലോ വന്നിരിക്കുന്നതു്.

സ്വപ്നത്തിൽനിന്നും മൃത്യുഞ്ജയൻ ഒരേ ചാട്ടമായി ഉണന്നെണീററു. ഉടനേതന്നെ അയാൾ മുൻപറഞ്ഞ കാട്ടിലേക്കു് ഒററ ഓട്ടം.

പകൽ മുഴുവൻ കാട്ടിൽ അങ്ങുമിങ്ങും തെരഞ്ഞു നടന്നു; അസ്തമിച്ചപ്പോൾ കഷ്ടപ്പെട്ടു വഴിതെററി വിഷമിച്ചു് ആഹാരമില്ലാതെ വാടിത്തളൎന്നു് മൃത്യുഞ്ജയൻ ഗ്രാമത്തിലേക്കു തിരിച്ചുവന്നു.

പിറെറന്നാൾ മേൽമുണ്ടിൽ കുറെ അവൽ കിഴി കെട്ടിയുംകൊണ്ടാണു് അയാൾ വനത്തിൽ പ്രവേശിച്ചതു്. ഉച്ചതിരിഞ്ഞപ്പോൾ അയാൾ ഒരു കുളത്തിനരികെ എത്തി. അവിടെയിരുന്നു് അവൽ നനച്ചു മുഴുവൻ തിന്നതിൽ പിന്നെ ആ കുളത്തിൻെറ ചുററും തെരഞ്ഞു നടന്നുതുടങ്ങി.

കുളത്തിൻെറ പടിഞ്ഞാറേ കരയിൽനിന്നു ചുററും നോക്കിയപ്പോൾ ഒരു പുളിമരത്തിൽ ഇടയ്ക്കു് ഒരു പേരാൽ മുളച്ചുയൎന്നു നില്ക്കുന്നതും അയാൾ കണ്ടു.

"——അങ്ങു
ചെന്നാലും പുളിയാലിൻകീഴിൽ" എന്ന പദം ഉടൻ തന്നെ അയാൾ ഓൎമ്മിച്ചു. ആ വൃക്ഷത്തിൻെറ നേരേ അയാൾ നടന്നുതുടങ്ങി. പകുതി വഴി ചെന്നപ്പോൾ കുററിച്ചെടികളെ മരക്കൂട്ടങ്ങൾക്കിടയിൽ ചെറിയൊരു ക്ഷേത്രത്തിൻെറ മകുടം ഉയൎന്നു കാണുമാറായി. അയാൾ പ്രയാസപ്പെട്ടു് അതിന്നരികിൽ ചെന്നു ചേൎന്നു. അവിടെ ഒരു തീക്കുഴിയിൽ പകുതിയെരിഞ്ഞ

വിറകുകൊള്ളികളും ചാരത്തോടിടകലൎന്ന കരിക്കട്ടകളും കിടക്കുന്നതു് അയാൾ കണ്ടു. വാതിലുകൾ ചിതൽ തിന്നു നശിച്ചുപോകയാൽ ക്ഷേത്രം തുറന്നു കിടക്കയാണു്. ഉള്ളിലേക്കു അയാൾ ഭയസംശയങ്ങളോടുകൂടി എത്തിനോക്കി. അവിടെ ആരുമില്ല; വിഗ്രഹവും കണ്ടില്ല. ഒരു കമ്പിളിയും കമണ്ഡലുവും കാഷായവസ്ത്രവും അവിടെ ഇരിക്കുന്നതു കണ്ടു. മൈതാനത്തുകൂടി പോയ യോഗിയുടേതായിരിക്കണം അവ. നേരം രാത്രിയായതുകൊണ്ടു് ഇരുട്ടിൽ വഴിയറിയാതെ തിരിച്ചു പോകുന്നതു് എങ്ങനെ എന്നോൎത്തു വിഷമിച്ച മൃത്യുഞ്ജയന്നു് ക്ഷേത്രത്തിൽ മനുഷ്യവാസമുണ്ടെന്നുള്ള ലക്ഷണങ്ങൾ കണ്ടപ്പോൾ കുറച്ചൊരു ആശ്വാസമുണ്ടായി. ഗോപുരത്തിൽനിന്നു വലിയൊരു കരിങ്കല്ലു് അവിടെ മറിഞ്ഞു വീണു കിടക്കുന്നുണ്ടു്. അതിൽ കയറിയിരുന്നു് അയാൾ ഓരോന്നു് ആലോചിക്കുന്നതിനിടയിൽ ആ കല്ലിന്മേൽ ചില അക്ഷരങ്ങൾ എഴുതിയിരിക്കുന്നതു കണ്ടു. ഒന്നുകൂടി സൂക്ഷിച്ചു നോക്കിയപ്പോൾ അതൊരു ചക്രമാണെന്നു മനസ്സിലായി.

ആ ചക്രം മൃത്യുഞ്ജയന്നു നിത്യപരിചയമുള്ളതാണു്. എത്രയോ അമാവാസികളിൽ പാതിരാനേരത്തു് നെയ്‌വിളക്കിൻ വെളിച്ചത്തിൽ ആ പഴയ താളിയോലഗ്രന്ഥത്തിലെ ഏട്ടിൽ കണ്ടപോലുള്ള ചക്രം തന്നെയാണു് ഇതു്. നീരാട്ടുപുരംഗ്രാമം, പുളിയാൽ മരം, ചക്രം ഇത്രയും ഒത്തുവന്നപ്പോൾ താൻ നിധിയുടെ വക്കത്തു് എത്തിക്കഴിഞ്ഞുവെന്നു മൃത്യുഞ്ജയൻ നിശ്ചയിച്ചു. ആഗ്രഹനിവൃത്തി ഏററവും സമീപസ്ഥമായി എന്നു തോന്നിയപ്പോൾ ശരീരം കിടുകിടെ ഒന്നു വിറച്ചു. കരയ്ക്കടുത്തിട്ടു പെട്ടെന്നു മുങ്ങിപ്പോകുന്ന കപ്പൽപോലെ തന്റെ ആശയ്ക്കു് ഉടവുതട്ടുമോ എന്നും അല്പമൊന്നു പിഴച്ചു ചെയ്തുപോയാൽ എല്ലാം മറഞ്ഞുപോയേക്കുമോ

എന്നും, ആ യോഗി നിധി മുഴുവൻ മുൻപേ കരസ്ഥമാക്കിയേക്കുമോ എന്നുമുള്ള സംശയങ്ങൾ അയാളുടെ മനസ്സിനെ കലക്കി മറിച്ചു. ഇനി എന്താണു ചെയ്യേണ്ടതെന്നു് അയാൾക്കു് അറിഞ്ഞുകൂടാ. നിധിയുടെ മീതെയായിവരുമോ താൻ സ്ഥിതിചെയ്യുന്നതു് എന്നും അയാൾ സംശയിച്ചു. ഒന്നും തീർച്ചപ്പെടുത്താൻ കഴിയാതെ പരിഭ്രാന്തനായി അയാൾ മഹാകാളീമന്ത്രം ജപിച്ചുതുടങ്ങി.

രാത്രി വളർന്നു സർവ്വത്ര കൂരിരുട്ടായി. ഝില്ലീഝാംകാരം അല്ലാതെ മറെറാരു ശബ്ദവും അവിടെ കേട്ടില്ല. അപ്പോൾ കുറേ ദൂരെയായി മുൾപ്പടപ്പിനിടയിൽ തീവെളിച്ചം പരക്കുന്നതു് അയാൾ കണ്ടു. അതിൻെറ നേരേ അയാൾ നടന്നുതുടങ്ങി വളരെ കഷ്ടപ്പെട്ടു്, ദേഹം മുള്ളുകൊണ്ടു കീറി, അയാൾ ഒരു പേരാലിൻെറ ചുവട്ടിൽ എത്തി. അവിടെ മറഞ്ഞിരുന്നു നോക്കിയപ്പോൾ ആ വെളിച്ചത്തിൽ ഒരു ഗ്രന്ഥത്തിൻെറ കെട്ടഴിച്ചുകൊണ്ടിരിക്കുന്ന ഒരു യോഗിയെ കണ്ടു.

മൃത്യുഞ്ജയൻെറ വീട്ടിൽ അയാളെ സമാശ്വസിപ്പിക്കാൻ ചെന്നിരുന്ന യോഗിതന്നെയാണു അദ്ദേഹം. ആ ഗ്രന്ഥം പിതാമഹൻെറ കാലം മുതല്ക്കു മൃത്യുഞ്ജയൻെറ കുടുംബസ്വത്തായിരുന്നിട്ടുള്ളതുതന്നെ. "എടാ കള്ളസന്ന്യാസി, വഞ്ചക! ഇതിനാണോ വിശ്വസിക്കരുതു് എന്നു മൃത്യുഞ്ജയനോടു നീ ഉപദേശിച്ചതു്? കൊള്ളാം." രാത്രി മുഴുവൻ ഗണിച്ചു നോക്കിയും അളന്നു നോക്കിയും തന്നെ കഴിഞ്ഞു. പുലർകാററേററു വൃക്ഷങ്ങളിലെ തളിരിലകൾ കലകലരവം പുറപ്പെടുവിച്ചപ്പോൾ യോഗി ഗ്രന്ഥമെടുത്തു ഭാണ്ഡത്തിലിട്ടു് അവിടെനിന്നു എണീററു് ആ കാട്ടിനുള്ളിലേക്കു മറയുകയും ചെയ്തു.

മൃത്യുഞ്ജയൻ എന്താണു ചെയ്യേണ്ടതു്? ഒരു കാര്യം തീച്ചയായി. യോഗിയുടെ സഹായം കൂടാതെ ഗ്രന്ഥത്തിലെ രഹസ്യം കണ്ടുപിടിക്കാൻ അയാൾക്കു കഴികയില്ല. എന്നാൽ വഞ്ചകനും ദുർമ്മോഹിയുമായ ആ യോഗിയുണ്ടോ മൃത്യുഞ്ജയനെ സഹായിക്കാൻ പോകുന്നു? അതുകൊണ്ടു ഒളിവിൽ യോഗിയെ പിന്തുടരുകയല്ലാതെ വേറെ വഴിയില്ല. പകൽ ഗ്രാമത്തിലേക്കു പോകാതിരുന്നാൽ ആഹാരം കിട്ടുന്നതെങ്ങനെ? രാവിലെ ഗ്രാമത്തിൽ ചെന്നു ഭക്ഷണം കഴിച്ചു രാത്രിയാകുമ്പോഴേക്കു് ഇവിടെ വന്നു യോഗിയെ ഒളിവിലൊരിടത്തു കാത്തിരിക്കുക തന്നെ വേണം.

നേരം വെളുത്തപ്പോൾ മൃത്യുഞ്ജയൻ യോഗി കണക്കു കുറിച്ചിരുന്ന സ്ഥലത്തു പോയി അതെല്ലാം സൂക്ഷിച്ചു നോക്കി. അതിൽ ഒന്നുംതന്നെ അയാൾക്കു മനസ്സിലായില്ല. ചുററും തിരിഞ്ഞു നോക്കിയപ്പോൾ ഇടതിങ്ങി നില്ക്കുന്ന തരുനികരം മാത്രം അയാൾ കണ്ടു.

ഒടുക്കം മൃത്യുഞ്ജയൻ ഗ്രാമത്തിലേക്കു തിരിച്ചു. തന്നെ ആ യോഗി കണ്ടേക്കുമോ എന്ന സംശയത്താൽ ചുററും ദൂരെദൂരെ എത്തിനോക്കി, അടങ്ങിയൊതുങ്ങിയാണു് അയാൾ നടന്നതു്.

അയാൾ ഉച്ചയ്ക്കു് ഊണുകഴിഞ്ഞു് ഒന്നു മയങ്ങാൻ കിടന്നു; ഉണന്നെഴുന്നേററപ്പോൾ നേരം ഇരുട്ടിക്കഴിഞ്ഞു. എന്നിട്ടും മൃത്യുഞ്ജയൻ ഒട്ടും തന്നെ അധൈര്യപ്പെട്ടില്ല. ആ കൂരിരുട്ടിൽത്തന്നെ അയാൾ കാട്ടിലേക്കു കയറി.

ഒന്നും തന്നെ തിരിച്ചറിയാൻ കഴിഞ്ഞില്ല. വൻമരങ്ങൾകൂടിയും ദൃഷ്ടിവിഷയമായില്ല. ആ കാട്ടിൽ ഒരേ സ്ഥലത്ത് ഒരേ വഴിയിൽത്തന്നെ രാത്രിമുഴുവൻ ചുററിച്ചുററി നടക്കയായിരുന്നു എന്നു് അയാൾക്കു നേരം പുലൎന്നപ്പോഴേ മനസ്സിലായുള്ളു.

---

പാഠം ൨൮

# നിധി

(രണ്ടാം ഭാഗം)

കണക്കു പല കുറി പിഴച്ചുപോയി. ഗ്രന്ഥം പരിശോധിച്ചു അതു പല കുറി തിരുത്തുകയും ചെയ്തിട്ടു ഒടുക്കം ആ യോഗി നിധി വച്ചിരിക്കുന്നിടത്തേക്കുള്ള മാൎഗ്ഗം കണ്ടുപിടിച്ചു. അദ്ദേഹം സാവധാനം തുരങ്കത്തിനുള്ളിൽ പ്രവേശിച്ചു. കൈയ്യിൽ ഒരു തീപ്പെട്ടിയും കരുതിയിരുന്നു. കല്പടികളിലെല്ലാം വഴുവഴുപ്പു കൂടിയിരുന്നു. ചിലെടത്തു മുകളിൽനിന്നു വെള്ളം ഇററിററു വീഴുന്നുണ്ടായിരുന്നു. തവളുകൾ ഒന്നിനുമേൽ ഒന്നായി കയറിയിരുന്നു് അവിടവിടെ ചെറുഗോപുരങ്ങൾ പലതും ഉണ്ടാക്കിയിരിക്കുന്നു; കാൽ വഴുതി വീഴാതിരിപ്പാൻ വളരെ അധികം പ്രയത്നിച്ചുകൊണ്ടു പതുക്കെപ്പതുക്കെ ആ യോഗി മുന്നോട്ടു നടന്നു. അങ്ങനെ കുറച്ചു ദൂരം ചെന്നപ്പോൾ വഴി അടഞ്ഞിരിക്കുന്നതായി അദ്ദേഹം കണ്ടു. അതിനപ്പുറത്തേക്കുള്ള ദ്വാരം എവി

ടെയാണെന്നും എങ്ങനെയാണെന്നും മനസ്സിലായില്ല. കൈയ്യശം ഉണ്ടായിരുന്ന ഇരുമ്പുവടികൊണ്ട് ആ കൽച്ചുവരിൽ തട്ടിത്തട്ടി നോക്കിയതിൽ ദ്വാരമുള്ളതു പോലെ ശബ്ദഭേദമൊന്നും കേൾക്കയുണ്ടായതുമില്ല. ഒരു സുഷിരംപോലും കാണാതായപ്പോൾ ഈ ഗുഹ ഇത്രയുംകൊണ്ട് അവസാനിച്ചുവെന്നു അദ്ദേഹത്തിനു തോന്നി.

തിപ്പെട്ടിക്കോൽ ഉരച്ചു കത്തിച്ച് ഗ്രന്ഥമഴിച്ചു നോക്കി അവിടെ ഇരുന്നു. തലയിൽ കൈയ്യുച്ചു കൊണ്ടു ആ യോഗി ദീർഘാലോചനയിൽ നിമഗ്നനായി ഇങ്ങനെ ആ രാത്രിയും കഴിഞ്ഞു.

പിറേറന്നാൾ വീണ്ടും ചിലതെല്ലാം ഗണിച്ചു നോക്കി ആ ഗുഹയിൽത്തന്നെ പ്രവേശിച്ചു. ഗ്രന്ഥത്തിൽ നിഗൂഢമായുള്ള ഏതോ സംജ്ഞയെ ഗ്രഹിച്ചുകൊണ്ട് അതിനൊത്തവണ്ണം നിർദ്ദിഷ്ടസ്ഥാനത്തു നിന്ന് ഒരു കരിങ്കല്ല് പുഴക്കിയെടുത്തു. അപ്പോൾ അവിടെ ഒരു ശാഖാമാർഗ്ഗം കാണാറായി. അതിൽക്കൂടി കുറേ ദൂരം ചെന്നപ്പോൾ പിന്നെയും വഴി അടഞ്ഞു കണ്ടു.

ഒടുക്കം അഞ്ചാമത്തെ രാവിൽ ആ യോഗി തുരങ്കത്തിന്റെ അങ്ങേ അററത്തു ചെന്നെത്തി. പിന്നെ അങ്ങോട്ടുള്ള മാർഗ്ഗം ഏററവും ദുർഘടമാണു. ശാഖയും ഉപശാഖയുമായി പിരിഞ്ഞു തിരിഞ്ഞുകൊണ്ടാണു വഴിയുടെ കിടപ്പ്. ചിലെടത്ത് അമർന്നുകിടന്നു നീന്തി

ക്കൊണ്ടു വേണം ചെല്ലുവാൻ. ചിലേടത്തു ശരീരം ഞെങ്ങി ഞെരുങ്ങുമാറ് അത്യധികം ഇടുങ്ങിയുമിരുന്നു. ഇങ്ങനെ ചെന്നു ചെന്ന് ആ യോഗി വിശാലമായ ഒരു അറയിൽ കടന്നുകൂടി. അതിന്റെ നടുവിൽ അഗാധമായ ഒരു കിണറ് ഉണ്ടു്. ദീപപ്രകാശത്തിൽ ആ കിണററിന്റെ അടിയിൽ എന്താണെന്നു കാണുവാൻ കഴിഞ്ഞില്ല. അറയിലെ തട്ടിൽനിന്ന് ഒരു വലിയ ഇരുമ്പുചങ്ങല കിണററിലേക്കു തൂങ്ങിക്കിടക്കുന്നുണ്ടു. ആ യോഗി തന്റെ മുഴുവൻ ശക്തിയും പ്രയോഗിച്ചു ആ ചങ്ങലയെ ഒട്ടൊന്നിളക്കിയപ്പോൾ അടിയിൽനിന്നു ഛലണഛലണാ എന്നു ശബ്ദം മുഴങ്ങി വന്ന് ആ അറ മുഴുവൻ മാറെറാലിക്കൊണ്ടു. ആ ക്ഷണം ക്ഷമ വിട്ടുപോയ യോഗി "ഇതാ കിട്ടി" എന്നു സന്തോഷാധിക്യത്താൽ തുള്ളി നിലവിളിച്ചുപോയി.

അങ്ങനെ വിളിച്ചു പറഞ്ഞ ശബ്ദം നിലയ്ക്കുന്നതിനു മുമ്പായിത്തന്നെ ചുവരിൽനിന്ന് ഒരു കല്ലിളകി താഴെ വീണു. അതോടൊന്നിച്ച് ഏതോ ഒരു ജീവി കാൽ തെററി വീഴുകയും, വികൃതമായി ഒരു ദീനസ്വരം പുറപ്പെടുവിക്കയും ചെയ്തു. അവിചാരിതമായ ഈ സംഭവത്താൽ ആ യോഗി പെട്ടെന്നു ഞെട്ടുകയാൽ കൈയ്യിലുണ്ടായിരുന്ന വിളക്കു തിപ്പെട്ടിയും താഴെ വീണ് വിളക്കണഞ്ഞുപോയി. "നീയാര് ?" എന്നു യോഗി വിളിച്ചു ചോദിച്ചതിനു മറുപടി ഒന്നും ഉണ്ടായില്ല. അദ്ദേഹം ഇരുട്ടിൽ തപ്പിത്തപ്പി നോക്കിയ

പ്പോൾ ഒരു മനുഷ്യശരീരം കൈയ്യിൽ തടഞ്ഞു. അതിനെ പിടിച്ചു് ഇളക്കിക്കൊണ്ടു് "നീയാര്" എന്നു വീണ്ടും ചോദിച്ചു. ശബ്ദമൊന്നുമില്ല. ആ മനുഷ്യൻ ബോധഹീനനായിരിക്കുന്നു.

യോഗി വളരെ പ്രയാസപ്പെട്ടു തീപ്പെട്ടി തെരഞ്ഞെടുത്തു് ഉരച്ചുകത്തിച്ചു വീണ്ടും വിളക്കു കൊളുത്തി. ഇതിനിടയ്ക്കു് ആ മനുഷ്യൻ ബോധം തെളിഞ്ഞു് എണീററിരിക്കാൻ ശ്രമിച്ചതിൽ വേദന സഹിക്കാതെ ദീനനായി ശബ്ദിച്ചു.

"ഇതാര്, മൃത്യുഞ്ജയനോ? ഈ ആലോചന നിനക്കു് എങ്ങനെയുണ്ടായി" എന്നു് ആ യോഗി അത്ഭുതപ്പെട്ടു ചോദിച്ചു.

"സ്വാമിൻ, അവിടന്നു ക്ഷമിക്കുമാറാകണം. ദൈവംതന്നെ എന്നെ ദണ്ഡിച്ചിരിക്കുന്നു. കല്ലെടുത്തെറിഞ്ഞു് അവിടത്തെ ഞാൻ കൊല്ലുവാൻ ശ്രമിച്ചു. അതിൽ ഉറച്ചുനില്ക്കുന്നതിന് എനിക്കു കഴിഞ്ഞില്ല. കാൽ വഴുതുകയാൽ കല്ലോടുകൂടി ഞാനും വീണുപോയി. എൻെറ കാൽ മുറിഞ്ഞുപോയി എന്നാണു തോന്നുന്നതു്" എന്നു മൃത്യുഞ്ജയൻ കരഞ്ഞു പറഞ്ഞു.

"എന്നെ കൊല്ലുന്നതുകൊണ്ടു നിനക്കെന്താണു ലാഭം?"

"എൻെറ ലാഭമെന്തെന്നറിവാൻ നിനക്കു എന്താണു് അവകാശം? എൻെറ പൂജാഗ്രഹത്തിൽ നിന്നു് ഈ ഗ്രന്ഥം മോഷ്ടിച്ചുകൊണ്ടുവന്നു് ഈ തുര

കത്തിൽ ഉഴന്നു നടക്കുന്ന നീയാരാണോ അതു ചോദി ക്കാൻ? നീ കള്ളൻ! നീ വഞ്ചകൻ! എന്റെ പിതാ മഹന്റെ വശം ഗ്രന്ഥം കൊടുത്തേല്പിച്ച യോഗി ഇതി ലെ രഹസ്യം ഞങ്ങളുടെ കുടുംബത്തിൽപ്പെട്ട ഒരേ ഒരാൾക്ക മാത്രമേ വെളിപ്പെടുകയുള്ളു എന്നു പറഞ്ഞി ട്ടുണ്ട്. അതുകൊണ്ട് ഇവിടത്തെ നിധിക്ക ഞങ്ങ ളാണ് അവകാശികൾ. കഴിഞ്ഞ ചില ദിവസങ്ങ ളായി ആഹാരമില്ലാതെ, ഉറക്കമില്ലാതെ, നിഴൽപോലെ ഞാൻ നിന്നെ പിന്തുടന്നു വരികയായിരുന്നു. "ഇതാ കിട്ടി" എന്നു നീ വിളിച്ചു പറഞ്ഞപ്പോൾ, പിന്നീട് ഒരു നിമിഷത്തേക്ക പോലും സഹിച്ചടങ്ങുവാൻ എനിക്ക കഴിഞ്ഞില്ല. ഈ തുരങ്കത്തിൽ ഞാൻ നിന്റെ പിന്നിൽത്തന്നെ വന്ന് ഈ ഭിത്തിദ്വാരത്തിൽ ഒളി ഞ്ഞിരിക്കയായിരുന്നു. അവിടെനിന്ന് ഒരു കല്ലു പുഴക്കിയെടുത്തു നിന്നെ കൊല്ലാൻ ശ്രമിച്ചു. ദേഹം ക്ഷീണിച്ചിരുന്നതുകൊണ്ടും തറയിൽ വഴുവഴുപ്പു കൂടി യിരുന്നതുകൊണ്ടും കാൽതെറ്റിവീണുപോയി. ഇവിടെ നീ എന്നെ അടിച്ചു കൊന്നുകൊള്ളുക. അതാണു നല്ലത്. ഞാൻ ഒരു ഭൂതമായിത്തീന്ന് ഈ നിധിയെ കാത്തുനിന്നുകൊള്ളാം. ഞാൻ ജീവിച്ചിരുന്നാലും മരി ച്ചാലും ഇവിടെനിന്ന് ഒന്നുംതന്നെ കൊണ്ടുപോ കാൻ ഞാൻ സമ്മതിക്കയില്ല, നിശ്ചയം." എന്നി ങ്ങനെ മൃത്യുഞ്ജയൻ രുഷ്ടനായി യോഗിയെ ഭർത്സിച്ചു കൊണ്ട് അവകാശവാദം ചെയ്തു.

"എന്നാൽ മൃത്യുഞ്ജയ, ഇനി എന്റെ കഥ പറയാം", എന്നു യോഗി തന്റെ കഥ പറഞ്ഞുതുടങ്ങി. "നിന്റെ പിതാമഹനു ശങ്കരൻ എന്ന ഒരു അനുജൻ ഉണ്ടായിരുന്നില്ലേ. ഞാൻ തന്നെയാണ് ആ ശങ്കരൻ. യോഗിയിൽനിന്നു ഗ്രന്ഥം കിട്ടിയപ്പോൾ ജ്യേഷ്ഠൻ, അതു് എന്നിൽനിന്നു മറച്ചുവച്ചു. അതു മുതൽ എനിക്കു് അതിന്മേലുള്ള ആഗ്രഹം വർദ്ധിച്ചു. ഞാൻ ആ ഗ്രന്ഥം കണ്ടുപിടിച്ചു് അതു മുഴുവൻ പകർത്തിയെടുത്തിട്ടു് നിധി തേടുവാനായി വീടു വിട്ടിറങ്ങി. ഞാൻ പല ദേശങ്ങളിലും സഞ്ചരിച്ചു. പല യോഗികളെയും ഉപചരിച്ചു. അങ്ങനെ ഞാൻ സ്വാത്മാനന്ദ സ്വാമികളുടെ ശിഷ്യനായി. അദ്ദേഹമാണു എന്റെ ധനതൃഷ്ണയെ അകററിയതു്. എന്റെ കൈയിവശമുണ്ടായിരുന്ന ഗ്രന്ഥം ഞാൻ തീയിലിട്ടു നശിപ്പിച്ചു. അതിൽ പിന്നെ ഞാനും ഒരു യോഗിയായി ദേശസഞ്ചാരം തുടങ്ങി. അങ്ങനെ ഒരു നാൾ ഞാൻ ഈ വനത്തിൽ വന്നുചേർന്നു. ഈ ക്ഷേത്രത്തിലെ ചുവരുകളിൽ എനിക്കു സുപരിചിതങ്ങളായ ഈ ചിഹ്നങ്ങൾ കണ്ടപ്പോൾ, നിധിയിലുള്ള എന്റെ ആഗ്രഹം വീണ്ടും ഉദിച്ചു. എന്റെ ഗ്രന്ഥം നശിപ്പിച്ചതിൽ ഞാൻ പശ്ചാത്തപിച്ചു. അന്നൊരുനാൾ ഞാൻ എന്റെ ജന്മദേശത്തു വന്നു. ആ ഗ്രന്ഥം വച്ചിരിക്കുന്നതു് എവിടെയാണെന്നു എനിക്കറിയാം. അതെടുക്കുന്നതിന്നു് എനിക്കു് ഒട്ടും പ്രയാസമുണ്ടായില്ല. അതിനു ശേഷം നിധി തേടി ഞാൻ ഈ കാട്ടിൽ വന്നു. ഞാൻ

നിധികാമത്തിൽ നിശ്ശേഷം ലയിച്ചു പോയിരുന്നതി നാൽ നീ എന്നെ പിന്തുടൎന്നതു ഞാൻ അറിഞ്ഞില്ല.

ഇന്ന് എന്നെ ചുററിയിരുന്ന ഒട്ടക്കത്തെ വള യവും മറിഞ്ഞുപോയി. നീ എന്നെ കൊല്ലാൻ എറിഞ്ഞ കല്ല് എന്നെ കുടുക്കിയിരുന്ന മോഹപാശത്തിൽ വീണു അതു് അററുപോയി. വിത്തകാമത്തിൽ നിരവധി പാത കത്തിന്റെ ഭയങ്കര സ്വരൂപം ഞാൻ ഇന്നു കണ്ടു.

മൃത്യുഞ്ജയൻ:— "അങ്ങനെയാണെങ്കിൽ ആ നിധി എനിക്കു കാണിച്ചുതരണം."

"നിന്റെ ആഗ്രഹം അങ്ങനെയാണെങ്കിൽ, മകനേ, നിന്റെ ഗ്രന്ഥം ഇതാ, നിനക്കുതന്നെയിരി ക്കട്ടെ. നിധി കണ്ടുപിടിക്കാൻ നിനക്കു കഴിയുമെ ങ്കിൽ നീ തന്നെ എടുത്തുകൊള്ളുക" എന്നു പറഞ്ഞു ആ ഗ്രന്ഥവും ഒരു വടിയും മൃത്യുഞ്ജയന്റെ മുമ്പിൽവച്ചു ശങ്കരൻ എങ്ങോട്ടോ മറഞ്ഞു.

"എന്നിൽ കാരുണ്യമുണ്ടാകേണമേ, എന്നെ കൈവിടാതിരിക്കേണമേ! അവിടുന്നുതന്നെ ആ നിധി എനിക്കു കാണിച്ചുതരേണമേ" എന്നിങ്ങനെ മൃത്യുഞ്ജയൻ കേണുകേണു വിളിച്ചുപറഞ്ഞു.

മറുപടിയൊന്നും കിട്ടിയില്ല.

മൃത്യുഞ്ജയൻ വടി ഊന്നിയൂന്നിയും കൈയു കൊണ്ടു തപ്പിത്തപ്പിയും തുരങ്കത്തിൽനിന്നു വെളിയി ലേക്കു കയറാൻ ശ്രമിച്ചുനോക്കി. ഒരിടത്തും വഴി തുറന്നു കണ്ടില്ല. അദ്യം കടന്നു വന്ന ദ്വാരങ്ങളിൽ

കൂടി എങ്ങനെയെല്ലാം വളഞ്ഞു തിരിഞ്ഞു ചെന്നാലും ഒടുവിൽ വന്നെത്തുന്നതു കിണററിൻ കരയിലായിരിക്കും. ഇങ്ങനെ നടന്നു നടന്നു തീരെ ക്ഷീണിക്കയാൽ അവിടെത്തന്നെ ഒരിടത്തു കിടക്കുകയും അപ്പോൾത്തന്നെ ഉറങ്ങിപ്പോകയും ചെയ്തു.

ഉണൎന്നെണീററപ്പോൾ, സമയം രാത്രിയോ പകലോ, എത്ര നാഴികയായി എന്നൊന്നും തന്നെ അറിവാൻ കഴിഞ്ഞില്ല. വിശപ്പു സഹിക്കാൻ വയ്യാതായപ്പോൾ തുണിക്കെട്ടിൽനിന്നും കുറേ അവലെടുത്തു ഭക്ഷിച്ചു. പിന്നെയും തുരങ്കത്തിൽനിന്നു വെളിയിൽ കടക്കാൻ വഴി തെരഞ്ഞുതുടങ്ങി. ഒരിടത്തും പ്രവേശം കാണായാതെ വിഷമിച്ചപ്പോൾ "അയ്യോ, സ്വാമിൻ, അവിടന്ന് എവിടെയാണു?" എന്നു കരഞ്ഞുകൊണ്ടു വിളിച്ചുചോദിച്ചു.

ഈ ശബ്ദത്തിൻെറ മാറെറാലി തുരങ്കത്തിലെ ഓരോ സ്ഥലത്തുനിന്നും പ്രത്യേകം പ്രത്യേകം മുഴങ്ങി. മറുപടി പുറപ്പെട്ടതു ഏററവും സമീപത്തിൽനിന്നു തന്നെയാണ്.

"നിനക്ക് എന്താണാവശ്യം? പറയുക."

"നിധി എവിടെയാണ്? അതു് എനിക്കു കാണിച്ചുതരുവാൻ ദയവുണ്ടാകണമേ" എന്ന മുൻപിലത്തെ പ്രാൎത്ഥന തന്നെയാണ് മൃത്യുഞ്ജയൻ ആവൎത്തിച്ചതു്.

അതിനു മറുപടിയൊന്നും ഉണ്ടായില്ല. അയാൾ ദീനനായി വീണ്ടും വീണ്ടും നിലവിളിച്ചു. അതിൻെറ പ്രതിധ്വനി മാത്രമേ കേട്ടുള്ളു.

രാവും പകലും തിരിച്ചറിയാൻ വയ്യാത്ത ഭൂഗർഭത്തിൽ, ഭയങ്കരമായ കൂരിരുട്ടിൽ മൃത്യുഞ്ജയൻ രണ്ടാമതും ഉറക്കം തുടങ്ങി. ആ നിബിഡാന്ധകാരത്തിൽ തന്നെ കണ്ണുതുറന്നു കഴിയുന്നിടത്തോളം ഉച്ചസ്വരത്തിൽ "സ്വാമിൻ അവിടുന്ന് എവിടെയാണ്?" എന്നു വിളിച്ചുചോദിച്ചു.

അപ്പോഴും സമീപത്തു നിന്നുതന്നെയാണു മറുപടി കിട്ടിയതു്. "ഞാൻ ഇവിടെത്തന്നെയുണ്ടു്; നിനക്കു എന്തുവേണം?"

"എനിക്കു മറ്റൊന്നും തന്നെ വേണ്ട. എന്നെ ഈ ഗുഹയിൽനിന്നു പുറത്തേക്കു കടത്തിവിട്ടാൽ മതി" എന്നായി മൃത്യുഞ്ജയൻ.

"നിനക്കു പണം വേണ്ടയോ?" എന്നു യോഗി ചോദിച്ചു. "വേണ്ട" എന്നു മൃത്യുഞ്ജയൻ നിഷേധിച്ചു.

ഉടൻതന്നെ തിപ്പെട്ടിക്കോൽ ഉരയ്ക്കുന്ന ശബ്ദം കേട്ടു. അപ്പോൾത്തന്നെ അവിടെ ഒരു ദീപം പ്രകാശിച്ചു. എന്നാൽ, മൃത്യുഞ്ജയ, നമുക്കു ഈ തുരങ്കത്തിൽ നിന്നു വെളിയിൽ കടക്കാം" എന്നു പറഞ്ഞുകൊണ്ടു ശങ്കരൻ അയാളുടെ മുമ്പിൽ പ്രവേശിച്ചു.

ഇത്രയെല്ലാം പ്രയത്നിച്ചിട്ടു ഫലമൊന്നും കൂടാതെ തിരിച്ചുപോകുന്നതു് അയാൾക്കിഷ്ടമായില്ല. "ഞാൻ ഇത്ര വളരെ കഷ്ടപ്പെട്ടിട്ടും എനിക്കു നിധി കാണിച്ചുതന്നുകൂടയോ?" എന്നു് ആ പരിതപ്തഹൃദയനായ മൃത്യുഞ്ജയൻ യോഗിയോടു ചോദിച്ചു.

അക്ഷണം തന്നെ വിളക്ക് അണഞ്ഞുപോയി. "അയ്യോ, കഠിനം, കഠിനം" എന്നു നിലവിളിച്ചു കൊണ്ടു മൃത്യുഞ്ജയൻ അവിടെ ഇരുന്നു. ഏതു സമയമാണു അപ്പോഴെന്ന് അയാൾക്ക് അറിഞ്ഞുകൂടാ. ഇടതിങ്ങിയ അന്ധകാരത്തിൽ ഒരു സുഷിരംപോലും കാണുന്നില്ല. വെളിച്ചം, ശുദ്ധവായു, വിവിധവിലാസ വൈചിത്ര്യത്തോടുകൂടിയ പരിചിതപ്രകൃതി, എന്നിവയ്ക്കായി അയാളുടെ മനസ്സു വെമ്പിത്തുടങ്ങി.

"എടോ യോഗി, എടോ കഠിനഹൃദയ, എനിക്കു പണം വേണ്ട, എന്നെ ഈ നരകത്തിൽനിന്നു കരകയററിയാൽ മതി."

"പണം വേണ്ടയോ? എന്നാൽ എൻെറ കൈയ്ക്കുപിടിച്ചുകൊണ്ടു കൂടെ വാ" എന്നു പറഞ്ഞു യോഗി അരികെ വന്നു കൈയ്യ് നീട്ടി.

ഇക്കുറി വിളക്കു കൊളുത്തുകയുണ്ടായില്ല. ഒരു കൈയ്യിൽ വടിയും ഒരു കൈയ്യിൽ യോഗിയുടെ വസ്ത്രാഗ്രവുമായി മൃത്യുഞ്ജയൻ പതുക്കെപ്പതുക്കെ നടന്നു. വളരെ നേരം പല പല ഇടുങ്ങിയ വഴികളിൽക്കൂടി ശ്വാസമടക്കിയും, കാലിടറിയും ചെന്നിട്ട് എങ്ങോ ഒരിടത്ത് എത്തിയപ്പോൾ "അവിടെ നില്ക്കു" എന്ന് സന്ന്യാസി ആജ്ഞാപിച്ചു.

തുരുമ്പു പിടിച്ച ഇരുമ്പുവാതിലുകൾ തള്ളിത്തുറക്കുന്ന ശബ്ദം കേട്ടു. കല്പനപ്രകാരം നിശ്ചലനായി നില്ക്കുന്ന മൃത്യുഞ്ജയനെ ആ യോഗി വീണ്ടും നടത്തിക്കൊണ്ടുപോയി.

അയാൾ ഒരറയിലേക്കാണു കടന്നതു്. അവിടെ എത്തിയ ഉടനെ ആ യോഗി തിപ്പെട്ടിക്കോലുരച്ചു വിളക്കു കൊളുത്തി. അപ്പോൾ ദിവ്യവും, അത്യത്ഭുതകരവുമായ കാഴ്ചയാണു മൃത്യുഞ്ജയനു് ഉണ്ടായതു്. അറയിലെ തട്ടും ചുവരുമെല്ലാം സ്വർണ്ണക്കട്ടികൾകൊണ്ടാണു്. അതിന്റെ ദീപ്തി സൂര്യകിരണങ്ങളെ ഭൂഗർഭത്തിൽ അണിയണിയായി നിരത്തിയതുപോലെയിരുന്നു. അയാളുടെ നേത്രങ്ങൾ ഒട്ടധികം ഉജ്ജ്വലിച്ചു. "ഈ സ്വർണ്ണം മുഴുവൻ എന്റെ സ്വന്തമാണു്. ആരെല്ലാം എന്തെല്ലാം ചെയ്താലും ഞാൻ ഇതു കൈവിട്ടുപോകയില്ല" എന്നു് അയാൾ കാമമോഹമദാകുലനായി ഉറച്ചു പറഞ്ഞു.

"ശരി, ഈ നിധി നീ കൈവിടേണ്ട. ഇതാ വിളക്കു്. ആഹാരത്തിനു് അവലു്, മലപ്പൊടിയും, പാത്രം നിറയെ വെള്ളവും ഇതാ വച്ചിരിക്കുന്നു."

ഇത്രയും പറഞ്ഞിട്ടു് ആ യോഗി മൃത്യുഞ്ജയൻ കാൺകെത്തന്നെ വെളിയിൽ കടന്നു് ആ ഇരുമ്പു വാതിലുകൾ അടച്ചുപൂട്ടി.

മൃത്യുഞ്ജയൻ അവിടെ നിറഞ്ഞുകിടക്കുന്ന പൊൻകട്ടികൾ തൊട്ടുതൊട്ടു നോക്കിക്കൊണ്ടു് ആ അറയിൽ ചുററിനടന്നു. ചില ചെറിയ പൊൻകട്ടികൾ അവൻ എടുത്തു വിശിയെറിഞ്ഞു കളിച്ചു. അതിൽ കുറെയെല്ലാം എടുത്തു മടിയിൽ നിറച്ചു കെട്ടി. ഒരു കട്ടിയെടുത്തു മറെറാരു കട്ടിയിന്മേൽ മുട്ടി ഒച്ചയുണ്ടാക്കി. സ്വർണ്ണം

കൊണ്ടു ശരീരം മുഴുവൻ ഉരസിനോക്കി. ഇങ്ങനെ കനകനിധിയിൽ ക്രീഡിച്ചു രസിച്ചു, ഒടുക്കം ക്ഷീണിക്കുകയാൽ സ്വർണ്ണത്തകിടുകൾ നിരത്തിവച്ച് അതിന്മേൽ കിടന്ന് അയാൾ ഉറക്കവുമായി.

ഉണർന്നെഴുന്നേറ്റപ്പോൾ ചുററും നിറഞ്ഞുകൊണ്ടുള്ള സ്വർണ്ണപ്രഭയാൽ കണ്ണുമയങ്ങിപ്പോയി. സർവ്വത്ര കനകം. കനകമല്ലാതെ അവിടെ മറെറാന്നുമില്ല.

"ഭൂമിയിന്മേലാണെങ്കിൽ ഇപ്പോൾ സുപ്രഭാതമായിരിക്കാം. എല്ലാ ജീവികളും ആഹ്ളാദത്തോടുകൂടി ഉണർന്നെണീററിരിക്കാം" എന്നീ വിചാരം അപ്പോൾ അയാൾക്കുണ്ടായി.

അയാളുടെ വീട്ടിൽ കുളക്കരയിൽനിന്നു പുറപ്പെടുന്ന ഇളങ്കാററു സുഖകരമായ സൌരഭ്യം വഹിച്ചുകൊണ്ടു വീശുന്നത് അയാൾ ഓത്തു. താറാവുകൾ ദേഹം കുലുക്കിക്കുലുക്കി ശബ്ദിച്ചു പുലർവേളയിൽ കുളത്തിലേക്കിറങ്ങുന്നതും വീട്ടുവേലക്കാരിയായ ഭാമ വെങ്കലക്കിണ്ണങ്ങളും പിച്ചളത്തട്ടുകളും അടുക്കടുക്കായെടുത്തു കുളക്കരയിലേക്കു വരുന്നതും അയാൾ മനസ്സുകൊണ്ടു കാണുകയും ചെയ്തു.

മൃത്യുഞ്ജയൻ വാതിലിൽ മുട്ടി യോഗിയെ വിളിച്ചു 'സ്വന്യാസിപ്രഭോ, അവിടന്ന് എവിടെയാണ്.' വാതിൽ തുറന്നു വന്ന് "നിങ്ങൾക്ക് എന്തുവേണം?" എന്നു യോഗി ചോദിച്ചു.

"എനിക്ക വെളിയിലേക്ക കടക്കണം. പക്ഷേ പോകുമ്പോൾ രണ്ടോ, മൂന്നോ പൊൻകട്ടികളെങ്കിലും എടുത്തു കൂടയോ?"

അതിന്ന മറുപടിയൊന്നും പറയാതെ വിളക്കിൽ എണ്ണ ഒഴിച്ചുവച്ചു, കമണ്ഡലുവിൽ വെള്ളം നിറച്ചു, വസ്ത്രത്തിൽ കുറേ അവൽ ഇട്ടുകൊടുക്കയും ചെയ്തിട്ട്, ആ യോഗി പുറത്തുകടന്ന വാതിലടച്ചു.

മൃത്യുഞ്ജയൻ കനം കുറഞ്ഞ നേരിയ പൊൻതകിടുകളെടുത്തു തുണ്ടുതുണ്ടായി പൊടിച്ചു മൺകട്ടകളെന്നപോലെ അറയിലെങ്ങും വീശിയെറിഞ്ഞു. ചില തകിടുകൾ കടിച്ചുകുഴിച്ചു. കുറേ പൊൻകട്ടികൾ കാലുകൊണ്ട ചവിട്ടിത്തള്ളി. "കനകഖണ്ഡങ്ങളെ ഇത്ര നിസ്സാരമായി വിശിയെറിഞ്ഞുകളയാൻ കഴിയുന്ന എന്നെപ്പോലെ ഒരു മഹാചക്രവത്തിപോലും ഭൂമിയിലുണ്ടോ?" എന്ന് അയാൾ അഭിനന്ദിച്ചു

മനസ്സും ദേഹവും ക്ഷീണിക്കുന്നതുവരെ ഇങ്ങനെയെല്ലാം വിചാരിച്ചും പ്രവത്തിച്ചും കഴിഞ്ഞു. പിന്നീട് സ്വൎണ്ണത്തകിടുകൾ വിരിച്ച് അതിന്മേൽ കിടന്നുറങ്ങി. ഉണൎന്നപ്പോൾ പിന്നെയും കണ്ടത് ആ സ്വൎണ്ണക്കട്ടികൾ മാത്രം തന്നെ. അയാൾ വാതിലിൽ മുട്ടി. "എടോ യോഗീ! എനിക്ക ഈ സ്വൎണ്ണം വേണ്ടാ; തീച്ചയായും വേണ്ടാ" എന്ന വിളിച്ചു പറഞ്ഞു.

പ്രതീക്ഷിച്ചതുപോലെ വാതിൽ തുറന്നു കണ്ടില്ല. വിളിച്ചു വിളിച്ച് അയാളുടെ കണ്ഠം വരണ്ടുപോയി; എന്നിട്ടും വാതിൽ തുറക്കുന്നില്ല. പൊൻകട്ടികളെടുത്തു വാതിലിൽ ഊക്കോടെ വലിച്ചെറിഞ്ഞു. അതുകൊണ്ടും ഫലമുണ്ടായില്ല. അയാൾക്കു മനസ്സു തന്നെ അടഞ്ഞു പോയതുപോലെ തോന്നി. അഥവാ ആ യോഗി ഇനി വരികയില്ലയോ? ഈ കാഞ്ചനകാരാഗൃഹത്തിൽ പ്രാണൻ തുള്ളിത്തുള്ളിയായി വററിവററിക്കൊണ്ടു തന്നെ മരിക്കേണ്ടിവരുമോ?" ഇങ്ങനെ വിചാരിച്ച പ്പോഴേക്കും അയാൾ ഭയവിഹ്വലനായി.

ആ ഘട്ടത്തിൽ പെട്ടെന്നു വാതിൽ തുറന്ന് യോഗി ആ അറയിൽ കടന്നു. "മൃത്യുഞ്ജയ, നിനക്ക് എന്താണാവശ്യം?" എന്ന് അന്വേഷിച്ചു. "എനിക്കു മറെറാന്നും വേണ്ടാ. ഈ ഗുഹ, ഈ അന്ധകാരം, എങ്ങും വഴിയടഞ്ഞ ഈ ദുർഗ്ഗം, ഈ കനകകാരാഗൃഹം —ഇതിൽനിന്ന് ഞാൻ മുക്തനായാൽ മതി. എനിക്കു പുറത്തേക്കു കടക്കണം. എനിക്കു പ്രകാശം വേണം; സ്വാതന്ത്ര്യം വേണം—അത്രമാത്രം." അതാണു മൃത്യുഞ്ജയൻെറ ആവശ്യം.

"സ്വർണ്ണഭണ്ഡാഗാരം മാത്രമല്ലയോ നീ ഇപ്പോൾ കണ്ടുള്ളൂ. ഇനി ഇവിടെ രത്നനിലയനം വേറെയുണ്ട്. അതു നിനക്ക് ഒരു നോക്കെങ്കിലും കാണേണ്ടയോ?" എന്നു യോഗി ചോദിച്ചു.

"വേണ്ട, കാണുകയേ വേണ്ട". "നേരംപോക്കായിട്ടെങ്കിലും ഒന്നു കണ്ടുവരാമെന്നു തോന്നുന്നില്ലേ."

"ഇല്ല; ഇല്ല. ഞാൻ യാചകനായി ഉഴന്നുതിരിയേണ്ടിവന്നാലും ശരി, ഇവിടെ എനിക്ക് ഇനി ഒരു നിമിഷംപോലും താമസിക്കുവാൻ വയ്യാ."

"ശരി, എന്നാൽ വാ."

മൃത്യുഞ്ജയന്റെ കൈയ്യ് പിടിച്ചുകൊണ്ടു, ആ യോഗി മുൻപറഞ്ഞ കിണററിനരികെ വന്നു. ആ ഗ്രന്ഥം മൃത്യുഞ്ജയനു കൊടുത്തിട്ട് "നീ ഇതു് എന്തു ചെയ്യാൻ പോകുന്നു ?" എന്നു ചോദിച്ചു.

മൃത്യുഞ്ജയൻ ആ ഗ്രന്ഥത്തെ തുണ്ടുതുണ്ടായി കീറി ആ കിണററിനുള്ളിലേക്ക് എറിഞ്ഞുകളഞ്ഞു.

MUNAVVIRUL ISLAM HIGH SCHOOL
Date 28-6-50
ERNAKULAM.

C. M. S. P. 384—20000—27-6-1949.

A.

15.4